# ഹരിതായനം

## പരിസ്ഥിതി പുനസ്ഥാപനത്തിന്റെ പത്തുവർഷം

### പാലക്കാട് ജില്ല

ചീഫ് എഡിറ്റർ
**ഡോ. ടി.എൻ. സീമ**
കോർഡിനേറ്റർ, നവകേരളം കർമപദ്ധതി-2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

എഡിറ്റർ
**സെയ്തലവി പി**
ജില്ലാ കോർഡിനേറ്റർ

സമാഹരണം, ഏകോപനം
**ഹരിതകേരളം മിഷൻ ടീം**

പ്രസിദ്ധീകരണം
**ഹരിതകേരളം മിഷൻ**
ഫെബ്രുവരി 2026

ഹരിത കേരളം മിഷൻ
മൂന്നാം നില, ബി.എസ്.എൻ.എൽ. ഭവൻ
ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം-695001
ഫോൺ : 0471-2449939
Email: navakeralamgok@gmail.com
www.haritham.kerala.gov.in



കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

# സന്ദേശം

കേരളത്തിന്റെ വികസന ചരിത്രത്തിൽ പരിസ്ഥിതി സൗഹൃദമായ ഒരു നവകേരള നിർമ്മിതിക്ക് അടിത്തറയിട്ട ദൗത്യമാണ് ഹരിതകേരളം മിഷൻ. ശുചിത്വവും ജലസമൃദ്ധിയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനവും ലക്ഷ്യമിട്ടുള്ള ഹരിതകേരളം മിഷൻ, ഒരു സർക്കാർ ദൗത്യം എന്നതിലുപരി ഒരു ജനകീയ സംസ്കാരമായി മാറിയിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഗോള വെല്ലുവിളികളെ നേരിടാൻ ഹരിതകേരളം മിഷൻ നടത്തുന്ന പ്രാദേശിക ഇടപെടലുകൾ നാടിന്റെ പാരിസ്ഥിതിക സുസ്ഥിതി ഉറപ്പാക്കുന്നതിൽ മുഖ്യ പങ്കുവഹിക്കുക യാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ചുകൊണ്ട് നടത്തിയ ഈ പ്രവർത്തനങ്ങൾ രാജ്യത്തിനുതന്നെ മാതൃകയാണ്. ജില്ലയുടെ സവിശേഷ പാരിസ്ഥിതിക സാഹചര്യവും മിഷന്റെ നേതൃത്വത്തിൽ നടന്ന ഒരു ദശാബ്ദക്കാലത്തെ പ്രവർത്തനങ്ങളും നേട്ടങ്ങളും ഭാവിയിലേ ക്കുള്ള ദിശാ സുചനകളും ഉൾക്കൊള്ളുന്ന ഈ പുസ്തകം പരിസ്ഥിതി പ്രവർത്തകർക്കും ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും ഒരു പോലെ ഉപകാരപ്പെടുമെന്ന് പ്രത്യാശിക്കുന്നു. എല്ലാവിധ ആശംസകളും നേരുന്നു.

പിണറായി വിജയൻ



# അവതാരിക

സംസ്ഥാനത്തിന്റെ പാരിസ്ഥിതിക വീണ്ടെടുപ്പിന് പുത്തൻ ദിശാബോധമാണ് ഹരിതകേരളം മിഷൻ നൽകിയത്. കേവലം ഒരു സർക്കാർ ദൗത്യം എന്നതിലുപരി തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻകൈയിൽ ജനകീയ പങ്കാളിത്തത്തോടെയുള്ള പ്രായോഗിക പ്രവർത്തനങ്ങളിലൂടെ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ നേതൃപരമായ പങ്കുവഹിക്കാൻ ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ട്. കേരളം നേരിട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ശാസ്ത്രീയ പരിഹാര മാർഗ്ഗങ്ങളാണ് ഹരിതകേരളം മിഷൻ ആവിഷ്കരിച്ചതും നടപ്പാക്കിയതും. ഏകോപനവും സംയോജനവും ഉറപ്പാക്കിക്കൊണ്ടുള്ള ആസൂത്രണത്തിലും പദ്ധതികൾ ജനകീയ പങ്കാളിത്തത്തോടെ കർമപഥത്തിലെത്തിച്ചതിലും കാട്ടിയ മികവ് ഈ മിഷനെ ദേശീയ ശ്രദ്ധയാകർഷിച്ച ഒരു ബദൽ വികസന മാതൃകയാക്കിമാറ്റി.

കേരളം പ്രകൃതി സൗന്ദര്യത്തിലും ജൈവവൈവിധ്യത്തിലും സമ്പന്നമായ നാടാണ്. പച്ചപ്പിന്റെ പാരമ്പര്യവും ജലസമ്പത്തിന്റെ സമൃദ്ധിയും ഗ്രാമീണ കാർഷിക സംസ്കാരവും ചേർന്നതാണ് കേരളത്തിന്റെ സത്ത. എന്നാൽ കാലാവസ്ഥാ മാറ്റം, അതിവേഗത്തിലുള്ള നഗരവൽക്കരണം, മാലിന്യപ്രശ്നങ്ങൾ, ജലസ്രോതസ്സുകളുടെ ക്ഷയം, കൃഷിഭൂമികൾ തരിശാവുന്നത് തുടങ്ങിയ വെല്ലുവിളികൾ പരിസ്ഥിതി സന്തുലിതാവസ്ഥയെ ബാധിച്ചു. ഈ പശ്ചാത്തലത്തിലാണ് 2016ൽ ഹരിതകേരളം മിഷൻ രൂപീകൃതമാവുന്നത്. ഒരു ദശാബ്ദക്കാലത്തെ പ്രവർത്തനം കൊണ്ട് പരിസ്ഥിതി മേഖലയിൽ ശ്രദ്ധേയങ്ങളായ മാറ്റങ്ങൾ കൊണ്ടുവരാൻ ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ട്. സുസ്ഥിര വികസനമെന്നത് കേവലം വാക്കുകളല്ല മറിച്ച് പ്രായോഗികമായ പ്രവർത്തനങ്ങളാണെന്ന് ഈ മിഷൻ തെളിയിച്ചു. പദ്ധതി പ്രവർത്തനങ്ങളിലെ ജനപങ്കാളിത്തം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നേതൃത്വം, മറ്റ് വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും സന്നദ്ധസംഘടനകളുടെയും സഹകരണം തുടങ്ങിയവ മിഷൻ പ്രവർത്തനങ്ങൾക്ക് ഊർജമായി.

സംസ്ഥാനമൊട്ടാകെ നടപ്പാക്കിയവയാണ് മിക്ക പദ്ധതികളും ക്യാമ്പയിനുകളും. അതോടൊപ്പം ജില്ലകളുടെ സവിശേഷ ഇടപെടലുകളുടെ ഭാഗമായുള്ള പ്രവർത്തനങ്ങളും നടന്നു. ശുചിത്വവും മാലിന്യസംസ്കരണവും, ജലസംരക്ഷണവും ജലസ്രോതസ്സുകളുടെ പുനരുജ്ജീവനവും, കൃഷി വ്യാപനവും ജൈവവൈവിധ്യ സംരക്ഷണവും തുടങ്ങി വിവിധ മേഖലകൾ കേന്ദ്രീകരിച്ച് നടപ്പാക്കിയ പദ്ധതികളും ക്യാമ്പയിനുകളും വിജയം കണ്ടു. ബോധവൽക്കരണ പ്രവർത്തനങ്ങളെല്ലാം ശക്തമായ ജനകീയ വിദ്യാഭ്യാസമായി മാറി. സംസ്ഥാനമൊട്ടാകെ നടന്ന പ്രവർത്തനങ്ങൾ ജില്ലാടിസ്ഥാനത്തിൽ വിലയിരുത്തുകയാണ് ഈ പുസ്തകത്തിലൂടെ. പാലക്കാട് ജില്ലയുടെ പ്രവർത്തനങ്ങളാണ് ഈ റിപ്പോർട്ടിലുള്ളത്.

കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭീഷണി നേരിടുന്ന കേരളത്തിന്റെ പരിസ്ഥിതി നിലനില്പിന് ഈ പ്രവർത്തനങ്ങളുടെ തുടർച്ച അനിവാര്യമാണ്. പ്രകൃതിയോട് ചേർന്നുള്ള വികസനം സാധ്യമാക്കി, പരിസ്ഥിതി സംരക്ഷണത്തെ ജീവിത ശൈലിയായി മാറ്റി ഹരിതസമൃദ്ധ നവകേരളം യാഥാർത്ഥ്യമാക്കാനാവും.

**ഡോ. ടി.എൻ. സീമ**
കോർഡിനേറ്റർ, നവകേരളം കർമപദ്ധതി-2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

# ഉള്ളടക്കം


ആമുഖം ........ 7

ജില്ലയുടെ പാരിസ്ഥിതിക സവിശേഷതകളും വെല്ലുവിളികളും ........ 9

പരിസ്ഥിതി പ്രശ്നങ്ങളിലെ ഇടപെടൽ സാധ്യതകൾ ........ 40

ഹരിതകേരളം മിഷൻ നടത്തിയ ഇടപെടലുകളും നേട്ടങ്ങളും ........ 52

സൃഷ്ടിക്കപ്പെട്ട മാതൃകകൾ ........ 86

മിഷൻ നേട്ടങ്ങളുടെ പ്രവർത്തന വഴികൾ ........ 118

ഹരിതകേരളം മിഷനിലൂടെ സാധ്യമായ തദ്ദേശ സ്ഥാപന ശാക്തീകരണം ........ 158

സുസ്ഥിര പരിസ്ഥിതിക്കായുള്ള ഭാവി പ്രവർത്തനങ്ങൾ ........ 175

# ആമുഖം

വികസനമോ ? പരിസ്ഥിതിയോ ?

വളരെ പഴയ ചോദ്യമാണിതെങ്കിലും ഏകാഭിപ്രായ സ്വഭാവമുള്ള ഉത്തരം ഇപ്പോഴുമില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 21 പ്രകാരം ശുദ്ധമായ പരിസ്ഥിതി, ശുചിത്വം, മലിനീകരണ രഹിത വായു, വെള്ളം എന്നിവയ്ക്കുള്ള അവകാശം മൗലികാവകാശങ്ങളാണെന്ന് സുപ്രീം കോടതി പലതവണ അംഗീകരിച്ചിട്ടുണ്ട്.

ചരിത്ര പ്രസിദ്ധമായ ഡൂൺവാലി കേസിൽ നാൽപ്പത് വർഷങ്ങൾക്കു മുമ്പ് ബഹു.സുപ്രീം കോടതി ആർട്ടിക്കിൾ 21 നെ വ്യാഖ്യാനിച്ചതിൽ തുടങ്ങി സുപ്രധാനമായ വിധികൾ ഈ മേഖലയിലുണ്ടായിട്ടുണ്ടെങ്കിലും മികച്ച പരിസ്ഥിതിയിൽ ജീവിക്കാനുള്ള പൗരന്മാരുടെ അവകാശംഭരണ സംവിധാനങ്ങളുടെ പരിഗണനയിൽ മുഖ്യ പ്രാധാന്യത്തോടെ ഇന്നും കടന്നു വന്നിട്ടില്ല എന്നതാണ് പൊതു സ്ഥിതി.

ഇൻഡോറിലേതുപോലെ നഗര കേന്ദ്രീകൃതമായ ചില മാലിന്യ സംസ്കരണ സംവിധാനങ്ങൾ, തെലുങ്കാനയിലെ ഹരിതഹാരം പോലെ ചില വൃക്ഷവത്ക്കരണ പ്രവർത്തനങ്ങൾ, രാലിഗാൻ സിദ്ദി ഗ്രാമത്തിലേതുപോലെ ചില ജലസംരക്ഷണ ഇടപെടലുകൾ എന്നിങ്ങനെ പ്രാദേശികമായി നടപ്പാക്കിയ കുറേ മാതൃകകൾക്കപ്പുറം സംസ്ഥാനാടിസ്ഥാനത്തിൽ നടപ്പാക്കപ്പെട്ട പരിസ്ഥിതി ഇടപെടലുകൾ രാജ്യത്തെവിടെയും ഇല്ല എന്നതായിരുന്നു സ്ഥിതി.

2016 ൽ കേരളത്തിൽ അധികാരത്തിൽ വന്ന സർക്കാർ ആർട്ടിക്കിൾ 21 അതിന്റെ വിപുലമായ അർത്ഥത്തിൽ നടപ്പാക്കാനായി പുതിയൊരു കർമപദ്ധതിക്ക് തുടക്കം കുറിച്ചത് രാജ്യത്തു തന്നെ സമാനതകൾ ചൂണ്ടിക്കാണിക്കാനില്ലാത്ത ലക്ഷ്യങ്ങളോടെയായിരുന്നു. ജീവിക്കാനുള്ള അവകാശത്തിന്റെ വിപുലമായ വ്യാഖ്യാനം വിദ്യാഭ്യാസം, ഉപജീവനമാർഗ്ഗം, പാർപ്പിടം, ആരോഗ്യം പരിസ്ഥിതി എന്നിവയിലെല്ലാമൂന്നുന്ന ഒരു പുതിയ സാമൂഹിക-സാമ്പത്തിക വ്യവസ്ഥിതിയെ അനിവാര്യമാക്കുന്നു എന്ന് തിരിച്ചറിഞ്ഞാണ് ഇവയുമായി ബന്ധപ്പെട്ട 4 മിഷനുകളുമായി നവകേരളം കർമ്മ പദ്ധതിക്ക് 2016 ൽ തുടക്കം കുറിച്ചത്.

നവകേരളം കർമ്മപദ്ധതിയുടേയും അതിലുൾച്ചേർന്ന മിഷനുകളുടേയും പ്രവർത്തന പരിധിയായി ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയോ പ്രദേശങ്ങളേയോ നിശ്ചയിക്കുകയല്ല ചെയ്തത് എന്നതാണ് ഈ പ്രവർത്തനത്തെ അതുല്യമാക്കി മാറ്റിയത്. സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തും ഗ്രാമ - നഗര വ്യത്യാസമില്ലാതെ നടപ്പാക്കാനായാണ് ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം എന്നീ നാലു മിഷനുകളും വിഭാവനം ചെയ്യപ്പെട്ടത്.

തുടക്കത്തിൽ ഉന്നയിച്ച ചോദ്യത്തിന് ഒരു സംസ്ഥാന സർക്കാർ മുന്നോട്ടു വച്ച ഏറ്റവും ശക്തമായ മറുപടിയായിരുന്നു ഹരിതകേരളം മിഷൻ. 'വികസനമോ പരിസ്ഥിതിയോ' എന്ന ചോദ്യത്തിന് 'വികസനവും പരിസ്ഥിതിയും' എന്ന ആ മറുപടി അത്ര ലളിതമായി നടപ്പാക്കാൻ സാധിക്കുന്നതായിരുന്നില്ല. ഉയർന്ന പർവ്വതപ്രദേശങ്ങളും, കായലും കടലുമെല്ലാം ചേർന്ന തീര പ്രദേശവും, ആയിരക്കണക്കിന് ചെറുനീർച്ചാലുകളുടെ സാന്നിദ്ധ്യവും, ഉയർന്ന ജനസാന്ദ്രതയുമെല്ലാം ചേർന്ന കേരളത്തിന്റെ സവിശേഷ സ്ഥിതി, പരിസ്ഥിതി സംബന്ധമായ ഏത് ഇടപെടലിനേയും സങ്കീർണമാക്കുന്നതായിരുന്നു. ഗോത്രവർഗ ഗ്രാമങ്ങൾ മുതൽ മെട്രോ നഗരങ്ങൾ വരെയുള്ള വൈജാത്യവും വെല്ലുവിളിയായി നിന്നിരുന്നു. ഈ സങ്കീർണതകൾക്കിടയിലും സംസ്ഥാനത്തെ

മുഴുവൻ പ്രദേശങ്ങളിലും പരിസ്ഥിതി പുനസ്ഥാപനത്തിന്റെ പുതിയ അദ്ധ്യായം കുറിച്ചു എന്നതാണ് ഹരിതകേരളം മിഷനെ രാജ്യത്തിന്റെ തന്നെ ശ്രദ്ധയിലേയ്ക്കുയർത്തുന്നത്.

"വെള്ളം, വൃത്തി, വിളവ് " എന്ന പരിസ്ഥിതി മുദ്രാവാക്യം ഹരിതകേരളം മിഷൻ കേരളീയ ജനമനസുകളിലേയ്ക്ക് കടത്തിവിട്ടു. പ്രാദേശിക സർക്കാരുകളും ജനങ്ങളും അതേറ്റെടുത്തപ്പോൾ മാലിന്യക്കൂനകൾ മാഞ്ഞു , മാലിന്യ ശേഖരണസംസ്കരണ സംവിധാനങ്ങൾ ഉണ്ടായി വന്നു, നീർച്ചാലുകൾ വീണ്ടെടുക്കപ്പെട്ടു, തരിശു നിലങ്ങളിൽ കൃഷി തിരിച്ചെത്തി, ഹരിത പെരുമാറ്റച്ചട്ടവും ഹരിത ടൂറിസവും ഹരിതവിദ്യാലയവും ഹരിത കലാലയവുമെല്ലാം ചേരുന്ന ഹരിത ജീവിത രീതിയുടെ മാതൃകയായി കേരളം മാറാൻ തുടങ്ങി.

ജലസംരക്ഷണം, മാലിന്യ സംസ്കരണം, കൃഷി - പരിസ്ഥിതി പുനസ്ഥാപനം എന്നീ സുപ്രധാനമായ മൂന്ന് പരിസ്ഥിതി മേഖലകളിലെയും പ്രശ്നങ്ങൾക്ക് ശാസ്ത്രീയവും സുസ്ഥിരവുമായ പരിഹാരമാർഗങ്ങളാണ് ഹരിതകേരളം മിഷൻ മുന്നോട്ടു വച്ചത്. അവ നടപ്പാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതായിരുന്നു മിഷന്റെ പ്രവർത്തന സമീപനം. പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ജനങ്ങളുടെ ശീലവത്ക്കരണം സുപ്രധാന ഘടകമായതിനാൽ ജനകീയതയെയാണ് ഈ പ്രവർത്തനങ്ങളിലെ മുഖ്യ മൂലധനമായി പ്രയോജനപ്പെടുത്തിയത്. നേട്ടങ്ങളിലെ സുസ്ഥിരത ഉറപ്പുവരുത്താനും ജനകീയതയുടെ പിൻബലമാണ് പ്രയോജനപ്പെടുത്തിയത്. ഈ ജനകീയതയിലും പ്രാദേശിക സർക്കാരുകളുടെ ശാക്തീകരണത്തിലും കഴിഞ്ഞ പത്തു വർഷക്കാലം നടന്ന ക്യാമ്പയിനുകളും അവയിലൂടെ സൃഷ്ടിച്ച മാറ്റങ്ങളും വരും തലമുറകൾക്ക് പ്രചോദനമായും പഠനവിഷയമായും മാറാനായി രേഖപ്പെടുത്തി വയ്ക്കേണ്ടതുണ്ടെന്ന ചിന്തയിലാണ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.

പാലക്കാട് ജില്ലയിൽ കഴിഞ്ഞ പത്ത് വർഷക്കാലം ഹരിതകേരളം മിഷന്റെ നേരിട്ടും അല്ലാതെയുമുള്ള ഇടപെടലിൽ നടന്ന പരിസ്ഥിതി സംരക്ഷണ-പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ മുഴുവൻ ഈ പുസ്തകത്തിൽ സംഗ്രഹിക്കുക സുസാധ്യമല്ല. അതിനാൽ ഏറ്റവും മാതൃകാപരമായവയ്ക്ക് മുൻഗണന നൽകുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

പാലക്കാട് ജില്ലയുടെ ഈ ഹരിതപുസ്തകം കൂടുതൽ പാരിസ്ഥിതിക സുസ്ഥിരതയുള്ള നവകേരളത്തിലേയ്ക്ക് വഴിതെളിക്കുമെന്ന് പ്രത്യാശിക്കുന്നു.

# ജില്ലയുടെ പാരിസ്ഥിതിക സവിശേഷതകളും വെല്ലുവിളികളും

കേരളത്തിന്റെ നെല്ലറയായ പാലക്കാട്, പശ്ചിമഘട്ടത്തിന്റെ സ്വാഭാവിക സൗന്ദര്യവും സമ്പന്നമായ കാർഷിക പാരമ്പര്യവും ഒത്തുചേരുന്ന ഒരു പ്രദേശമാണ്. സംസ്ഥാനത്തെ രണ്ടാമത്തെ വലിയ ജില്ലയാണെന്നത് മാത്രമല്ല, ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ഏറെയുണ്ട്. പശ്ചിമഘട്ട മലനിരകൾ, സമതലങ്ങൾ, നദികൾ എന്നിവയാൽ സമ്പന്നമാണ് പാലക്കാട് ജില്ല. ഭാരതപ്പുഴ ഉൾപ്പെടെ നിരവധി പുഴകൾ ജില്ലയിലൂടെ ഒഴുകുന്നു. ഭാരതപ്പുഴയ്ക്ക് മാത്രം ഗായത്രിപുഴ, കണ്ണാടിപ്പുഴ, കൽപ്പാത്തിപ്പുഴ, തൂതപ്പുഴ എന്നിങ്ങനെ നാല് ശാഖകളുണ്ട്. ചിറ്റൂർപ്പുഴ, കാഞ്ഞിരമുക്ക്, ഉപ്പാർ, കേച്ചേരി എന്നീ നദീതടങ്ങളിലായി 744 സൂക്ഷ്മ നീർത്തടങ്ങളുണ്ട്. കൂടാതെ കേരളത്തിൽ ഉത്ഭവിച്ച് കിഴക്കോട്ടൊഴുകി തമിഴ്നാട്ടിലെത്തുന്ന ഭവാനിപ്പുഴയും കൈവഴികളായ ശിരുവാണിയും വരഗാറുമെല്ലാം ഏറെ സവിശേഷതകൾ നിറഞ്ഞ ജലസ്രോതസ്സുകളുമാണ്. ഏഷ്യയിലെ ശുദ്ധജലം വഹിക്കുന്ന ഏറ്റവും വലിയ രണ്ടാമത്തെ നദി എന്ന ഖ്യാതിയും ശിരുവാണിപ്പുഴയ്ക്കുണ്ട്.



നെൽകൃഷിക്ക് പേരുകേട്ട ഇവിടെ തെങ്ങ്, കവുങ്ങ്, കുരുമുളക്, പച്ചക്കറികൾ തുടങ്ങിയവയും ധാരാളമായി കൃഷി ചെയ്യുന്നുണ്ട്. 200 സെന്റീമീറ്ററിൽ കൂടുതലാണ് ജില്ലയിൽ ലഭിക്കുന്ന ശരാശരി മഴ. ഉഷ്ണകാലങ്ങളിൽ 42 ഡിഗ്രി സെൽഷ്യസ് വരെ ഉയർന്ന താപനില അടയാളപ്പെടുത്തുന്ന പ്രദേശങ്ങളും ഇവിടെയുണ്ട്. ജില്ലയിൽ കാർഷിക മേഖലയോടൊപ്പം തന്നെ കഞ്ചിക്കോട് പോലുള്ള വ്യവസായിക മേഖലയും സജീവമാണ്.

പാലക്കാടൻ കോട്ടയായ ടിപ്പു സുൽത്താൻ കോട്ട ജില്ലയുടെ പ്രധാന ചരിത്ര ശേഷിപ്പുകളിൽ ഒന്നാണ്. പട്ടണത്തിൻ്റെ ഒത്ത നടുക്ക് ഗാംഭീര്യത്തിൻ്റെ അടയാളമായി കരിമ്പനകൾ അതിരിട്ട് നിർത്തിയിരിക്കുന്ന കോട്ടയും പരിസരങ്ങളും നിർമ്മിതിയിലെ വൈവിധ്യവും പ്രത്യേകതകളും കൊണ്ട് നമ്മെ അത്ഭുതപ്പെടുത്തുന്നുണ്ട്. ഇന്ത്യയിലെ തന്നെ ഏറ്റവും സൗന്ദര്യമുള്ള ഗ്രാമീണ വിനോദസഞ്ചാര കേന്ദ്രമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കൊല്ലങ്കോടും നെല്ലിയാമ്പതി വനമേഖലകളും ശിരുവാണിയും പ്രകൃതിരമണീയമായ സൈലന്റ് വാലി ദേശീയോദ്യാനവും, പറമ്പിക്കുളം വന്യജീവി സങ്കേതവും പാലക്കാടിന്റെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളാണ്. അതോടൊപ്പം തന്നെ സന്ദർശകരെ ആകർഷിക്കുന്ന പാലക്കാട് ചുരം കേരളത്തെ തമിഴ്നാടുമായി ബന്ധിപ്പിക്കുന്ന ഒരു പ്രധാന കവാടം കൂടിയാണ്.

## പൊതുവിവരം

പാലക്കാട് ജില്ല 1957 ജനുവരി 1 നാണ് രൂപീകരിക്കപ്പെട്ടത്. കുന്നുകൾ, നദികൾ, അരുവികൾ, കാടുകൾ എന്നിവയാൽ ചുറ്റപ്പെട്ട ഫലഭൂയിഷ്ഠമായ സമതലങ്ങളുള്ള ഒരു വിശാലമായ ഭൂപ്രദേശമാണ് പാലക്കാട്. ജില്ലയുടെ 4480 ചതുരശ്ര കിലോമീറ്റർ പ്രദേശം 76°02'E യും 76°54'E യും രേഖാംശങ്ങളും 10°21'N യും 11°14'N യും അക്ഷാംശങ്ങളും കൊണ്ട് ചുറ്റപ്പെട്ടിരിക്കുന്നു. 2047 ച.കി.മീ വനമേഖലയാണ്. 1600 കിലോമീറ്റർ നീളമുള്ള പശ്ചിമഘട്ടത്തിലെ 30 മുതൽ 40 കിലോമീറ്റർ വരെ വീതിയുള്ള പാലക്കാട് ചുരം ഭൂമിശാസ്ത്രപരമായി പ്രധാനമാണ്. ചുരത്തിന്റെ ഇരുവശത്തും വിശാലമായ നീലഗിരി കുന്നുകളും ബൃഹത്തായ ആനമല കുന്നുകളും സ്ഥിതിചെയ്യുന്നു. പാലക്കാട്, ചിറ്റൂർ താലൂക്കുകളിൽ ഇടതൂർന്ന സംരക്ഷിത വനങ്ങൾ കാണാം. വടക്ക് പടിഞ്ഞാറ് ഭാഗത്ത് മലപ്പുറം ജില്ലയും തെക്ക് പടിഞ്ഞാറ് ഭാഗത്ത് തൃശൂർ ജില്ലയും വടക്കുകിഴക്ക് നീലഗിരി ജില്ലയും, കിഴക്ക് തമിഴ്നാട്ടിലെ കോയമ്പത്തൂർ ജില്ലയും പാലക്കാട് ജില്ലയുടെ അതിർത്തികളാണ്. "കേരളത്തിന്റെ ധാന്യപ്പുര" എന്ന് ജില്ലയെ വിശേഷിപ്പിക്കുന്നു. പറമ്പിക്കുളം കടുവാ സങ്കേതം, നെല്ലിയാമ്പതി, സൈലന്റ് വാലി, ധോണി വെള്ളച്ചാട്ടം, മീൻവല്ലം വെള്ളച്ചാട്ടം, സീതാർകുണ്ട് വെള്ളച്ചാട്ടം, മലമ്പുഴ ഡാം, ചുള്ളിയാർ ഡാം, മീങ്കര ഡാം, കാഞ്ഞിരപ്പുഴ ഡാം, മംഗലം ഡാം, പോത്തുണ്ടി ഡാം, ശിരുവാണി റിസർവോയർ, അട്ടപ്പാടി റിസർവ്വ് വനം എന്നിവ ജില്ലയിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളാണ്. ജില്ലയിൽ 88 ഗ്രാമപഞ്ചായത്ത്, 13 ബ്ലോക്ക് പഞ്ചായത്ത്, 7 നഗരസഭകൾ എന്നിങ്ങനെ 109 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണുള്ളത്. 2011 ലെ സെൻസസ് അനുസരിച്ച് പാലക്കാട് ജില്ലയിൽ ആകെ ജനസംഖ്യ 28,09,934 ആണ്. ഇതിൽ 13,59,478 പുരുഷന്മാരും 14,50,456 സ്ത്രീകളുമാണ്. ഇതിൽ 4,03,833 പേർ പട്ടികജാതി വിഭാഗത്തിലും 48,972 പേർ പട്ടികവർഗ്ഗ വിഭാഗത്തിലും ഉൾപ്പെടുന്നു.

## ഭൂപ്രകൃതി

ഉയർന്ന മലമ്പ്രദേശങ്ങൾ, കുന്നുകൾ, ചെരിവുകൾ, സമതലങ്ങൾ എന്നിങ്ങനെ തരം തിരിക്കാവുന്ന ഭൂപ്രകൃതിയാണ് പാലക്കാടിനുള്ളത്. കടൽത്തീരമില്ലാത്ത ജില്ലയാണിത്. ജില്ലയെ ഇടനാട്, മലനാട് എന്നിങ്ങനെ രണ്ടായി തിരിക്കാം. താഴ് വരകളും, സമതലങ്ങളും അടങ്ങിയ പ്രദേശമാണ് ഇടനാട്. ഉയർന്ന മലകളും, പർവ്വത ശിഖരങ്ങളും മലയിടുക്കുകളും, നിബിഡവനങ്ങളും ഉള്ള പ്രദേശങ്ങൾ സ്ഥിതി ചെയ്യുന്ന ഭാഗമാണ് മലനാട്. പാലക്കാട് ജില്ലയിലെ 6 താലൂക്കുകളിൽ

ഒറ്റപ്പാലം താലൂക്ക് ഇടനാട് പ്രദേശത്താണ്. എന്നാൽ മറ്റ് അഞ്ച് താലൂക്കുകളായ ആലത്തൂർ, ചിറ്റൂർ, മണ്ണാർക്കാട്, പാലക്കാട്, പട്ടാമ്പി എന്നിവ ഇടനാട്, മലനാട് എന്നീ ഭൂവിഭാഗങ്ങളിലായി വ്യാപിച്ചുകിടക്കുന്നു. കേരളത്തെ, വിശേഷിച്ച് പാലക്കാട് ജില്ലയെ തമിഴ്നാടുമായി ബന്ധിപ്പിക്കുന്ന പ്രധാന റെയിൽ-റോഡ് മാർഗ്ഗങ്ങൾ പാലക്കാട് ചുരം വഴിയാണ് കടന്നുപോകുന്നത്. ജില്ലയിൽ പശ്ചിമഘട്ടത്തിന്റെ ചില ഭാഗങ്ങൾക്ക് 2000 മീറ്റർ വരെ ഉയരം ഉണ്ട്. ജില്ലയിലെ വലിയൊരു ഭാഗം ക്രിസ്റ്റലൈൻ പാറകളാൽ നിബിഡമാണ്. ഇടനാട്ടിൽ ലാറ്ററൈറ്റ് ആണ് കൂടുതലുള്ളത്. നദീതീരങ്ങളിൽ അലൂവിയലും, മണൽ കലർന്ന കളിമണ്ണും കാണപ്പെടുന്നു. താഴ്ന്ന പ്രദേശം, മിഡ് ലാന്റ്, മിഡ് അപ് ലാന്റ്, അപ് ലാന്റ്, ഹൈലാന്റ്, മലനിരകൾ എന്നിങ്ങനെ ജില്ലയിലെ ഭൂപ്രകൃതിയെ വീണ്ടും 6 ആയി തിരിച്ചിട്ടുണ്ട്.




**താഴ്ന്ന പ്രദേശം :** പട്ടാമ്പി താലൂക്കിന്റെ തെക്ക് പടിഞ്ഞാറൻ പ്രദേശങ്ങൾ, കപ്പൂർ, നാഗലശ്ശേരി, ചാലിശ്ശേരി, തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തുകളുടെ തെക്ക് ഭാഗത്തുള്ള താഴ്വരകളും, ചതുപ്പ് നിലങ്ങളും പ്രധാനമായും ഈ വിഭാഗത്തിൽപ്പെടുന്നു. സമുദ്രനിരപ്പിൽ നിന്ന് 20 മീ. വരെ ഉയരമുള്ള ഭൂപ്രദേശമാണിത്.

**മിഡ് ലാന്റ് :** സമുദ്രനിരപ്പിൽ നിന്നും 20 മുതൽ 100 മീറ്റർ വരെയുള്ള സ്ഥലമാണിത്. ഈ പ്രദേശത്ത് ചെങ്കുത്തായ ചരിവുകളും ചിതറിക്കിടക്കുന്ന പാറക്കൂട്ടങ്ങളും ഇടുങ്ങിയ താഴ്വാരങ്ങളുമുണ്ട്. പട്ടാമ്പി, ഒറ്റപ്പാലം, പാലക്കാട്, ചിറ്റൂർ, ആലത്തൂർ, മണ്ണാർക്കാട് താലൂക്കുകൾ മിഡ്ലാൻഡിൽ സ്ഥിതി ചെയ്യുന്നു.

**മിഡ് അപ് ലാന്റ് :** സമുദ്രനിരപ്പിൽ നിന്നും 100 മുതൽ 300 മീറ്റർ വരെയുള്ള ഈ പ്രദേശത്ത് ചെങ്കുത്തായ ചരിവുകളും ചിതറിക്കിടക്കുന്ന പാറക്കൂട്ടങ്ങളും ഇടുങ്ങിയ താഴ്വാരങ്ങളും ഉണ്ട്. മലപ്പുറം ജില്ലയോട് ചേർന്നു കിടക്കുന്ന പട്ടാമ്പി താലൂക്കിലും, മണ്ണാർക്കാട് താലൂക്കിലും ഉൾപ്പെട്ട പ്രദേശങ്ങളിൽ പുറത്തേയ്ക്ക് ഉയർന്നു നിൽക്കുന്ന വെട്ടുകൽപ്പാറകൾ കാണപ്പെടുന്നു.

**അപ് ലാന്റ് :** സമുദ്ര നിരപ്പിൽ നിന്നും 300 മുതൽ 600 മീറ്റർ വരെ ഉയരമുള്ള ഈ പ്രദേശം പശ്ചിമഘട്ട നിരയിലെ മദ്ധ്യ സഹ്യാദ്രി, നീലഗിരിക്കുന്നുകൾ, തെക്കേ സഹ്യാദ്രി എന്നീ ഭൂവിഭാഗങ്ങൾ ഉൾപ്പെട്ടതാണ്.

**ഹൈലാന്റ് :** സമുദ്രനിരപ്പിൽ നിന്നും 600 മീറ്ററിന് മുകളിലുള്ള ഈ പ്രദേശത്ത് സഹ്യാദ്രി, നീലഗിരി, അട്ടപ്പാടി കുന്നുകൾ കാണപ്പെടുന്നു.

**മലനിരകൾ** - സമുദ്രനിരപ്പിൽ നിന്നും 2000 മീറ്റർവരെ ഉയരമുള്ള നീലഗിരി, സഹ്യാദ്രി എന്നീ മലനിരകൾ ഇതിൽ ഉൾപ്പെടുന്നു. തെക്കേ സഹ്യാദ്രിക്ക് 70,800 ഹെക്ടർ വിസ്തീർണ്ണം ഉണ്ട്. നീലഗിരി മലനിരകൾക്ക് 13,000 ഹെക്ടർ വിസ്തീർണ്ണം ഉണ്ട്. നീലഗിരിക്കുന്നുകൾക്കും, തെക്കേ സഹ്യാദ്രിയ്ക്കും ഇടയിൽ 30 കിലോമീറ്റർ നീളത്തിൽ പാലക്കാട് ചുരം നിലകൊള്ളുന്നു. ഈ പ്രദേശത്തെ കാലാവസ്ഥയെ പാലക്കാട് ചുരം കാര്യമായി ബാധിക്കുന്നു. [Ref:1.1]

**അഗ്രോ എക്കോളജിക്കൽ യൂണിറ്റുകൾ -**



ജില്ലയിൽ 8 അഗ്രോ എക്കോളജിക്കൽ യൂണിറ്റുകളാണ് ഉള്ളത്. നോർത്ത് സെൻട്രൽ ലാറ്ററൈറ്റ്സ്, നോർത്തേൺ ഫൂട്ട്ഹിൽസ്, സതേൺ ഹൈഹിൽസ്, നോർത്തേൺ ഹൈഹിൽസ്, അട്ടപ്പാടി ഹിൽസ്, അട്ടപ്പാടി ഡ്രൈഹിൽസ്, പാലക്കാട് സെൻട്രൽ പ്ലെയിൻസ്, പാലക്കാട് ഈസ്റ്റേൺ പ്ലെയിൻസ് എന്നിവയാണ് ജില്ലയിലെ അഗ്രോ എക്കോളജിക്കൽ യൂണിറ്റുകൾ.

## മണ്ണ്, ധാതുസമ്പത്ത്

ജില്ലയിൽ ഭാരതപ്പുഴ നദീതടത്തിൽ എക്കൽ മണ്ണും പുഴയോര മണ്ണും കണ്ട് വരുന്നു. ജൈവാംശം വളരെ കൂടുതലുള്ള അലൂവിയൽ മണ്ണും ജില്ലയിൽ കണ്ട് വരുന്നുണ്ട്. മൈക്ക, ആഗ്നൈറ്റ്, ചോറിഫില്ലൈറ്റ് തുടങ്ങിയ ധാതുക്കളുടെ അംശം വളരെ കൂടിയ വനമണ്ണും ജില്ലയിൽ കൂടുതലാണ്. മണ്ണാർക്കാട്, ഒറ്റപ്പാലം താലൂക്കുകളിൽ ലാറ്ററൈറ്റ് മണ്ണിന്റെ വിസ്തൃതി വളരെ കൂടുതലായുണ്ട്. ചിറ്റൂർ താലൂക്കിന്റെ കിഴക്കൻ പ്രദേശത്ത് കാൽസ്യം കലർന്ന കറുത്തമണ്ണ് കാണപ്പെടുന്നു. പരുത്തിമണ്ണ് ഇതിന്റെ വകഭേദമാണ്. ചുണ്ണാമ്പുകല്ല് വാളയാർ പ്രദേശത്ത് കൂടുതൽ അളവിലും ചിറ്റൂർ കൊഴിഞ്ഞാമ്പാറ പ്രദേശങ്ങളിൽ കുറഞ്ഞ അളവിലും കാണപ്പെടുന്നുണ്ട്. കൊല്ലങ്കോട്, മുതലമട, മണ്ണാർക്കാട് പ്രദേശങ്ങളിൽ ഇരുമ്പയിരും അട്ടപ്പാടി പ്രദേശത്ത് സ്വർണ്ണവും കുറഞ്ഞ അളവിൽ കാണപ്പെടുന്നു. [Ref:1.1]

## ഭൂവിനിയോഗം

**പാലക്കാട് ജില്ലയിലെ ഭൂവിനിയോഗത്തിൽ 2015-16 മുതൽ 2024-25 വരെ വന്ന മാറ്റങ്ങൾ**

| വിസ്തൃതി (ഹെക്ടറിൽ) | 2015-16 | 2024-25 |
|---|---|---|
| **ആകെ വിസ്തൃതി** | **447582** | **447582** |
| വനം | 136257 | 136257 |
| കാർഷികേതര ഉപയോഗം | 49021 | 49282 |
| പാറയും കൃഷിയ്ക്ക് ഉപയുക്തമല്ലാത്ത സ്ഥലവും | 2459 | 1498 |
| മറ്റിനം വൃക്ഷങ്ങൾ | 892 | 532 |
| കൃഷിയ്ക്ക് ഉപയുക്തമായ തരിശ് | 23641 | 19199 |
| മറ്റിനം തരിശ് | 16087 | 10918 |
| തൽക്കാല തരിശ് | 12237 | 8838 |
| കൃഷി ചെയ്യുന്ന ഭൂമിയുടെ ആകെ വിസ്തീർണ്ണം | 191277 | 272194 |

[Ref:1.1, 1.14]




## ജലാശയങ്ങൾ

കേരളത്തിലെ ഏറ്റവും നീളം കൂടിയ രണ്ടാമത്തെ നദിയാണ് നിള എന്നറിയപ്പെടുന്ന ഭാരതപ്പുഴ. കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ നിളാനദിക്ക് പ്രത്യേക സ്ഥാനമാണുള്ളത്. ഇതിനു 209 കിലോമീറ്റർ നീളമുണ്ട്. പശ്ചിമഘട്ടത്തിലെ 1,964 മീറ്റർ ഉയരമുള്ള ആനമല കുന്നുകളിൽ നിന്ന് ഉത്ഭവിച്ച് പടിഞ്ഞാറോട്ട് ഒഴുകുന്ന നദിയാണിത്. ഏകദേശം 6186.59 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള നദീതടം ഭാരതപ്പുഴയ്ക്കുണ്ട്. പാലക്കാട് ജില്ലയിലെ ഭൂരിഭാഗം പ്രദേശങ്ങളിലെയും നെല്ല്, നാളികേരം എന്നീ വിളകൾ കൃഷിചെയ്യുന്നത് ഭാരതപ്പുഴയിലെ വെള്ളത്തെ ആശ്രയിച്ചാണ്. കൽപ്പാത്തിപ്പുഴ, ഗായത്രിപ്പുഴ, തൂതപ്പുഴ, കണ്ണാടിപ്പുഴ എന്നീ നദികളാണ് ഭാരതപ്പുഴയുടെ പോഷകനദികൾ. ഭാരതപ്പുഴയുടെ ഒരു പ്രധാന കൈവഴിയാണ് ഗായത്രിപ്പുഴ. ഈ പുഴ കൊല്ലങ്കോട്, നെന്മാറ, ആലത്തൂർ, പഴയന്നൂർ എന്നിവിടങ്ങളിലൂടെ ഒഴുകി മായന്നൂർ വെച്ച് ഭാരതപ്പുഴയിൽ ചേരുന്നു. സൈലന്റ് വാലിയിലൂടെ ഒഴുകുന്ന തൂതപ്പുഴയുടെ ഒരു കൈവഴിയാണ് കുന്തിപ്പുഴ.

ഒരു കാലത്ത് ജലസമൃദ്ധമായിരുന്ന ഭാരതപ്പുഴ ഇന്ന് വർഷത്തിൽ കൂടുതൽ സമയത്തും വറ്റി വരണ്ട് ഒരു ജലവാഹിനി അല്ലാതായി മാറിയിരിക്കുന്നു. ജനസംഖ്യാ വർധനവ്, നഗരവൽക്കരണം, വ്യവസായവൽകരണം എന്നിവ ജില്ലയിലെ വെള്ളത്തിന്റെ ആവശ്യകത സ്വാഭാവികമായും വർധിപ്പിച്ചു. മലമ്പുഴ, കാഞ്ഞിരപ്പുഴ, വാളയാർ, ആളിയാർ, മംഗലം, പോത്തുണ്ടി, മീങ്കര, ചുള്ളിയാർ തുടങ്ങിയ എട്ടോളം ഡാമുകൾ ഭാരതപ്പുഴയുടെ വിവിധ കൈവഴികളിലായി നിർമ്മിച്ചിട്ടുണ്ട്. പുഴകൾക്ക് കുറുകെയുള്ള ഈ ഡാമുകൾ സ്വാഭാവികമായും നദിയിലെ നീരൊഴുക്കിനെയും, നദിയിലെ എക്കൽ നിക്ഷേപത്തെയും, നദിയിലെ ആവാസ വ്യവസ്ഥയെയും പ്രതികൂലമായി ബാധിക്കുന്നു. കൂടാതെ പരിസരപ്രദേശങ്ങളിൽ വരൾച്ചാ ഭീഷണി നേരിടുകയും ചെയ്യുന്നു. പുഴയുടെ പ്രദേശങ്ങളിൽ നീരൊഴുക്ക് കുറഞ്ഞതിന്റെ ഫലമായി അഴിമുഖം വഴി ഉപ്പു കലർന്ന വെള്ളം നദിയിൽ പ്രവേശിക്കുകയും, വെള്ളത്തിന്റെ നിലവാരം കുറയുകയും ചെയ്യുന്നു. വനനശീകരണം, അനിയന്ത്രിതമായ മണലെടുപ്പ്, രൂക്ഷമായ മലിനീകരണം തുടങ്ങിയവ പുഴയുടെ സ്വാഭാവിക നീരൊഴുക്കിനെ പ്രതികൂലമായി ബാധിക്കുന്നു.





ഭാരതപ്പുഴ കൂടാതെ ജില്ലയിലെ മറ്റൊരു പ്രധാന നദിയാണ് ഭവാനി പുഴ. കാവേരി നദിയുടെ ഒരു പോഷക നദിയായ ഭവാനി നദി പശ്ചിമഘട്ടത്തിലുള്ള തമിഴ്നാട്ടിലെ നീലഗിരി കുന്നുകളിൽ നിന്നും ഉത്ഭവിക്കുന്നു. പാലക്കാട് ജില്ലയിലെ മുക്കാലി വനത്തിൽ ഈ നദി കേരളത്തിൽ പ്രവേശിക്കുന്നു. പിന്നീട് വടക്കുകിഴക്കായി തിരിയുന്ന ഭവാനി ജില്ലയിലെ അട്ടപ്പാടി വനമേഖല, കൂടപ്പട്ടി എന്നിവിടങ്ങളിലൂടെ ഒഴുകി കർണാടകത്തിൽ പ്രവേശിച്ച് കാവേരി നദിയിൽ പതിക്കുന്നു.

## ജില്ലയിലെ ജലസേചന പദ്ധതികൾ

ജില്ലയിലെ പ്രധാന ജലസേചന പദ്ധതികൾ മലമ്പുഴ ഡാം, കാഞ്ഞിരപ്പുഴ ഡാം, വാളയാർ ഡാം, മീങ്കര ഡാം, ചുള്ളിയാർ ഡാം, മംഗലം ഡാം, പോത്തുണ്ടി ഡാം, മൂലത്തറ ഡാം, ശിരുവാണി ഡാം എന്നിവയാണ്. ഇവ കാർഷികവും സാമൂഹികവുമായ വളർച്ചയിൽ നിർണായക പങ്കുവഹിക്കുന്നു. മലമ്പുഴ ഡാം പാലക്കാട് ജില്ലയിലെ ഏറ്റവും വലുതും പ്രശസ്തവുമായ അണക്കെട്ടാണ് . ഈ ഡാം ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും സഹായകരമാകുന്നതിനോടൊപ്പം വിനോദസഞ്ചാരകേന്ദ്രമെന്ന നിലയിലും പ്രശസ്തമാണ്. കാഞ്ഞിരപ്പുഴ ഡാം പ്രധാനമായും കൃഷിക്കായി ഉപയോഗിക്കുന്ന ഒരു ഡാമാണ്. പ്രദേശത്തെ കർഷകർക്ക് ഇത് വലിയ ആശ്വാസമാണ്. പോത്തുണ്ടി ഡാം (വിസ്തൃതി-363ha, സംഭരണശേഷി-50.91$Mm^3$) കേരളത്തിലെ ഏറ്റവും പഴക്കമുള്ള ഡാമുകളിൽ ഒന്നായി അറിയപ്പെടുന്നു. പരമ്പരാഗത നിർമ്മാണരീതിയിൽ നിർമ്മിച്ചിരിക്കുന്ന ഈ ഡാം കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗിക്കുന്നു. മംഗലം ഡാം (വിസ്തൃതി-393ha, സംഭരണശേഷി-25.49$Mm^3$) ചെറുകുന്നപ്പുഴയിൽ നിർമ്മിച്ചിട്ടുള്ളതും കാർഷിക ജലസേചനത്തിനും വിനോദസഞ്ചാരത്തിനും ഉപയോഗിക്കുന്നതുമാണ്. വാളയാർ ഡാം (വിസ്തൃതി-259ha, സംഭരണശേഷി-18.4$Mm^3$) കേരള-തമിഴ്നാട് അതിർത്തിക്ക് സമീപം സ്ഥിതിചെയ്യുന്നു. ഇത് സമീപ പ്രദേശങ്ങളിലെ കൃഷിയ്ക്ക് ജലം നൽകുന്നു. ചുള്ളിയാർ ഡാം (വിസ്തൃതി-159ha,



സംഭരണശേഷി-13.9$Mm^3$) ഗായത്രിപ്പുഴയിൽ നിർമ്മിച്ചിട്ടുള്ളതും കൃഷിക്കും മത്സ്യബന്ധനത്തിനും സഹായകരവുമാണ്. ശിരുവാണി ഡാം ശുദ്ധജലത്തിന് പ്രശസ്തമാണ്. ഇത് പ്രധാനമായും കോയമ്പത്തൂർ നഗരത്തിന് കുടിവെള്ളം നൽകുന്നു. ഇതിന് പുറമേ തുണക്കടവ്, പെരുവരിപാലം തുടങ്ങിയ ഡാമുകൾ പറമ്പികുളം-ആളിയാർ (വിസ്തൃതി-2092ha) ജലസേചന പദ്ധതിയുടെ ഭാഗങ്ങളാണ്. [Ref:1.1]

## വനപ്രദേശങ്ങൾ

### സൈലന്റ് വാലി ദേശീയോദ്യാനം

പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ സ്ഥിതി ചെയ്യുന്ന സൈലന്റ് വാലി, പശ്ചിമഘട്ടത്തിലെ ഒരു പ്രധാനപ്പെട്ട ദേശീയോദ്യാനമാണ്. ഇവിടെത്തെ വനങ്ങൾ വംശനാശഭീഷണി നേരിടുന്ന പലതരം സസ്യ-ജീവജാലങ്ങളുടെ ആവാസകേന്ദ്രമാണ്. അവിടുത്തെ നിശബ്ദതയാണ് സൈലൻറ് വാലി എന്ന പേര് വരാൻ തന്നെ കാരണം. ഏകദേശം 89.52 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ പ്രദേശം ഉഷ്ണമേഖലാ നിത്യഹരിത വനമേഖലകളിൽ പേരുകേട്ടതാണ്. സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 658 മുതൽ 2320 മീറ്റർ വരെ ഉയരത്തിലാണ് സൈലൻറ് വാലി സ്ഥിതി ചെയ്യുന്നത്. ഈ ഉയരം ഇവിടുത്തെ കാലാവസ്ഥയെയും ജൈവവൈവിധ്യത്തെയും സ്വാധീനിക്കുന്നു. താഴ്ന്ന പ്രദേശങ്ങളിലും ഉയരം കൂടിയ മേഖലകളിലും വ്യത്യസ്തമായ കാലാവസ്ഥയാണ് ഇവിടെ അനുഭവപ്പെടുന്നത്.

വനനശീകരണം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ വെല്ലുവിളികളും സൈലൻറ് വാലി നേരിടുന്നുണ്ട്. ഈ വനമേഖലയുടെ സംരക്ഷണത്തിനായി കർശനമായ നിയമങ്ങളും പദ്ധതികളും നടപ്പിലാക്കി വരുന്നു. വനമേഖലയ്ക്ക് ചുറ്റുമുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകളുടെ ഉപജീവനമാർഗ്ഗങ്ങൾ സുരക്ഷിതമാക്കിക്കൊണ്ട് അവരുടെ പങ്കാളിത്തത്തോടെ പ്രദേശത്തിന്റെ തനതായ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനം നടത്തി വരുന്നു. കൂടാതെ, വനവിദ്യാഭ്യാസത്തിനും ബോധവൽക്കരണത്തിനും വലിയ പ്രാധാന്യം നൽകുന്നുണ്ട്. ഇതെല്ലാം സൈലൻറ് വാലിയുടെ സന്തുലിതാവസ്ഥ നിലനിർത്താൻ സഹായിക്കുന്നു.





## പറമ്പിക്കുളം ടൈഗർ റിസർവ്

സ്വന്തമായി ഒരു തടാകവും ചുറ്റും പർവ്വതങ്ങളും നിറഞ്ഞ മനോഹര പ്രദേശമായ പറമ്പിക്കുളം ടൈഗർ റിസർവ്, കേരളത്തിലെ വളരെ പ്രധാനപ്പെട്ട ഒരു വന്യജീവി സങ്കേതമാണ്. പറമ്പിക്കുളം ടൈഗർ റിസർവിന്റെ മൊത്തം ചുറ്റളവ് ഏകദേശം 643.66 ചതുരശ്ര കിലോമീറ്ററാണ്. കോർ പ്രദേശവും ബഫർ പ്രദേശവും ഉൾപ്പെടെയുള്ള വിസ്തൃതിയാണിത്. സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 300 മീറ്റർ മുതൽ 1438 മീറ്റർ വരെ ഉയരത്തിലാണ് സ്ഥിതി ചെയ്യുന്നത്. പറമ്പിക്കുളത്തെ പ്രധാന സവിശേഷതകളിൽ ഒന്ന് ഇന്ത്യയിലെ ഏറ്റവും വലിയ തേക്ക് മരമായ കന്നിമരമാണ്. ഉഷ്ണമേഖലാ പ്രദേശമായതിനാൽ ഇവിടെ പൊതുവെ സുഖകരമായ കാലാവസ്ഥയാണ്. അതുകൊണ്ട് തന്നെ ധാരാളം സഞ്ചാരികളും എത്തുന്നുണ്ട്. നിത്യഹരിത വനങ്ങൾ, അർദ്ധനിത്യഹരിത വനങ്ങൾ, പുൽമേടുകൾ എന്നിവയാൽ സമ്പന്നമായ ഇവിടം, നിരവധി വന്യജീവികളുടെ സ്വാഭാവിക ആവാസ കേന്ദ്രവുമാണ്. നിലവിൽ പറമ്പിക്കുളം ടൈഗർ റിസർവിൽ 30-ൽ അധികം കടുവകൾ അധിവസിക്കുന്നുണ്ട്.

## കൃഷി

കേരളത്തിന്റെ കൃഷി വിള വിസ്തൃതിയിലും മൊത്തം ഉൽപാദനത്തിലും പ്രഥമ സ്ഥാനം വഹിക്കുന്ന പാലക്കാട് ജില്ല നെല്ലുൽപാദനത്തിൽ എക്കാലവും മുൻപന്തിയിൽ ആണ്. കേരളത്തിന്റെ നെല്ലറയാണ് പാലക്കാട്. നെൽകൃഷിയുടെ വിസ്തീർണ്ണത്തിന്റെയും ഉൽപാദനത്തിന്റെയും ഏകദേശം 60 ശതമാനത്തോളം വിഹിതം പാലക്കാട് ജില്ലയുടേതാണ്. വൈവിധ്യമാർന്ന ഭൂപ്രദേശം കൊണ്ട് സമ്പന്നമായ ജില്ലയിൽ വിവിധതരം വിളകളായ നെല്ല്, തെങ്ങ്,പച്ചക്കറി, സുഗന്ധവിളകൾ, കമുക്, വാഴ, മാവ്, നിലക്കടല, കരിമ്പ്, പരുത്തി, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, ശീതകാല പഴവർഗ്ഗങ്ങൾ, ശീതകാല പച്ചക്കറികൾ, പുഷ്പങ്ങൾ, ഔഷധസസ്യങ്ങൾ മുതലായവ കൃഷി ചെയ്തു വരുന്നു. മറ്റു ജില്ലകളിലില്ലാത്ത ചോളം, റാഗി, തിന, ജോവാർ തുടങ്ങിയ ചെറുധാന്യങ്ങളും മുതിര, തുവര, ഉഴുന്ന്, വൻപയർ, ചെറുപയർ എന്നീ പയർവർഗ്ഗങ്ങളും കൃഷി ചെയ്തുവരുന്നു. [Ref:1.14]



**ജില്ലയിലെ പ്രധാന വിളകളുടെ വിസ്തൃതിയും ഉൽപാദനവും ഉൽപാദനക്ഷമതയും(2017-18, 2023-24)**

| ക്രമ നമ്പർ | വിളതരം | വിസ്തൃതി (ഹെക്ടറിൽ) | | ഉൽപാദനം (മെട്രിക് ടൺ) | | ഉൽപാദനക്ഷമത (ടൺ/ഹെക്ടർ) | |
|---|---|---|---|---|---|---|---|
| | | 2017-18 | 2023-24 | 2017-18 | 2023-24 | 2017-18 | 2023-24 |
| 1 | നെല്ല് (കരനെല്ല് ഒഴികെ) | 80000 | 70000 | 400000 | 385000 | 5 | 5.5 |
| 2 | പയർ വർഗ്ഗങ്ങൾ | 1745 | 2000 | 1570.5 | 1800 | 0.9 | 0.9 |
| 3 | കുരുമുളക് | 2559 | 2600 | 867.501 | 881.4 | 0.339 | 0.339 |
| 4 | ഇഞ്ചി | 600 | 210 | 5100 | 1827 | 8.5 | 8.7 |
| 5 | മഞ്ഞൾ | 300 | 350 | 2400 | 2975 | 8 | 8.5 |
| 6 | മറ്റു സുഗന്ധ വിളകൾ | 20488 | 4373 | 34829.6 | 7434.1 | 1.7 | 1.7 |
| 7 | അടയ്ക്ക | 8928 | 9639 | 6249 | 67470 | 0.5 | 7 |
| 8 | നേന്ത്രവാഴ | 18348 | 3118 | 212022.38 | 379515 | 8.38 | 20 |
| 9 | ഇതര വാഴയിനങ്ങൾ | 7345 | 7083 | 110175 | 106245 | | 15 |
| 10 | കശുവണ്ടി | 2702 | 1248 | 637.672 | 294 | 0.236 | 0.236 |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | മരച്ചീനി | 2838 | 817 | 75207 | 21650 | 26.5 | 26.5 |
| 12 | നാളികേരം | 60529 | 62520 | 493 | 765 | 45 | 70 |
| 13 | മാവ് | 9318 | 9318 | 92248.2 | 111816 | 9.9 | 12 |
| 14 | കരിമ്പ് | 329 | 20 | 1496.95 | 91 | 4.55 | 4.55 |
| 15 | റബ്ബർ | 38420 | 37870 | 38420 | 37870 | | 1 t/ha |
| 16 | മില്ലറ്റ് | 750 | 1900 | 532.5 | 1349 | 0.71 | 0.71 |
| 17 | നിലക്കടല | 1712 | 300 | 2140 | 375 | 1.25 | 1.25 |
| 18 | കിഴങ്ങ് വർഗ്ഗങ്ങൾ | 2375 | 2400 | 45125 | 45600 | 19 | 19 |
| 19 | പച്ചക്കറി | 6463 | 7500 | 77556 | 105000 | 12 | 14 |
| 20 | തേയില | 2050 | 2050 | 5125 | 5125 | 2.5 | 2.5 |
| 21 | കാപ്പി | 4935 | 4935 | 2665 | 2665 | 0.54 | 0.54 |
| 22 | കൊക്കോ | 100 | 134 | 0.54 | 134 | 1.15 | 1.15 |
| 23 | മറ്റുള്ളവ | 750 | | | | | |

[Ref:1.14]




*Fig 5.26 Distribution of concentration index of Coconut land use*




*Fig 5.27 Distribution of concentration index of Paddy land use*




*Fig 5.28Distribution of concentration index of mixed crop land use*




*Fig 5.29 Distribution of concentration index of Rubber land use*

## കൃഷിയിനങ്ങളിലെ വ്യതിയാനം

കേരളത്തിന്റെ പ്രധാന ഭക്ഷ്യ വിളയായ നെല്ലിന്റെ ഭൂരിഭാഗം ശതമാനം ഉൽപാദനവും പാലക്കാട് ജില്ലയിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. പാലക്കാടൻ ജനതയുടെ തനത് ഭക്ഷ്യസംസ്കാരവും പോഷകാഹാരസുരക്ഷയും, സാംസ്കാരികതനിമയും ഭൂമിശാസ്ത്രപരമായ സവിശേഷതകളും നെൽകൃഷിയുമായി ഇണങ്ങി ചേർന്ന് കിടക്കുന്നു.

ജില്ലയിൽ നെല്ല്, നാളികേരം, മില്ലറ്റ്, പച്ചക്കറി തുടങ്ങിയ വിളകളുടെ ഉൽപാദനക്ഷമതയിൽ കൂടുതൽ വർധനവുണ്ടായതായി 2017 മുതൽ 2023 വരെയുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ കാണാൻ സാധിക്കുന്നുണ്ട്. 2017 മുതൽ 2023 വരെ നെൽകൃഷിയിൽ ഏകദേശം 10000 ഹെക്ടർ വിസ്തൃതിയിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും, ഉൽപാദനക്ഷമതയിൽ വർധനവുണ്ടായതിനാൽ നിലവിലെ പാലക്കാടൻ ജനസംഖ്യക്കാവശ്യമായ അരിയുടെ ഉൽപാദനം പൂർത്തീകരിക്കാൻ സാധിക്കുന്നു. മാത്രമല്ല അധിക ഉൽപാദനം ഉണ്ടാകുന്നു എന്നുള്ള വസ്തുത ആശാവഹമാണ്. എങ്കിലും നെൽകൃഷിയിൽ ഉള്ള കുറവ് വളരെ ഗൗരവമായി ഏറ്റെടുക്കേണ്ടതാണ്. ഹരിതകേരളം മിഷന്റെ ഹരിതസമൃദ്ധി വാർഡ് ക്യാമ്പയിന്റെ ഭാഗമായി ജില്ലയിലെ പച്ചക്കറി കൃഷി ചെയ്യുന്നതിൽ ഏകദേശം 1037 ഹെക്ടർ വിസ്തൃതിയിലും ഉൽപാദന ക്ഷമതയിലും വർധനവ് ഉണ്ടായിട്ടുണ്ട്.



കഴിഞ്ഞ വർഷങ്ങളിൽ കേരഗ്രാമം പോലെയുള്ള പദ്ധതികൾ നടപ്പിലാക്കിയതുമൂലം നാളികേരം ഉൽപാദനത്തിൽ വലിയ രീതിയിൽ ഉൽപാദന ക്ഷമത വർധിച്ചിട്ടുണ്ട്. [Ref:1.14]

## കൃഷി വിസ്തൃതിയിലെ കുറവ്

പാലക്കാടിന്റെ സവിശേഷമായ കാലാവസ്ഥയും ഇടവപ്പാതി, തിരുവാതിര ഞാറ്റുവേല, തുലാവർഷം എന്നിവയിലൂടെ സമൃദ്ധമായി ലഭിക്കുന്ന മഴവെള്ളവും, പാലക്കാടൻ ചുരത്തിലൂടെ വീശിയടിക്കുന്ന കാറ്റും നമ്മുടെ കാർഷിക പെരുമയെ സ്വാധീനിക്കുന്ന ഘടകങ്ങളായിരുന്നു. എന്നാൽ കാലാവസ്ഥാ വ്യതിയാനം മൂലം പ്രവചനാതീതമായി മേഘവിസ്ഫോടനവും, ന്യൂനമർദ്ദവും മൂലമുണ്ടാകുന്ന അതിതീവ്രമഴയും, ഉഷ്ണതരംഗം, എൽനിനോ പ്രതിഭാസം മുതലായവ മൂലമുണ്ടാകുന്ന അതിരൂക്ഷ വർൾച്ചയും കാർഷിക പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. [Ref:1.14]

ജലദൗർലഭ്യവും കാലം തെറ്റിയുള്ള മഴയും നെൽകർഷകരെ കൃഷിയിൽ നിന്നും പിന്തിരിപ്പിക്കാൻ കാരണമായി. വന്യമൃഗശല്യവും കൃഷി നാശത്തിനു ആക്കം കൂട്ടി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കൃഷി യോഗ്യമായിട്ടുള്ള തരിശുഭൂമി കൃഷിയിലേക്ക് കൊണ്ടുവന്നുകൊണ്ട് തരിശുരഹിത പ്രദേശങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിൽ ഏറ്റെടുത്തു നടത്തിയിട്ടുണ്ട്. .

## കാലാവസ്ഥ

കേരളത്തിലെ പതിനാല് ജില്ലകളിൽ പാലക്കാടിന്റെ കാലാവസ്ഥ സവിശേഷതയുള്ളതാണ്. ഉഷ്ണമേഖലാ (ഈർപ്പവും വരണ്ടതുമായ) കാലാവസ്ഥയാണ് പാലക്കാടുള്ളത്. ജില്ലയിൽ പ്രധാനമായും രണ്ട് തരം കാലാവസ്ഥയാണുള്ളത്. ഒറ്റപ്പാലം, ആലത്തൂർ, മണ്ണാർക്കാട് താലൂക്കുകൾ കേരളത്തിലെ മറ്റ് ജില്ലകളുടേതിന് സമാനമായ കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. അതേസമയം പാലക്കാട്, ചിറ്റൂർ താലൂക്കുകളിൽ തമിഴ്നാട്ടിലേതിന് സമാനമായ വരണ്ട കാലാവസ്ഥയാണ്. പാലക്കാട് ജില്ലയുടെ കിഴക്കു ഭാഗത്ത് കേരളത്തിന്റെ കിഴക്കൻ അതിർത്തിയിൽ, പശ്ചിമഘട്ടത്തിലുള്ള വിടവാണ് പാലക്കാട് ചുരം. കേരളത്തെ തമിഴ്നാട്ടിലേക്കും ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലേക്കും ബന്ധിപ്പിക്കുന്ന പ്രധാന ഇടനാഴിയാണ് ഇത്. ഈ വിടവ് പടിഞ്ഞാറോട്ടൊഴുകുന്ന ഭാരതപ്പുഴയെ രൂപപ്പെടുത്തുന്ന തോടുകളുടെയും അരുവികളുടെയും ശൃംഖലയെ പിന്തുണയ്ക്കുന്നു. സംസ്ഥാനത്തിന്റെ, പ്രത്യേകിച്ച് പാലക്കാട് സമതലത്തിന്റെ കാലാവസ്ഥയിൽ പാലക്കാട് വിടവ് നിർണ്ണായക പങ്ക് വഹിക്കുന്നു. [Ref:1.1]

പാലക്കാട് ജില്ലയിൽ പ്രധാനമായും വേനൽ, മൺസൂൺ, ശീതകാലം എന്നിങ്ങനെ മൂന്ന് തരത്തിലുള്ള ഋതുക്കളാണ് അനുഭവപ്പെടുന്നത്. വേനൽക്കാലം ഫെബ്രുവരി മുതൽ മെയ് വരെ നീണ്ടുനിൽക്കും. ഏപ്രിൽ മെയ് മാസങ്ങളിൽ താപനില 35 ഡിഗ്രി സെൽഷ്യസിനു മുകളിൽ ഉയരും. വാർഷിക മഴ 200 സെന്റീമീറ്ററിൽ കൂടുതലാണ്. ഇത് വർഷമുടനീളം കൂടുതലോ കുറവോ അല്ലാതെ തുല്യമായി വിതരണം ചെയ്യപ്പെടുന്നു. മൺസൂൺ കാലത്തെ താപനില വേനൽക്കാലത്തേക്കാൾ കുറവാണ്. ശരാശരി 22°C മുതൽ 42°C വരെയാണ്.

ശൈത്യകാലം നവംബർ മുതൽ മാർച്ച് മാസം വരെ നീണ്ടുനിൽക്കും. താപനില സുഖകരവും മിക്കവാറും മഴയില്ലാത്തതുമായതിനാൽ പാലക്കാട് സന്ദർശിക്കാൻ ഏറ്റവും അനുയോജ്യമായ സമയമാണിത്. 22 ഡിഗ്രി സെൽഷ്യസാണ് പാലക്കാടിന്റെ ഏറ്റവും കുറഞ്ഞ താപനില. ഏറ്റവും ചൂടേറിയ മാസങ്ങളായ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഒഴികെ, വർഷം മുഴുവനും താപനില മിതമായിരിക്കും. ശരാശരി ഉയർന്ന താപനില 35.8°C (96.4°F) ഉം ശരാശരി താഴ്ന്ന താപനില 22.8°C (73°F) ഉം ആണ് അനുഭവപ്പെടുന്നത്. [Ref:1.7]

## മഴയുടെ വിവരം

കേരളത്തിലെ ശരാശരി മഴയേക്കാൾ കുറവാണ് പാലക്കാടിന്റെ ശരാശരി മഴ. പാലക്കാട് ജില്ലയിലെ വാർഷിക മഴ 1349 - 3144 മില്ലിമീറ്ററിനും ഇടയിലാണ്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ജില്ലയിൽ ഏറ്റവും കൂടുതൽ മഴ ലഭിച്ചത് 2018 - ൽ ആണ്. 3144.3 മില്ലിമീറ്റർ മഴയായിരുന്നു ലഭിച്ചത്. ഏറ്റവും കുറവ് മഴ ലഭിച്ചത് 2016 - ൽ ആണ്. 2016 - ൽ ആകെ ലഭിച്ച മഴ 1349.9 മില്ലിമീറ്റർ ആയിരുന്നു. ജില്ലയിൽ ഓരോ വർഷവും ലഭിക്കുന്ന മഴയിൽ ഏറ്റവും കൂടുതൽ തെക്കുപടിഞ്ഞാറൻ മൺസൂൺ കാലത്തും കുറവ് വടക്കുകിഴക്കൻ മൺസൂൺ കാലത്തുമാണ്.

പാലക്കാട് ജില്ലയിലെ ഓരോ പ്രദേശത്തും ലഭിക്കുന്ന മഴ വ്യത്യാസപ്പെടുന്നു. പട്ടാമ്പിക്ക് ചുറ്റുമുള്ള ജില്ലയുടെ പടിഞ്ഞാറൻ ഭാഗത്താണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്, കൂടാതെ, കിഴക്കൻ ഭാഗങ്ങളിലെ മഴനിഴൽ പ്രദേശമായ ചിറ്റൂരിലാണ് ഏറ്റവും കുറവ് മഴ ലഭിക്കുന്നത്. സൈലന്റ് വാലിയിൽ 7000 മില്ലിമീറ്ററിൽ കൂടുതൽ മഴ ലഭിക്കുന്നു, അതേസമയം ചിറ്റൂരിന്റെ കിഴക്കൻ ഭാഗത്ത് വളരെ തുച്ഛമായ മഴ(700 മില്ലിമീറ്റർ) മാത്രമേ ലഭിക്കുന്നുള്ളൂ. ജൂൺ മുതൽ സെപ്റ്റംബർ വരെ തെക്കുപടിഞ്ഞാറൻ മൺസൂണിൽ (71%) മഴ ലഭിക്കുന്നു. എന്നാൽ വടക്കുകിഴക്കൻ മൺസൂൺ ഏകദേശം 18% മാത്രമേ സംഭാവന ചെയ്യുന്നുള്ളൂ. [Ref:1.2, 1.7]

**പാലക്കാട് ജില്ലയിലെ ശരാശരി മഴ ലഭ്യതയും അതിന്റെ വ്യതിയാന ശതമാനവും**

| വർഷം | ആകെ ലഭിച്ച മഴയുടെ അളവ് | സാധാരണ മഴ | വ്യതിയാനം | |
|---|---|---|---|---|
| | (മില്ലിമീറ്ററിൽ) | | (മില്ലിമീറ്ററിൽ) | (ശതമാനത്തിൽ) |
| 2015 | 1985.4 | 2188.2 | -202.8 | -9.27 |
| 2016 | 1349.9 | 2188.2 | -838.3 | -38.31 |
| 2017 | 2386 | 2188.2 | 197.8 | 9.04 |
| 2018 | 3144.3 | 2188.2 | 956.1 | 43.69 |
| 2019 | 2770.2 | 2188.2 | 582 | 26.59 |
| 2020 | 2100.0 | 2188.2 | -88.2 | -4.03 |
| 2021 | 2444.0 | 2188.2 | 255.8 | 11.69 |
| 2022 | 2149.5 | 2188.2 | -38.7 | -1.77 |
| 2023 | 1579.6 | 2188.2 | -608.6 | -27.81 |
| 2024 | 2239.2 | 2188.2 | 51 | 2.33 |

[Ref:1.14, 1.15]

പാലക്കാട് ജില്ലയിൽ 2015-2024 വർഷങ്ങളിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ ലഭിച്ച മഴയുടെ അളവ് മുകളിൽ നൽകിയിരിക്കുന്നു. ഇടവപ്പാതിയിലാണ് ജില്ലയിൽ നമുക്ക് കൂടുതൽ മഴ ലഭിച്ചിരിക്കുന്നത്. ഇതിൽ ഏറ്റവും കൂടുതൽ മഴ 2015-ൽ ലഭിച്ചത് ജൂൺ മാസത്തിലും (455.2 മില്ലിമീറ്റർ), 2024-ൽ ലഭിച്ചത് ജൂലൈ മാസത്തിലുമാണ് (787.2 മില്ലിമീറ്റർ). സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ മഴയുടെ അളവ് 199.3 - 43.2 മില്ലിമീറ്റർ നിരക്കിലേക്ക് 2015-ലും, 145 - 59.9 മില്ലിമീറ്റർ നിരക്കിലേക്ക് 2024-ലും കുറഞ്ഞു. കഴിഞ്ഞ




*പാലക്കാട് ജില്ലയിൽ 2015 മുതൽ 2024 വരെ ആകെ ലഭിച്ച മഴയുടെ അളവ് (മില്ലിമീറ്റർ)*

വർഷം (2024) ജനുവരി മുതൽ ഏപ്രിൽ വരെ കുറഞ്ഞ തോതിൽ മാത്രമാണ് നമുക്ക് വേനൽമഴ (0.0-35.4 മില്ലിമീറ്റർ) ലഭിച്ചിരിക്കുന്നത്. എന്നാൽ 2015-ൽ കൂടുതൽ വേനൽമഴ (0.0-184.2 മില്ലിമീറ്റർ) ലഭിച്ചിട്ടുണ്ട്. ഈ കണക്കുകൾ പ്രകാരം, ജില്ലയിൽ കാലാവസ്ഥ വ്യതിയാനത്തിന്റെ



ഭാഗമായി മഴയുടെ അളവിൽ വ്യതിയാനങ്ങൾ കാണാൻ കഴിയും. എന്നിരുന്നാലും മുൻ വർഷങ്ങളെ അപേക്ഷിച്ച് 2024 -ൽ സാധാരണ അളവിൽ മഴ ലഭിച്ചിട്ടുണ്ട്. [Ref:1.1, 1.15]




## താപനില വർദ്ധനവ്

| വർഷം | ഏറ്റവും ഉയർന്ന താപനില (°c) | ഏറ്റവും കുറഞ്ഞ താപനില (°c) | ശരാശരി പരമാവധി താപനില (°c) | ശരാശരി കുറഞ്ഞ താപനില(°c) |
|---|---|---|---|---|
| 2018 | 39.1 | 20.1 | 32.6 | 24.2 |
| 2019 | 41.1 | 18.8 | 33.3 | 24.6 |
| 2020 | 39.4 | 20.0 | 32.9 | 24.7 |
| 2021 | 38.7 | 20.0 | 32.2 | 24.3 |
| 2022 | 38.5 | 19.2 | 32.3 | 24.1 |
| 2023 | 40.1 | 18.2 | 33.2 | 24.8 |
| 2024 | 41.8 | 20.3 | 33.7 | 25.1 |

[Ref:1.15]

പാലക്കാട് 2018 മുതൽ 2024 നവംബർ വരെയുള്ള താപനില കണക്കുകൾ വിശകലനം ചെയ്താൽ, ജില്ലയിൽ താപനിലയിൽ കാര്യമായ വ്യത്യാസങ്ങൾ സംഭവിച്ചിരിക്കുന്നതായി കാണാം. 2018-2024 കാലഘട്ടത്തിൽ ഏറ്റവും ഉയർന്ന താപനില 2024 - ലാണ് രേഖപ്പെടുത്തിയത് (41.8°C). 2019-ൽ ഇത് 41.1° ആയിരുന്നു. 2023-ൽ 40.1°C ആയി കുറയുകയും 2021-22 കാലയളവിൽ 38.5°C-38.7°C വരെ നിലനിൽക്കുകയും ചെയ്തു. ഈ ഡാറ്റ ചൂണ്ടിക്കാട്ടുന്നത് 2024-ൽ താപനില ഉയരാനുള്ള പ്രവണത തുടർന്നു കൊണ്ടിരിക്കുകയാണെന്നതാണ്. ഏറ്റവും കുറഞ്ഞ താപനില 2023-ലാണ് രേഖപ്പെടുത്തിയത് (18.2°C), അതേസമയം 2019-ൽ ഇത് 18.8°C ആയിരുന്നു. എന്നാൽ, 2024-ൽ 20.3°C എന്നത് 2018-2023 കാലഘട്ടത്തേക്കാൾ കുറച്ച് ഉയർന്നതായാണ് കാണുന്നത്. താപനിലയിലെ ഈ മാറ്റങ്ങൾ ജില്ലയിൽ തീവ്രമായ ചൂട് (ഉഷ്ണതരംഗം) പ്രതിഭാസം കൂടുതൽ ബാധിക്കാൻ സാധ്യതയുള്ളതായി സൂചിപ്പിക്കുന്നു. കൂടാതെ, രാത്രികാല താപനില ഉയരുന്നത് ശീതീകരണ സ്വഭാവം കുറയ്ക്കുകയും രാത്രികളിൽ ശാരീരിക ക്ഷീണമുണ്ടാകാൻ കാരണമാക്കുകയും ചെയ്യുന്നു.

കൂടാതെ ഇത് നിരവധി ശാരീരിക, പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഉയർന്ന താപനില മൂലം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്, പ്രത്യേകിച്ച് വൃദ്ധരേയും കുട്ടികളേയും ഇത് കൂടുതലായി ബാധിക്കുന്നു. കഠിനമായ ചൂട് കൃഷിയെ പ്രതികൂലമായി ബാധിക്കുകയും ജലക്ഷാമം ഉണ്ടാക്കുകയും ചെയ്യുന്നു. ഇത് വിളനാശത്തിനും ഭക്ഷ്യക്ഷാമത്തിനും ഇടയാക്കാം. കൂടാതെ, ദൈനംദിന ജോലികൾ ചെയ്യുന്നതിനും ഔദ്യോഗിക പ്രവർത്തനങ്ങൾക്കും തടസ്സം സൃഷ്ടിക്കുകയും ഉൽപാദനക്ഷമത കുറയ്ക്കുകയും ചെയ്യുന്നു. [Ref:1.15]

### ഭൂജലം

കിണറുകളിലെ ജലനിരപ്പ് അളക്കുന്നത് ഭൂജല സ്രോതസ്സിന്റെ അവസ്ഥയുടെ ഏറ്റവും അടിസ്ഥാന സൂചകമാണ്. ഈ നിർണായക ഡാറ്റ ശേഖരിക്കുന്നതിന് കൂടുതൽ സമഗ്രവും സംഘടിതവുമായ സമീപനം പ്രോത്സാഹിപ്പിക്കണം. CGWB യുടെ 71 കിണറുകളും ഫീൽഡ് സീസണിൽ നിർമ്മിച്ച 20 അധിക കിണറുകളും ജലനിരപ്പ് നാല് തവണ നിരീക്ഷിക്കാൻ ഉപയോഗിച്ചു (ഏപ്രിൽ, ഓഗസ്റ്റ്, നവംബർ, ജനുവരി മാസങ്ങളിൽ). മൺസൂണിന് മുമ്പുള്ള ജലനിരപ്പ് 2 മുതൽ 12 മീറ്റർ വരെയാണ്. മൺസൂണിനു ശേഷമുള്ള ജലനിരപ്പ് 0 മുതൽ 10 വരെയാണ്. [Ref:1.2]

കാലാവസ്ഥയുടെ ആഴം, മഴ, കുളങ്ങൾ, നദികൾ, കനാലുകൾ തുടങ്ങിയ ജലാശയങ്ങളുടെ സാമീപ്യം എന്നിവയെ ആശ്രയിച്ച് ഫ്രീറ്റിക് അക്വിഫറിന്റെ കനം വ്യത്യാസപ്പെടുന്നു. ഭൂരിഭാഗം പ്രദേശങ്ങളിലും, പ്രീ-മൺസൂൺ സമയത്തും, പോസ്റ്റ്-മൺസൂൺ സമയത്തും അക്വിഫറിന്റെ കനം 2 - 5 മീറ്ററാണ്, നദിക്കരയിലുള്ള പ്രദേശങ്ങളിൽ, സാച്ചുറേറ്റഡ് കനം പ്രീ-മൺസൂൺ സമയത്ത് 5 - 10 മീറ്ററും പോസ്റ്റ്-മൺസൂൺ സമയത്ത് 5 - 8 മീറ്ററുമാണ്, എന്നാൽ കൊല്ലങ്കോട്, ആലത്തൂർ, പട്ടാമ്പി, തൃത്താല, ഒറ്റപ്പാലം എന്നിവയുടെ ചില ഭാഗങ്ങളിൽ പ്രീ-മൺസൂൺ സമയത്ത് സാച്ചുറേറ്റഡ് കനം 0 - 2 മീറ്ററാണ്, അതിനാൽ കൃത്രിമ റീചാർജിന് സാധ്യതയുണ്ട്. [Ref:1.2]

ഭൂജലം പാലക്കാട് ജില്ലയിലെ പ്രധാന ജലസ്രോതസുകളിലൊന്നാണ്. വർധിച്ച ജലാവശ്യകതയും അനിയന്ത്രിതമായ ഭൂജല ചൂഷണവും ജില്ലയിലെ ഭൂജലനിലയെ ഗൗരവമായി ബാധിക്കുന്നു. 2017 നും 2024 നും ഇടയിൽ പാലക്കാട് ജില്ലയിലെ ബ്ലോക്ക് തലത്തിലുള്ള ഭൂഗർഭജല നിലയിൽ ഉണ്ടായ മാറ്റങ്ങൾ ചുവടെ നൽകിയിട്ടുണ്ട്. പഠനത്തിന് ആവശ്യമായ കണക്കുകൾ കേന്ദ്ര ഭൂഗർഭജല ബോർഡ് (CGWD) പ്രസിദ്ധീകരിച്ച ഔദ്യോഗിക ഭൂജല വിലയിരുത്തൽ റിപ്പോർട്ടുകളിൽ നിന്നാണ് ലഭിച്ചിട്ടുള്ളത്.

| ബ്ലോക്ക് | 2017 | | 2024 | |
|---|---|---|---|---|
| | Stage of ground water Extraction (%) | Categorization (OE/ critical/ semi critical/safe) | Stage of ground water Extraction (%) | Categorization (OE/ critical/ semi critical/safe) |
| ആലത്തൂർ | 51.54 | Safe | 49.62 | Safe |
| അട്ടപ്പാടി | 26.35 | Safe | 25.94 | Safe |
| ചിറ്റൂർ | 104.49 | Over Exploited | 98.62 | Critical |
| കൊല്ലങ്കോട് | 34.98 | Safe | 41.58 | Safe |
| കുഴൽമന്ദം | 30.72 | Safe | 32.38 | Safe |
| മലമ്പുഴ | 97.71 | Critical | 94.48 | Critical |
| മണ്ണാർക്കാട് | 60.45 | Safe | 67.47 | Safe |
| നെന്മാറ | 64.60 | Safe | 61.98 | Safe |
| ഒറ്റപ്പാലം | 60.16 | Safe | 59.34 | Safe |
| പാലക്കാട് | 40.45 | Safe | 48.47 | Safe |
| പട്ടാമ്പി | 81.37 | Semi - critical | 88.22 | Semi - critical |
| ശ്രീകൃഷ്ണപുരം | 64.81 | Safe | 62.68 | Safe |
| തൃത്താല | 76.64 | Semi - critical | 83.71 | Semi critical |

2017 നും 2024 നും ഇടയിൽ പാലക്കാട് ജില്ലയിലെ ഭൂഗർഭജല അവസ്ഥയിൽ ബ്ലോക്ക് തലത്തിൽ ഗണ്യമായ വ്യത്യാസങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഭൂഗർഭ ജല ചൂഷണം അടിസ്ഥാനമാക്കി നടത്തിയ വിലയിരുത്തലിൽ, ജില്ലയിൽ 13 ബ്ലോക്കുകളിൽ, 4 ബ്ലോക്കുകളിലെ ഭൂഗർഭജല വികസനത്തിന്റെ ഘട്ടം സുരക്ഷിത പരിധിയേക്കാൾ (>70%) വളരെ കൂടുതലായി കാണപ്പെടുന്നു. 2017- ൽ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷണ വിഭാഗത്തിലായിരുന്നു (104.49 %). എന്നാൽ 2024 - ൽ ഭൂഗർഭജല ചൂഷണ ശതമാനം 98.62 ശതമാനമായി കുറയുകയും, ബ്ലോക്ക് ക്രിട്ടിക്കൽ വിഭാഗത്തിലേക്ക് മാറുകയും ചെയ്തിട്ടുണ്ട്. ഇത് ഭൂഗർഭജല നിയന്ത്രണ നടപടികൾ ഒരു പരിധിവരെ ഫലപ്രദമായതായി സൂചിപ്പിക്കുന്നു. മലമ്പുഴ ബ്ലോക്ക് 2017-ലും (97.71%) 2024-ലും (94.48%) ക്രിട്ടിക്കൽ വിഭാഗത്തിൽ തന്നെ തുടരുന്നതായി കാണുന്നു. അതേസമയം പട്ടാമ്പി (81.37% -> 88.22%), തൃത്താല (76.64% -> 83.71%) എന്നീ ബ്ലോക്കുകൾ ഇരുവർഷങ്ങളിലും സെമിക്രിട്ടിക്കൽ വിഭാഗത്തിൽ ഉൾപ്പെട്ടിരുന്നെങ്കിലും, 2024-ൽ ഭൂഗർഭജല ചൂഷണ നിരക്കിൽ വർധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ഭാവിയിൽ ക്രിട്ടിക്കൽ വിഭാഗത്തിലേക്ക് മാറാനുള്ള സാധ്യതയെ സൂചിപ്പിക്കുന്നു. മറ്റു ബ്ലോക്കുകളായ ആലത്തൂർ, അട്ടപ്പാടി, കൊല്ലങ്കോട്, കുഴൽമന്ദം, മണ്ണാർക്കാട്, നെന്മാറ, ഒറ്റപ്പാലം, പാലക്കാട്, ശ്രീകൃഷ്ണപുരം എന്നിവ 2017-ലും 2024-ലും സുരക്ഷിത വിഭാഗത്തിൽ തുടരുന്നു. എന്നിരുന്നാലും, ചില ബ്ലോക്കുകളിൽ ഭൂഗർഭജല ചൂഷണ ശതമാനത്തിൽ നേരിയ മാറ്റങ്ങൾ ഉണ്ടായതായി കണക്കുകൾ സൂചിപ്പിക്കുന്നു. [Ref:1.8, 1.9]

## പ്രകൃതി ദുരന്തങ്ങൾ

പാലക്കാട് ജില്ല പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ ദുരന്തങ്ങൾക്ക് സാധ്യതയുള്ള ഒരു പ്രദേശമാണ്. വരൾച്ചയും ജലദൗർലഭ്യവുമാണ് ഇവിടത്തെ പ്രധാന വെല്ലുവിളികൾ. മഴയുടെ കുറവ്, ഭൂഗർഭജലത്തിന്റെ അളവ് കുറയുന്നത്, ഉയർന്ന താപനില എന്നിവ ജില്ലയിൽ പതിവായി ഉണ്ടാകുന്ന പ്രശ്നങ്ങളാണ്. ഇതുകൂടാതെ, മലയോര മേഖലകളിൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങളും, താഴ്ന്ന പ്രദേശങ്ങളിൽ വെള്ളപ്പൊക്കവും സംഭവിക്കാറുണ്ട്. വേനൽക്കാലത്ത് കാട്ടുതീ പടരാനുള്ള സാധ്യതയും ഇവിടെ കൂടുതലാണ്. മിന്നൽ ദുരന്തങ്ങളും പാലക്കാട് ജില്ലയിൽ പതിവായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഭൂകമ്പ സാധ്യത കുറവാണെങ്കിലും, കേരളത്തിന്റെ മറ്റ് ഭാഗങ്ങളെ പോലെ പാലക്കാട് ജില്ലയും ഭൂകമ്പ ബാധിത മേഖലയിൽ ഉൾപ്പെടുന്നു. ഈ കാരണങ്ങൾ കൊണ്ട്, പാലക്കാട് ജില്ലയെ വരൾച്ച, വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, മിന്നൽ, ഭൂകമ്പം തുടങ്ങിയ വിവിധ ആപത്തുകൾക്ക് നിരന്തരം ഇരയാവുന്ന ഒരു പ്രദേശമായി കണക്കാക്കപ്പെടുന്നു.

**2015 മുതൽ 2024 വരെ ജില്ല നേരിട്ടിട്ടുള്ള ദുരന്തങ്ങൾ [Ref:1.15]**

| ക്രമ നമ്പർ | ദുരന്ത സാധ്യത | വർഷം | ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണം | | | |
|---|---|---|---|---|---|---|
| | | | പുരുഷൻ | സ്ത്രീ | കുട്ടികൾ | ആകെ |
| 1 | വെള്ളപ്പൊക്കം | 2016, 2018, 2019, 2021, 2022, 2024 | 17 | 1 | 0 | 18 |
| 2 | വരൾച്ച | 2016, 2023 | 0 | 0 | 0 | 0 |
| 3 | ശക്തമായകാറ്റ് | 2017, 2019, 2021, 2022 | 3 | 3 | 0 | 6 |
| 4 | ഉരുൾപൊട്ടൽ | 2018 | 6 | 7 | 0 | 13 |
| 5 | ഉഷ്ണതരംഗം /സൂര്യാഘാതം | 2020, 2023, 2024 | 2 | 1 | 0 | 3 |
| 6 | ഇടിമിന്നൽ | 2015, 2016, 2017, 2018, 2021, 2024 | 5 | 2 | 0 | 7 |

### 2018, 2019 വർഷങ്ങളിൽ പാലക്കാട് ജില്ലയിൽ വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങൾ

ഈ ഭൂപടം 2018, 2019 വർഷങ്ങളിൽ പാലക്കാട് ജില്ലയിൽ വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളെ കാണിക്കുന്നു. 2018-ൽ വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങൾ ഇരുണ്ട



നീല നിറത്തിലും അടയാളപ്പെടുത്തിയിരിക്കുന്നു. ഭൂപടം വിശകലനം ചെയ്യുമ്പോൾ, പട്ടാമ്പി താലൂക്കിലാണ് പ്രളയം കൂടുതൽ ബാധിക്കപ്പെട്ടിട്ടുള്ളത്. ഒറ്റപ്പാലത്തും സമീപ പ്രദേശങ്ങളിലും ചെറിയ തോതിൽ വെള്ളപ്പൊക്കമുണ്ടായതായി കാണുന്നു. ഇത് ഭൂരിഭാഗവും ഭാരതപ്പുഴയോട് ചേർന്ന പ്രദേശങ്ങളിലാണ് സംഭവിച്ചിട്ടുള്ളത്. [Ref:1.15]

## 2018-2019 കാലഘട്ടത്തിൽ നടന്ന ഉരുൾപൊട്ടലുകൾ




പാലക്കാട് ജില്ലയിൽ 2018-2019 കാലഘട്ടത്തിൽ നടന്ന ഉരുൾപൊട്ടലുകളുടെ വിതരണത്തെക്കുറിച്ചുള്ള ഭൂപടം വിശകലനം ചെയ്യുമ്പോൾ, ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഉരുൾപൊട്ടലുകൾ സ്ഥിരീകരിക്കപ്പെട്ടതായി കാണുന്നു. 2018-ലെ ഉരുൾപൊട്ടലുകൾ നീല നിറത്തിലും 2019-ലെ ഉരുൾപൊട്ടലുകൾ ചുവന്ന നിറത്തിലും പ്രതിനിധീകരിച്ചിരിക്കുന്നു. അട്ടപ്പാടി, മണ്ണാർക്കാട്, ഒറ്റപ്പാലം, ചിറ്റൂർ, ആലത്തൂർ തുടങ്ങിയ താലൂക്കുകളിൽ ഉരുൾപൊട്ടലുകൾ ഗണ്യമായി കാണപ്പെടുന്നു, പ്രത്യേകിച്ച് മലനിരകൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളിൽ. ചിറ്റൂരിലും അട്ടപ്പാടിയിലും ഇരുവർഷങ്ങളിലും ഉരുൾപൊട്ടലുകൾ വ്യാപകമായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നാണ് ഭൂപടം സൂചിപ്പിക്കുന്നത്. മലനിരകളും കയറ്റിറക്കമുള്ള പ്രദേശങ്ങളും ഉരുപൊട്ടലിന് കൂടുതൽ സാധ്യതയുള്ള സ്ഥലങ്ങളായി തിരിച്ചറിയപ്പെടുന്നു. [Ref:1.15]



## മണ്ണിടിച്ചിൽ



അട്ടപ്പാടി താലൂക്കിലെ മണ്ണാർക്കാട് ഫോറസ്റ്റ് റേഞ്ചിൽ ഉൾപ്പെട്ട ഒൻപതാം വളവ്,, ചിറ്റൂർ താലൂക്കിലെ എരുമക്കരനൂർ, മണ്ണാർക്കാട് താലൂക്കിലെ മണ്ണാർക്കാട് ഫോറസ്റ്റ് റേഞ്ചിൽ ഉൾപ്പെട്ട മുണ്ടനാട് മലവാരം, സൈലന്റ് വാലി ഫോറസ്റ്റ് റേഞ്ചിൽ ഉൾപ്പെട്ട അമ്പലപ്പാറ പട്ടിക ജാതി ഗ്രാമം, ആലത്തൂർ താലൂക്കിലെ എഴുത്തൻകാട്, ഒറ്റപ്പാലം താലൂക്കിലെ ചെമ്പൻമല, പട്ടാമ്പി താലൂക്കിലെ പൊൻമുഖം മല പ്രദേശം, അട്ടപ്പാടി താലൂക്ക് അഗളി വില്ലേജിലെ ഒക്കോട്, ഇന്ദിരാനഗർ, നക്കുപതി ലക്ഷംവീട് നഗർ, ചിറ്റൂർ, പുലിയറ തുടങ്ങിയ പ്രദേശങ്ങൾ, ഷോളയൂർ വില്ലേജിൽ ഉൾപ്പെട്ട കുറവൻപടി, കോഴികൂടം, മാറനാട്ടി തുടങ്ങിയവയാണ് ജില്ലയിൽ കഴിഞ്ഞ വർഷങ്ങളിൽ മണ്ണിടിച്ചൽ ഉണ്ടായ പ്രദേശങ്ങൾ. [Ref:1.4]

## മണ്ണൊലിപ്പ് നില

| ക്രമ നമ്പർ | ബ്ലോക്ക് | മണ്ണൊലിപ്പ് നില (വിസ്തൃതി ഹെക്ടറിൽ | | |
|---|---|---|---|---|
| | | മണ്ണൊലിപ്പ് ഇല്ല | മിതമായ മണ്ണൊലിപ്പ് | കടുത്ത മണ്ണൊലിപ്പ് |
| 1 | അട്ടപ്പാടി | 5114.06 | 58446.4 | 9497.54 |
| 2 | മണ്ണാർക്കാട് | 37632.9 | 2213.7 | 4427.4 |
| 3 | ശ്രീകൃഷ്ണപുരം | 15398.4 | 1539.84 | 2309.76 |
| 4 | ഒറ്റപ്പാലം | 2437.4 | 4874.8 | 17061.8 |
| 5 | പട്ടാമ്പി | 3113.4 | 1556.7 | 10896.9 |
| 6 | തൃത്താല | 6822.4 | 5969.6 | 4264 |
| 7 | മലമ്പുഴ | 7695.4 | 3847.7 | 26933.9 |
| 8 | പാലക്കാട് | 10726.2 | 893.85 | 6256.95 |
| 9 | കുഴൽമന്ദം | 11716.2 | 976.35 | 6834.45 |
| 10 | ആലത്തൂർ | 25154.4 | 2515.44 | 3773.16 |
| 11 | നെന്മാറ | 5274.15 | 60276 | 9794.85 |
| 12 | കൊല്ലങ്കോട് | 16477.5 | 3802.5 | 5070 |
| 13 | ചിറ്റൂർ | 14826 | 5930.4 | 8895.6 |

[Ref:1.14]



## പ്രളയം 2018

ജില്ലയിൽ 2018 ആഗസ്റ്റ് 8 മുതൽ ആരംഭിച്ച കാലവർഷം ജില്ലയിൽ പ്രളയമായി മാറി കോടികളുടെ നഷ്ടമാണുണ്ടാക്കിയത്. 2017 ലെ മഴയെക്കാൾ ഇരട്ടിമഴയാണ് ജില്ലയിൽ ലഭിച്ചത്. 2017 ൽ ലഭിച്ചത് ആകെ 2386 മില്ലിമീറ്റർ മഴയാണെങ്കിൽ 2018 ൽ ജൂൺ-ആഗസ്റ്റ് കാലയളവിൽ ലഭിച്ചത് 3144.3 മില്ലിമീറ്റർ മഴയാണ്. കാലവർഷക്കെടുതിക്ക് ശേഷം 86 വില്ലേജുകൾ പ്രളയബാധിത വില്ലേജുകളായി പ്രഖ്യാപിച്ചു. വല്ലങ്ങി, കോട്ടോപ്പാടം, കരടിയോട്, നെല്ലിയാമ്പതി, കിഴക്കഞ്ചേരി, പാലക്കയം, കടമ്പഴിപുറം, ആനക്കൽ, കാട്ടുശ്ശേരി എന്നീ പ്രദേശങ്ങളാണ് പ്രധാന ഉരുൾപൊട്ടൽ സാധ്യതാ മേഖലകൾ.

ജില്ലയിൽ 23 ജീവനുകളാണ് പ്രളയക്കെടുതിയിൽ നഷ്ടപ്പെട്ടത്. 10 മുങ്ങിമരണങ്ങളും ഉരുൾപ്പൊട്ടലിൽ 13 മരണങ്ങളുമാണ് സംഭവിച്ചത്. രൂക്ഷമായ മഴക്കെടുതി മൂലം പാലക്കാട് ജില്ലയിൽ 995.598 കോടിയുടെ നഷ്ടമുണ്ടായി. 6472 വീടുകൾ ഭാഗികമായും, 1633 വീടുകൾ പൂർണ്ണമായും നശിച്ചു. ഈ ഇനത്തിൽ 75.43 കോടിയുടെ നഷ്ടമാണുണ്ടായത്. ജില്ലയിലെ 600 കിലോമീറ്റർ റോഡാണ് ഭാഗികമായും പൂർണ്ണമായും തകർന്നത്. റോഡ്, പാലം, കെട്ടിടങ്ങൾ എന്നിവയ്ക്ക് സംഭവിച്ച നഷ്ടം 521.28 കോടിയാണ്. 119 കോടിയുടെ കൃഷി നാശത്തിൽ 8535.68 ഹെക്ടറിന്റെ വിളനാശവും, 682.242 ഹെക്ടറിന്റെ ഭൂമിനാശവും, 5980 ഹെക്ടറിന്റെ നെല്ല് നാശവും ഉൾപ്പെടുന്നു. കൂടാതെ 197310 മീറ്റർ ബണ്ടും, 451 കിണറുകളും, 52 ഹെക്ടർ കൃഷിഭൂമിയും പ്രളയത്തിൽ നശിച്ചു. ജലസേചന വകുപ്പിന് 38.95 കോടിയുടെയും ജലഅതോറിറ്റിക്ക് നഗരങ്ങളിലും ഗ്രാമങ്ങളിലുമായി 4.42 കോടിയുടെയും നഷ്ടം സംഭവിച്ചു. കെ.എസ്.ഇ.ബി. 5.26 കോടി, തദ്ദേശഭരണ വകുപ്പ് 39.60 കോടി, ടൂറിസം വകുപ്പ് 43 ലക്ഷം, മൃഗസംരക്ഷണ വകുപ്പ് 1.86 കോടി, ആരോഗ്യ വിഭാഗം 83 ലക്ഷം, വ്യവസായ 6.29 കോടി, ഫിഷറീസ് 2.47 കോടി, വനംവകുപ്പ് 9 കോടി, ഫിഷറീസ് 2.47 കോടി, വനംവകുപ്പ് 9 കോടി, വിദ്യാഭ്യാസം (സ്കൂൾ) 2.75 കോടി എന്നിങ്ങനെയാണ് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട നഷ്ടങ്ങളുടെ കണക്ക്. [Ref:1.9]

## മണൽ ഖനനം

ജില്ലയിലെ നിർമ്മാണ മേഖലയിലേക്ക് ആവശ്യമായ മണലെടുപ്പ് നടത്തുന്ന ഏറ്റവും പ്രധാന സ്ഥലമാണ് ഭാരതപ്പുഴ. അശാസ്ത്രീയമായ മണലെടുപ്പ് നദിയുടെ നാശത്തിനു കാരണമാക്കുന്നു. ഇപ്രകാരമുള്ള മണലെടുപ്പ് കാരണം പുഴയിലെ നദീതടത്തിന്റെ നിരപ്പ് സമുദ്ര നിരപ്പിനേക്കാളും താഴ്ന്ന നിലയിലാക്കുന്നു. ഖനനം മൂലം നദിയിലെ വെള്ളത്തെ പിടിച്ച് വയ്ക്കാനുള്ള കഴിവ് പുഴയ്ക്കു നഷ്ടപ്പെടുന്നു. ഇതുകാരണം നദിയിലെ മാത്രമല്ല സമീപപ്രദേശങ്ങളിലും ഭൂഗർഭജലത്തിന്റെ അളവ് ക്രമേണ കുറയുന്നു. [Ref:1.1]



## വരൾച്ച- കുടിവെള്ള ക്ഷാമം

പാലക്കാട് ജില്ല കേരളത്തിലെ തന്നെ ഏറ്റവും വരൾച്ചാ സാധ്യത കൂടുതലുള്ള ജില്ലകളിൽ ഒന്നാണ്. ഭൂഗോള സവിശേഷതകൾ, മഴയുടെ കുറവ്, പശ്ചിമഘട്ടത്തിലെ മഴനിഴൽ പ്രദേശം എന്ന സ്ഥാനം എന്നിവയാണ് ഇതിന് പ്രധാന കാരണങ്ങൾ. ജില്ലയിലെ പല താലൂക്കുകളിലും പ്രദേശങ്ങളിലും ലഘു, മിത, ഗുരുതര വരൾച്ച അവസ്ഥകൾ വിവിധ കാലഘട്ടങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ഏറ്റവും കൂടുതൽ പ്രദേശങ്ങൾ ലഘു വരൾച്ച (Slight drought) വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. മിതമായ വരൾച്ച (Moderate drought) പ്രദേശങ്ങളും ശ്രദ്ധേയമായ തോതിൽ കാണപ്പെടുന്നു. ഗുരുതര വരൾച്ച (Severe drought) വളരെ കുറച്ച് പ്രദേശങ്ങളിലാണ് കാണുന്നത് (പ്രധാനമായും മുതലമട-I, മലമ്പുഴ-I പോലുള്ള മേഖലകൾ). വരൾച്ച ഇല്ലാത്ത (No drought) പ്രദേശങ്ങളുടെ എണ്ണം താരതമ്യേന കുറവാണ്. [Ref:1.12]

വരൾച്ച ഇല്ല - 14 പ്രദേശങ്ങൾ
ലഘു വരൾച്ച - 124 പ്രദേശങ്ങൾ
മിതമായ വരൾച്ച - 27 പ്രദേശങ്ങൾ

ഗുരുതര വരൾച്ച - 3 പ്രദേശങ്ങൾ

## ജില്ലയിലെ പ്രധാന വെറ്റ്ലാൻഡ്

പാലക്കാട് ജില്ലയിൽ സ്വാഭാവിക ഇൻലാൻഡ് വെറ്റ്ലാൻഡുകൾ ധാരാളമായി കാണപ്പെടുന്നു. കിഴക്കഞ്ചേരി (11256 Ha), എരുത്തേമ്പതി (3693 Ha), വാണിയംകുളം (3620.75 Ha), പട്ടഞ്ചേരി (3030 Ha) തുടങ്ങിയ വലിയ വിസ്തീർണ്ണമുള്ള സ്ഥലങ്ങൾ മുതൽ ചെറു വെറ്റ്ലാൻഡുകൾ വരെയും ഇവ വ്യാപിച്ചു കിടക്കുന്നു. ജലസംഭരണം, കൃഷിയിടങ്ങൾക്ക് ജലവിതരണം, ജീവജാല വൈവിധ്യം സംരക്ഷിക്കൽ എന്നീ മേഖലകളിൽ ഈ വെറ്റ്ലാൻഡുകൾ പ്രധാന പങ്ക് വഹിക്കുന്നു. ജില്ലയുടെ പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ ഇവ അനിവാര്യ ഘടകങ്ങളാണ്. [Ref:1.12]

## ദുരന്തങ്ങളുടെ ആനുകാലികത

ദുരന്തങ്ങളുടെ ആനുകാലികത പരിശോധിക്കുമ്പോൾ ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ, ഒക്ടോബർ, നവംബർ മാസങ്ങളിൽ ശക്തമായ കാറ്റ് ജില്ലയിൽ അനുഭവപ്പെടാറുണ്ട്. വടക്ക്

പടിഞ്ഞാറൻ മൺസൂൺ കാലം ആയ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് പാലക്കാട് ജില്ലയിൽ കൂടുതൽ മഴ ലഭിക്കുന്നത്. തുലാവർഷ കാലമായ ഒക്ടോബർ, നവംബർ മാസങ്ങളിലും ഇടിമിന്നലോടെയുള്ള മഴ ലഭിക്കുന്നു. മഴയോടൊപ്പം പാലക്കാട് ജില്ലയുടെ വടക്ക് തെക്ക് മേഖലകൾ ഉരുൾപൊട്ടൽ ഭീഷണിയും നേരിടുന്നു. ഫെബ്രുവരി മുതൽ മെയ് വരെയുള്ള മാസങ്ങളിൽ കടുത്ത ജലക്ഷാമവും വരൾച്ചയും ജില്ല ഒട്ടാകെ അനുഭവപ്പെടുന്നു. വേനൽ കാലത്ത് കാട്ടുതീ പോലെയുള്ളവ ഉണ്ടാകാനുള്ള സാഹചര്യവും വളരെ കൂടുതലാണ്. കൂടാതെ ഉഷ്ണതരംഗം/സൂര്യാഘാതം പോലെയുള്ളവ മനുഷ്യനെയും ജീവികളേയും മറ്റ് സസ്യജാലങ്ങളേയും ദോഷകരമായി ബാധിക്കുന്നു. [Ref:1.15]

## വ്യവസായ ശാലകളുടെ സാന്നിദ്ധ്യംകൊണ്ടുള്ള പ്രശ്നങ്ങൾ

പാലക്കാട് ജില്ലയിൽ പ്രധാന വ്യവസായ മേഖല പ്രത്യേകിച്ചു കഞ്ചിക്കോട് വ്യവസായ മേഖല വായുമലിനീകരണം, ജലമലിനീകരണം എന്നിവയിൽ വെല്ലുവിളികൾ നേരിടുന്നുണ്ട്. ഉരുക്ക്, സിമന്റ്, കെമിക്കൽ പ്ലാന്റുകൾ എന്നിവയുൾപ്പെടെ നിരവധി ഫാക്ടറികളുള്ള ഒരു സുപ്രധാന വ്യവസായിക കേന്ദ്രമാണ് കഞ്ചിക്കോട് വ്യവസായിക മേഖല. ഇലക്ട്രിക് ഫർണസ് അധിഷ്ഠിത വ്യവസായങ്ങളാണ് വായുവിന്റെ ഗുണനിലവാര പ്രശ്നങ്ങൾക്ക് കാരണമായി കണ്ടെത്തിയിട്ടുള്ളത്. [Ref:1.16]

ജില്ലയിലെ വ്യാവസായിക മലിനീകരണം സാങ്കേതിക പരിഹാരങ്ങളിലൂടെയും നിയന്ത്രണ നടപടികൾ, സാമൂഹിക ഇടപെടൽ എന്നിവയുടെ സംയോജനത്തിലൂടെയും പരിഹരിക്കേണ്ടതുണ്ട്. വായു മലിനീകരണം പരിഹരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന നാഷണൽ ക്ലീൻ എയർ പ്രോഗ്രാം (NCAP) പരിധിയിൽ വരുന്ന നഗരങ്ങളിൽ 2026 ആകുമ്പോഴേക്കും വായുവിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ആരംഭിച്ചിട്ടുള്ളത്. കണിക പദാർത്ഥ സാന്ദ്രതയിൽ ഗണ്യമായ കുറവ് കൈവരിക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായുള്ള മാന്വൽ ആബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷൻ കഞ്ചിക്കോട് വ്യവസായ മേഖലയിലാണ് സ്ഥാപിച്ചിട്ടുള്ളത്.




| | 2014 | 2015 | 2016 | 2017 | 2018 | 2019 | 2020 | 2021 | 2022 | 2023 | 2024 | LIMIT |
|---|---|---|---|---|---|---|---|---|---|---|---|---|
| SO2 | 2.00 | 2.00 | 2 | 2 | 2.54 | 2.19 | 2.75 | 2.67 | 2.03 | 2.04 | 2 | 50 |
| NOX | 6.41 | 7.42 | 8.56 | 8.96 | 8.61 | 7.14 | 6.24 | 5.76 | 4.56 | 4.52 | 4.51 | 40 |
| RSPM | 40.19 | 47 | 41 | 44 | 43 | 42 | 53 | 54 | 55 | 46 | 56.65 | 60 |
| PM2.5 | * | * | * | * | * | * | * | * | 30 | 28 | 43.65 | 40 |

വ്യവസായശാലകളിൽ നിന്നും വാഹനങ്ങളിൽ നിന്നും പുറംതള്ളുന്ന പുകയാണ് അന്തരീക്ഷ മലിനീകരണത്തിന് പ്രധാനപ്പെട്ട കാരണം. മലിനീകരണ നിയന്ത്രണ ബോർഡിന്റെ എയർ & വാട്ടർ ക്വാളിറ്റി റിപ്പോർട്ടിൽ ജില്ലയിലെ ഇന്റസ്ട്രിയലിൽ കാറ്റഗറിയിലെ കഞ്ചിക്കോട്, ബി.ഇ.എം. എൽ എൽ.ടി.ഡി-യിൽ നിന്നും കണക്കാക്കിയ അന്തരീക്ഷ മലിനീകരണത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് താഴെ ചേർക്കുന്നു [Ref:1.11]




| | 2020 | 2021 | 2022 | 2023 | 2024 | LIMIT |
|---|---|---|---|---|---|---|
| SO2 | 3.65 | 3.65 | 2 | 2.00 | 2 | 50 |
| NOX | 5.36 | 5.36 | 4.5 | 4.50 | 4.5 | 40 |
| RSPM | 56 | 56 | 53 | 45 | 57.8 | 60 |
| PM2.5 | * | * | 42 | 42 | 42.34 | 40 |

## ജലമലിനീകരണം

ജലമലിനീകരണം ജില്ല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. ജലലഭ്യത കുറയ്ക്കുകയും ജലമലിനീകരണം വർദ്ധിക്കുകയും ചെയ്യുന്നു. കേരളത്തിലെ ഏറ്റവും നീളം കൂടിയ ഭാരതപുഴ ഉയർന്ന പ്രദേശങ്ങളിൽ നിന്ന് ഉത്ഭവിച്ച് ജില്ലയിലൂടെ ഒഴുകുന്നു. ഭാരതപ്പുഴയും വൻതോതിലുള്ള പാരിസ്ഥിതിക ചൂഷണങ്ങൾക്ക് വിധേയമായി കൊണ്ടിരിക്കുന്നു. കേരളത്തിലെ നദികളിൽ ഏറ്റവും കൂടുതൽ നദീതടമുള്ളത് ഭാരതപ്പുഴയിലാണ്. കാലാവസ്ഥാ വ്യതിയാനം, നദീതട പ്രദേശങ്ങളുടെ നാശം, അനിയന്ത്രിതമായ പ്രകൃതിവിഭവ ചൂഷണം, ഭൂമി വിനിയോഗത്തിൽ വന്ന വ്യാപകമായ മാറ്റം, രൂക്ഷമായ മലിനീകരണം, തോട്ടവൽക്കരണം വ്യാപകമായതിനെ തുടർന്നുള്ള നീരൊഴുക്ക് നിലച്ചത്, നീർത്തടങ്ങളിലെ ഉറവകളുടെ വരൾച്ച തുടങ്ങിയവയാണ് ഭാരതപുഴ നിലവിൽ അനുഭവിക്കുന്ന വെല്ലുവിളികൾ.

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ (സി.പി.സി.ബി) പഠനത്തിന്റെ അടിസ്ഥാനത്തിൽ 2018 ൽ ഇന്ത്യയിൽ തിരിച്ചറിഞ്ഞ മലിനീകരണപ്പെട്ട 2 നദീതടങ്ങളും പാലക്കാട് ജില്ലയിൽ ഉൾപ്പെടുന്നു. മുൻഗണന 1 ൽ ഗുരുതരമായി മലിനീകരണം സംഭവിച്ചതും മുൻഗണന V

ൽ ഏറ്റവും കുറഞ്ഞ മലിനീകരണം ഉള്ളതുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2018 ൽ ജില്ലയിലെ മലിനമായ നദീതടങ്ങളുടെ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

| ക്രമ നമ്പർ | നദീതടം | തദ്ദേശ സ്വയംഭരണ സ്ഥാപനം | മുൻഗണന |
|---|---|---|---|
| 1 | ഭാരതപ്പുഴ-പട്ടാമ്പി | പട്ടാമ്പി നഗരസഭ | IV |
| 2 | ഭവാനി-ഇലച്ചിവഴി | പുതൂർ | V |

തദ്ദേശ സ്വയംഭരണ വകുപ്പ്, ഹരിതകേരളം മിഷൻ, കേരള ജല അതോറിറ്റി, ജലസേചന വകുപ്പ്, ഭൂജല വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, വ്യവസായ വകുപ്പ് എന്നിവയുടെ പിന്തുണയോടെ ജലാശയങ്ങളിലെ ജലമലിനീകരണത്തിന്റെ വ്യാപ്തി നിയന്ത്രിക്കുന്നതിനും ജലാശയങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുന്നതിനുമായി ഒരു കർമ്മപദ്ധതി ആവിഷ്കരിച്ചു. ജലാശയങ്ങളുടെ മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള നിരന്തരമായ ശ്രമങ്ങളുടെ ഫലമായി നദികളുടെ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെട്ടു.

2022 ലെ ജലത്തിന്റെ ഗുണനിലവാരം പുനഃസ്ഥാപിക്കുന്നതിനായി മലിനമായ നദീതീരങ്ങളെ കുറിച്ചുള്ള കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ (സി.പി.സി.ബി) റിപ്പോർട്ട് പ്രകാരം ജില്ലയിലെ പട്ടാമ്പി ഭാരതപ്പുഴ, ഇലച്ചിവഴി ഭവാനിപുഴ എന്നീ നദീതീരങ്ങളെ പട്ടികയിൽ നിന്നും ഒഴിവാക്കി പുതിയ 2 നദീതീരങ്ങളെ മലിനീകരണപ്പെട്ട നദീതീരമായി ചേർത്തു. പക്ഷെ ഏറ്റവും മുൻഗണന കുറഞ്ഞ തലത്തിലാണ് (മുൻഗണന V) ചേർത്തിട്ടുള്ളത്. പാലക്കാട് ജില്ലയിലെ കൽപ്പാത്തി പുഴ, കോരയാർ പുഴയിലെ (കൽപ്പാത്തിപുഴയുടെ കൈവഴി) കഞ്ചിക്കോട് തീരങ്ങളാണ് ലിസ്റ്റിൽ ഉൾപ്പെട്ടുന്നവയുടെ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

| ക്രമ നമ്പർ | നദീതടം | തദ്ദേശ സ്വയംഭരണ സ്ഥാപനം | മുൻഗണന |
|---|---|---|---|
| 1 | കൽപ്പാത്തി പുഴ | പാലക്കാട് | V |
| 2 | കഞ്ചിക്കോട് കോരയാർ പുഴ | പാലക്കാട് | V |

[Ref:1.16]

## മാലിന്യ പ്രശ്നങ്ങൾ

സംസ്ഥാനം നേരിടുന്ന പൊതു അവസ്ഥയിൽ നിന്നും വിഭിന്നമല്ല ജില്ലയിലെ ശുചിത്വ മാലിന്യ പ്രശ്നങ്ങൾ. ശുചിത്വത്തിന്റെ പ്രാഥമിക ലക്ഷ്യം കൈവരിച്ചിട്ടുണ്ടെങ്കിലും, വിവിധങ്ങളായ ദ്വിതീയപ്രശ്നങ്ങൾ ജില്ലയിലെ ശുചിത്വ സ്ഥിതിയെ വളരെ ദോഷകരമായ രീതിയിൽ ബാധിക്കുന്നുണ്ട്. അജൈവമാലിന്യങ്ങളുടെ ശേഖരണവും സംസ്കരണവും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ആരംഭിച്ചെങ്കിലും സമ്പൂർണ്ണതയിൽ എത്തിക്കാൻ സാധിച്ചിട്ടില്ല. പുറംതള്ളപ്പെടുന്ന ഖര-ദ്രവ-മാലിന്യത്തിന്റെ ബാഹുല്യം, ഖര-ദ്രവ-മാലിന്യ സംവിധാനങ്ങളുടെ അഭാവം, ഭൂഗർഭ ജലത്തിൽ കക്കൂസ് മാലിന്യം കലരുന്നത്, പൊതുസ്ഥലങ്ങളിലെയും ജലാശയങ്ങളിലെയും മാലിന്യനിക്ഷേപം എന്നിവ ജില്ലയിൽ നേരിടുന്ന മാലിന്യ പ്രശ്നങ്ങളാണ്. [Ref:1.16]



## ദ്രവമാലിന്യ സംസ്കരണം

ദ്രവമാലിന്യ സംസ്കരണ മേഖലയിൽ ഗാർഹികതലത്തിൽ സമ്പൂർണ്ണമായി ടോയ്ലറ്റ് സംവിധാനങ്ങൾ സ്ഥാപിച്ച് നേട്ടം കൈവരിക്കുവാൻ ജില്ലയ്ക്ക് സാധിച്ചിട്ടുണ്ട്. എന്നാൽ ശുചിമുറി മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള കേന്ദ്രീകൃത ഫീക്കൽ സ്ലഡ്ജ് പ്ലാന്റുകളോ (FSTP), സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളോ ജില്ലയിൽ ആവശ്യത്തിന് ഇല്ല. നാഷണൽ ട്രൈബ്യൂണൽ ഉത്തരവ് പ്രകാരം ജില്ലയിലെ കൽപ്പാത്തി പുഴ, കൽപ്പാത്തി പുഴയുടെ കൈവഴിയായ കോരയാർ പുഴ എന്നിവയിൽപ്പെട്ട ഭാഗങ്ങൾ മലിനീകരണപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. കണ്ടെത്തിയ പുഴ ഭാഗങ്ങളിൽ മലിനീകരണം തടയുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളിലെ കേന്ദ്രീകൃത മലിനജല, കക്കൂസ് മാലിന്യ സംസ്കരണ (STP, FSTP) പ്ലാന്റുകളുടെ അഭാവം ആരോഗ്യരംഗത്തെ പ്രതികൂലമായി ബാധിക്കും. നിലവിൽ പാലക്കാട്, ഒറ്റപ്പാലം, ഷൊർണ്ണൂർ, പട്ടാമ്പി, ചിറ്റൂർ തത്തമംഗലം നഗരസഭകൾ കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിനുള്ള പ്ലാന്റിന്റെ പദ്ധതി ഏറ്റെടുത്ത് പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. [Ref:1.16]

## ആശുപത്രി മാലിന്യങ്ങളുടെ സംസ്കരണം

ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന ബയോ മെഡിക്കൽ മാലിന്യങ്ങൾ ഐ.എം.എ ക്ക് കീഴിൽ കഞ്ചിക്കോട് പ്രവർത്തിക്കുന്ന ഇമേജ് മുഖേനയാണ് സംസ്കരണം നടത്തിവരുന്നത്. ജില്ലയിലെ എല്ലാ സർക്കാർ, പ്രൈവറ്റ് ആശുപത്രികളിലെയും ക്ലീനിക്കുകളിലെയും ബയോ മെഡിക്കൽ മാലിന്യങ്ങൾ ഇമേജ് വഴി ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിച്ചുവരുന്നു. വീടുകളിൽ ഉണ്ടാകുന്ന ബയോ മെഡിക്കൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇതുവരെ ഉണ്ടായിട്ടില്ല. പാലിയേറ്റീവ് ക്ലീനിക്കുകൾ മുഖേനയോ, ഹരിതകർമ്മസേന മുഖേനയോ ഇവ ശേഖരിക്കുന്നതിനുള്ള സംവിധാനം ഭാവിയിൽ ഏർപ്പെടുത്തിയാൽ ഗാർഹികമായി ഉൽപ്പാദിപ്പിക്കുന്ന ബയോ മെഡിക്കൽ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് വഴിയൊരുക്കും. ഇത് സമ്പൂർണ്ണമായും ബയോ മെഡിക്കൽ മാലിന്യങ്ങളുടെ ശാസ്ത്രീയമായ ശേഖരണത്തിനും സംസ്കരണത്തിനും സഹായമാകും. [Ref:1.16]

## അജൈവമാലിന്യ ശേഖരണം

ജില്ലയിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളും ഹരിതകർമ്മസേന രൂപീകരിച്ച് അജൈവ മാലിന്യം വീടുകളിൽ നിന്നും സ്ഥാപനങ്ങളിലും നിന്നും ശേഖരിച്ചുവരുന്നുണ്ട്. ജില്ലയിലെ ഡോർ ടു ഡോർ കളക്ഷൻ വീടുകളിലേത് 86 ശതമാനവും സ്ഥാപനങ്ങളിലേത് 74 ശതമാനവുമാണ്. ജില്ലയിൽ നഗരസഭകളിലും ഗ്രാമപഞ്ചായത്തുകളിലുമായി 3332 ഹരിതകർമ്മസേന അംഗങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. [Ref:1.16]



## സാനിറ്ററി മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള പ്ലാന്റുകളുടെ കുറവ്

സാനിറ്ററി മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള കമ്മ്യൂണിറ്റിതലത്തിലുള്ള പ്ലാന്റുകളുടെ കുറവ് സാനിറ്ററി മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനെ സാരമായി ബാധിക്കുന്നുണ്ട്. പാലക്കാട് നഗരസഭയിലെ കൂട്ടുപാതയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി സാനിറ്ററി ഇൻസിനറേറ്റർ കേരളത്തിലെ തദ്ദേശസ്ഥാപനങ്ങളിലെ ആദ്യത്തെ കമ്മ്യൂണിറ്റിതല സാനിറ്ററി ഇൻസിനറേറ്റർ ആണ്. ഒറ്റപ്പാലം, മണ്ണാർക്കാട് നഗരസഭകൾ കമ്മ്യൂണിറ്റിതല സാനിറ്ററി ഇൻസിനറേറ്റർ പ്ലാന്റിന്റെ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. [Ref:1.16]



സാനിറ്ററി നാപ്കിൻ, ഡയപ്പർ സംസ്കരണം

ഇൻസിനറേറ്റർ ഒരുക്കി നഗരസഭ

ശേഖരണം ഹരിത കർമസേനയുടെ നേതൃത്വത്തിൽ

## കോഴിയറവ് മാലിന്യ സംസ്കരണം

കോഴിയറവു മാലിന്യങ്ങളുടെ സംസ്കരണം മുൻവർഷങ്ങളിൽ വെല്ലുവിളി ഉയർത്തിയിരുന്ന ഒരു പ്രശ്നമായിരുന്നു. എന്നാൽ 2022-23 വർഷങ്ങളിൽ ജില്ലയിൽ ചിക്കൻ റെന്ററിംഗ് പ്ലാന്റുകൾ പ്രവർത്തനമാരംഭിച്ചതോടെ കോഴിയറവ് മാലിന്യങ്ങളുടെ സംസ്കരണം എന്ന പ്രതിസന്ധി പരിഹരിക്കാൻ സാധിച്ചു. [Ref:1.16]

## ഇ-മാലിന്യം

ഇ-മാലിന്യ മാനേജ്മെന്റ് വളരെയധികം ശ്രദ്ധിക്കേണ്ട പരിസ്ഥിതി പ്രശ്നമാണ്. ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം കൂടുന്നതോടെ വർഷം തോറും ഉൽപാദിപ്പിക്കുന്ന ഇമാലിന്യത്തിന്റെ അളവും ഉയർന്നിട്ടുണ്ട്. സ്ക്രാപ്പ് വ്യാപാരികളിലൂടെ അനൗദ്യോഗികമായി ശേഖരിക്കപ്പെടുന്ന ഇമാലിന്യത്തിന്റെ ഒരു വലിയ പങ്ക് സുരക്ഷിതമല്ലാത്ത രീതിയിൽ പൊളിച്ചെടുക്കപ്പെടുന്നതും മണ്ണിനും ജലസ്രോതസ്സുകൾക്കും രാസമലിനീകരണം ഉണ്ടാക്കുന്നതുമാണ്. ജില്ലയിൽ നിലവിൽ ഹരിതകർമ്മസേന മുഖേന വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഇ-മാലിന്യം ശേഖരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുന്ന സംവിധാനം ജില്ലയിൽ ഏർപ്പെടുത്തിയിട്ടുണ്ട്.



## പൊതുവിടങ്ങളിലെ മാലിന്യനിക്ഷേപം

ജില്ല നേരിടുന്ന ഒരു പ്രധാന മാലിന്യപ്രശ്നമായിരുന്നു പാതയോരങ്ങളിലെ മാലിന്യനിക്ഷേപം. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള ഖരമാലിന്യങ്ങളാണ് പ്രധാനമായും പാതയോരങ്ങളിൽ നിക്ഷേപിക്കപ്പെട്ടിരുന്നത്. ഗ്രീൻഗ്രാസ് ക്യാമ്പയിനിന്റെ ഭാഗമായി പൊതുമരാമത്ത് (റോഡ്സ്) വിഭാഗം പാലക്കാട് ജില്ലയിൽ 64 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ കടന്ന് പോകുന്ന സംസ്ഥാനപാതകളും പ്രധാനപ്പെട്ട ജില്ലാ റോഡുകളുമടങ്ങുന്ന 40.04 കിലോ മീറ്റർ ദൂരത്തെ കണക്കെടുത്തപ്പോൾ 472 സ്ഥലങ്ങളിലായി 241.89 ടൺ മാലിന്യനിക്ഷേപമുള്ളതായി കണ്ടെത്തി. തദ്ദേശസ്ഥാപനതലത്തിൽ ഖരമാലിന്യ സംസ്കരണത്തിന് ആവശ്യമായ സംവിധാനങ്ങൾ ഇല്ലാത്തതായിരുന്നു അന്ന് പ്രധാനമായും പാതയോരങ്ങളിലെ മാലിന്യനിക്ഷേപത്തിന് കാരണമായത് എന്നാണ് അനുമാനിക്കപ്പെടുന്നത്.

2019-ന് ശേഷം പാലക്കാട് ജില്ലയിൽ മാലിന്യ സംസ്കരണ രംഗത്ത് ഗണ്യമായ പുരോഗതികളും അടിത്തറ മാറ്റങ്ങളും സംഭവിച്ചു. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ എന്നീ മിഷകളുടെ സഹകരണത്തോടെയും മാലിന്യ നിയന്ത്രണം കൂടുതൽ ശാസ്ത്രീയവും സുസ്ഥിരവുമായ രീതിയിലേക്ക് മാറി. മാലിന്യ ഉൽപാദനം കുറയ്ക്കുകയും, ഉറവിടത്തിൽ തന്നെ വേർതിരിച്ച് ശേഖരിക്കുകയും സംസ്കരിക്കുകയും, പൊതു ഇടങ്ങളിലെ മാലിന്യ നിക്ഷേപം കുറയുകയും ചെയ്തു. [Ref:1.16]



## ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ പ്രശ്നം



ജില്ലയിലെ 37 ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഹരിത ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മലമ്പുഴയിലും നെല്ലിയാമ്പതിയിലും ചിലയിടങ്ങളിൽ മാത്രമാണ് മാലിന്യ പ്രശ്നം നിലവിലുള്ളത്. എന്നാൽ ഇതു പരിഹരിക്കുന്നതിന് ഈ മേഖലകളിലെ വനം വകുപ്പിന്റെ നേതൃത്വത്തിലുള്ള ചെക്ക്

പോസ്റ്റുകളിൽ കർശനമായ പരിശോധനകളും നിയന്ത്രണങ്ങളും ഏർപ്പെടുത്തി വരുന്നുണ്ട്.

## മുടി മാലിന്യ സംസ്കരണം

ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട മാലിന്യ പ്രശ്നമാണ് മുടി മാലിന്യ സംസ്കരണം. കഞ്ചിക്കോട് ഇൻഡസ്ട്രിയൽ പാർക്കിൽ സ്ഥാപിച്ചിരിക്കുന്ന പ്ലാന്റിലൂടെ ജില്ലയിൽ ഒരു വർഷം 38 ടൺ സംസ്കരിക്കുന്നുണ്ട്. ജില്ലയിൽ രണ്ടു പ്ലാന്റുകൾ കൂടി സ്ഥാപിക്കുന്നതിന് പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. അവ കൂടി നിലവിൽ വരുമ്പോൾ മുടി മാലിന്യ സംസ്കരണം ഫലപ്രദമായി നടക്കുമെന്ന് പ്രതീഷിക്കുന്നു.

## മനുഷ്യ വന്യജീവി സംഘർഷം

ജില്ലയിലെ മലയോര പ്രദേശങ്ങളായ നെമ്മാറ, ആലത്തൂർ, അകത്തേത്തറ, മലമ്പുഴ, മണ്ണാർക്കാട്, പെരുമാട്ടി തുടങ്ങിയ പ്രദേശങ്ങളിൽ അടുത്തകാലത്തായി മനുഷ്യ-വന്യജീവി സംഘർഷങ്ങൾ നിലനിൽക്കുന്നുണ്ട്. തൊഴിലുറപ്പു പദ്ധതിയിലൂടെ വനപ്രദേശങ്ങളിൽ കുളം കുഴിച്ചും മരങ്ങൾ നട്ടുപിടിപ്പിച്ചും വന്യജീവി സംഘർഷം കുറയ്ക്കുവാനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്.





## അദ്ധ്യായം 2

# പരിസ്ഥിതി പ്രശ്നങ്ങളിലെ ഇടപെടൽ സാധ്യതകൾ

വളരെയേറെ സവിശേഷതകൾ നിറഞ്ഞ ജില്ലയുടെ പാരിസ്ഥിതിക സന്തുലിതാവസ്ഥയ്ക്ക് വെല്ലുവിളിയായി നിരവധിയായ ഘടകങ്ങൾ നിലനിൽക്കുന്നുണ്ട്. കഴിഞ്ഞ അധ്യായത്തിൽ മനുഷ്യ ഇടപെടലുകളും ചൂഷണങ്ങളും മൂലം പരിസ്ഥിതിയുടെ സ്വാഭാവികത നഷ്ടപ്പെടുന്നതാണ് പ്രധാന വെല്ലുവിളിയായി കണ്ടെത്തിയിട്ടുള്ളത്. ഇത് പലതരം ദുരന്തങ്ങൾക്ക് വഴി വെക്കുന്നതാണ്. പാരിസ്ഥിതിക സന്തുലിതാവസ്ഥയെ ബാധിക്കുന്ന എന്തെല്ലാം പ്രവർത്തനങ്ങളിലാണ് നമ്മൾ അറിഞ്ഞും അറിയാതെയും ഏർപ്പെട്ടുകൊണ്ടിരിക്കുന്നതെന്നും ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു അനുഭവത്തിൽ നിന്നും മനസിലാക്കിയിട്ടുള്ള പരിഹാരമാർഗങ്ങൾ എന്തൊക്കെയാണ് എന്നുമാണ് ഈ അധ്യായത്തിൽ പരിശോധിക്കുന്നത്.

### ജലക്ഷാമം, കുടിവെള്ളക്ഷാമം

പാലക്കാട് ജില്ലയിൽ 2016 ന് മുമ്പ് കുടിവെള്ളക്ഷാമം വർഷംതോറും ആവർത്തിച്ചുണ്ടായിരുന്ന ഒരു ഗുരുതര പ്രശ്നമായിരുന്നു. ജില്ലയുടെ ഭൗമസ്ഥിതിവിശേഷം, പാലക്കാട് ചുരം വഴിയുള്ള വരണ്ട കാറ്റിന്റെ പ്രഭാവം, മഴയുടെ കുറവ്, ജലാശയങ്ങളുടെ തകർച്ച, വയൽനികത്തൽ എന്നിവ കാരണം പല ഗ്രാമപഞ്ചായത്തുകളും ദീർഘകാല വരൾച്ച അനുഭവിച്ചു. മണ്ണാർക്കാട്, ചിറ്റൂർ, നെന്മാറ എന്നിവിടങ്ങളിൽ ഭൂഗർഭജലത്തിന്റെ തോത് കുറഞ്ഞുകൊണ്ടിരുന്നു.

2016 ന് മുമ്പ് ജില്ലയിൽ ബ്ലോക്ക് തലത്തിൽ ജലസംരക്ഷണത്തിനായുള്ള സമഗ്രമായ പദ്ധതി ഇല്ലായിരുന്നതിനാൽ കുടിവെള്ള വിതരണം ഭാഗികമായി ആശ്രയിച്ചിരുന്നത് കുഴൽകിണറുകളും ടാങ്കർ ലോറി വഴിയുള്ള ജലവിതരണവുമായിരുന്നു. ഇതിലൂടെ പല ഗ്രാമങ്ങളിലും ശുദ്ധജല ലഭ്യത ദീർഘകാലം തടസപ്പെടുകയും കാട്ടുപ്രദേശങ്ങൾ പോലും വേനലിൽ വരണ്ടുപോകുകയും ചെയ്തു. 2016 നു ശേഷം ഹരിതകേരളം മിഷൻ നടത്തിയ ജലസംരക്ഷണ പദ്ധതികൾ, ഗ്രാമപഞ്ചായത്തുകളുടെ ജലബജറ്റ് മാതൃകകൾ, ജലസേചന പ്രവർത്തനങ്ങൾ തുടങ്ങിയവ വരൾച്ച നേരിടുന്ന ബ്ലോക്കുകളിൽ വലിയ മാറ്റങ്ങൾക്ക് വഴികാട്ടിയായിട്ടുണ്ട്.



ചിറ്റൂർ, മലമ്പുഴ ക്രിട്ടിക്കൽ മേഖലയായും, തൃത്താല, പട്ടാമ്പി സെമിക്രിട്ടിക്കലായും കേന്ദ്ര ഭൂജല ബോർഡ് സ്ഥിരീകരിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങൾ ജലസുരക്ഷാമേഖലയാക്കുന്നതിന് പാർശ്വഭിത്തി സംരക്ഷണം, ക്രോസ്സ് ചെക്ക്, കുളങ്ങളുടെ പുനരുദ്ധാരണം, തോടിന്റെ ആഴവും വീതിയും വർദ്ധിപ്പിക്കുക, പെർക്കൊലേഷൻ പീറ്റ്, ചെക്ക്ഡാം എന്നീ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതാണ്. ജലം ഒരു പരിമിത വിഭവമാണെന്ന ബോധം ജനങ്ങളിലേക്കെത്തിക്കുക, ജലസംരക്ഷണ ശീലങ്ങൾ വളർത്തുക, വിദ്യാലയങ്ങൾ, സ്വയംസഹായ സംഘങ്ങൾ, കർഷക സംഘടനകൾ എന്നിവയെ ഉൾപ്പെടുത്തി ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക, പ്രാദേശിക ഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ ജലസംരക്ഷണ പദ്ധതികൾ രൂപീകരിക്കുക തുടങ്ങിയ നടപടികൾ ദീർഘകാലത്തിൽ സുസ്ഥിരമായ ജലസുരക്ഷ ഉറപ്പാക്കാൻ സഹായിക്കും. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സാമൂഹിക പങ്കാളിത്തവും ബോധവൽക്കരണവും നിർണായകമാണ്.



## വരൾച്ച

വരൾച്ചയെ ഫലപ്രദമായി തടയാൻ ജില്ലാ അടിസ്ഥാനത്തിൽ സമഗ്രവും ശാസ്ത്രീയവുമായ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. ജില്ലയിൽ നീർത്തടങ്ങളെ ആസ്പദമാക്കിയ പദ്ധതികൾ രൂപപ്പെടുത്തുകയും ഓരോ ഗ്രാമപഞ്ചായത്തിനും ജലത്തിന്റെ ലഭ്യതയും ആവശ്യകതയും കണക്കിലെടുത്തുള്ള ജലബജറ്റിംഗ് നിർബന്ധമാക്കുകയും ചെയ്യേണ്ടതാണ്. ഭാരതപ്പുഴ, ഗായത്രിപ്പുഴ എന്നിവയുടെ ഉപനദികളും തോടുകളും പ്രദേശത്തെ കുളങ്ങളും പുനരുജ്ജീവിപ്പിക്കുകയും മഴവെള്ളം മണ്ണിൽ ആഴ്ന്നിറങ്ങുന്നതിന് ആവശ്യമായ ശാസ്ത്രീയ സംവിധാനം ഒരുക്കുകയും ചെയ്യണം.

ഹരിതകേരളം മിഷൻ നടത്തിയ ജനകീയ ഇടപെടലുകൾ ജില്ലയിലെ ജലവിനിയോഗത്തിൽ ശാസ്ത്രീയമായ മാറ്റങ്ങൾ കൊണ്ടുവരാൻ വലിയ രീതിയിൽ സഹായിച്ചിട്ടുണ്ട്. ഭൂഗർഭ ജലത്തിന്റെ അമിത ചൂഷണം ഉയർത്തുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ സംബന്ധിച്ചു ജനങ്ങളെ ബോധവാന്മാരാക്കുന്നതിന് മിഷൻ നടത്തിയ ഇടപെടലുകൾക്ക് കഴിഞ്ഞു. ജല ബജറ്റിംഗ്, ഇനി ഞാൻ ഒഴുകട്ടെ തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിന് മാതൃകയാണ്. ജലവിനിയോഗത്തിലെ ശാസ്ത്രീയത ജനങ്ങൾ മനസ്സിലാക്കിയതോടെ ജലദൗർലഭ്യം നേരിടുന്ന പ്രധാന ബ്ലോക്കുകളായി അടയാളപ്പെടുത്തിയിരുന്ന ചിറ്റൂരിലും തൃത്താലയിലും ഭൂഗർഭജലനിരപ്പ് ഉയരുന്നത് ആശാവഹമായ കാഴ്ചയാണ്. ഇത് സാധിച്ചത് ഹരിതകേരളം മിഷന്റെ കൂടി ഇടപെടൽ കൊണ്ടാണ് എന്ന് വിലയിരുത്തുന്നു. അതിനാൽ ഈ ഇടപെടലുകൾക്ക് തുടർച്ച വേണ്ടതുണ്ട്.




ജില്ലയിലെ ജലക്ഷാമം രൂക്ഷമായി നേരിടുന്ന പ്രദേശങ്ങളിൽ ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾ നടത്തിയ ഇടപെടലുകൾ പ്രതിസന്ധി കുറയ്ക്കാൻ സഹായിച്ചിട്ടുണ്ട്. ഇത് നിലനിർത്തുന്നതിന് ജലസുരക്ഷ ഉറപ്പ് വരുത്തുന്ന വിവിധ പദ്ധതികളും വകുപ്പുകളുടെ ഏകോപനവും പൊതുജനങ്ങളുടെ സജീവ പങ്കാളിത്തവും അനിവാര്യമാണ്. വരൾച്ച നേരിടുന്ന പഞ്ചായത്തുകൾക്ക് അധിക ഫണ്ടുകൾ അനുവദിക്കേണ്ടതും അത്യാവശ്യമാണ്. മഴവെള്ളസംഭരണം, ചെക്ക് ഡാം, കിണർ റീചാർജ്ജിംഗ്, എന്നിവ വ്യാപിപ്പിക്കുന്ന തരത്തിൽ സമഗ്ര ജലപദ്ധതി രൂപീകരിക്കയും വേണം. തൃത്താല, വടകരപതി പ്രദേശങ്ങളിൽ നടപ്പിലാക്കിയ വാട്ടർ കിയോസ്കുകൾ, അടിയണകൾ(Sub surface dykes) എന്നീ പദ്ധതി മാതൃകകൾ ജില്ലയിൽ ഉടനീളം നടപ്പാക്കാവുന്നതാണ്.

ചിറ്റൂർ, മലമ്പുഴ താലൂക്കുകൾ വരൾച്ചയ്ക്ക് സാധ്യതയുള്ള പ്രദേശങ്ങളാണ്. ജില്ലയുടെ കിഴക്കൻ ഭാഗങ്ങളിൽ ഉയർന്ന വരൾച്ച ബാധിത പ്രദേശങ്ങൾ (Dark Red) കാണുന്നു. മണ്ണാർക്കാട്, ഒറ്റപ്പാലം, അട്ടപ്പാടി ബ്ലോക്കുകളിൽ മിതമായ രീതിയിൽ ഉള്ള വരൾച്ച ബാധിത പ്രദേശങ്ങളായാണ് കാണപ്പെടുന്നത്.

## വെള്ളപ്പൊക്കം




മാപ്പിൽ മഞ്ഞ നിറത്തിൽ അടയാളപ്പെടുത്തിയിട്ടുള്ള പട്ടാമ്പി, മണ്ണാർക്കാട്, അട്ടപ്പാടി, ഒറ്റപ്പാലം, ആലത്തൂർ തുടങ്ങിയ താലൂക്കുകളാണ് വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശങ്ങൾ. നീരൊഴുക്ക് കൂടിയ പ്രദേശങ്ങളുടെ പരിസരത്ത് വെള്ളപ്പൊക്ക സാധ്യത കൂടുതലാണ്. പട്ടാമ്പിയിലെ ഭാരതപ്പുഴയോടു ചേർന്നുള്ള മേഖല ഭൂരിഭാഗവും ഉയർന്ന അപകടസാധ്യതയുള്ള സ്ഥലങ്ങളാണ്. ജില്ലയിലെ വെള്ളപ്പൊക്ക ഭീഷണി കുറയ്ക്കാൻ തദ്ദേശീയ അറിവും പ്രദേശസവിശേഷതകളും അടിസ്ഥാനമാക്കിയുള്ള ഇടപെടലുകൾ നിർണായകമാണ്. തോടുകൾ, ചാലുകൾ, കനാലുകൾ എന്നിവയുടെ സ്വാഭാവിക ഒഴുക്ക് നിലനിർത്തുന്നതിനായി കാലാകാലങ്ങളിൽ ജനപങ്കാളിത്തത്തോടെ ശുചീകരണവും അറ്റകുറ്റപ്പണികളും നടത്തണം. പാടശേഖരങ്ങൾ, തണ്ണീർത്തടങ്ങൾ, കായൽ സമാന പ്രദേശങ്ങൾ എന്നിവ വെള്ളം സംഭരിക്കുന്ന സ്വാഭാവിക ഇടങ്ങളായതിനാൽ സംരക്ഷിക്കുകയും അനധികൃത നികത്തൽ തടയുകയും വേണം. ചെറുകിട തടയണങ്ങൾ, കല്ല്മൺ ബണ്ട്, കുളങ്ങൾ, കിണറുകൾ എന്നിവ മഴവെള്ളം സംഭരിക്കുന്നതിനും വെള്ളപ്പൊക്കത്തിന്റെ തീവ്രത കുറയ്ക്കാനും സഹായിക്കും. ഗ്രാമസഭ, കുടുംബശ്രീ, കാർഷിക കൂട്ടായ്മകൾ എന്നിവ ഉൾപ്പെടുത്തി ജലസംരക്ഷണ സമിതികൾ രൂപീകരിക്കുകയും അടിയന്തര മുന്നറിയിപ്പ്, രക്ഷാപ്രവർത്തനം എന്നിവയിൽ പരിശീലനങ്ങൾ നൽകുകയും ചെയ്താൽ ജില്ലയിൽ വെള്ളപ്പൊക്ക പ്രതിരോധം ശക്തിപ്പെടുത്താൻ കഴിയും.

## മണ്ണിടിച്ചിൽ

മണ്ണിടിച്ചിൽ പ്രതിരോധത്തിനായി ജില്ലയിൽ ആദ്യം ചെയ്യേണ്ടത് നീർത്തടങ്ങളെ ആധാരമാക്കിയ ഭൂ ഉപയോഗ ആസൂത്രണം ശക്തിപ്പെടുത്തുന്നതാണ്. കുന്നിൻ ചരിവുകളിലും മലഞ്ചെരുവുകളിലും അശാസ്ത്രീയ നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും മണ്ണൊലിപ്പ് തടയുന്ന സസ്യാവരണം വർധിപ്പിക്കുകയും വേണം. മണ്ണിടിച്ചിൽ സാധ്യതയുള്ള സ്ഥലങ്ങളിൽ നീർച്ചാൽ ശൃംഖലകൾ വീണ്ടെടുക്കൽ, പുല്ലും കുറ്റിച്ചെടികളും ഉൾപ്പെടുന്ന സസ്യങ്ങൾ നട്ടുപിടിപ്പിക്കൽ തുടങ്ങിയ മണ്ണ് സംരക്ഷണ നടപടികൾ നടപ്പിലാക്കുമ്പോൾ ചരിവുകളിൽ നിന്ന് മണ്ണ് ഒഴുകിപ്പോകുന്നത് കുറയ്ക്കാൻ സാധിക്കും.

## ഉരുൾപൊട്ടൽ

ജില്ലയിലെ ഉരുൾപൊട്ടൽ സാധ്യത കൂടുതൽ ഉള്ള പ്രദേശങ്ങൾ അട്ടപ്പാടി, നെല്ലിയാമ്പതി, മണ്ണാർക്കാട് താലൂക്കുകളിൽ ആണ്. കുന്നിൻ ചെരുവുകളിൽ കൂടുതൽ വൃക്ഷവൽകരണം നടത്തുക, ഒന്നും രണ്ടും നിര നീർച്ചാലുകൾ ഉൾപ്പെടെയുള്ള മുഴുവൻ നീർച്ചാൽ ശൃംഖലകളും വീണ്ടെടുക്കുക എന്നിവ വഴി പ്രതിരോധം ഊർജ്ജിതമാക്കാം. ഹരിതകേരളം മിഷൻ നടപ്പിലാക്കിയ സുരക്ഷിതമാക്കാം പശ്ചിമഘട്ടം മാപ്പത്തോൺ ക്യാമ്പയിൻ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി അടഞ്ഞുപോയ ജലവഴികൾ തുറന്ന്, നീർച്ചാലുകളുടെ സുഗമമായ നീരൊഴുക്ക് സാധ്യമാക്കി നീർച്ചാൽ ശൃംഖലകൾ വീണ്ടെടുക്കുന്നത് മൂലം ഉരുൾപ്പൊട്ടൽ ഒരു പരിധി വരെ തടയാൻ സാധിക്കും.



## നഗര താപനില

ജില്ലയിലെ നഗര താപനില കുറയ്ക്കുന്നതിനായി പ്രായോഗികമായ ഇടപെടലുകൾ നടത്താം. നഗര പ്രദേശങ്ങളിൽ വേപ്പ്, കണിക്കൊന്ന, മഴമരങ്ങൾ എന്നിവ നട്ടുപിടിപ്പിക്കണം. വീടുകളിലും സ്ഥാപനങ്ങളിലും റിഫ്ലക്റ്റീവ് റൂഫ്, ഗ്രീൻ റൂഫുകൾ, ടെറസ് ഗാർഡനുകൾ എന്നിവ ചെയ്യുന്നത് നഗരതാപനില ഒരുപരിധി വരെ കുറയ്ക്കാൻ സാധിക്കും

## കാർഷിക മേഖലയിലെ വെല്ലുവിളികൾ

ജില്ലയിലെ കാർഷിക മേഖലയിലെ പ്രധാന വെല്ലുവിളികൾ മണ്ണിലെ അതിരൂക്ഷമായ രാസവള ഉപയോഗവും, മണ്ണിന്റെ ആരോഗ്യത്തിൽ വരുന്ന ഇടിവും ആണ്. KSREC നടത്തിയ ഉപഗ്രഹപഠനങ്ങൾ പ്രകാരം ജില്ലയിൽ മണ്ണിന്റെ ജൈവസമൃദ്ധി 20–35% വരെ കുറഞ്ഞിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.



പരിസ്ഥിതി പുനഃസ്ഥാപനത്തിന് CWRDM നിർദ്ദേശിക്കുന്ന പ്രധാന ഇടപെടലുകളിൽ മഴവെള്ള സംഭരണം, ചെറുകിട വാട്ടർഷെഡ് പദ്ധതികൾ, ഭൂഗർഭ ജലലഭ്യത വർദ്ധിപ്പിക്കുന്ന റീച്ചാർജ്ജ് പിറ്റുകൾ, കോണ്ടൂർ ട്രെഞ്ചിംഗ്, ചെക്ക്ഡാം തുടങ്ങിയവ പ്രധാനമാണ്. KSREC നടത്തിയ ജിയോ-സ്പേഷ്യൽ പഠനങ്ങൾ പ്രകാരം ജില്ലയിൽ 42% പ്രദേശങ്ങളിലും ജലസംഭരണ സംവിധാനങ്ങൾ വ ർ ധി പ്പി ക്കേ ണ്ട ത് അനിവാര്യമാണ്. KSLUB നിർദ്ദേശിക്കുന്ന നടപടികളിൽ ജൈവകൃഷി, മൾട്ടി-ക്രോപ്പിംഗ് സംവിധാനം തുടങ്ങിയവയാണ് ഏറ്റവും ഫലപ്രദമായി കാണുന്നത്. കൃഷി മേഖലയിൽ പ്രതിരോധശേഷി വർദ്ധിപ്പിക്കാൻ കാലാവസ്ഥാ സൂക്ഷ്മ നിരീക്ഷണം, GSM-അധിഷ്ഠിത കാലാവസ്ഥ മുന്നറിയിപ്പ് സംവിധാനങ്ങൾ, ഫാം-ലെവൽ ക്ലൈമറ്റ് അഡാപ്റ്റേഷൻ പദ്ധതികൾ, കർഷകരുടെ പരിശീലനം സാങ്കേതിക സഹായം എന്നിവ നിർണ്ണായകമാണ്. മൈക്രോ-ഇറിഗേഷൻ, ജലബജറ്റിംഗ് എന്നിവ നടപ്പിലാക്കുന്നതിലൂടെ ജില്ലയിലെ പരിസ്ഥിതി പുന:സ്ഥാപനവും കൃഷി ഉൽപാദന ശേഷി വർധിപ്പിക്കലും സാധ്യമാണെന്ന് വ്യക്തമാക്കുന്നു. ഭാവിയിൽ ജില്ലയിലെ കൃഷിയെ സുസ്ഥിരമാക്കുന്നതിന് സ്ഥാപനപരവും നയപരവുമായ ഇടപെടലുകളും നിർണായകമാണ്. കാലാവസ്ഥാ വിവരങ്ങളെ അടിസ്ഥാനമാക്കിയുള്ള കാർഷിക പദ്ധതി രൂപീകരണം, പ്രാദേശികതല കാലാവസ്ഥാ പഠനങ്ങൾ, കൃഷി-കാലാവസ്ഥ ഡാറ്റയുടെ സമന്വയം എന്നിവ പ്രോത്സാഹിപ്പിക്കണം. കർഷകർക്കായി കാലാവസ്ഥാ ഇൻഷുറൻസ് പദ്ധതികൾ ഏർപ്പെടുത്തുകയും, വിളനാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ സമയബന്ധിതമായ നഷ്ടപരിഹാരം ഉറപ്പാക്കുകയും വേണം. കൂടാതെ, കൃഷി പരിശീലന കേന്ദ്രങ്ങൾ, കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ കർഷകരിൽ കാലാവസ്ഥ അനുയോജ്യ കൃഷിരീതികളെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കേണ്ടതാണ്.

## പാരിസ്ഥിതിക വെല്ലുവിളികൾ

ജില്ലയിലെ പരിസ്ഥിതി പുനഃസ്ഥാപനം നീർത്തടാധിഷ്ഠിതവും കാലാവസ്ഥാ സൗഹൃദവുമായ മാതൃകകളിലൂടെ നടപ്പിലാക്കേണ്ടതാണ്. അട്ടപ്പാടിയിലെ മരു സമാനമായിരുന്ന മൊട്ടക്കുന്നുകളിൽ ഹരിതാവരണം തീർക്കാൻ സംസ്ഥാന സർക്കാർ 1995 മുതൽ 2012 വരെ 219 കോടി രൂപയുടെ ജപ്പാൻ സാമ്പത്തിക സഹായത്താൽ നടപ്പിലാക്കിയ പരിസ്ഥിതി പുനഃസ്ഥാപന പദ്ധതിയായ അഹാഡ്സ് [AHADS] നടത്തിയ പ്രവർത്തനങ്ങളുടെ വിജയം ഉദാഹരണമാണ്. വെള്ളം അതത് പ്രദേശത്തുതന്നെ തടഞ്ഞുവെച്ച് ഭൂഗർഭജല ജലനിരപ്പ് ഉറപ്പാക്കുകയും മണ്ണൊലിപ്പ് കുറയ്ക്കുകയും ചെയ്ത ഈ മാതൃകകൾ ജില്ലയിലെ കുന്നിൻ പ്രദേശങ്ങൾ, നദീതടങ്ങൾ, വരൾച്ചാഭീഷണിയുള്ള മേഖലകൾ എന്നിവയിൽ പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ച് വ്യാപിപ്പിക്കാൻ കഴിയും. പരിസ്ഥിതി പുനഃസ്ഥാപനത്തിന് കാർഷിക മേഖലയിലും മാതൃകാപരമായ ഇടപെടലുകൾ ആവശ്യമാണ്. വിജയകരമായി പരീക്ഷിച്ച കാലാവസ്ഥ അനുയോജ്യ കൃഷി, അഗ്രോഫോറസ്ട്രി, ജൈവകൃഷി മാതൃകകൾ ഇവിടെ സ്വീകരിക്കുമ്പോൾ മണ്ണിന്റെ ഗുണനിലവാരം മെച്ചപ്പെടുകയും ജല ഉപയോഗം കുറയുകയും ചെയ്യും. കൃഷിയിടങ്ങളിൽ മൾച്ചിംഗ്, കോണ്ടൂർ ബണ്ടിംഗ്, തോട് സംരക്ഷണം തുടങ്ങിയ മണ്ണ്ജല സംരക്ഷണ രീതികൾ നടപ്പിലാക്കുന്നത് പരിസ്ഥിതി പുനഃസ്ഥാപനത്തിന്റെ ഭാഗമാകുന്നു. ഹരിതകേരളം മിഷൻ നടത്തിയ ഇടപെടലുകൾ ജില്ലയിൽ പരിസ്ഥിതി പുനഃസ്ഥാപനത്തിന് വ്യക്തമായ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുള്ളതായി തുടർന്നുള്ള അധ്യായങ്ങളിലെ വസ്തുതകൾ വ്യക്തമാക്കുന്നുണ്ട്.

## മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ.

ജില്ലയിലെ മാലിന്യസംസ്കരണ രംഗത്ത് 2016 മുതൽ വലിയൊരു മാറ്റം കാണാം. 2016 ന് മുമ്പ് ജില്ലയുടെ ഭൂരിഭാഗം ഗ്രാമ പഞ്ചായത്തുകളിലും മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്ന ഒരു സുസ്ഥിര സംവിധാനമില്ലായിരുന്നു.

### ജൈവ മാലിന്യങ്ങൾ



വീടുകൾ, ഹോട്ടലുകൾ, മാർക്കറ്റുകൾ, വിദ്യാലയങ്ങൾ എന്നിവിടങ്ങളിൽ നിന്നാണ് ജൈവ മാലിന്യങ്ങൾ പ്രധാനമായും ഉണ്ടാകുന്നത്. ഇവ തദ്ദേശീയമായി കൈകാര്യം ചെയ്യുന്നതിന് വീടുതോറും പൈപ്പ് കമ്പോസ്റ്റ്, ബയോബിൻ, കുഴി കമ്പോസ്റ്റിംഗ് തുടങ്ങിയ സംവിധാനങ്ങൾ വ്യാപകമാക്കണം. നഗരസഭകളിലും പഞ്ചായത്തുകളിലും എയ്റോബിക്, അനെയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ച് ജൈവ മാലിന്യങ്ങളെ വളമായി മാറ്റാം.

## അജൈവ മാലിന്യങ്ങൾ

പ്ലാസ്റ്റിക്, ഗ്ലാസ്, മെറ്റൽ, ഇലക്ട്രോണിക് മാലിന്യങ്ങൾ എന്നിവ ഉൾപ്പെടുന്ന അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിക്കുക എന്നതാണ് പ്രധാന ഇടപെടൽ. ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) കേന്ദ്രങ്ങൾ ശക്തിപ്പെടുത്തണം. ഹരിതകർമ്മ സേന മുഖേന പ്ലാസ്റ്റിക് ശേഖരണം നടത്തി റിസൈക്ലിംഗ് യൂണിറ്റുകളിലേക്ക് കൈമാറാം. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിയന്ത്രിക്കുകയും പകരം പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുകയും വേണം.







## ദ്രവ മാലിന്യങ്ങൾ

വീടുകളിൽ നിന്നുള്ള ഗ്രേ വാട്ടർ, വാണിജ്യ സ്ഥാപനങ്ങളിലെ മലിനജലം എന്നിവ ശാസ്ത്രീയമായി കൈകാര്യം ചെയ്യേണ്ടതാണ്. സോക്ക് പിറ്റ്, ഗ്രേ വാട്ടർ റീസൈക്ലിംഗ് യൂണിറ്റുകൾ, കിച്ചൻ ഗാർഡൻ ഫിൽട്രേഷൻ

സംവിധാനങ്ങൾ എന്നിവ തദ്ദേശീയമായി നടപ്പാക്കാം. നഗരസഭാ പരിധിയിൽ ചെറിയ തോതിലുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ (STP) സ്ഥാപിച്ച് ശുദ്ധീകരിച്ച വെള്ളം പുനരുപയോഗിക്കാവുന്നതാണ്.

## ആശുപത്രി മാലിന്യം

ആശുപത്രികൾ, ലാബുകൾ തുടങ്ങിയവയിൽ നിന്നുള്ള മാലിന്യങ്ങൾ കർശനമായ മാനദണ്ഡങ്ങൾ അനുസരിച്ച് വേർതിരിച്ച് കൈകാര്യം ചെയ്യണം. ജില്ലയിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളും ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് തദ്ദേശ സ്ഥാപനങ്ങൾ ഉറപ്പാക്കണം. അംഗീകൃത ബയോമെഡിക്കൽ വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റുകളുമായി ബന്ധിപ്പിച്ച് സംസ്കരണം നടത്തണം. ആരോഗ്യ പ്രവർത്തകർക്കും ശുചീകരണ തൊഴിലാളികൾക്കും സ്ഥിരം പരിശീലനവും ബോധവൽകരണവും അനിവാര്യമാണ്.

## സാനിറ്ററി മാലിന്യം



സാനിറ്ററി നാപ്കിൻ, ഡയപ്പർ, ഇൻകണ്ടിനൻസ് പാഡ് തുടങ്ങിയ മാലിന്യങ്ങൾ പ്രത്യേകമായി ശേഖരിച്ച് സംസ്കരിക്കണം. സ്കൂളുകൾ, പൊതുസ്ഥാപനങ്ങൾ, വീടുകൾ എന്നിവിടങ്ങളിൽ സാനിറ്ററി മാലിന്യ ശേഖരണ സംവിധാനങ്ങൾ ഒരുക്കണം. തദ്ദേശസ്ഥാപന തലത്തിൽ ചെറിയ ഇൻസിനറേറ്ററുകൾ സ്ഥാപിച്ച് സംസ്കരണം നടത്താം. സ്ത്രീകളെയും മുതിർന്ന കുട്ടികളെയും ലക്ഷ്യമിട്ടുള്ള ബോധവൽകരണ പരിപാടികൾ ഈ മേഖലയിൽ അനിവാര്യമാണ്.

## അറവ് മാലിന്യം

അറവ് കേന്ദ്രങ്ങൾ, മാർക്കറ്റുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ പരിസ്ഥിതിക്കും ആരോഗ്യത്തിനും വലിയ ഭീഷണിയാണ്. ജില്ലയിൽ ലൈസൻസുള്ള അറവുശാലകൾ മാത്രമേ പ്രവർത്തിക്കാവൂ എന്നത് കർശനമായി നടപ്പാക്കണം. അറവ് മാലിന്യങ്ങൾ ബയോഡൈജസ്റ്റർ, റെൻഡറിംഗ് യൂണിറ്റ് തുടങ്ങിയ സംവിധാനങ്ങൾ വഴി സംസ്കരിക്കാം. അനധികൃത അറവുശാലകൾ നിയന്ത്രിക്കുകയും മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിർബന്ധമാക്കുകയും ചെയ്യുന്നത് തദ്ദേശ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്.

## ഇ-വേസ്റ്റ് (ഇലക്ട്രോണിക് മാലിന്യം) സംസ്കരണം

ഇ-വേസ്റ്റ് (ഇലക്ട്രോണിക് മാലിന്യം) സംസ്കരണം ശാസ്ത്രീയമായും തദ്ദേശീയമായും പ്രതിരോധിക്കുന്നതിന് സമഗ്രമായ ഇടപെടലുകൾ അനിവാര്യമാണ്. പഴയ മൊബൈൽ ഫോണുകൾ, കമ്പ്യൂട്ടറുകൾ, ടി.വി, ഫ്രിഡ്ജ്, വയറുകൾ, ബാറ്ററികൾ തുടങ്ങിയ ഇ-വേസ്റ്റ് ഉറവിടത്തിൽ തന്നെ വേർതിരിച്ച് ശേഖരിക്കണം. മറ്റ് മാലിന്യങ്ങളോടൊപ്പം ഇ-വേസ്റ്റ് നിക്ഷേപിക്കുന്നത് തടയുകയും “ഇ-വേസ്റ്റ് വേറിട്ട മാലിന്യം” എന്ന ബോധം പൊതുസമൂഹത്തിൽ വളർത്തുകയും വേണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇ-വേസ്റ്റ് ശേഖരണ കേന്ദ്രങ്ങൾ (Collection Points) സ്ഥാപിക്കാം. ഹരിതകർമസേന മുഖേന ഇ-വേസ്റ്റ് ശേഖരണ ക്യാമ്പയിനുകൾ സംഘടിപ്പിച്ച് അംഗീകൃത റിസൈക്ലിംഗ് യൂണിറ്റുകളിലേക്ക് കൈമാറുന്ന

സംവിധാനം ശക്തിപ്പെടുത്തണം. സ്കൂളുകൾ, കോളേജുകൾ, സർക്കാർ ഓഫീസുകൾ എന്നിവയെ കേന്ദ്രീകരിച്ച് “ഇ-വേസ്റ്റ് ഡ്രോപ്പ് ബോക്സ്” സംവിധാനം നടപ്പാക്കുന്നതും ഫലപ്രദമായിരിക്കും. ഇ-വേസ്റ്റ് കൈകാര്യം ചെയ്യുന്നത് പരിസ്ഥിതിയ്ക്കും മനുഷ്യാരോഗ്യത്തിനും അപകടകരമായതിനാൽ ശാസ്ത്രീയ പരിശീലനം ലഭിച്ച തൊഴിലാളികളിലൂടെ മാത്രമേ ഇത് നടത്താവൂ. അനധികൃതമായി കത്തിക്കൽ, പൊതുയിടങ്ങളിൽ തള്ളൽ, കുട്ടികളെയോ അസംഘടിത തൊഴിലാളികളെയോ ഉപയോഗിച്ചുള്ള വേർതിരിക്കൽ എന്നിവ നിരോധിക്കണം. ജില്ലാ ഭരണകൂടം, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്ഥാപനങ്ങൾ എന്നിവ ചേർന്ന് ഇ-വേസ്റ്റ് നിയമങ്ങൾ നടപ്പാക്കി സ്ഥിരം പരിശോധനകളും പിഴയും ഏർപ്പെടുത്തണം. തദ്ദേശീയ പ്രതിരോധത്തിന്റെ ഭാഗമായി EPR [Extended Producer Responsibility] സംവിധാനങ്ങൾ ഫലപ്രദമായി നടപ്പാക്കണം. ഇലക്ട്രോണിക് ഉപകരണ നിർമ്മാതാക്കളെയും വിതരണക്കാരെയും ഉൾപ്പെടുത്തി പഴയ ഉപകരണങ്ങൾ തിരികെ സ്വീകരിക്കുന്ന സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കണം. ഉപഭോക്താക്കൾക്ക് റിട്ടേൺ,ടേക്ക് ബാക്ക് പദ്ധതികളെക്കുറിച്ച് ബോധവൽകരണം നൽകി, പുതിയത് വാങ്ങുമ്പോൾ പഴയത് കൈമാറുന്ന സംസ്കാരം വളർത്തേണ്ടതാണ്. ഇ-വേസ്റ്റ് മൂലമുണ്ടാകുന്ന പരിസ്ഥിതി മലിനീകരണവും ആരോഗ്യ അപകടങ്ങളും കുറയ്ക്കാൻ വിദ്യാർത്ഥികൾ, യുവജന ക്ലബ്ബുകൾ, റെസിഡന്റ് അസോസിയേഷനുകൾ എന്നിവയെ പങ്കെടുപ്പിച്ച് ബോധവൽകരണ പരിപാടികൾ സംഘടിപ്പിക്കണം.

## പൊതുവിട മാലിന്യ സംസ്കരണം

പൊതുവിട മാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പാക്കുന്നതിനായി തദ്ദേശീയമായ ഇടപെടലുകൾ അത്യന്താപേക്ഷിതമാണ്. പൊതുവഴികൾ, ബസ് സ്റ്റാൻഡുകൾ, മാർക്കറ്റുകൾ, പാർക്കുകൾ, ആരാധനാലയ പരിസരങ്ങൾ, ടൂറിസം കേന്ദ്രങ്ങൾ തുടങ്ങിയ ഇടങ്ങളിൽ ഉറവിടത്തിൽ തന്നെ മാലിന്യ വേർതിരിവ് ഉറപ്പാക്കുന്ന സംവിധാനം ഒരുക്കണം. ജൈവവും അജൈവവുമായ മാലിന്യങ്ങൾക്ക് പ്രത്യേകം കളർ കോഡ് ഉള്ള ബിന്നുകൾ സ്ഥാപിച്ച് ജനങ്ങളെ അത് ശരിയായ രീതിയിൽ ഉപയോഗിക്കാൻ ബോധവത്കരിക്കേണ്ടതാണ്. ഹരിതകർമസേനയുടെ സേവനം ശക്തിപ്പെടുത്തി ദിവസേന മാലിന്യ ശേഖരണവും നിരീക്ഷണവും നടത്തുന്നത് അനിവാര്യമാണ്. ജൈവ മാലിന്യങ്ങൾ അതത് പ്രദേശങ്ങളിൽ തന്നെ സംസ്കരിക്കുന്നതിന് ചെറുകിട കമ്പോസ്റ്റ് യൂണിറ്റുകൾ, ബയോ ബിൻ സംവിധാനങ്ങൾ, എയ്റോബിക് കമ്പോസ്റ്റിംഗ് കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കാം. മാർക്കറ്റുകളിലും ഉത്സവകാലങ്ങളിലും ഉണ്ടാകുന്ന ഭക്ഷ്യമാലിന്യങ്ങൾ ശാസ്ത്രീയമായി കമ്പോസ്റ്റാക്കി മാറ്റുന്നത് മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ സഹായിക്കും. അതോടൊപ്പം, അജൈവ മാലിന്യങ്ങൾ മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റി (MCF) കേന്ദ്രങ്ങളിലേക്ക് കൈമാറുന്നതിനുള്ള തദ്ദേശീയ ശേഖരണ ശൃംഖല വിപുലമാക്കണം.



## ജലമലിനീകരണം

ജലമലിനീകരണം കുറയ്ക്കുന്നതിനായി എല്ലാ വ്യവസായ യൂണിറ്റുകളിലും കാര്യക്ഷമമായ മലിനജല ശുദ്ധീകരണ പ്ലാന്റുകൾ (ETP) നിർബന്ധമാക്കണം. ചെറിയ വ്യവസായങ്ങൾക്ക് ചെലവുകുറഞ്ഞ കോമൺ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ (CETP) സ്ഥാപിച്ച് കൂട്ടായ ശുദ്ധീകരണം ഉറപ്പാക്കുന്ന മാതൃകകൾ സ്വീകരിക്കാം. മലിനജലം ശുദ്ധീകരിച്ചശേഷം മാത്രമേ പ്രകൃതിദത്ത ജലസ്രോതസ്സുകളിലേക്ക് ഒഴുക്കാവൂ എന്നത് നടപ്പിലാക്കണം. ഇതോടൊപ്പം മലിനജലത്തിന്റെ ഗുണനിലവാരം സ്ഥിരമായി നിരീക്ഷിക്കുന്ന സംവിധാനങ്ങളും വേണം.



ജല പുനരുപയോഗം മലിനീകരണം കുറയ്ക്കാനുള്ള പ്രധാന നിർദ്ദേശമാണ്. വിജയകരമായ മാതൃകകൾ സൂചിപ്പിക്കുന്നത് ശുദ്ധീകരിച്ച മലിനജലം വീണ്ടും വ്യവസായ പ്രവർത്തനങ്ങൾക്കോ തോട്ടം നനയ്ക്കലിനോ ഉപയോഗിക്കുമ്പോൾ ശുദ്ധജല ഉപയോഗവും മലിനീകരണവും ഒരുമിച്ച് കുറയ്ക്കാൻ സാധിക്കുമെന്നതാണ്. ജില്ലയിൽ ഈ രീതികൾ പ്രോത്സാഹിപ്പിക്കാൻ നയപരമായ പിന്തുണയും സാങ്കേതിക മാർഗനിർദേശങ്ങളും നൽകേണ്ടതുണ്ട്. ഹരിതകേരളം മിഷൻ നടത്തിയ ഇടപെടലുകൾ ജലമലിനീകരണം ലഘൂകരിക്കുന്നതിൽ നിർണായക നേട്ടങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. വ്യവസായ മലിനീകരണത്തിന്റെ ദോഷഫലങ്ങളെക്കുറിച്ച് പൊതുസമൂഹത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ബോധവൽകരണം നടത്തിയത് പ്രധാന നേട്ടമായി വിലയിരുത്തപ്പെടുന്നു.

## വായു മലിനീകരണം

ഭൗമപരവും സാമൂഹികവുമായ സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി അത്യാധുനിക സാങ്കേതികവിദ്യകളെ ആശ്രയിക്കാതെ തന്നെ നടപ്പിലാക്കാവുന്ന ലളിതവും പ്രായോഗികവുമായ പ്രവർത്തനങ്ങൾ വഴി വായു മലിനീകരണം ഗണ്യമായി കുറയ്ക്കാൻ കഴിയും. വ്യവസായ സ്ഥാപനങ്ങളിൽ ഇന്ധനമായി ഉപയോഗിക്കുന്ന ഗുണമേന്മ കുറഞ്ഞ കൽക്കരി, ടയർ, പ്ലാസ്റ്റിക്, മാലിന്യം എന്നിവ പൂർണമായി ഒഴിവാക്കി വിറക്, തേങ്ങച്ചിപ്പ്, നെല്ല് തൂമ്പ് പോലുള്ള ലഭ്യമായ ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കണം. ഇഷ്ടികച്ചൂളകളിലും റൈസ് മില്ലുകളിലും ഉണ്ടാകുന്ന പൊടി പറക്കൽ കുറയ്ക്കാൻ വെള്ളം തളിക്കൽ എന്നിവ പ്രായോഗികമാണ്. വ്യവസായ പരിസരങ്ങളിലും റോഡരികുകളിലും മാവ്, വേപ്പ്, നെല്ലി, പുളി പോലുള്ള നാട്ടുമരങ്ങൾ നട്ടുവളർത്തി പച്ചപ്പുകൾ സൃഷ്ടിക്കുന്നത് വായുവിലെ പൊടികണങ്ങൾ ആഗിരണം ചെയ്യാൻ സഹായിക്കും. മെഷീനുകളുടെ പരിപാലനം, തുറന്ന സ്ഥലങ്ങളിൽ മാലിന്യം കത്തിക്കുന്നത് നിരോധിക്കൽ തുടങ്ങിയ ലളിത നടപടികൾ ഫലപ്രദമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വ്യവസായ ഉടമകൾ, തൊഴിലാളികൾ എന്നിവർ ചേർന്ന് സ്വയംനിയന്ത്രണ സമിതികൾ രൂപീകരിച്ച് നിരന്തര പരിശോധനയും ബോധവൽകരണവും നടത്തിയാൽ ജില്ലയിലെ വ്യവസായ മേഖലയിൽ വായു മലിനീകരണം കുറയ്ക്കാൻ സാധിക്കും.

അദ്ധ്യായം 3

# ഹരിതകേരളം മിഷൻ നടത്തിയ ഇടപെടലുകളും നേട്ടങ്ങളും

2016 ഡിസംബർ മുതൽ 2025 ഡിസംബർ വരെയുള്ള കാലയളവിൽ ഹരിതകേരളം മിഷൻ്റെ പിന്തുണയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തിയ ഇടപെടൽ സാധ്യതകളാണ് രണ്ടാം അധ്യായത്തിൽ പ്രതിപാദിച്ചിരുന്നത്. ആ സാധ്യതകളിൽ നടത്തിയ ഇടപെടലുകളും നേട്ടങ്ങളുമാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്.

ജില്ലയിൽ വ്യത്യസ്ത പദ്ധതികളിലൂടെയും പരിപാടികളിലൂടെയും പരിസ്ഥിതി പുനഃസ്ഥാപനം സാധ്യമാക്കുന്നതിനും സ്വാഭാവികമായ പച്ചപ്പ് വീണ്ടെടുക്കുന്നതിനും ശ്രദ്ധേയമായ പദ്ധതികൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കി മാതൃകകൾ സൃഷ്ടിക്കുന്നതിനു കഴിഞ്ഞ പത്ത് വർഷക്കാലത്തെ സംയോജിത ഇടപ്പെടൽകൊണ്ട് ഹരിതകേരളം മിഷന് സാധിച്ചിട്ടുണ്ട്. പരിസ്ഥിതി പുന:സ്ഥാപനം, വനസംരക്ഷണം, ജലസംരക്ഷണം, മണ്ണ്-ജലസമ്പത്ത് സംരക്ഷണം, നഗര-ഗ്രാമ ശുചിത്വം തുടങ്ങിയ ഒട്ടനവധി മേഖലകളിൽ സമഗ്രമായിട്ടുള്ള ഇടപെടലുകൾ കഴിഞ്ഞ പത്ത് വർഷങ്ങളിൽ നടത്തിയിട്ടുണ്ട്.

ഹരിതകേരളം മിഷന്റെ സമഗ്ര ഇടപെടലിലൂടെ പല

പാരിസ്ഥിതിക പ്രശ്നങ്ങളുടെയും തീവ്രത ഗണ്യമായി കുറച്ചിട്ടുണ്ട്. വരൾച്ച കുറയ്ക്കാൻ ഭൂഗർഭജല നിരപ്പ് ഉയർത്തുന്നതിനുള്ള ഇടപെടൽ നടത്തി. കുടിവെള്ള ക്ഷാമം പരിഹരിക്കാൻ പൊതു-സ്വകാര്യ കിണറുകളുടെ റീചാർജിംഗ്, മഴവെള്ള സംഭരണം തുടങ്ങിയവ നടപ്പിലാക്കി. മലിനീകരണം തടയാൻ പുഴ, നീർത്തട പുനരുജ്ജീവന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ചു. ജലാശയങ്ങളുടെ വരൾച്ച ഒഴിവാക്കാൻ കുളങ്ങളുടെ പുനരുദ്ധാരണം, ഫാം പോണ്ടുകൾ നിർമ്മിക്കൽ തുടങ്ങിയവയും ഒപ്പം പച്ചത്തുരുത്ത്, വൃക്ഷവൽക്കരണ ക്യാമ്പയിനുകളും നടപ്പിലാക്കി.

## മാലിന്യ സംസ്കരണം

ശാസ്ത്രീയവും സമഗ്രവുമായ മാലിന്യസംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനും അതുവഴി സമ്പൂർണ്ണമായ മാലിന്യസംസ്കരണം സാധ്യമാക്കുന്നതിനും വലിയ ശ്രമങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 2016 മുതൽ ജില്ലയിൽ നടന്നുവരുന്നുണ്ട്. ഇതിന്റെ ഭാഗമായിട്ടാണ് 2016 ൽ ഹരിതകേരളം മിഷന് രൂപം നൽകിയത്. ഇതോടെ മാലിന്യസംസ്കരണ രംഗത്ത് വലിയ മാറ്റം കൊണ്ടുവരാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചു. ഹരിതകർമ്മസേന രൂപീകരണം, അജൈവമാലിന്യ ശേഖരണം ഉറപ്പാക്കൽ, ഉറവിട മാലിന്യസംസ്കരണത്തിനുള്ള ഉപാധികൾ ഒരുക്കൽ, മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കൽ, അജൈവ മാലിന്യസംഭരണത്തിനായി മിനി എം.സി.എഫുകൾ, എം.സി. എഫുകൾ, ആർ.ആർ.എഫുകൾ എന്നിവ സജ്ജമാക്കൽ തുടങ്ങി നിരവധിയായ ഇടപെടലുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇതിനോടകം നടത്തിയിട്ടുണ്ട്.




നിലവിൽ 259.07 ടൺ അജൈവ മാലിന്യമാണ് പ്രതിദിനം ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്നത്. അവയിൽ ഹരിതകർമ്മസേന 233.16 ടൺ നീക്കം ചെയ്യുന്നുണ്ട്. 2016 മുതൽ 2020 വരെ ജില്ലയിൽ ശരാശരി 58% യൂസർഫീ കളക്ഷനാണ് ലഭിച്ചിരുന്നതെങ്കിൽ ഹരിതകർമ്മസേനാംഗങ്ങളുടെ തീവ്ര പ്രവർത്തനത്തിലൂടെ യൂസർഫീ ശരാശരി 86 ശതമാനത്തിലേക്ക് എത്തിയിരിക്കുന്നുവെന്നത് മാലിന്യനീക്കത്തിൽ കൈവരിച്ച നേട്ടം തന്നെയാണ്.


5 മാസംകൊണ്ട് ശേഖരിച്ചത് 1,773 ടൺ മാലിന്യം

**ഹരിതകർമസേനക്കരുത്ത്; ക്ലീനാണ് ജില്ല**

ജില്ലയിൽ 71501 (74%) വ്യാപാര സ്ഥാപനങ്ങളിൽ നിന്നും, 674081 (86%) വീടുകളിൽ നിന്നും അജൈവമാലിന്യങ്ങൾ ഹരിതകർമ്മസേനാംഗങ്ങൾ നീക്കം ചെയ്യുന്നുണ്ട്. ജില്ലയിൽ തുടക്കത്തിൽ 2774 ഹരിതകർമ്മസേനാംഗങ്ങളാണ് പ്രവർത്തിച്ചു കൊണ്ടിരുന്നത്. നിലവിൽ 3332

ഹരിതകർമ്മസേനാംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അജൈവ മാലിന്യം ശേഖരിച്ചുവെക്കുന്നതിനു ജില്ലയിൽ 1608 മിനി മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ (മിനി എം.സി.എഫ്), 109 മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ (എം.സി.എഫ്), 10 റിസോഴ്സ് റിക്കവറി ഫെസിലിറ്റി(ആർ.ആർ.എഫ്) സ്ഥാപിച്ചിട്ടുണ്ട്. 604.44 ടൺ ജൈവമാലിന്യമാണ് ഓരോ ദിവസവും ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്നത്. അവയിൽ 483.55 ടൺ മാലിന്യമാണ് സംസ്കരിക്കുന്നത്.


നാപ്കിൻ സംസ്കരണം

നഗരസഭയുടെ ഇൻസിനറേറ്റർ പദ്ധതി സംസ്ഥാന തലത്തിലേക്ക്

ഖരമാലിന്യങ്ങൾ സംസ്കരിക്കാനായി തദ്ദേശീയ തലത്തിൽ വിവിധ പദ്ധതികൾ ഉണ്ടെങ്കിലും സ്ത്രീകളും കുട്ടികളും കിടപ്പുരോഗികളും ഉപയോഗിക്കുന്ന സാനിറ്ററി പാഡുകളുടെ സംസ്കരണം ജില്ലയിൽ ഒരു പ്രതിസന്ധി തന്നെയായിരുന്നു. ഇത് പരിഹരിക്കുന്നതിനായി കേരളത്തിൽ ആദ്യമായി ഒരു ശ്രമമുണ്ടായത് പാലക്കാട് നഗരസഭയിലാണ്. കൊടുമ്പ് ഗ്രാമ പഞ്ചായത്തിലെ വാർഡ് 2 ൽ സ്ഥിതി ചെയ്യുന്ന ട്രഞ്ചിംഗ് ഗ്രൗണ്ടിലാണ് കമ്മ്യൂണിറ്റി സാനിറ്ററി ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുള്ളത്. നഗരസഭയുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന കാര്യക്ഷമമായ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ വഴിവിളക്കായി ഈ പ്ലാന്റ് നിലകൊള്ളുന്നു. ഇതിനെ തുടർന്ന് ജില്ലയിലെ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സാനിറ്ററി മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

കോഴിയറവു മാലിന്യങ്ങളുടെ സംസ്കരണം മുൻവർഷങ്ങളിൽ വെല്ലുവിളി ഉയർത്തിയിരുന്ന ഒരു പ്രശ്നമായിരുന്നു. എന്നാൽ 2022-23 ൽ ജില്ലയിൽ ചിക്കൻ റെന്ററിംഗ് പ്ലാന്റുകൾ പ്രവർത്തനമാരംഭിച്ചതോടെ കോഴിയറവ് മാലിന്യങ്ങളുടെ സംസ്കരണം എന്ന പ്രതിസന്ധി പരിഹരിക്കാൻ സാധിച്ചു. തുടക്കത്തിൽ ഇത്തരത്തിൽ 7 പ്ലാന്റുകളാണ് ജില്ലയുടെ വിവിധ ഭാഗങ്ങളിലായി സ്ഥാപിക്കപ്പെട്ടത്. ഇതിൽ രണ്ട് റെന്ററിംഗ് പ്ലാന്റുകൾ ഇപ്പോൾ പ്രവർത്തനക്ഷമമല്ലെങ്കിലും 5 പ്ലാന്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കോട്ടോപ്പാടം, പുതുശ്ശേരി, എരുത്തേമ്പതി, മുതലമട എന്നീ ഗ്രാമ പഞ്ചായത്തുകളിലും, ചെർപ്പുളശ്ശേരി നഗരസഭയിലുമാണ് അവ പ്രവർത്തിക്കുന്നത്. ഹരിതകേരളം മിഷന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പരിശോധനാ ടീമിന്റെയും ഇടപെടലിന്റെ ഫലമായി ജില്ലയിൽ മാലിന്യങ്ങൾ കത്തിക്കുന്നതിൽ പത്ത് വർഷത്തിനിടയ്ക്ക് നല്ല കുറവുണ്ടായി.




ഹരിതകേരളം മിഷന്റെ സജീവ ഇടപെടലുകളുടെ ഫലമായി ജില്ലയിൽ "ടേക്ക് എ ബ്രേക്ക്" കേന്ദ്രങ്ങൾ ശുചിത്വത്തിന്റെയും പരിസ്ഥിതി സൗഹൃദ വികസനത്തിന്റെയും മാതൃകകളായി മാറിയിട്ടുണ്ട്. 158 ടേക്ക് എ ബ്രേക്കുകൾ ജില്ലയിൽ നിലവിൽ സജ്ജീവമായി പ്രവർത്തിച്ചു വരുന്നു.

സമ്പൂർണ്ണ ശുചിത്വ ജില്ലയാക്കി മാറ്റുന്നതിനു വേണ്ടി ജില്ലയിൽ വിവിധ ക്യാമ്പയിനുകൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. 2016-ൽ ഹരിതകേരളം മിഷനും ശുചിത്വ മിഷനും ചേർന്ന് സ്വച്ഛ് ഭാരത് അഭിയാൻ പരിപാടിയുടെ ഭാഗമായി വ്യാപകമായ ശുചീകരണ പ്രക്രിയകൾ നടത്തി പൊതുനിരത്തുകളും പാതയോരങ്ങളും ജലാശയങ്ങളും വൃത്തിയാക്കി. ആകെ 5084 മാലിന്യക്കൂനകൾ നീക്കം ചെയ്യുകയുണ്ടായി. ഇതിന്റെ ഭാഗമായി റെയിൽവേയിൽ 1.4 ലക്ഷം ബയോ ടോയ്‌ലെറ്റുകൾ സ്ഥാപിക്കുകയും ചെയ്തു. കണ്ടെത്തിയ മാലിന്യക്കൂനകൾ നിർമ്മാർജനം ചെയ്യുവാനും ആ സ്ഥലങ്ങളിൽ മനോഹരമായ പൂന്തോട്ടങ്ങൾ പോലെയുള്ള സംവിധാനം സ്ഥാപിക്കുവാനും സാധിച്ചു. തുടർന്നുള്ള വർഷങ്ങളിൽ ഉറവിടത്തിൽ മാലിന്യം സംസ്കരിക്കുക, പ്ലാസ്റ്റിക് നിരോധനം നടപ്പാക്കുക, പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുക, ഹരിതവിദ്യാലയമാക്കുക, ബോധവൽക്കരണം നടത്തുക എന്നീ ലക്ഷ്യത്തോടെ വിവിധ ക്യാമ്പയിനുകൾ ജില്ലയിൽ വിജയകരമായി നടത്താൻ സാധിച്ചു.



2023 ലെ വലിച്ചെറിയൽമുക്തം ക്യാമ്പയിന്റെ ഭാഗമായി ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റു സർക്കാർ സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിലെ മാലിന്യക്കൂനകളും, മാലിന്യ നിക്ഷേപ കേന്ദ്രങ്ങളും നീക്കം ചെയ്ത് ശേഷം

പ്രസ്തുത സ്ഥലങ്ങളിൽ പൂന്തോട്ടം, പാർക്ക്, ആകർഷകമായ ചിത്രങ്ങൾ എന്നിവ കൊണ്ട് മനോഹരമാക്കി മാറ്റാൻ സാധിച്ചു.



2023 നവംബർ 15 ബുധൻ

കുട്ടികളുടെ ഹരിതസഭ

## മാലിന്യനിർമാർജനത്തിൽ കുഞ്ഞുകരങ്ങളും

സ്വന്തം ലേഖകൻ

കേരളത്തെ സമ്പൂർണ മാലിന്യമുക്ത സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ 2023 മാർച്ചിൽ ആരംഭിച്ച മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ ജില്ലയിൽ ശ്രദ്ധേയമായ മുന്നേറ്റം ഉണ്ടാക്കിയിട്ടുണ്ട്. യൂസർഫീ കളക്ഷൻ, പൊതു ഇടങ്ങളുടെയും ജലാശയങ്ങളുടെയും ശുചീകരണം, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കൽ, ജനകീയ പങ്കാളിത്തം വർദ്ധിപ്പിച്ചുള്ള പൗരവിദ്യാഭ്യാസ പ്രവർത്തനങ്ങൾ, തദ്ദേശ അടിസ്ഥാനത്തിലും മണ്ഡലാടിസ്ഥാനത്തിലുമുള്ള ക്യാമ്പയിനുകൾ എന്നിവ ഇതിനോടകം സംഘടിപ്പിച്ചിട്ടുണ്ട്. ക്യാമ്പയിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിതസഭ പൂർത്തീകരിക്കുകയും ഹരിത ഓഡിറ്റിങ്ങും റിപ്പോർട്ട് തയ്യാറാക്കലും അവതരണവും നടത്തുകയും ചെയ്തു.

| | ഹരിത പ്രഖ്യാപനങ്ങൾ |
|---|---|
| ഹരിത അയൽക്കൂട്ടം | 29046 |
| ഹരിത സ്ഥാപനം | 4970 |
| ഹരിത വിദ്യാലയം | 1171 |
| ഹരിത കലാലയം | 111 |
| ഹരിത സുന്ദര ടൗണുകൾ | 291 |
| വൃത്തിയുള്ള പൊതുസ്ഥലങ്ങൾ | 268 |
| ഹരിത ടൂറിസം കേന്ദ്രങ്ങൾ | 37 |



ഇതിന്റെ തുടർച്ചയായി 2024 ഒക്ടോബർ മുതൽ 2025 മാർച്ച് 30 വരെ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനം ജില്ലയിൽ ഊർജ്ജിതമായി നടന്നു. ടൗണുകൾ, കച്ചവട സ്ഥാപനങ്ങൾ, ബൾക്ക് വേസ്റ്റ് ജനറേറ്റേർസ്, ടൂറിസം കേന്ദ്രങ്ങൾ, ഓഫീസുകൾ, സ്കൂളുകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയിലെ ജൈവ-അജൈവ-ദ്രവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിലെ ഗ്യാപ്പുകൾ കണ്ടെത്തി പരിഹരിച്ച് ഹരിത കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവർത്തനമാണ് നടത്തിയിട്ടുള്ളത്. ഈ ക്യാമ്പയിന്റെ ഭാഗമായി ജില്ലയിലെ 4970 സ്ഥാപനങ്ങളെ ഹരിതസ്ഥാപനങ്ങളായും, 1171 വിദ്യാലയങ്ങളെ ഹരിത വിദ്യാലയങ്ങളായും, 111 കലാലയങ്ങളെ ഹരിത കലാലയങ്ങളായും, 37 ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായും, 291 ടൗണുകളെ ഹരിത ടൗണുകളായിട്ടും മാറ്റുന്നതിന് സാധിച്ചിട്ടുണ്ട്. .



## പ്രളയാനന്തര പ്രവർത്തനം

2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ പാലക്കാട് - കൽപ്പാത്തി പുഴയോരത്തെ സുന്ദരം കോളനി, ശംഖുവാരത്തോട്, ഗായത്രിപ്പുഴയോരം എന്നിവിടങ്ങളിൽ വലിയ പ്രശ്നങ്ങളുണ്ടാക്കിയിരുന്നു. വെള്ളക്കെട്ട് നീങ്ങിയ പ്രദേശങ്ങളും വീടുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, വിവിധ വകുപ്പുകൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ ശുചീകരണം നടത്തി. ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ കിണറുകളിൽ സൂപ്പർ ക്ലോറിനേഷൻ നടത്തി. എലിപ്പനി പ്രതിരോധ ഗുളിക പ്രളയം ബാധിച്ച സ്ഥലങ്ങളിൽ വിതരണം ചെയ്തു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 275 പൊതുകിണറുകളും 4358 സ്വകാര്യ കിണറുകളും ശുചീകരിച്ചു. കുടുംബശ്രീ ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ പുഴ മാലിന്യം ശേഖരിക്കൽ 19 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നു. ഹരിതകേരളം മിഷന്റെയും കേരള സ്റ്റേറ്റ് ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് ടെക്നീഷ്യൻമാരുടെ സംഘടനകളുടെയും നേതൃത്വത്തിൽ രൂപീകരിച്ച നൈപുണ്യകർമ്മസേന പ്രളയത്തിൽ തകർന്ന വീടുകളിലെ അറ്റകുറ്റപ്പണികൾ നിർവ്വഹിച്ചു. അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ പ്രളയം ബാധിച്ച കിണറുകളിലെ സാമ്പിൾ ശേഖരിച്ച് ഹരിതകേരളം മിഷന്റെയും ഐ.ആർ.ടി.സി.യുടെയും നേതൃത്വത്തിൽ പരിശോധന നടത്തി കുടുംബാംഗങ്ങൾക്ക് ആവശ്യമായ നിർദ്ദേശവും നൽകി. മിക്ക കിണറുകളിലും ബാക്ടീരിയ പോലുള്ളവ കണ്ടെത്തുകയും ക്ലോറിനേഷൻ നടത്തുകയും ചെയ്തു.

ജില്ലയിലെ വിവിധ മാലിന്യ നിക്ഷേപ കേന്ദ്രങ്ങളിൽ മാലിന്യം നീക്കം ചെയ്ത് പച്ചത്തുരുത്ത്, പൂന്തോട്ടം, പാർക്ക് തുടങ്ങിയവയാക്കി മാറ്റി സൗന്ദര്യവൽക്കരണം നടത്തി. അതിൽ ചില മാതൃകകൾ ചുവടെ ചേർത്തിട്ടുണ്ട് :-



- കാഞ്ഞിരപ്പുഴയിലെ കുമ്പളംചോല ഭാഗത്ത് ഉപയോഗശൂന്യമായി കിടന്ന ക്വാറി പരിസരത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ സാധ്യതകൾ ഉപയോഗപ്പെടുത്തി ഹരിതകേരളം മിഷന്റെ പിന്തുണയോടെ തൈ നട്ടു കൊണ്ടാണ് കുമ്പളംചോല പച്ചത്തുരുത്ത് പ്രവർത്തികൾ 2021 ൽ ആരംഭിക്കുന്നത്. പ്രാരംഭഘട്ടത്തിൽ ക്വാറിവേസ്റ്റുകളാലും മാലിന്യ കൂമ്പാരത്തിനാലും മൂടി കിടക്കുന്നിരുന്ന സ്ഥലത്ത് നിലവിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകളെല്ലാം ഉപയോഗിച്ചുകൊണ്ട് ജാക്ക് ഫ്രൂട്ട് ഫോറസ്റ്റ്, മുരിങ്ങ പ്ലാന്റേഷൻ, മുളക്കാട്, ചെണ്ടുമല്ലി കൃഷിക്ക് നിലമൊരുക്കൽ, എന്നീ പ്രവൃത്തികളും, വൈവിധ്യമാർന്ന കരിമ്പനക്കാട്, ചോളകൃഷിക്ക് നിലമൊരുക്കൽ, ഡ്രാഗൺ ഫ്രൂട്ട് കൃഷി, പാഷൻ ഫ്രൂട്ട് കൃഷി, കശുമാവിൻ തോട്ടം നിർമ്മാണം, എന്നിങ്ങനെ ഏകദേശം 5 ഏക്കറിലധികം പ്രദേശത്ത്

പച്ചത്തുരുത്ത് വ്യാപിച്ചുകിടക്കുന്നു.

● ഷൊർണ്ണൂർ നഗരസഭയിലെ പ്രധാന റോഡുകളിലെ ഇരുവശങ്ങളിലും 2016 വരെ മാലിന്യനിക്ഷേപം വ്യാപകമായിരുന്നു. തുടർന്നുവന്ന ഭരണസമിതികളുടെയും ഹരിതകേരളം മിഷന്റെയും പ്രവർത്തനഫലമായി നഗരസഭയിലെ പ്രധാന ടൗണുകളായ കുളപ്പുള്ളി, ഷൊർണ്ണൂർ ബസ് സ്റ്റാന്റ്, റയിൽവേ സ്റ്റേഷൻ പരിസരം എന്നിവിടങ്ങളിൽ റോഡിനിരുവശവും സ്റ്റീൽതൊട്ടികളിൽ വിവിധയിനം പൂച്ചെടികളും ഔഷധ ചെടികളും സ്ഥാപിച്ചുകൊണ്ട് സൗന്ദര്യവൽക്കരണം നടത്തുകയും മാലിന്യനിക്ഷേപം പൂർണ്ണമായി പരിഹരിക്കുവാൻ കഴിയുകയും ചെയ്തു. മേൽ പ്രദേശങ്ങളിലെ ഓട്ടോറിക്ഷ, ടാക്സി, ചുമട്ടുതൊഴിലാളികളെ പ്രയോജനപ്പെടുത്തികൊണ്ട് തൈകളുടെ പരിപാലനം കാര്യക്ഷമമാക്കുകയും ചെയ്തു. നിലവിൽ നഗരസഭ മാലിന്യരഹിതമായി മാറിയിട്ടുണ്ട്. മാലിന്യനിർമ്മാർജ്ജനത്തിനും നഗരസൗന്ദര്യവൽക്കരണത്തിനും വിവിധ അവാർഡുകൾ നഗരസഭ കരസ്ഥമാക്കിയിട്ടുണ്ട്.



● തൃത്താലയിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 2021 ൽ "സുസ്ഥിര തൃത്താല" പദ്ധതിയുടെ ഭാഗമായി ഭാരതപ്പുഴയോരത്ത് തൈകൾ നട്ട് പൂന്തോട്ടമാക്കി മാറ്റിയെടുത്തു. അവിടെയുണ്ടായിരുന്ന മാലിന്യം നിക്ഷേപിക്കൽ പ്രവണത കുറഞ്ഞു. ഇപ്പോൾ വീണ്ടെടുത്ത സ്ഥലം വൈകുന്നേരങ്ങളിൽ ജനങ്ങൾക്ക് പുഴയോരത്ത് വന്നിരിക്കാവുന്ന വിശ്രമസങ്കേതമായി മാറി എന്നത് അഭിമാനകരമാണ്. 25 മുളകളും 45 വൃക്ഷ തൈകളും ഇവിടെ പരിപാലിച്ചു വരുന്നു.

● നെന്മാറ വക്കാവ് ശ്മശാനത്തിന് സമീപമുള്ള പ്രദേശം മാലിന്യനിക്ഷേപ കേന്ദ്രമായിരുന്നു. 2018-19 കാലഘട്ടങ്ങളിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി പ്രത്യേക പ്രൊജക്റ്റ് വെച്ച് വിവിധ വൃക്ഷത്തൈകളും പൂച്ചെടികളും ചെറിയ അലങ്കാര പ്രതിമകളും സ്ഥാപിച്ചു കൊണ്ട് 25 സെന്റ് സ്ഥലത്ത് ഒരു പച്ചത്തുരുത്ത് സ്ഥാപിച്ചു. ഇതോടെ മാലിന്യനിക്ഷേപം പൂർണ്ണമായി ഒഴിവാകുകയും ഒരു ചെറുവനമായി മാറുകയും ചെയ്തു. 19 ഇനങ്ങളിലുള്ള 82 വൃക്ഷങ്ങളും 32 ചെറു ചെടികളും ഈ പച്ചത്തുരുത്തിലുണ്ട്.

● നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വെളിയമ്പള്ളം പ്രദേശം 2016 ന് മുമ്പ് പരിസരവാസികൾ മാലിന്യം നിക്ഷേപിക്കുന്ന പ്രദേശമായിരുന്നു. 2019 കാലയളവിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി, ഹരിതകേരളം മിഷൻ, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് എന്നിവയുടെ സഹകരണത്തോടുകൂടി 200 സെന്റ് സ്ഥലത്ത് വിവിധയിനം വൃക്ഷതൈകൾ, ഔഷധച്ചെടികൾ എന്നിവ നട്ട് വലിയൊരു പച്ചത്തുരുത്ത് സ്ഥാപിച്ചു. അതോടെ മാലിന്യനിക്ഷേപം നിലയ്ക്കുകയും, ഇപ്പോൾ സ്വാഭാവിക വനമായി ആ സ്ഥലം മാറുകയും ചെയ്തിട്ടുണ്ട്. ചിത്രശലഭങ്ങളും വിവിധയിനം പക്ഷികളും വന്നിരിക്കുന്ന ഒരു ചെറുവനമാണ് വെളിയമ്പള്ളം പച്ചത്തുരുത്ത്. 32 ഇനങ്ങളിലുള്ള 241 വൃക്ഷങ്ങൾ ഇപ്പോൾ അവിടെയുണ്ട്.



● എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിലെ തൂറ്റിപ്പാടം പ്രദേശത്തുള്ള ഗായത്രിപ്പുഴ തീരം പത്ത് വർഷങ്ങൾക്ക് മുമ്പ് മാലിന്യനിക്ഷേപ കേന്ദ്രമായിരുന്നു. 2019 ൽ തൊഴിലുറപ്പു പദ്ധതിയിൽ പ്രൊജക്റ്റ് വെച്ച് ഹരിതകേരളം മിഷന്റെ സഹായത്തോടെ 15 സെന്റ് സ്ഥലത്ത് വിവിധയിനം പൂച്ചെടികൾ, മുള, ആര്യവേപ്പ്, ശീമക്കൊന്ന, കണിക്കൊന്ന, മുരിങ്ങ, നാരകം എന്നിവ സ്ഥാപിച്ച് ഈ പ്രദേശത്തെ ഒരു മികച്ച വിശ്രമ കേന്ദ്രവും പച്ചത്തുരുത്തുമായി മാറ്റി. ശാലീനഭംഗിയുള്ള ഗായത്രിപ്പുഴരികിൽ പ്രദേശവാസികളുടെ വിശ്രമ കേന്ദ്രമായി ഇവിടം മാറിയിട്ടുണ്ട്. 12 ഇനത്തിലുള്ള 38 വൃക്ഷങ്ങളും 22 ചെടികളും ഇപ്പോൾ അവിടെയുണ്ട്.

● പാലക്കാട് നഗരസഭയിലെ 40 ഹോട്ട്സ്പോട്ടുകൾ ഹരിതാഭമാക്കാൻ കഴിഞ്ഞിട്ടുണ്ട്. പാലക്കാട് മേപ്പറമ്പ് പേഴുംകര പാലത്തിന് സമീപത്തുള്ള കൽപ്പാത്തിപ്പുഴ തീരം 2016 ന് മുമ്പ് വരെ മാലിന്യനിക്ഷേപ സ്ഥലമായിരുന്നു. ഹരിതകേരളം മിഷന്റെ ഇടപെടലിന്റെ ഫലമായി 22 സെന്റ് സ്ഥലം പൂന്തോട്ടമാക്കി മാറ്റി വീണ്ടെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്രദേശം പാലക്കാട് നഗരസഭ,





പേഴുങ്കര പാലത്തിന് സമീപം
പാതയോരത്ത് 'സ്നേഹാരാമം' ഒരുങ്ങി

പിരായിരി, പുതുപ്പരിയാരം ഗ്രാമപഞ്ചായത്തുകൾ എന്നിവയും അതിർത്തി പങ്കിടുന്നതാണ്. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി പൂന്തോട്ടം സംരക്ഷിക്കാൻ വേലികൾ സ്ഥാപിക്കുകയും ചെയ്തു. പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് മുളവേലിയും, പിരായിരി ഗ്രാമപഞ്ചായത്ത് ജൈവവേലിയും, പാലക്കാട് നഗരസഭ കമ്പിവേലിയും സ്ഥാപിച്ചാണ് ഇപ്പോൾ സംരക്ഷിക്കുന്നത്. 18 മുളകളും 28 വൃക്ഷങ്ങളും 19 ചെറുചെടികളും ഇപ്പോൾ അവിടെയുണ്ട്.

● കോട്ടായി ഗ്രാമപഞ്ചായത്തിലെ കോട്ടായി സെന്ററിൽ ഏറ്റവും കൂടുതൽ മാലിന്യം തള്ളുന്ന വാർഡ് 9 കല്ലേക്കാട് ഇറിഗേഷൻ കനാൽ പരിസരത്ത് തൊഴിലുറപ്പ് പദ്ധതി ഫണ്ട് ഉപയോഗിച്ച് 2021 ൽ പൂർത്തീകരിച്ച ഷട്ടിൽ കോർട്ട് പ്രധാനപ്പെട്ട കളിസ്ഥലമായി മാറിയിരിക്കുന്നു.



●തേങ്കുറുശ്ശി ഗ്രാമപഞ്ചായത്തിൽ മാലിന്യം തള്ളിയിരുന്ന കോച്ചാംകുളം, മാഹാളികുടം, വാലിയാട്ടുകുന്ന് ഇറക്കം, വി-ഗാർഡ് പോയിന്റ്, ഗ്രാമപഞ്ചായത്ത് ശ്മശാനം മുൻവശം എന്നീ അഞ്ചിടങ്ങൾ ബട്ടർഫ്ലൈ ഗാർഡനുകളാക്കി 2022 ൽ മാറ്റിയെടുത്തു. സി.എസ്.ആർ ഫണ്ട് ഒരു ലക്ഷം രൂപ ചെലവഴിച്ചാണ് ഈ സ്നേഹാരാമങ്ങൾ ഒരുക്കിയത്.

### ജലസംരക്ഷണം

ജില്ലയിൽ ജലസംരക്ഷണത്തിനായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ നിരവധി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ജലാശയങ്ങളുടെ പുനരുജ്ജീവനത്തിലും സംരക്ഷണത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് മിഷൻ നടത്തിയ ക്യാമ്പയിനുകൾ ജില്ലയിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ കുറയ്ക്കാൻ സഹായിച്ചിട്ടുണ്ട്. ചിറ്റൂർ മേഖലയിലെ, ഭൂഗർഭജലത്തിന്റെ സ്ഥിതി മെച്ചപ്പെടുത്താൻ ഹരിതകേരളം മിഷൻ നടത്തിയ പ്രവർത്തനങ്ങളും വളരെ പ്രാധാന്യമർഹിക്കുന്നതാണ്.

## നീരൊഴുക്കിന് പുതുജീവൻ

ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ ജനകീയ പങ്കാളിത്തം ഉറപ്പാക്കികൊണ്ട് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ കഴിഞ്ഞ പത്ത് വർഷങ്ങളിലായി നടപ്പിലാക്കിയിട്ടുണ്ട്. ഈ കാലയളവിൽ കൃഷി, കുടിവെള്ളം, ഭൂഗർഭജലവിതാനം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചു. അരുവികളും ചെറുനദികളും വൃത്തിയാക്കൽ, മണ്ണൊലിപ്പ് തടയൽ, ആഴം കൂട്ടൽ തുടങ്ങിയവ നടപ്പാക്കിയിട്ടുണ്ട്. കുളങ്ങളുടെയും



കിണറുകളുടെയും പുനരുജ്ജീവനവും നിർമ്മാണവും പ്രോത്സാഹിപ്പിക്കുന്നതിലൂടെ പ്രാദേശിക ജലസംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിന് മിഷന് കഴിഞ്ഞിട്ടുണ്ട്. കുളങ്ങളുടെ പുനരുജ്ജീവനം, പരമ്പരാഗത ജലാശയങ്ങളുടെ പുനഃസ്ഥാപനം, കിണർ റീചാർജ്ജിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ അടക്കം ഭൂഗർഭജലനിരപ്പ് ഉയർത്തുന്നതിന് സഹായകമായിട്ടുണ്ട്.

ജില്ലയിലെ മലനിരകളിൽ നിന്നുള്ള ജലനിർഗ്ഗമനം സുഗമമാക്കുന്നതിന് നീർച്ചാലുകൾ വീണ്ടെടുക്കുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 'ഇനി ഞാൻ ഒഴുകട്ടെ' ക്യാമ്പയിൻ ജില്ലയിൽ ഊർജ്ജിതമായി നടന്നു. ഒന്നാം ഘട്ടത്തിൽ 85 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 99 നീർച്ചാലുകളിലായി 281.57 കിലോമീറ്റർ ദൂരമാണ് വീണ്ടെടുത്തത്. ഈ ജനകീയ യജ്ഞത്തിൽ 18126 പേർ പങ്കാളികളായി. രണ്ടാം ഘട്ടത്തിൽ 35 തദ്ദേശ സ്വയംഭരണ



സ്ഥാപനങ്ങളിൽ 59 നീർച്ചാലുകളിലായി 96.551 കിലോമീറ്റർ ദൂരം വീണ്ടെടുത്തിട്ടുണ്ട്. മൂന്നാം ഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി ജില്ലയിൽ 346.43 കി.മീ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. പുഴകളും നീർച്ചാലുകളും വീണ്ടെടുക്കാനുള്ള 'ഇനി ഞാൻ ഒഴുകട്ടെ' രണ്ടാം ഘട്ടം പരിപാടിയുടെ തുടർച്ചയായി തെളിനീരൊഴുകും നവകേരളം ക്യാമ്പയിനും ജില്ലയിൽ സംഘടിപ്പിച്ചിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ ഹരിതകേരളം മിഷന്റെയും ശുചിത്വ മിഷന്റെയും പങ്കാളിത്തത്തോടെയും അനുബന്ധ വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടെയും ജില്ലയിൽ നല്ല മാതൃകകൾ സൃഷ്ടിക്കാൻ കഴിഞ്ഞ ക്യാമ്പയിനുകളിൽ ഒന്നായിരുന്നു തെളിനീരൊഴുകും നവകേരളം.

ഹരിതകേരളം മിഷൻ നടപ്പിലാക്കിയ ജലബജറ്റ്, മാപ്പത്തോൺ എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, ഫീൽഡ് തല കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് നീരുറവ് മാസ്റ്റർ പ്ലാൻ പരിഷ്കരിച്ച് ജലസുരക്ഷാ പ്ലാൻ തയ്യാറാക്കി ജില്ലയിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. നിലവിൽ തൃത്താല നിയോജക മണ്ഡലം, ചിറ്റൂർ, ആലത്തൂർ, പട്ടാമ്പി, കുഴൽമന്ദം, നെന്മാറ ബ്ലോക്കുകൾ എന്നിവിടങ്ങളിലും 42 ഗ്രാമപഞ്ചായത്തുകളിലും ജലബജറ്റ് തയ്യാറാക്കിയിട്ടുണ്ട്.



തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2109 കാർഷികക്കുളങ്ങൾ നിർമ്മിക്കുകയും, ഇതിലൂടെ ഏകദേശം 4,67,655 ഘനമീറ്റർ ജലം സംഭരിക്കാനുള്ള ശേഷി സൃഷ്ടിക്കുകയും ചെയ്തു. അതോടൊപ്പം, 9 പുതിയ പൊതുകുളങ്ങൾ നിർമ്മിച്ച് 1220 ഘനമീറ്റർ ജലസംഭരണ ശേഷി ലഭ്യമാക്കി. ജില്ലയിലെ 1175 കുളങ്ങൾ നവീകരിക്കുകയും, ഇതുവഴി 9,23,335.5 ഘനമീറ്റർ അധിക ജലസംഭരണ ശേഷി സൃഷ്ടിക്കപ്പെടുകയും ചെയ്തു. 2021 മുതൽ 2024 വരെ സുസ്ഥിര തൃത്താല പദ്ധതിയിൽ ഉൾപ്പെടുത്തി തൃത്താല മണ്ഡലത്തിൽ മാത്രം 67 പൊതുകുളങ്ങൾ നവീകരിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ പത്ത് വർഷത്തിൽ 3203.955 കിലോമീറ്റർ നീളത്തിൽ തോടുകൾ നവീകരിച്ചു. ഭൂഗർഭജല നിരപ്പ് ഉയർത്തുന്നതിനു സഹായകമായ പെർക്കുലേഷൻ കുഴികൾ 5818 എണ്ണം നിർമ്മിക്കുകയും, ഇതിലൂടെ 78.5 ഹെക്ടർ പ്രദേശത്ത് ജലസംരക്ഷണം സാധ്യമാക്കുകയും ചെയ്തു. കൂടാതെ, മണ്ണൊഴുക്ക് നിയന്ത്രിക്കുന്നതിനായി 13,153 ബ്രഷ്‌വുഡ് ചെക്ക് ഡാമുകളും 4 മേസണറി ചെക്ക് ഡാമുകളും 99 ലൂസ് ബോൾഡർ ചെക്ക് ഡാമുകളും നിർമ്മിച്ചു. ഈ ചെക്ക് ഡാമുകൾ വഴി ആയിരക്കണക്കിന് ഹെക്ടർ പ്രദേശങ്ങളിൽ ജലസംഭരണവും

മണ്ണ് സംരക്ഷണവും ഉറപ്പാക്കി. മഴവെള്ള ശേഖരണത്തിനായി സ്വകാര്യ മേഖലയിൽ 1498 മഴകുഴികൾ സ്ഥാപിച്ച് വർഷംതോറും 83,780 ഘനമീറ്റർ ജലം സംഭരിക്കാൻ കഴിവുണ്ടാക്കി. പൊതുമേഖലയിൽ 62 മഴവെള്ള ശേഖരണ യൂണിറ്റുകൾ സ്ഥാപിച്ച് വർഷംതോറും 1160.2 ഘനമീറ്റർ ജലം ശേഖരിക്കുന്നതിനുള്ള സംവിധാനം ഒരുക്കി. ജലസംരക്ഷണ ബണ്ടുകളുടെ ഭാഗമായി 5,70,408 മീറ്റർ നീളത്തിൽ മൺബണ്ടുകൾ നിർമ്മിച്ചു. നദി പുനരുജ്ജീവന പദ്ധതിയിൽ



256.3 കിലോമീറ്റർ നീളത്തിൽ പ്രവർത്തനങ്ങൾ നടപ്പാക്കി, 93,440 ഘനമീറ്റർ ചെളി നീക്കം ചെയ്തു. കൂടാതെ, കുടിവെള്ള ലഭ്യത വർധിപ്പിക്കുന്നതിനായി 6715 പുതിയ കിണറുകൾ നിർമ്മിക്കുകയും ചെയ്തു.

ജില്ലയിലെ ഏറ്റവും പ്രധാന ജലസ്രോതസ്സായ ഭാരതപ്പുഴയെ വിവിധ പ്രവർത്തനങ്ങളിലൂടെ പുനരുജ്ജീവിപ്പിച്ച് ജലസമൃദ്ധമാക്കുകയും ജലദൗർലഭ്യം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പാലക്കാട് ജില്ലാ പഞ്ചായത്തിന്റെയും ഹരിതകേരളം മിഷന്റെയും സംയോജിത പരിപാടിയാണ് ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതി. ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി ജലാശയങ്ങളിലേക്കുള്ള നീരൊഴുക്ക് സുഗമമാക്കുന്നതിനും ജലാശയങ്ങളെയും പുഴയോരങ്ങളെയും മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിനും സഹായകരമായ ഒരു ജനകീയ പുഴയോര ശുചീകരണ യജ്ഞം നടത്തി. ജില്ലയിലെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയും വിവിധ സർക്കാർ



വകുപ്പുകളുടെയും ഏജൻസികളുടെയും ബഹുജനങ്ങളുടെയും പിന്തുണയോടുകൂടിയാണ് ഈ ജനകീയ പരിപാടി വിജയകരമായി പൂർത്തീകരിച്ചത്. 2024 ഫെബ്രുവരി 8 മുതൽ 2024 മാർച്ച് 2 വരെയാണ് ശുചീകരണ യജ്ഞം നടത്തിയത്. 40 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2224 പേർ പങ്കെടുത്തുകൊണ്ട് 33.47 കി.മീ ദൂരം പുഴയോരം 50 ദിവസങ്ങളിലായി ശുചീകരണം നടത്തി. ശുചീകരണം നടത്തിയ സ്ഥലങ്ങളിൽ ചെടികൾ വെച്ച് ഭംഗിയാക്കി. ശുചീകരിച്ച സ്ഥലങ്ങളിൽ 4 ഗ്രാമപഞ്ചായത്തുകളിലായി 6 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചു. നിലവിൽ ഈ പദ്ധതിയുടെ ഭാഗമായി കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരായി കടവിൽ കുന്തിപ്പുഴയ്ക്ക് കുറുകെ ഗോവൻ മാതൃകയിൽ ജലബന്ധാര തടയണയുടെ നിർമ്മാണം നടന്നുവരുന്നു. പാലക്കാട് ജില്ലാ പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 3.74 കോടി രൂപയാണ് വിനിയോഗിക്കുന്നത്.

ആകെ പരിഗണിക്കുമ്പോൾ, കഴിഞ്ഞ പത്ത് വർഷങ്ങളിലായി നടപ്പാക്കിയ ഈ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഭൂഗർഭജല നില മെച്ചപ്പെടുത്തുന്നതിനും ജലക്ഷാമം കുറയ്ക്കുന്നതിനും കൃഷിയിടങ്ങളുടെ ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനും വലിയ പങ്ക് വഹിച്ചു. ഭാവിയിൽ കൂടുതൽ ദീർഘകാലവും സുസ്ഥിരവുമായ ജലസംരക്ഷണ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ശക്തമായ അടിത്തറ ഈ പ്രവർത്തനങ്ങൾ ഒരുക്കിയിട്ടുണ്ട്.

### ഭൂഗർഭ ജലത്തിന്റെ സ്ഥിതിയിൽ വന്ന മാറ്റങ്ങളും കുടിവെള്ളക്ഷാമം കുറച്ചതും

കാർഷികമേഖലയായ ചിറ്റൂർ ബ്ലോക്ക് ഒരു മഴനിഴൽ പ്രദേശമായതിനാൽ ഇവിടെ ജലസേചനത്തിനായി കർഷകർ കിണറുകളെയും കുഴൽക്കിണറുകളെയും അമിതമായി ആശ്രയിച്ചിരുന്നു. ഇങ്ങനെ ഉണ്ടായ അമിത ജല ചൂഷണം പ്രദേശത്തെ ദീർഘകാലം 'അമിതചൂഷണ മേഖല' എന്ന നിലയിൽ എത്തിച്ചു. 2017 വരെ 100 ശതമാനത്തിന് മുകളിൽ (പ്രതിവർഷം റീചാർജ്ജ്

ചെയ്യുന്നതിനേക്കാൾ കൂടുതൽ ഉപയോഗിക്കുന്നു) ജലം ഉപയോഗിക്കുന്ന അമിതചൂഷണം എന്ന വിഭാഗത്തിലായിരുന്നു ചിറ്റൂർ ബ്ലോക്ക്. കേരളത്തിൽ ഈ അവസ്ഥയിലുള്ള ഏക ബ്ലോക്കായിരുന്നു



ഇത്. തുടർന്ന് ഹരിതകേരളം മിഷൻ ഉൾപ്പെടെയുള്ള ഏജൻസികൾ നടത്തിയ ഇടപെടൽ മൂലം 2020 മുതൽ അമിത ജല ചൂഷണം നിയന്ത്രിക്കാനായത് വഴി 90% നും 100% നും ഇടയിൽ ജലം ഉപയോഗിക്കുന്ന (ക്രിട്ടിക്കൽ) വിഭാഗത്തിലേക്ക് ഉയർത്താനായി. ചിറ്റൂർ ബ്ലോക്കിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന ജലസംരക്ഷണ പ്രവർത്തനങ്ങളാൽ ബ്ലോക്കിലെ ഭൂഗർഭ ജലത്തിന്റെ സ്ഥിതി മെച്ചപ്പെടുത്താൻ സഹായിച്ചിട്ടുണ്ട്. ഇത് 70% നും 90% നും ഇടയിൽ എത്തിക്കാനാണ് നമ്മൾ ലക്ഷ്യമിടുന്നത്.

ഇതിനായി ഹരിതകേരളം മിഷൻ നിരവധി ജലസംരക്ഷണ പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത്. വാളയാർ പുഴ, കോരയാർ പുഴ തുടങ്ങിയ നദികളിലും തോടുകളിലും ചെറുകിട തടയണകളും കുറുകെ കെട്ടുകളും നിർമ്മിച്ചു.



നെന്മാറ - കോതക്കുളം : നവീകരണത്തിന് മുമ്പ്

ഇത് ഉപരിതലത്തിൽ കെട്ടിനിർത്തുന്ന വെള്ളം ഭൂമിക്കടിയിലേക്ക് കൂടുതൽ ഇറങ്ങാൻ സഹായിച്ചു. അതോടൊപ്പം നിരവധിയായ റീചാർജ്ജിംഗ് പ്രോജക്റ്റുകൾ ഭൗമശാസ്ത്ര ഗവേഷണ കേന്ദ്രത്തിന്റെ സഹായത്തോടെ ചിറ്റൂരിലെ പ്രദേശങ്ങളിൽ നടപ്പിലാക്കി.


നെന്മാറ - കോതക്കുളം :നവീകരണത്തിന് ശേഷം

നികന്നുപോയ കുളങ്ങൾ, തോടുകൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ വൃത്തിയാക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്തതിലൂടെ പ്രദേശത്തെ ജലലഭ്യത വർദ്ധിപ്പിച്ചു. ഭൂഗർഭജലം അമിതമായി ഊറ്റുന്നത് നിയന്ത്രിക്കാൻ കുഴൽക്കിണർ നിർമ്മാണത്തിന് കർശന നിയന്ത്രണം ഏർപ്പെടുത്തി. ജലത്തിന്റെ ദുർവ്യയം കുറയ്ക്കുന്നതിന് വ്യാവസായിക, ഗാർഹിക ആവശ്യങ്ങൾക്കായുള്ള ജലഓഡിറ്റിംഗ് പ്രോത്സാഹിപ്പിച്ചു. ജലസംരക്ഷണത്തിന്റെ പ്രാധാന്യം, മഴവെള്ള സംഭരണം, കിണർ റീചാർജ്ജിംഗ് എന്നിവയെക്കുറിച്ച് കർഷകർക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണ ക്ലാസുകൾ നൽകി.

ജില്ലയിൽ ചിറ്റൂർ കൂടാതെ മലമ്പുഴയും ക്രിട്ടിക്കൽ വിഭാഗത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത്. സെമി ക്രിട്ടിക്കൽ വിഭാഗത്തിൽ തൃത്താല, പട്ടാമ്പി ബ്ലോക്കുകൾ ഉൾപ്പെടുന്നു. തൃത്താല മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന സുസ്ഥിര തൃത്താല പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഫലമായി 11 അടി താഴ്ചയുണ്ടായിരുന്ന ഭൂഗർഭജലവിതാനം ഒരടി ഉയർത്താൻ സാധിച്ചു. ജില്ലയിലെ എല്ലാ പ്രദേശങ്ങളിലും ഭൂഗർഭ ജലനിരപ്പ് അര അടിയെങ്കിലും ഉയർന്നിട്ടുണ്ടെന്ന് ഭൂഗർഭ ജലവകുപ്പിന്റെ 2024 ലെ



വാർഷിക റിപ്പോർട്ടിൽ പറയുന്നുണ്ട്. ജില്ലയിലുള്ള ക്രിട്ടിക്കൽ, സെമി-ക്രിട്ടിക്കൽ ബ്ലോക്കുകളെ സുരക്ഷിത ബ്ലോക്കുകളിൽ എത്തിക്കാൻ വേണ്ടി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

2016 വരെ ജില്ലയിൽ മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കുടിവെള്ളക്ഷാമം രൂക്ഷമായിരുന്നു. ചിറ്റൂർ, കൊല്ലങ്കോട്, തൃത്താല, മലമ്പുഴ ബ്ലോക്കുകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അതിർത്തി പ്രദേശങ്ങളിലും മാർച്ച് മാസം മുതൽ ഇത് നിത്യകാഴ്ചയായിരുന്നു. വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട വളരെയധികം തുക കുടിവെള്ള വിതരണത്തിനായി ചെലവഴിക്കേണ്ടി വന്നിരുന്നു. 2016 ന് ശേഷം നടപ്പിലാക്കിയ ഇനി ഞാനൊഴുകട്ടെ, റൂം ഫോർ റിവർ, ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതി തുടങ്ങിയ പദ്ധതികളിലൂടെ പുഴകൾ, തോടുകൾ, കുളങ്ങൾ എന്നിവ വീണ്ടെടുക്കാനും ജല ഒഴുക്ക് സുഗമമാക്കാനും ഹരിതകേരളം മിഷന് കഴിഞ്ഞു. ഇത് ഭൂഗർഭജലവിതാനം ഉയർത്താനും കുടിവെള്ളക്ഷാമം കുറയ്ക്കാനും കാരണമായി. ജില്ലയിൽ വിവിധ പ്രദേശങ്ങളിലായി 1175 കുളങ്ങൾ പുനർനിർമ്മിക്കുകയും 1560 കിണറുകൾ റീച്ചാർജ്ജ് ചെയ്യുകയും ചെയ്തത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനും സഹായകരമായി.

## വരൾച്ച പ്രതിരോധം

2016 ന് മുമ്പ് ജില്ലയിലെ പല ബ്ലോക്കുകളും കടുത്ത വരൾച്ചയും ജലക്ഷാമവും നേരിട്ടിരുന്നു. കഴിഞ്ഞ പത്ത് വർഷത്തെ ഇടപെടൽ മൂലം അതിൽ ഒരുപാട് മാറ്റം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് തയ്യാറാക്കി കൂടുതൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിയതു മൂലം ജില്ലയുടെ ജലസ്രോതസുകളിൽ വലിയ മാറ്റം സൃഷ്ടിക്കുവാൻ കഴിഞ്ഞു. കൂടാതെ വനവൽക്കരണവും, പച്ചത്തുരുത്ത് സ്ഥാപിക്കൽ, വൃക്ഷവൽക്കരണം തുടങ്ങിയവ നടപ്പിലാക്കിയതും മൂലം ഭൂഗർഭ ജലനിരപ്പ് ഉയർത്താനും, ഗ്രാമങ്ങളിലെ കുടിവെള്ള ലഭ്യത സ്ഥിരതയുള്ളതാക്കാനും, വരൾച്ചയുടെ ആഘാതം കുറയ്ക്കാനും സാധിച്ചതായി വിവിധ വകുപ്പുകളുടെ പഠനങ്ങളും ഗ്രാമപഞ്ചായത്തുതല റിപ്പോർട്ടുകളും വ്യക്തമാക്കുന്നു.



ആലത്തൂർ ബ്ലോക്കിൽ 2016 വരെ കുടിവെള്ളക്ഷാമം ഏറ്റവും കടുത്തതായിരുന്നു. കുളങ്ങൾ മലിനമാകുകയും ഗായത്രിപ്പുഴ ഭാഗത്ത് പുഴയുടെ ഒഴുക്ക് തടസ്സപ്പെടുകയും ചെയ്തിരുന്നു. 2016 ന് ശേഷം നടത്തിയ പുഴ-പുനരുജ്ജീവന പ്രവർത്തനങ്ങൾ, ചെറുകുളങ്ങളുടെ ശുചീകരണം, കുന്നിൻ പ്രദേശങ്ങളിലെ വൃക്ഷവൽക്കരണം തുടങ്ങിയവ കുടിവെള്ള ലഭ്യത സ്ഥിരതയുള്ളതാക്കാൻ സഹായിച്ചു. ആലത്തൂർ ബ്ലോക്കിൽ മഴയുടെ ലഭ്യത കുറവായിട്ടു പോലും വെള്ളം സംഭരിക്കുന്ന സംവിധാനങ്ങൾ വർധിച്ചതോടെ കുടിവെള്ള സംഭരണം ഫലവത്തായി. ഒറ്റപ്പാലം ബ്ലോക്കിൽ 2016 വരെ വേനൽക്കാലത്ത് കിണറുകൾ ആവർത്തിച്ച് വരണ്ടിരുന്നുവെങ്കിലും 2016-ൽ ശേഷം പാടശേഖരങ്ങൾ ജലസംരക്ഷണ മാതൃകകളിലൂടെ പുനരുജ്ജീവിപ്പിച്ചതോടെ കിണറുകളുടെ ജലനിരപ്പ് മെച്ചപ്പെട്ടിട്ടുണ്ട്.

പാലക്കാട് ബ്ലോക്കും മലമ്പുഴ ബ്ലോക്കും 2016 വരെ വരൾച്ചയും ചൂടും കാരണം ഉപരിതലജല നഷ്ടവും ജലക്ഷാമവും അനുഭവിച്ചിരുന്നുവെങ്കിലും 2016 ന് ശേഷം മഴവെള്ളം സംഭരിക്കാനായി കുളങ്ങൾ, തടയണകൾ, പരമ്പരാഗത തോടുകൾ, കാഡ കനാലുകൾ തുടങ്ങിയവ പുനർനിർമ്മിച്ചതോടെ ജലനിരപ്പ് വർദ്ധിച്ചതായി ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ജലഗവേഷണ വകുപ്പിന്റെ പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്. കാവശ്ശേരി തുടങ്ങിയ പ്രദേശങ്ങളിൽ തോടുകളിലെ ഒഴുക്ക് തിരിച്ചുവരുകയും ചുറ്റുമുള്ള കിണറുകൾക്ക് സ്ഥിരമായ ജലലഭ്യത കൈവരുകയും ചെയ്തു. നെന്മാറ ബ്ലോക്കിൽ 2016 വരെ വരൾച്ച കൃഷിയെ തന്നെ തകർക്കുന്ന അവസ്ഥയുണ്ടായിരുന്നെങ്കിലും 2016 ന് വിവിധ പ്രദേശങ്ങളിൽ ജലസംഭരണ കേന്ദ്രങ്ങൾ രൂപീകരിച്ചതോടെ കൃഷിയിൽ സ്ഥിരതയും കുടിവെള്ള ലഭ്യതയും ഉറപ്പായി.

## മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം കുറയ്ക്കാൻ സാധിച്ചത്

2016 വരെ ജില്ലയിലെ അട്ടപ്പാടി, മണ്ണാർക്കാട്, നെല്ലിയാമ്പതി, നെന്മാറ പ്രദേശങ്ങളിൽ മണ്ണിടിച്ചിൽ ഒരു പ്രധാന പ്രകൃതി പ്രതിഭാസമായിരുന്നു. ജലാശയങ്ങളിലെ ഒഴുക്ക് തടസ്സപ്പെടുന്നതു മൂലമുള്ള വെള്ളപ്പൊക്കവും ജില്ലയിലെ ഒരു പ്രധാന പ്രശ്നമായിരുന്നു. ഇനി ഞാനൊഴുകട്ടെ I, II, III ഘട്ടങ്ങൾ, ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതി തുടങ്ങിയ ക്യാമ്പയിനുകളിലൂടെ ജലാശയങ്ങളിലെ മാലിന്യങ്ങൾ ജില്ലയിൽ നീക്കം ചെയ്തിട്ടുണ്ട്. സുരക്ഷിതമാക്കാം പശ്ചിമഘട്ടം - മാപ്പത്തോൺ പദ്ധതിയിലൂടെ കണ്ടെത്തിയ നീർച്ചാലുകളിലെ തടസങ്ങൾ നീക്കുന്നതിനുള്ള പ്രവർത്തങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. ഹരിതകേരളം മിഷന്റെ മേൽ പ്രവർത്തനങ്ങൾ ജലാശയങ്ങളിലെ ഒഴുക്ക് സുഗമമാക്കി വെള്ളപ്പൊക്കം നിയന്ത്രിക്കാനും വെള്ളം കെട്ടി നിന്നുള്ള മണ്ണിടിച്ചിൽ കുറയ്ക്കാനും ഒരു പരിധി വരെ സഹായിച്ചിട്ടുണ്ട്.



2018 ലെ കനത്ത മഴയിലും വെള്ളപ്പൊക്കത്തിലുമുണ്ടായ സാമ്പത്തിക-സാമൂഹിക പ്രശ്നങ്ങളെ കുറിച്ച് പഠിക്കുക എന്ന ലക്ഷ്യത്തോടെ ജില്ലയിൽ ഹരിതകേരളം മിഷൻ, ചിറ്റൂർ കോളേജ് ഭൂമിശാസ്ത്ര വിഭാഗം അധ്യാപകർ, തദ്ദേശ സ്വയംഭരണ വകുപ്പ് മേധാവികൾ എന്നിവർ ചേർന്ന് പ്രളയഭൂപടം തയ്യാറാക്കി. പാലക്കാട് ജില്ലയിൽ പ്രളയ ദുരന്തങ്ങളുടെ ഭാഗമായി പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ ഫ്ളഡ് മാപ്പിംഗ് തയ്യാറാക്കി പ്രകാശനം നിർവ്വഹിച്ചിരുന്നു.

## പശ്ചിമഘട്ട സംരക്ഷണം - മാപ്പ് ചെയ്ത് നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ

കാലാവസ്ഥാ വ്യതിയാനം നമ്മുടെ ദൈനംദിന ജീവിതത്തിൽ ഏതൊക്കെതരത്തിലാണ് നേരിട്ട് സ്വാധീനം ചെലുത്തുന്നതെന്ന് 2015 മുതൽ നാം നേരിട്ടു കൊണ്ടിരിക്കുന്ന പ്രകൃതി ദുരന്തങ്ങൾ ഉദാഹരണമാണ്. കടുത്ത വരൾച്ചയും ഓഖി ചുഴലിക്കാറ്റും രണ്ട് വെള്ളപ്പൊക്കങ്ങളും മുണ്ടക്കൈ-ചൂരൽമല ഉരുൾപ്പൊട്ടലുമൊക്കെ ഉണ്ടാക്കിയ ദുരന്തങ്ങളുടെ വ്യാപ്തി ഇത് വ്യക്തമാക്കുന്നുണ്ട്. ഇത്തരം ദുരിതങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിലുള്ള ആസൂത്രണങ്ങളും പരിഹാരമാർഗ്ഗങ്ങളും ആവശ്യമാണ്. അനിയന്ത്രിതമായ നിർമ്മാണങ്ങളും ജനപ്പെരുപ്പവും പ്രകൃതിയിൽ ഒട്ടേറെ മാറ്റങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഈ മാറ്റങ്ങൾ നീർച്ചാലുകളിലും ജലസ്രോതസ്സുകളിലും ഒട്ടേറെ മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്.

ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ ഹരിതകേരളം മിഷന്റെയും റീബിൽഡ് കേരളയുടെയും സംസ്ഥാന ഐ.ടി മിഷന്റെയും മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെയും സഹായത്തോടെ പശ്ചിമഘട്ട മലനിരകളോടു ബന്ധപ്പെട്ട് നിൽക്കുന്ന മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നീർച്ചാലുകൾ മാപ്പ് ചെയ്യുന്ന പദ്ധതിയായ 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം - മാപ്പത്തോൺ' ജില്ലയിൽ വിജയകരമായി പൂർത്തീകരിക്കാൻ സാധിച്ചു.



ജില്ലയിൽ 51 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാപ്പത്തോൺ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. ജില്ലയിൽ 2022 ഒക്ടോബർ 20 ന് മുണ്ടൂർ ഗ്രാമപഞ്ചായത്തിൽ വെച്ച് ആരംഭിച്ച മാപ്പത്തോൺ ഫീൽഡ് പ്രവർത്തനം 2023 സെപ്റ്റംബർ 20 നു നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലാണ് അവസാനിച്ചത്. ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരും, ഇന്റേൺ ട്രയിനിമാരും, മാപ്പത്തോൺ ഇന്റേൺസുമാരും ചേർന്നാണ് മാപ്പത്തോൺ ഫീൽഡ് വർക്ക് പൂർത്തിയാക്കിയത്. 51 ഗ്രാമപഞ്ചായത്തുകളിലായി 2323 സ്ട്രീമുകളാണ് ഫീൽഡിൽ നിന്ന് മാപ്പ് ചെയ്തിട്ടുള്ളത്. വനത്തിൽ ചെന്നെത്താൻ കഴിയാത്ത ദുർഘടമായ പ്രദേശത്തെ സ്ട്രീമുകൾ ഒഴികെ ബാക്കിയെല്ലാം മാപ്പ് ചെയ്യാൻ ഇത് വഴി നമുക്കായി. ആകെയുള്ള 2649 എണ്ണത്തിൽ 233 സ്ട്രീമുകൾ ഫീൽഡിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല.



മാപ്പത്തോൺ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മാപ്പ് ഉപയോഗിച്ച് നഗരവൽകരണം, വനനശീകരണം തുടങ്ങി മനുഷ്യ ഇടപെടലുകളാൽ നീർച്ചാൽ ശ്യംഖലകൾക്കും കൃഷിക്കും തടസ്സം ഉണ്ടായിട്ടുള്ള സ്ഥലങ്ങൾ കൃത്യമായി നിർണയിക്കുന്നതിനും നീർച്ചാലിന്റെ ഒഴുക്കിലും വെള്ളപ്പൊക്കത്തിന്റെ ആവൃത്തിയിലും കാലക്രമേണ ഉണ്ടാകുന്ന മാറ്റം മോണിറ്റർ ചെയ്യുന്നതിനും, കാലാവസ്ഥാ മാറ്റത്തിന്റെ ഭാഗമായി നീർച്ചാൽ ആവാസ വ്യവസ്ഥയിൽ ഉണ്ടാക്കുന്ന സ്വാധീനം നിർണയിക്കുന്നതിനും അതിന്റെ ആഘാതം തടയുന്നതിനുമുള്ള തന്ത്രങ്ങൾ വികസിപ്പിക്കുന്നതിനും സാധിച്ചു.



## നെല്ലിയാമ്പതി മാപ്പത്തോൺ

ഏറെ സവിശേഷതകൾ നിറഞ്ഞുനിൽക്കുന്ന നെല്ലിയാമ്പതിയിലെ മാപ്പത്തോൺ പ്രവർത്തനങ്ങൾ ഏറെ വ്യത്യസ്തവും സാഹസം നിറഞ്ഞതുമായിരുന്നു. ലോകത്തിലെ ജൈവ വൈവിധ്യപ്രധാനമായ 35 ഇക്കോളജിക്കൽ ഹോട്ട്സ്പോട്ടുകളിൽ ഒന്നായ നീലഗിരി ജൈവമേഖലയുടെ ഭാഗമാണ് നെല്ലിയാമ്പതി. പശ്ചിമഘട്ട പർവ്വത നിരകൾക്കിടയിൽ സമുദ്ര നിരപ്പിൽ നിന്നും 3000 മുതൽ 5000 അടിവരെ ഉയർന്നു നിൽക്കുന്ന നിത്യഹരിതവന പ്രദേശമാണ്. പുരാതന കാലത്ത് വർഷത്തിൽ പത്ത് മാസത്തോളം നിരന്തരമായ മഴയും അതിശൈത്യവും നിലനിന്നിരുന്നു. വനങ്ങൾ നിറഞ്ഞ മലകളിൽ നിന്നും ഉത്ഭവിക്കുന്ന അനേകം ചോലകളും അരുവികളും

പുഴകളും കൊണ്ട് ജലസമ്പന്നവുമായിരുന്നു ഈ പ്രദേശം.

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ നടന്ന മാപ്പിംഗ് പ്രവർത്തനങ്ങളാണ് ജില്ലയിൽ ശ്രദ്ധേയമായത്. ജില്ലയിലെ ഏറ്റവും കൂടുതൽ നീർച്ചാലുകളുള്ള ഗ്രാമപഞ്ചായത്താണ് നെല്ലിയാമ്പതി. 222 നീർച്ചാലുകളാണ് നെല്ലിയാമ്പതിയിൽ മാപ്പിംഗിനായി ഉണ്ടായിരുന്നത്. 2023 സെപ്റ്റംബർ 18, 19, 20 എന്നീ 3 ദിവസങ്ങളിലായാണ് നെല്ലിയാമ്പതിയിലെ മാപ്പിംഗ് പ്രവർത്തനം പൂർത്തീകരിച്ചത്. നവകേരളം മിഷൻ ടെക്നിക്കൽ അസിസ്റ്റന്റും രണ്ട് റിസോഴ്സ് പേഴ്സൺമാരും, മാപ്പത്തോണിനായി തിരഞ്ഞെടുത്ത 10 ഇന്റേൺസുമടങ്ങുന്ന ടീമാണ് മാപ്പത്തോൺ പ്രവർത്തനത്തിൽ ഉണ്ടായിരുന്നത്. ദുർഘടമായ പ്രദേശമായതിനാൽ പ്രദേശികമായി ഏർപ്പാടാക്കിയ ജീപ്പിലും രണ്ട് ബൈക്കുകളിലുമായി 3 ടീമായിട്ടാണ് ഫീൽഡ് പ്രവർത്തനം നടത്തിയത്. അധികപക്ഷം നീർച്ചാലുകളും വനമേഖലയിലും തേയില തോട്ടങ്ങളിലൂടെ ഒഴുകുന്നവയും ആയിരുന്നു. സീതാർകുണ്ട്, കേശവൻപാറ പോലെയുള്ള മലനിരകളിൽ നിന്ന് ഉത്ഭവിച്ചു നെല്ലിയാമ്പതി വനമേഖലകളിലൂടെയും തേയില തോട്ടങ്ങളിലൂടെയും കുളങ്ങളിലേക്കോ, ആൾതാമസ മേഖലകളിലേക്കോ ഒഴുകുന്ന ചാലുകളാണ് കാണപ്പെട്ടിരുന്നത്. മലയിൽ നിന്ന് ഉത്ഭവിച്ച് വനമേഖലകളിൽ കൂടെ ഒഴുകുന്ന നീർച്ചാലുകൾ ആയതിനാൽ മലിനീകരണം കുറവായിരുന്നു.



മാപ്പത്തോണിന്റെ ഭാഗമായി ഫീൽഡിൽ നിന്ന് നീർച്ചാലുകളുടെ നിലവിലുള്ള അവസ്ഥ സംബന്ധിച്ചും അനുബന്ധ വിവരങ്ങളും ശേഖരിച്ചിട്ടുണ്ട്. ഈ രണ്ട് അറിവുകളും ജില്ലയിലെ ഭൂരിപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വെള്ളപ്പൊക്കം, വരൾച്ച, ജലസുരക്ഷ, സ്പേഷിയൽ പ്ലാനിങ്ങ്, ഭാവി നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണം എന്നീ മേഖലകളിൽ ശാസ്ത്രീയവും പ്രകൃതി സൗഹാർദപരവും സുസ്ഥിരവുമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനു അടിസ്ഥാന രേഖയായി പ്രയോജനപ്പെടുത്താൻ കഴിയുന്നുണ്ട്. പശ്ചിമഘട്ട മലകളോടു ചേർന്ന് ജീവിക്കുന്ന ലക്ഷകണക്കിനു മനുഷ്യർക്ക് അവരുടെ ആവാസവ്യവസ്ഥയിൽ തന്നെ സുരക്ഷിത ജീവിതം തുടരുന്നതിന് സഹായകരമായ പ്രാദേശിക ആസൂത്രണത്തിനും ഈ ഭൂപടങ്ങളും അനുബന്ധ വിവരങ്ങളും സഹായകരമാകുന്നുണ്ട്.

## പാറമടകളിലെ വെള്ളം ഉപയോഗപ്പെടുത്തൽ

ഉപേക്ഷിക്കപ്പെട്ട പാറമടകളിൽ സംഭരിക്കപ്പെട്ടിട്ടുള്ള ജലം കരീപ്ര മാതൃകയിൽ കൃഷി, കുടിവെള്ളം മുതലായ ആവശ്യങ്ങൾക്ക് വിനിയോഗിക്കാൻ സാധ്യതയുള്ള ക്വാറികൾ ജില്ലയിൽ കണ്ടെത്തി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ക്യാമ്പയിൻ ജില്ലയിൽ



പുരോഗമിക്കുന്നു. ജലം പുനരുപയോഗിക്കാൻ സാധ്യതയുള്ള പാറമടകൾ കണ്ടെത്തുന്ന പ്രവർത്തനം ജില്ലയിൽ പൂർത്തീകരിച്ചു. ഇതിനായി 83 പാറമടകൾ സന്ദർശിച്ച് വിവരശേഖരണം നടത്തി. ഇതിൽ പദ്ധതി നടപ്പിലാക്കാൻ ഏറ്റവും സാധ്യതയുള്ളതും അനുയോജ്യമായതുമായ 2 പാറമടകൾ തിരഞ്ഞെടുത്തു. കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ ചല്ലിപ്പറമ്പ് ക്വാറിയും തൃത്താല ഗ്രാമപഞ്ചായത്തിലെ മുടവന്നൂർ മബ്രൂക്ക് ക്വാറിയുമാണ് പദ്ധതിക്കായി ജില്ലയിൽ നിന്ന് തിരഞ്ഞെടുത്തിട്ടുള്ളത്.

## തെങ്ങിന് തടം മണ്ണിന് ജലം ക്യാമ്പയിൻ

മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി തെങ്ങിൻ തടങ്ങളിൽ ജലം സംഭരിച്ച് മണ്ണിൽ താഴ്ത്തുന്നതിന് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച നിർണായക ചുവടുവെപ്പാണിത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വിവിധ വകുപ്പുകളും ഏജൻസികളും ചേർന്നാണ് ഇത് നടപ്പാക്കിയത്. മഴവെള്ളം ഒഴുകി പോവാതെ പരമാവധി സംഭരിക്കുകയും ഭൂജലനിരപ്പ് ഉയർത്തുകയുമാണ് ക്യാമ്പയിന്റെ ലക്ഷ്യം. ജില്ലയിൽ മൂന്ന് ബ്ലോക്കുകളിലാണ് ക്യാമ്പയിൻ പ്രവർത്തനം കാര്യക്ഷമമായി നടന്നിട്ടുള്ളത്. കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ കൃഷി വകുപ്പ്, തൊഴിലുറപ്പ് പദ്ധതി മുഖേന ആകെ 581 തെങ്ങുകൾക്ക് തടമെടുത്തു. നെന്മാറ ഗ്രാമപഞ്ചായത്തിൽ 107 തെങ്ങുകൾക്കും പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ 122500 തെങ്ങുകൾക്കും തടമെടുത്തിട്ടുണ്ട്. ഈ ക്യാമ്പയിൻ പ്രവർത്തനം മറ്റു ബ്ലോക്കുകളിലേക്കും വ്യാപിപ്പിക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ ജില്ലയിൽ നടന്നുവരുന്നു.

## അമീബിക് മസ്തിഷ്ക ജ്വരം പ്രതിരോധ പ്രവർത്തനം

അമീബിക് മസ്തിഷ്ക ജ്വരം വളരെ വിരളമായി കാണുന്ന രോഗമാണ്. കേരളത്തിൽ സമീപ വർഷങ്ങളിൽ ഇത് ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2025 സെപ്തംബറിൽ അമീബിക് മസ്തിഷ്ക ജ്വരം പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ നടപ്പാക്കിയ പ്രവർത്തനമാണ് "ജലമാണ് ജീവൻ" ക്യാമ്പയിൻ ജില്ലയിൽ ഹരിതകേരളം മിഷൻ ആരോഗ്യ വകുപ്പുമായി ചേർന്ന് 284466 സ്വകാര്യ/പൊതുകിണറുകളിൽ സൂപ്പർ ക്ലോറിനേഷൻ നടത്തുകയും ജില്ലയിലെ 604 സ്കൂളുകളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്തു.



## കൃഷി - പരിസ്ഥിതി പുന:സ്ഥാപനം

കേരളത്തിന്റെ നെല്ലറ എന്നറിയപ്പെടുന്ന ജില്ലയുടെ കാർഷിക ആവാസവ്യവസ്ഥയെ പുനഃസ്ഥാപിക്കുന്നതിനും പരിസ്ഥിതി സംരക്ഷണത്തിനും വേണ്ടി കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ എന്നിവയെ ഏകോപിപ്പിക്കുന്ന ഒരു പാലമായി ഹരിതകേരളം മിഷൻ പ്രവർത്തിക്കുന്നു. പച്ചത്തുരുത്ത്, തരിശുരഹിത ഗ്രാമം, ഹരിത സമൃദ്ധി വാർഡ്, ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, പച്ചക്കറി കൃഷി വ്യാപന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്.

## തരിശുഭൂമി കൃഷിയോഗ്യമാക്കിയത്

ഹരിതകേരളം മിഷന്റെ ഇടപെടലുകളിലൂടെയും സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിലൂടെയും പ്രത്യേകിച്ച് തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കേരള സർക്കാർ നടപ്പിലാക്കിയ പ്രധാന പദ്ധതിയായ 'സുഭിക്ഷ കേരളം' പോലുള്ള ക്യാമ്പയിനുകളിലൂടെ തരിശുഭൂമി കൃഷിയോഗ്യമാക്കിയിട്ടുണ്ട്. നെൽകൃഷിക്ക് പ്രാധാന്യം നൽകിയിട്ടുള്ള ഒരു മേഖലയായതിനാൽ തരിശായി കിടന്ന പല വയലുകളിലും

വീണ്ടും നെൽകൃഷി ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. നെൽകൃഷിക്ക് പുറമെ മറ്റു കൃഷികളും തരിശുഭൂമിയിൽ വ്യാപിപ്പിച്ചു.




തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കൃഷി യോഗ്യമായിട്ടുള്ള മുഴുവൻ തരിശുഭൂമിയും കൃഷിയിലേക്ക് കൊണ്ടുവന്നുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തരിശുരഹിത പ്രദേശങ്ങളാക്കി മാറ്റുന്നതിനു ഏറ്റെടുത്തിട്ടുള്ള പ്രത്യേകമായിട്ടുള്ള ക്യാമ്പയിനാണ് തരിശുരഹിത ഗ്രാമം. ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ കൃഷിവകുപ്പ്, കുടുംബശ്രീ തുടങ്ങി വിവിധ വകുപ്പുകളുടെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഈ പ്രവർത്തനം നടത്തുന്നത്. ജില്ലയിൽ മുതുതല, കോട്ടായി, കിഴക്കഞ്ചേരി, എലവഞ്ചേരി എന്നീ 4 ഗ്രാമപഞ്ചായത്തുകളാണ് നിലവിൽ തരിശുരഹിതഗ്രാമമായി പ്രഖ്യാപിച്ചിട്ടുള്ളത്. മറ്റു തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഈ ക്യാമ്പയിൻ പ്രവർത്തനം ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്.

തരിശുരഹിത ക്യാമ്പയിന്റെ ഭാഗമായി പട്ടാമ്പി ബ്ലോക്കിലെ മുതുതല ഗ്രാമപഞ്ചായത്തിൽ 5 വർഷമായി നെല്ലുൽപാദന മേഖലയിൽ ഗണ്യമായ വർധനവ് ഉണ്ടായി. ജലഗമനാഗമനത്തിനുള്ള സൗകര്യം ഉള്ളിടത്തോളം സ്ഥലത്ത് നെൽകൃഷി ചെയ്തു കൊണ്ടിരിക്കുന്നു. തരിശു ഇടുന്ന പ്രവണത കർഷകരിൽ കുറഞ്ഞു. കൃഷി ഉടമ നെൽകൃഷി ചെയ്യാൻ വൈമനസ്യം കാണിച്ചാലും പാട്ട കർഷകർ കൃഷി ചെയ്യാൻ തയ്യാറായി വന്നു. നെൽകൃഷി ചെയ്യാൻ യോഗ്യമല്ലാത്തതും കരഭൂമി ആക്കിയതുമായ 35 ഹെക്ടർ സ്ഥലത്ത് വർഷകാല, വേനൽകാല പച്ചക്കറി കൃഷി ചെയ്തു വരുന്നു. കർഷകർക്ക് നെൽകൃഷിയിലും ഇതരകൃഷികളിലും കൃഷിഭവന്റെ സഹായത്തോടെ പഠനക്ലാസ്സുകൾ



സംഘടിപ്പിക്കാറുണ്ട്. ഉള്ള സ്ഥലത്ത് എന്തെങ്കിലും കൃഷി ചെയ്യുന്ന സംസ്കാരം എല്ലാവരിലും വളർത്തിയെടുക്കാൻ ഈ ക്യാമ്പയിൻ മുഖേന സാധിച്ചു. കോട്ടായി ഗ്രാമപഞ്ചായത്തിൽ കണ്ടെത്തിയ 71 ഏക്കർ തരിശു ഭൂമിയിൽ 60 ഏക്കർ ഭൂമി കൃഷിക്കനുയോജ്യമാക്കി മാറ്റാൻ സാധിച്ചു. കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ തരിശായി ബാക്കി കിടന്ന 24.7 എക്കർ ഭൂമി കൃഷിയോഗ്യമാക്കി സമ്പൂർണ്ണ തരിശുരഹിത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിച്ചു. എലവഞ്ചേരി ഗ്രാമപഞ്ചായത്തിൽ 121.55 ഏക്കർ തരിശുഭൂമി കൃഷിയോഗ്യമാക്കി തരിശുരഹിത ഗ്രാമപഞ്ചായത്തായി മാറി. കൂടാതെ സുസ്ഥിര തൃത്താല പദ്ധതിയിൽ തൃത്താല മണ്ഡലത്തിലെ 550 ഹെക്ടർ കൃഷിഭൂമി തരിശായി കിടന്നത് ഉപയോഗയോഗ്യമാക്കി വീണ്ടെടുക്കാൻ സാധിച്ചിട്ടുണ്ട്.

## ജില്ലയിലെ പ്രധാന കൃഷികളും വിളകളും

തരിശായി കിടന്ന വയലുകളിൽ വീണ്ടും നെൽകൃഷി പുനരാരംഭിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കൃഷിഭവനുകൾ എന്നിവ മുഖേന നടത്തിയ ഇടപെടലുകൾ വഴി ധാരാളം പേർ പച്ചക്കറി കൃഷിയിലേക്ക് തിരിഞ്ഞു. വാഴക്കൃഷിയും തരിശുഭൂമിയിൽ വ്യാപകമായി ചെയ്യുന്നു. കപ്പ, ചേന, ചേമ്പ് തുടങ്ങിയ കിഴങ്ങുവിളകളും എള്ള്, നിലക്കടല തുടങ്ങിയവയും ചിലയിടങ്ങളിൽ കൃഷി ചെയ്ത് വരുന്നു. റാഗി, ചാമ, തിന, പോലുള്ള ചെറുധാന്യ കൃഷികൾ, കരിമ്പ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ എന്നിവ ജില്ലയിൽ മാത്രമായി നടപ്പാക്കിയിട്ടുണ്ട്. മില്ലറ്റ് ഗ്രാമം പദ്ധതി, നമ്ത് വെള്ളാമൈ പദ്ധതി തുടങ്ങിയവ സർക്കാർ പദ്ധതികൾ അട്ടപ്പാടി മേഖലയിൽ നടപ്പിലാക്കി വരുന്നുണ്ട്.



മില്ലറ്റ് വില്ലേജ് പദ്ധതിയിൽ അട്ടപ്പാടിയിലെ 97 ഉന്നതികളിലായി 2319 ഹെക്ടറിലാണ് ചെറുധാന്യം കൃഷി ചെയ്യുന്നത്. 1506 ടൺ ആയിരുന്നു ഉൽപ്പാദനം. കൂടാതെ 444 ഹെക്ടറിൽ പയറുവിളകൾ, 447 ഹെക്ടറിൽ എണ്ണക്കുരുക്കൾ, 55 ഹെക്ടറിൽ പച്ചക്കറി, 37 ഹെക്ടറിൽ

ചിയ എന്നിവയും കൃഷി ചെയ്യുന്നുണ്ട്. ചെറുധാധ്യങ്ങളുടെ ഉപയോഗം മൂലം അട്ടപ്പാടിയിലെ ഗോത്ര ജനതയുടെ ആരോഗ്യപ്രശ്നങ്ങൾ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. മില്ലറ്റ് വില്ലേജ് പദ്ധതിയുടെ തുടർപദ്ധതിയായി 2021 മുതൽ റീബിൽഡ് കേരളയുടെ ധനസഹായത്തോടെ അട്ടപ്പാടി സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതി (സിഎഎസ്എഡിപിഎറ്റി) നടപ്പാക്കുന്നു. 7.26 കോടിയാണ് ചെലവഴിച്ചത്.

ജില്ലയിൽ കഴിഞ്ഞ ഒമ്പതുവർഷത്തിനുള്ളിൽ 471.53 ഹെക്ടർ തരിശുഭൂമിയാണ് തിരിച്ചുപിടിച്ചത്. വർഷം ശരാശരി 170 സ്കൂളിൽ പച്ചക്കറികൃഷികൾ ചെയ്യുന്നുണ്ട്. ജൈവകൃഷി 4250 ഹെക്ടറായിരുന്നത് 7634 ഹെക്ടറായി ഉയർത്താനായി. ജില്ലയിലെ 76 ഉൽപ്പന്നങ്ങൾക്ക് കേരള അഗ്രോ ബ്രാൻഡിങ് ലഭിച്ചു. ഇതിൽ 10 എണ്ണം അട്ടപ്പാടിയിലെ ചെറുധാന്യ ഉൽപ്പന്നങ്ങൾക്കാണ് ലഭിച്ചത്. 3,956 കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചു. ഒമ്പത് കർഷക ഉൽപ്പാദന ഓർഗനൈസേഷനുകളും പ്രവർത്തിക്കുന്നുണ്ട്. 63 മൂല്യവർധിത കൃഷിക്കൂട്ടങ്ങൾക്കും 16 സേവന കൃഷിക്കൂട്ടങ്ങൾക്കും വെഞ്ചർ ക്യാപ്പിറ്റൽ ഫണ്ടും ലഭ്യമാക്കി.

എല്ലാ വീടുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കൃഷി വകുപ്പിന്റെ സഹായത്തോടെ ഹരിതസമൃദ്ധി വാർഡ് ക്യാമ്പയിനും ജില്ലയിൽ നടപ്പിലാക്കി വരുന്നുണ്ട്. ക്യാമ്പയിന്റെ ഭാഗമായി ജില്ലയിലെ 59 വാർഡുകൾ ഹരിതസമൃദ്ധി വാർഡുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. കിഴക്കഞ്ചേരി, വെള്ളിനേഴി, ചളവറ എന്നീ മൂന്ന് ഗ്രാമപഞ്ചായത്തുകൾ സമ്പൂർണ്ണ ഹരിത സമൃദ്ധി വാർഡുകളുള്ള ഗ്രാമപഞ്ചായത്തുകളായി മാറി. പയർ, ചീര, മത്തൻ, തക്കാളി, മുളക്, വഴുതിന തുടങ്ങിയ പച്ചക്കറി തൈകളും ചുരുങ്ങിയത് 4 ഫലവൃക്ഷങ്ങളും എല്ലാ വീടുകളിലും ഉറപ്പാക്കിയാണ് ഹരിതസമൃദ്ധി വാർഡായി മാറ്റപ്പെട്ടത്.

കഴിഞ്ഞ ഒമ്പതുവർഷത്തിൽ ജില്ലയിലെ കാർഷിക മേഖലയിൽ സർക്കാർ ചെലവഴിച്ചത് 680 കോടി രൂപയാണ്. അതിൽ നെല്ലിനാണ് കൂടുതൽ തുക (138.04 കോടി) ചെലവഴിച്ചത്. പച്ചക്കറി കൃഷിക്കായി 39.14 കോടിയും തെങ്ങിന് 25.56 കോടിയും ജില്ലയിലെ ഫാമുകൾക്ക് 12.36 കോടിയും ചെലവാക്കി. പഴവർഗ്ഗ, ഔഷധസസ്യ, പുഷ്പകൃഷികൾക്കായി 4.52 കോടിയും ജൈവകൃഷി പ്രോത്സാഹനത്തിന് 2.88 കോടിയും സുഗന്ധ വിളകൾക്കായി 1.96 കോടിയും ചെലവഴിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൃഷി പ്രോത്സാഹന പദ്ധതിയിൽ മാത്രം 441.43 കോടിയും ചെലവിട്ടു. ഇതുകൂടാതെ നബാർഡ് വഴിയും 40 കോടിയിലധികം ചെലവഴിച്ചിട്ടുണ്ട്.

## അതിജീവനത്തിന്റെ പച്ചത്തുരുത്തുകൾ

കാലാവസ്ഥാ വ്യതിയാനം പ്രതിരോധിക്കുന്നതിന് ഹരിതകേരളം മിഷന്റെയും വിവിധ സർക്കാർ വകുപ്പുകളുടെയും സാങ്കേതികവും സാമ്പത്തികവുമായ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മിക്കുന്ന ചെറുവനങ്ങളാണ് പച്ചത്തുരുത്തുകൾ. പ്രദേശിക ജൈവവൈവിധ്യ സംരക്ഷണം ലക്ഷ്യമിട്ട് നടത്തുന്ന പച്ചത്തുരുത്ത് പദ്ധതിക്ക് 2019 പരിസ്ഥിതി ദിനത്തിലാണ് ജില്ലയിൽ തുടക്കം കുറിച്ചത്. പൊതുസ്ഥലങ്ങളുൾപ്പെടെ, ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി തനതായ വൃക്ഷങ്ങളും തദ്ദേശീയമായ സസ്യങ്ങളും ഉൾപ്പെടുത്തി സ്വാഭാവിക വനമാതൃകകൾ സൃഷ്ടിച്ച് സംരക്ഷിക്കാനാണ് പച്ചത്തുരുത്ത് പദ്ധതി ലക്ഷ്യമിടുന്നത്.

ജില്ലയിലെ 20 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 25 പച്ചത്തുരുത്തുകളാണ് 2019 ൽ ആരംഭിച്ചിരുന്നത്. നിലവിൽ 82 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 140.78 ഏക്കറിലായി 52187 തൈകൾ നട്ടുകൊണ്ട് 413 പച്ചത്തുരുത്തുകളാണ് നിർമ്മിച്ചിട്ടുണ്ട്. പച്ചത്തുരുത്ത് സംരക്ഷണത്തിനായി ജൈവവേലി കെട്ടി സംഘാടക സമിതികൾ രൂപീകരിച്ച് പരിപാലിച്ചു വരുന്നുണ്ട്. പച്ചത്തുരുത്ത് പുനഃസന്ദർശനം നടത്തി അവസ്ഥ വിലയിരുത്താറുണ്ട്.



## മികച്ച പച്ചത്തുരുത്ത് അവാർഡ്

ഹരിതകേരളം മിഷൻ നടപ്പിലാക്കി വരുന്ന പച്ചത്തുരുത്ത് പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിർമ്മിച്ച ജില്ലയിലെ മികച്ച 3 പച്ചത്തുരുത്തുകൾക്ക് മുഖ്യമന്ത്രിയുടെ സംസ്ഥാനതല പുരസ്കാരം ലഭിച്ചു. സംസ്ഥാന തലത്തിൽ തദ്ദേശസ്ഥാപന വിഭാഗത്തിനുള്ള രണ്ടാം സ്ഥാനം കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിലെ കുമ്പളംചോല പച്ചത്തുരുത്തിനു ലഭിച്ചു. കൊടുമ്പ് ഗ്രാമപഞ്ചായത്തിലെ കരിങ്കരപ്പുള്ളി കനാൽതീരം പച്ചത്തുരുത്ത് സ്പെഷ്യൽ ജൂറി അവാർഡിനു അർഹത നേടി. കോളേജ് വിഭാഗത്തിൽ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ വി.ടി. ഭട്ടതിരിപ്പാട് കോളേജിലെ വാൾട്ടർ വാലി ഫുഡ് ഫോറസ്റ്റ് രണ്ടാം സ്ഥാനം കരസ്ഥമാക്കി. ഓസോൺ ദിനമായ 2025 സെപ്തംബർ 16 നു തിരുവനന്തപുരത്ത് വെച്ചാണ് പുരസ്കാര വിതരണം നിർവ്വഹിക്കപ്പെട്ടത്.



## ഓരോ വിഭാഗത്തിലും ജില്ലാതല അവാർഡ് ലഭിച്ച് സംസ്ഥാന തലത്തിലേക്ക് തിരഞ്ഞെടുത്ത മികച്ച പച്ചത്തുരുത്തുകൾ

തദ്ദേശസ്ഥാപന തലത്തിൽ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിയിലെ കുമ്പളംചോല പച്ചത്തുരുത്ത്, കൊടുമ്പ് ഗ്രാമപഞ്ചായത്തിയിലെ കരിങ്കരപ്പുള്ളി കനാൽ തീരം പച്ചത്തുരുത്ത്, കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിയിലെ വാടിക പച്ചത്തുരുത്ത് എന്നിവയ്ക്ക് ജില്ലയിൽ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിച്ചു. കിഴക്കഞ്ചേരി മമ്പാട് സിഎയുപി സ്കൂളിലെ നവകേരളം പച്ചത്തുരുത്തിന് സ്കൂൾ തലത്തിൽ ഒന്നാം സ്ഥാനവും തിരുമിറ്റകോട് ജിഎച്ച്എസ്എസ് ചാത്തന്നൂരിലെ ആരണ്യകം പച്ചത്തുരുത്തിന് രണ്ടാം സ്ഥാനവും ലഭിച്ചു. കോളജ് തലത്തിൽ ശ്രീകൃഷ്ണപുരം വി ടി ഭട്ടതിരിപ്പാട് കോളജിലെ വാൾട്ടർവാലി ഫ്രൂട്ട് ഫോറസ്റ്റ്, നാഗലശ്ശേരി അഷ്ടാംഗം നവകേരളം പച്ചത്തുരുത്ത് എന്നിവക്ക് ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിച്ചു. മുളംത്തുരുത്ത് വിഭാഗത്തിൽ വടക്കഞ്ചേരിയിലെ പുതുക്കുളം, മംഗലം പുഴയോരം പച്ചത്തുരുത്തുകൾ



## ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻ

കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി അനുഭവപ്പെടുന്ന കഠിനമായ ചൂടിനെ പ്രതിരോധിക്കുകയും, അതിലൂടെ നമ്മുടെ നാടിന്റെ പ്രകൃതിയുടെ പച്ചപ്പ് വർധിപ്പിക്കുകയും ചെയ്യുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ സഹായത്തോടെ 2025 ജൂൺ 5 പരിസ്ഥിതി ദിനം മുതൽ ഒക്ടോബർ 31 വരെ നടപ്പിലാക്കിയ ജനകീയ വൃക്ഷവൽക്കരണ പ്രവർത്തനമാണ് "ഒരു തൈ നടാം". സ്കൂൾ-കോളേജുകളിലെ വിദ്യാർത്ഥികളെയും, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയംഭരണം സ്ഥാപനം, സാമൂഹ്യ വനവൽക്കരണ വകുപ്പ്, തൊഴിലുറപ്പ് പദ്ധതി, കൃഷി വകുപ്പ് തുടങ്ങിയവരെ ഉൾക്കൊള്ളിച്ചാണ് പ്രവർത്തനങ്ങൾ നടത്തിയത്. ക്യാമ്പയിന്റെ ഭാഗമായി ജില്ലയിൽ 1052547 തൈകൾ നടുകയുണ്ടായി.



ആഗസ്റ്റ് 3 ലോക സൗഹൃദ ദിനത്തോട് അനുബന്ധിച്ച് ചങ്ങാതിക്കൊരു തൈ എന്ന പേരിൽ വിദ്യാലയങ്ങളിലും, കോളേജുകളിലും, കുടുംബശ്രീ അയൽക്കൂട്ടങ്ങളിലും പ്രത്യേകമായി തൈകൾ കൈമാറുന്ന പരിപാടി ജില്ലയിൽ സംഘടിപ്പിച്ചിരുന്നു. 266902 വൃക്ഷതൈകൾ ചങ്ങാതിക്കൊരു തൈ ക്യാമ്പയിന്റെ ഭാഗമായി കൈമാറി. കാലാവധി കഴിഞ്ഞു പോകുന്ന ഭരണസമിതി അംഗങ്ങൾ തൈകൾ നട്ടുകൊണ്ട് ഓർമ്മമരം ക്യാമ്പയിനും നടത്തി. ജില്ലയിൽ 12 ഓർമ്മത്തുരുത്തുകളാണ്



ക്യാമ്പയിന്റെ ഭാഗമായി ആരംഭിച്ചത്. ഒരു തൈ നടാം ക്യാമ്പയിന്റെ ഭാഗമായി ജില്ലയിൽ ഏറ്റെടുത്ത തനതു പരിപാടിയായ പനപർവ്വം ക്യാമ്പയിനും സംഘടിപ്പിച്ചിട്ടുണ്ട്.



## കരിമ്പനകൾ തിരിച്ചു വരും

പാലക്കാട് ജില്ലയുടെ അന്യം നിന്നുപോയ പൈതൃക കാഴ്ചയാണ് കരിമ്പനകൾ. പതിയെ വിസ്മൃതിയിലേക്കു പോകുന്ന കരിമ്പനക്കൂട്ടങ്ങളെ തിരികെ പിടിക്കാൻ അതിവിപുലമായ പദ്ധതികളാണ് ഹരിതകേരളം മിഷൻ നടപ്പിലാക്കിയത്. 'പനപർവ്വം' പദ്ധതി ജില്ലയിൽ പരമാവധി കരിമ്പന തൈകൾ നട്ടുപിടിപ്പിക്കുന്നതിനാണ് ശ്രമിച്ചത്. പാടവരമ്പുകൾ, ഒഴിഞ്ഞ സ്ഥലങ്ങൾ, മുൻപ് കരിമ്പനകൾ കൂട്ടമായി വളർന്നു നിന്നിരുന്ന സ്ഥലങ്ങൾ, ഓഫീസ് മുറ്റം, വീടുകൾ തുടങ്ങി കൂട്ടമായോ ഒറ്റക്കോ നടാൻ കഴിയുന്ന എല്ലായിടത്തും കരിമ്പനകൾ നട്ടു. 2025 ജൂൺ മുതൽ ഒക്ടോബർ വരെ അയ്യായിരത്തോളം കരിമ്പനകളുടെ തൈകളാണ് പദ്ധതിയുടെ ഭാഗമായി ജില്ലയിൽ നട്ടത്.

പല്ലശ്ശനയിലെ വാർഡ് 3 ചെട്ടിയാർപ്പാടത്തെ വാമലയും അടിവാരവും പരിസരവും 2020 വരെ മാലിന്യനിക്ഷേപം കൊണ്ട് നിറഞ്ഞ് പാരിസ്ഥിതിക പ്രശ്നങ്ങളും അന്തരീക്ഷമലിനീകരണവും ഉണ്ടാക്കിയിരുന്നു. പാറപൊട്ടിക്കൽ തുടങ്ങിയ മനുഷ്യ ഇടപെടൽ കാരണം വാമലയ്ക്കും അതുമായി ബന്ധപ്പെട്ട ഭൂമേഖലയ്ക്കും ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കൂടി പരിഹരിയ്ക്കാനായി 2020 ൽ നിലവിൽ വന്ന ഭരണസമിതി വാമലയ്ക്ക് താഴെയായി ഒരു പച്ചത്തുരുത്ത് ആരംഭിച്ചു. അതോടൊപ്പം വാമലയിലെ ഒരു ഏക്കർ സ്ഥലത്ത് "പനപർവ്വം" പദ്ധതി നടപ്പിലാക്കി. വേനൽകാലത്ത് പാലക്കാടൻ കരിമ്പനകളിൽ നിന്നും വീണ് കിട്ടുന്ന പനമ്പഴ വിത്തുകൾ കുടുംബശ്രീ പ്രവർത്തകർ, ഹരിതകർമ്മസേന, മെമ്പർമാർ, ആശാവർക്കർമാർ എന്നിവരുടെ വീടുകളിൽ നട്ടുവളർത്തിയ ശേഷം തൊഴിലുറപ്പ് തൊഴിലാളികളുടെ സഹായത്തോടെ പലപ്പോഴായി വാമലയുടെ വിവിധ പ്രദേശങ്ങളിൽ തൈകളാക്കി നട്ടു. 2021 ൽ തുടങ്ങിയ പനപർവ്വം പദ്ധതിയിലൂടെ മൂന്നുവർഷം കൊണ്ട് ഒന്നര ലക്ഷം പനതൈകൾ നട്ടുപിടിപ്പിച്ചു. അവയിൽ ഒരു ലക്ഷത്തോളം തൈകൾ ഇപ്പോൾ വളർന്നു നിൽക്കുന്നുണ്ട്. ഈ പ്രവൃത്തി വാമലയെ സംരക്ഷിക്കാനും പാരിസ്ഥിതിക പ്രശ്നങ്ങൾ ഒഴിവാക്കാനും ഭൂജലനിരപ്പ് വർദ്ധിപ്പിക്കാനും കളമൊരുക്കിയെന്നത് അഭിമാനാർഹമാണ്.

## മുളകൾ വെച്ചുപിടിപ്പിക്കൽ

പുഴയോരങ്ങളിലും കുന്നിൻ ചെരുവുകളിലും മണ്ണിടിച്ചിലും അമിത വെള്ളപ്പൊക്കം മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങളും തടയാൻ ഹരിതകേരളം മിഷന്റെ വനവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി മുളകൾ നട്ടുപിടിപ്പിക്കുന്നുണ്ട്. തൊഴിലുറപ്പു പദ്ധതി, വിവിധ സന്നദ്ധ സംഘടനകൾ, സർക്കാർ സംവിധാനങ്ങൾ തുടങ്ങിയവയുടെ സഹായത്തോടെ ആണ് പദ്ധതി നടപ്പിലാക്കിയത്.

## കുത്തൊഴിക്കിലും പിടിച്ചു നിന്ന മുളങ്കൂട്ടങ്ങൾ

പാലക്കാട് വടക്കഞ്ചേരി, മംഗലംഡാം പ്രദേശത്തുണ്ടായ ഉരുൾപൊട്ടലിൽ വിവിധയിടങ്ങളിൽ നാശം വിതച്ച് മംഗലംപുഴയിലൂടെ മലവെള്ളം കുത്തിയൊഴുകി കടന്നുപോയപ്പോൾ ദേശീയ പാതയിൽ മംഗലംപാലത്ത് പുഴയോരം ഇടിയാതെ ഉറച്ചുനിന്നു. ആറുവർഷം മുമ്പ് ഇവിടെ നട്ടുവളർത്തിയ മുളങ്കൂട്ടങ്ങളായിരുന്നു ഈ കരുത്തിനുപിന്നിൽ.

പോത്തുണ്ടി മേഖലയിൽനിന്നും പൂർണ്ണമായി തുറന്ന മംഗലംഡാമിൽനിന്നും പുഴയിലേക്കെത്തിയ വെള്ളം മുളങ്കൂട്ടങ്ങളെ പൂർണമായി മുക്കിയിരുന്നു. മഴകുറഞ്ഞ് വെള്ളം താഴ്ന്നതോടെ മൺതിട്ടയും മുളങ്കൂട്ടങ്ങളും പഴയതുപോലെ തെളിഞ്ഞു. അല്പം മേൽ മണ്ണ് ഒഴുകിപ്പോയി. നാലോ അഞ്ചോ മുളകൾ വളഞ്ഞു. മറ്റൊന്നും സംഭവിച്ചില്ല. പുഴ കരകവിഞ്ഞ് വീടുകളിലും സ്ഥാപനങ്ങളിലും വെള്ളം കയറിയെങ്കിലും വെള്ളം ശക്തിയായി അടിച്ചുകയറുന്നത് പ്രതിരോധിക്കാൻ മുളങ്കൂട്ടങ്ങൾക്കായി.



ഹരിതകേരളം മിഷന്റെ പച്ചത്തുരുത്ത് പദ്ധതിയിലാണ് മംഗലം പാലത്ത് മുളകൾ വെച്ചത്. പ്രളയത്തിൽ കുറച്ചൊക്കെ നശിച്ചെങ്കിലും വീണ്ടും നട്ടു. താമസിക്കാതെ മുളകൾ വളർന്ന് വേരുറച്ചു. തൊഴിലുറപ്പ്, നാഷണൽ സർവ്വീസ് സ്കീം, പെൻഷനേഴ്സ് യൂണിയൻ, ഹരിത കാർഷിക ക്ലബ് തുടങ്ങിയവർ ചേർന്ന് പച്ചത്തുരുത്ത് പരിപാലിച്ചുവരുന്നു. ഒഴിവുസമയങ്ങളിൽ വന്നിരിക്കാനുള്ള മനോഹരമായ സ്ഥലം കൂടിയായി പച്ചത്തുരുത്ത് മാറി. പരിസ്ഥിതി സംരക്ഷണത്തിൽ പച്ചത്തുരുത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതാണ് മംഗലംപുഴയിലെ മുളന്തുരുത്ത്.

## ഔഷധ സസ്യ ഉദ്യാനങ്ങൾ ഒരുക്കി ഹരിതകേരളം മിഷനും ആയുഷ്മിഷനും

2019 ൽ കേന്ദ്ര സർക്കാരിന്റെ ആയുഷ്മാൻ ഭാരതി പദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ സഹകരണത്തോടെ ജില്ലയിലെ ഗവ.ആയുർവ്വേദ ഡിസ്പെൻസറി പുതുപ്പരിയാരം, ഗവ.ആയുർവ്വേദ ഡിസ്പെൻസറി മാത്തൂർ, ഗവ.ആയുർവ്വേദ ഡിസ്പെൻസറി അലനല്ലൂർ, ഗവ.ഹോമിയോ ഡിസ്പെൻസറി പുതുപ്പരിയാരം, ഗവ.മോഡൽ ഹോമിയോ ഡിസ്പെൻസറി കിണാവല്ലൂർ എന്നീ 5 ഡിസ്പെൻസറികളിലും ഔഷധ ഉദ്യാനം (ഹെർബൽ ഗാർഡൻ)

സ്ഥാപിച്ചു. നെല്ലി, കുറുന്തോട്ടി, കീഴാർനെല്ലി, ബ്രഹ്മി, ചിറ്റമൃത്, മഞ്ഞൾ, കറ്റാർവാഴ, മുത്തിൾ, ആര്യവേപ്പ്, ശതാവരി, ഇഞ്ചി, ആവണക്ക്, തുളസി, കരിനൊച്ചി, ആടലോടകം, അശ്വഗന്ധി എന്നിവ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ഔഷധസസ്യങ്ങളുടെ ശാസ്ത്രനാമവും ഉപയോഗക്രമവും രേഖപ്പെടുത്തിയ വിവരങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഓരോ ഡിസ്പെൻസറിയിലും പ്രത്യേകസമിതി രൂപീകരിച്ച് സസ്യങ്ങളെ പരിപാലിച്ചുവരുന്നു.

## നെറ്റ് സീറോ കാർബൺ കേരളം- ജനങ്ങളിലൂടെ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് നെറ്റ് സീറോ കാർബൺ അവസ്ഥയിൽ എത്തിക്കുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 2022 ൽ ആരംഭിച്ച നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ജില്ലയിൽ നടന്നു വരുന്നുണ്ട്. നെറ്റ് സീറോ ക്യാമ്പയിനുവേണ്ടി ജില്ലയിൽ നിന്ന് 8 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട്. കിഴക്കഞ്ചേരി, പല്ലശ്ശന, പൊൽപ്പുള്ളി, അകത്തേത്തറ, ശ്രീകൃഷ്ണപുരം, വെള്ളിനേഴി, കേരളശ്ശേരി എന്നീ എഴ് ഗ്രാമപഞ്ചായത്തുകളിലും, ഒറ്റപ്പാലം നഗരസഭയിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്.



അംഗൻവാടികളിൽ ഊർജ്ജ സ്വയംപര്യാപ്തത കൊണ്ടുവരുന്നതിനും ഊർജ്ജ കാര്യക്ഷമത വർധിപ്പിക്കുന്നതിനും വേണ്ടി ലക്ഷ്യമിടുന്ന അംഗൻജ്യോതി പദ്ധതി എനർജി മാനേജ്മെന്റ് സെന്ററിന്റെ സഹായത്തോടെ ജില്ലയിലെ 169 അംഗൻവാടികളിൽ നടപ്പിലാക്കി. എൽ.പി.ജി/വിറക് ഇന്ധനമായി ഉപയോഗിക്കുന്ന അംഗൻവാടികളിൽ ബദലായി കാർബൺ ബഹിർഗമനമില്ലാത്തതും ശുദ്ധവും സുരക്ഷിതമായതും അതോടൊപ്പം വേഗത്തിലുള്ള പാചകം ഉറപ്പുവരുത്തുന്നതുമായ വൈദ്യുതി ഇൻഡക്ഷൻ അടുപ്പുകളും, അനുബന്ധ പാത്രങ്ങളുമാണ് പദ്ധതി വഴി വിതരണം ചെയ്തത്.

നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ ഭാഗമായി തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ ഘടകസ്ഥാപനങ്ങളും (ആകെ 145

സ്ഥാപനങ്ങളിൽ) മൊബൈൽ ആപ്പ് ഉപയോഗിച്ച് കാർബൺ എമിഷൻ കണക്കാക്കുന്നതിനുള്ള സർവ്വേ നടത്തി. ഊർജ ഉപയോഗം, മാലിന്യ സംസ്കരണം, മറ്റു ഏതെങ്കിലും തരത്തിൽ കാർബൺ എമിഷനു കാരണമാകുന്നവ എന്നിവ ഉൾപ്പെടുത്തിയുള്ള വിവരശേഖരമാണ് നടത്തിയത്. ആഗിരണം ചെയ്യുന്ന കാർബൺ അളക്കുന്നതിനായി ഓരോ സ്ഥാപനങ്ങളിലെ മരങ്ങളുടെ പഴക്കം, ചുറ്റളവ്, ഇനം എന്നിവ രേഖപ്പെടുത്തി എമിഷൻ അളവ് കണക്കാക്കി റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നുണ്ട്. ഈ റിപ്പോർട്ടുകളിൽ നിന്ന് കാർബൺ സന്തുലനത്തിലേക്ക് എത്തിക്കുവാൻ നിർദ്ദേശങ്ങൾ നൽകുന്നു.



നെറ്റ് സീറോ ക്യാമ്പയിനായി തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക് ഓട്ടോറിക്ഷകൾ വാങ്ങി നൽകി. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കുറഞ്ഞത് ഒരു ഘടക സ്ഥാപനത്തിലെങ്കിലും സോളാർ പാനൽ സ്ഥാപിച്ചു. കാർബൺ ബഹിർഗമന തോത് കുറയ്ക്കാൻ ഇലക്ട്രിക് വാഹനങ്ങളും സോളാർ പാനലുകളും പ്രോത്സാഹിപ്പിക്കപ്പെട്ടു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഊർജ്ജസംരക്ഷണ ക്ലാസുകൾ സംഘടിപ്പിക്കുകയുണ്ടായി. ഊർജ്ജസംരക്ഷണത്തിനു പുറമെ നെറ്റ് സീറോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യസംസ്കരണം, ജലസംരക്ഷണം, കൃഷി എന്നീ മേഖലകളിലും വിവിധ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന അന്തരീക്ഷത്തിലെ ചൂട് നിയന്ത്രിക്കുന്നതിനു സഹായിക്കുന്ന പച്ചത്തുരുത്തുകൾ, ഓരോ പഞ്ചായത്തിന്റെ വിസ്തൃതിക്കനുസരിച്ച് സ്ഥാപിക്കാൻ കഴിഞ്ഞു. അപ്രകാരം 8 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 14.85 ഏക്കർ സ്ഥലത്ത് 36 പച്ചത്തുരുത്തുകൾ സ്ഥാപിക്കാൻ സാധിച്ചു. വെള്ളിനേഴി, കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തുകളെ സമ്പൂർണ്ണ ഹരിത സമൃദ്ധി പഞ്ചായത്തുകളാക്കി മാറ്റാൻ സാധിച്ചു. കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ തരിശുരഹിത ഗ്രാമമായി മാറി.

## സുസ്ഥിര തൃത്താല

തൃത്താല മണ്ഡലത്തിന്റെ സുസ്ഥിരമായ വികസനം സാധ്യമാക്കുന്നതിന് ഭാരതപ്പുഴയുടെ പുനരുജ്ജീവനത്തിനുള്ള പ്രവർത്തനങ്ങൾ, മണ്ണ്-ജലസംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ, ജലസ്രോതസ്സുകളുടെ സംരക്ഷണം, കാർഷികോൽപ്പാദന വർദ്ധനവ്, തരിശുരഹിത

മണ്ഡലമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ശാസ്ത്രീയ മാലിന്യ സംസ്കരണം, ഭാരതപ്പുഴ നദീതടത്തിലെ ടൂറിസം വികസനം എന്നിവ ലക്ഷ്യം വച്ചുകൊണ്ട് സ്ഥലം MLA ആയ ബഹു. തദ്ദേശ സ്വയം ഭരണവും എക്സൈസും വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ തുടക്കം കുറിച്ച പദ്ധതിയാണ് സുസ്ഥിര തൃത്താല. ഭാരതപ്പുഴയുടെ സമീപത്ത് സ്ഥിതി ചെയ്യുന്ന പ്രദേശമായിട്ടും, രൂക്ഷമായ ജലക്ഷാമം നേരിടുന്നത് പരിഹരിക്കുന്നതിനായി സംയോജിതവും ബഹുമുഖവുമായ പരിശ്രമമാണ് ഈ പദ്ധതിയിലൂടെ നടത്തുന്നത്. ഭൂഗർഭ ജലസംരക്ഷണം, മഴവെള്ള സംഭരണം, കാർഷിക കുളങ്ങൾ നിർമ്മിക്കൽ, കനാലുകളും പൊതു കുളങ്ങളും നവീകരിക്കൽ, കിണർ റീച്ചാർജ്ജിംഗ് എന്നിവ പോലുള്ള കൃത്രിമ ഭൂഗർഭജല പരിപോഷണം, കൃഷി വ്യാപനം, കാവുകളുടെയും പച്ചത്തുരുത്തുകളുടേയും വ്യാപനം, സംരക്ഷണം, സമ്പൂർണ്ണ മാലിന്യം നിർമ്മാർജനം തുടങ്ങിയവയാണ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയത്. നെൽകൃഷി, പച്ചക്കറി കൃഷി, മത്സ്യകൃഷി എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകിക്കൊണ്ട് പദ്ധതി കാര്യക്ഷമമായി തുടർന്ന് വരുന്നു. പച്ചക്കറി കൃഷി വർദ്ധിപ്പിക്കുന്നത് കൊണ്ടും സമ്പൂർണ്ണ മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയത് കൊണ്ടും, പ്രദേശത്തിന്റെ കാർബൺ ക്രെഡിറ്റിൽ ഗണ്യമായ മാറ്റമുണ്ടാക്കി. പാരിസ്ഥിതിക പുനഃസ്ഥാപനം, ജൈവവൈവിധ്യ സംരക്ഷണം, പ്രാദേശിക ടൂറിസം വികസനം എന്നിവയ്ക്കുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ബഹുജന പങ്കാളിത്തം ഉറപ്പാക്കിയ ഈ പദ്ധതി ജില്ലയിൽ വലിയ വിജയമാണ്. ഈ വിജയത്തിന്റെ അടിസ്ഥാനത്തിൽ സുസ്ഥിര തൃത്താല മാതൃകയിൽ ജില്ലയിലെ എല്ലാ ബ്ലോക്കുകളിലും ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട് "നീർധാര" പദ്ധതിയും ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്.





അദ്ധ്യായം 4

# സൃഷ്ടിക്കപ്പെട്ട മാതൃകകൾ:

2016 ഡിസംബർ മുതൽ 2025 ഡിസംബർ വരെയുള്ള കാലയളവിൽ ഹരിതകേരളം മിഷന്റെ പിന്തുണയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കിയ വൈവിധ്യമാർന്ന പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളാണ് അധ്യായം 3 ൽ പ്രതിപാദിച്ചിട്ടുള്ളത്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി ദേശീയതലത്തിൽ തന്നെ ഉയർത്തിക്കാണിക്കാവുന്ന അനേകം മാതൃകകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. നവകേരളത്തിന്റെ അഭിമാന ചിഹ്നങ്ങളായി തലയുയർത്തി നിൽക്കുന്ന ഈ മാതൃകകളിൽ പ്രധാനപ്പെട്ട ചിലതാണ് ഈ അധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## സുസ്ഥിര തൃത്താല
## ജലസംരക്ഷണം

കഴിഞ്ഞ പത്ത് വർഷക്കാലം പാലക്കാട് ജില്ലയിൽ ഹരിതകേരളം മിഷന്റെ ഇടപെടലിൽ ശ്രദ്ധേയമായ നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിച്ചു. ഹരിതകേരളം മിഷൻ ഏറ്റെടുത്ത് വിജയിപ്പിച്ച പാലക്കാട് ജില്ലയിലെ ഏറ്റവും മികവുറ്റ പ്രവർത്തനങ്ങളിൽ എടുത്ത് പറയേണ്ട പദ്ധതിയാണ് തൃത്താല നിയോജകമണ്ഡലത്തിൽ, സ്ഥലം MLA ആയ കേരളത്തിൻറെ തദ്ദേശ


ഇന്ത്യയിൽനിന്ന് ഏകപഠനം
സുസ്ഥിര തൃത്താല: മന്ത്രി

4 വർഷം ഭൂജലവിതാനം 82 സെന്റിമീറ്റർ ഉയർന്നു

സ്വയംഭരണ എക്സൈസ് പാർലമെന്ററി കാര്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ 2022 മുതൽ നടപ്പിലാക്കി വരുന്ന രാജ്യാന്തര ശ്രദ്ധ പിടിച്ച് പറ്റിയ "സുസ്ഥിര തൃത്താല"

ഹരിതകേരളം മിഷൻ മുന്നോട്ട് വെയ്ക്കുന്ന വെള്ളം-വൃത്തി-വിളവ് തന്നെയാണ് സുസ്ഥിര തൃത്താല പദ്ധതിയുടെയും ആശയം. വിവിധ വകുപ്പുകളുടെയും മിഷനുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ബഹുജനങ്ങളുടെയും സംയുക്ത സഹകരണത്തോടെ മണ്ഡലത്തിൽ വിജയകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ജലസംരക്ഷണം, മണ്ണ്-പരിസ്ഥിതി പുനഃസ്ഥാപനം, മാലിന്യ നിർമ്മാർജ്ജനം എന്നിവക്കൊപ്പം ഇത്തരം പ്രവർത്തനങ്ങളുടെ ആവശ്യകതയെയും പ്രാധാന്യത്തെയും കുറിച്ച് സമൂഹത്തിന് കൃത്യമായി അവബോധം സൃഷ്ടിക്കുക, സാധാരണ ജനതയുടെ ഉപജീവന സാധ്യതകൾ വർദ്ധിപ്പിക്കുക എന്നിവ അജണ്ടയാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്.


ഭൂഗർഭ ജലത്തിൽ 23214 ഘന മീറ്റർ വർദ്ധന
ഭൂജല സംരക്ഷണം: മാതൃകയായി
സുസ്ഥിര തൃത്താല പദ്ധതി

മത്സ്യബന്ധനം വ്യാപിപ്പിച്ചു

544
135
353
6017

ഭൂജല വകുപ്പ് ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് ശ്രദ്ധേയ ഇടപെടൽ മണ്ഡലത്തിൽ നടത്തിയിട്ടുണ്ട്. വകുപ്പ് മുഖേന 40 പൊതുസ്ഥാപനങ്ങളിലെ കിണറുകൾ റീചാർജ് ചെയ്തു. വകുപ്പ് ആരംഭിച്ച 4 ചെറുകിട കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തോടു കൂടി 70 കുടുംബങ്ങൾക്കും നാല് ഗവൺമെന്റ് സ്ഥാപനങ്ങൾക്കും കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്. സാധ്യമായ എല്ലാ ഗവൺമെൻറ് സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വകുപ്പ് നേതൃത്വത്തിൽ റീചാർജ്ജ് പിറ്റ്, മഴവെള്ള സംഭരണി എന്നിവ നിർമ്മിച്ചു. ഈ സംവിധാനങ്ങളാൽ ഒരു വർഷം മണ്ണിലേക്ക് ശേഖരിക്കപ്പെടുന്ന മഴവെള്ളം എന്നത് 8390000 ലിറ്റർ ആണ്.

തൃത്താല നിയോജക മണ്ഡലത്തിൽ പദ്ധതിയുടെ ഭാഗമായി 8 ഗ്രാമപഞ്ചായത്തുകളിലായി തൊഴിലുറപ്പ് പദ്ധതി മുഖേനെ 110 കാർഷിക കുളങ്ങൾ നിർമ്മിച്ചതിലൂടെ 32631 cum ജലം അധികമായി ശേഖരിക്കാൻ സാധിച്ചു. 66 പൊതു കുളങ്ങൾ നവീകരിച്ചതിലൂടെ 23214 cum ജലം അധികമായി ശേഖരിക്കാൻ കഴിയുന്നു. 527 പുതിയ കിണറുകൾ നിർമ്മിച്ചു. 600 കിണറുകൾ റീചാർജ്ജ് ചെയ്തതിലൂടെ 826 ലക്ഷം ലിറ്റർ വെള്ളം അധികമായി ശേഖരിക്കാൻ സാധിച്ചു. നീർച്ചാലുകളിൽ താൽക്കാലിക ചെക്ക് ഡാമുകൾ നിർമ്മിച്ച് വെള്ളത്തിന്റെ ഒഴുക്ക് ക്രമപ്പെടുത്തി ഭൂഗർഭജല റീചാർജ്ജ് വർധിപ്പിച്ചു. മഴക്കുഴികളും ധാരാളമായി നിർമ്മിക്കപ്പെട്ടു. 82


നിർമ്മിച്ച കാർഷിക കുളം


കിണർ നിർമ്മാണം


കിണർ റീചാർജിംഗ് സംവിധാനം

അംഗനവാടികളിലും കിണർ റീചാർജ്ജ് ചെയ്തു. 206 നീർച്ചാലുകൾ 154400 മീറ്റർ ദൂരത്തിൽ തൊഴിലുറപ്പ് പദ്ധതി മുഖേന നവീകരിക്കപ്പെട്ടു.

ഓരോ ഗ്രാമപഞ്ചായത്തുകൾക്കും പ്രത്യേകം ജലബജറ്റുകൾ തയ്യാറാക്കിയത് വഴി ജലസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്താനും പ്രകടമായ മാറ്റങ്ങൾ ജലലഭ്യതയിൽ ഓരോ ഗ്രാമപഞ്ചായത്തുകളിലും കൊണ്ടുവരാനും കഴിഞ്ഞു. ജലസംരക്ഷണ മേഖലയിൽ ജലസേചന വകുപ്പ് ഏറെ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. മങ്ങാട്ട് കുളം, വെള്ളറ ചോല, ചിറകുളം പോലുള്ള വലിയ കുളങ്ങളും, നിരവധി തോടുകളും കനാലുകളും വകുപ്പ് നേതൃത്വത്തിൽ തൃത്താലയിൽ നിർമ്മിക്കുകയും നവീകരിക്കുകയും ചെയ്യതിലൂടെ മണ്ഡലത്തിലെ ജലക്ഷാമം ഗണ്യമായി കുറക്കാൻ കഴിഞ്ഞു.





പട്ടിത്തറ വെള്ളറച്ചോല - നവീകരണത്തിന് മുമ്പ് , ശേഷം

നാഗലശ്ശേരി, മാങ്ങാട്ടുകുളം - നവീകരണത്തിന് മുമ്പ് , ശേഷം





ജില്ലയിൽ പട്ടാമ്പി താലൂക്കിലെ പരുതൂർഗ്രാമപഞ്ചായത്തിൽ ഭാരതപുഴയുടെ വലതുകരയോട് ചേർന്നാണ് വെള്ളിയാങ്കല്ല് ലിഫ്റ്റ് ഇറിഗേഷൻ സ്കീം സ്ഥിതി ചെയ്യുന്നത്. പ്രസ്തുത സ്കീം വെള്ളിയാങ്കല്ല് ആർ.സി.ബി-യുടെ വലതു കരയിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനായി 2023 ജനുവരി 4 നു 2.2 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും 2023 ആഗസ്റ്റ് 25 നു പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതി പ്രകാരം മംഗലം, കൊടന്നൂർ, തെക്കേക്കുന്നു പാടശേഖരങ്ങളിലെ 90 ഹെക്ടർ കൃഷി സ്ഥലത്തേക്ക് ജലസേചനം സാധ്യമായി.

മണ്ണ് സംരക്ഷണ-പര്യവേഷണ വകുപ്പ് 2023- 24 സാമ്പത്തിക വർഷത്തിൽ 2 കോടി രൂപയും, 2024 - 25 സാമ്പത്തിക വർഷം 1.6 4 കോടി രൂപയും അനുവദിച്ചു. 8 നീർത്തടങ്ങളിലെയും തോടുകളുടെയും

കുളങ്ങളുടെയും നവീകരണ പ്രവർത്തനങ്ങൾ, ഫലവൃക്ഷങ്ങളുടെ വിതരണം, മൺവരമ്പുകളുടെ നിർമ്മാണം, തെങ്ങിന് തടമെടുക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മണ്ഡലത്തിൽ നടപ്പിലാക്കാൻ സാധിച്ചു. അതിൽ പാപ്പികുളം നവീകരണം എടുത്ത് പറയേണ്ട ഒന്നാണ്. സുസ്ഥിര തൃത്താല പദ്ധതിയുടെ ചുവട് പിടിച്ച് ജില്ലയിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി 'നീർധാര' എന്നൊരു പുതിയ ആശയത്തിനുകൂടെ ജില്ലയിൽ തുടക്കം കുറിച്ചിട്ടുണ്ട്.





പാപ്പിക്കുളം - നവീകരണത്തിന് മുമ്പ് , ശേഷം





## കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ

സുസ്ഥിര തൃത്താല പദ്ധതിയിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച വകുപ്പാണ് കൃഷി വകുപ്പ്. മണ്ഡലത്തിൽ ഒരു ലക്ഷം തെങ്ങിൻ തൈകൾ വിതരണം ചെയ്തതുൾപ്പെടെ കാർഷിക മേഖലയിൽ അഭിമാനാർഹമായ നേട്ടങ്ങൾ കൊണ്ടുവരാൻ വകുപ്പിന് കഴിഞ്ഞു. കൃഷിവകുപ്പ് 556 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്ത് 667 ടൺ നെല്ല് ഉൽപാദിപ്പിച്ചു. പച്ചക്കറി കൃഷിയുടെ ഭാഗമായി 24 ടൺ പച്ചക്കറി സംഭരിച്ചു. പച്ചതേങ്ങ സംഭരണത്തിലൂടെ 1,135 ടൺ പച്ചതേങ്ങ സംഭരിക്കാൻ സാധിച്ചു. ഇതിലൂടെ 3.63 കോടി രൂപയുടെ മൂല്യ സംഭരണത്തിനും കഴിഞ്ഞു. 27 ഏക്കർ സ്ഥലം സംയോജിത കൃഷിയിലേക്ക് അധികമായി കൊണ്ടുവരാനും സുസ്ഥിര തൃത്താല പദ്ധതി കൊണ്ട് സാധിച്ചു. ഹരിതകേരളം മിഷന്റെ തരിശുരഹിത ഗ്രാമം പദ്ധതിയുടെ ഭാഗമായി തരിശുഭൂമിയായി കിടന്നിരുന്ന 15 ഹെക്ടർ സ്ഥലം നിലവിൽ കൃഷിയോഗ്യമാക്കാൻ പദ്ധതിയിലൂടെ സാധിച്ചു. കൂൺഗ്രാമം പദ്ധതി കാർഷിക മേഖലയിലെ മികച്ച മുന്നേറ്റം ആയിരുന്നു. 100 ബെഡ്


സുസ്ഥിര തൃത്താല
ഓണത്തിനായി 162 ഏക്കറിൽ പച്ചക്കറി കൃഷി







വിഷു,റംസാൻ
വിപണി






അടങ്ങിയ 100 ചെറുകിട കൂൺ പുരകൾ പദ്ധതി പ്രകാരം നിർമ്മിക്കപ്പെട്ടു. പദ്ധതി ആരംഭിച്ച് 4 വർഷങ്ങൾകൊണ്ട് ഹരിതകേരളം മിഷൻ വിദ്യാവനം, ദേവഹരിതം, കാവ് സംരക്ഷണം പച്ചത്തുരുത്ത് വ്യാപനം എന്നിവയുടെ ഭാഗമായി 40 ൽ അധികം പച്ചത്തുരുത്തുകൾ നിർമ്മിച്ച് പച്ചപ്പ് 12.24 ഏക്കർ സ്ഥലത്തേക്ക് വ്യാപിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെയും തൊഴിലുറപ്പ് പദ്ധതിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ ഒരു ലക്ഷം തെങ്ങിൻതൈകൾ എട്ടു ഗ്രാമപഞ്ചായത്തുകളിലായി വിതരണം ചെയ്തു.

കൂൺ കൃഷി പദ്ധതി ആരംഭിക്കുന്നതിനായി വിവിധ ഘടകങ്ങൾക്ക് 30.25 ലക്ഷം രൂപയാണ് കൃഷി വകുപ്പ് അനുവദിച്ചിട്ടുള്ളത്. കൂൺ കൃഷിയുടെ ഭാഗമായി ചെറുകിട കൂൺ വിത്ത് ഉൽപാദന യൂണിറ്റുകൾ ആരംഭിച്ചു. 300 കൂൺ ബെഡ്ഡുകൾ അടങ്ങിയ രണ്ട് ലാർജ് സ്കെയിൽ കൂൺ ഉൽപാദന യൂണിറ്റുകളും 100 യൂണിറ്റ് ചെറുകിട കൂൺ ഉൽപാദന യൂണിറ്റുകളുമാണ് ആരംഭിച്ചത്.



56 സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള രണ്ട് പാക്ക് ഹൗസുകൾ, കൂണിന്റ മൂല്യ വർദ്ധിത യൂണിറ്റുകൾ, 10 കമ്പോസ്റ്റ് യൂണിറ്റുകൾ എന്നിവ ആരംഭിച്ചു. കൂടാതെ കൂൺ കൃഷി രീതികളെ സംബന്ധിച്ച്

കർഷകർക്ക് വിവിധ തലത്തിലുള്ള പരിശീലന പരിപാടിയും ഇതിന്റെ ഭാഗമായി നടന്നു വരുന്നു. കൃഷി, ജലസംരക്ഷണം, ശുചിത്വം, സുസ്ഥിര ഉപജീവനം എന്നിവ ലക്ഷ്യമാക്കി 2021 മുതൽ തൃത്താലയിൽ വിവിധ വകുപ്പുകളുടെ സംയോജനത്തോടെ നടപ്പാക്കുന്ന 'സുസ്ഥിര തൃത്താല' കൂൺ കൃഷിയിലൂടെ കാർഷിക രംഗത്ത് പുതിയ ചുവട് വയ്ക്കുകയാണ്. തൃത്താലക്ക് ശേഷം പട്ടാമ്പി നിയോജക മണ്ഡലത്തിലും ബഹു. എം.എൽ.എ - യുടെ നേതൃത്വത്തിൽ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.
















## കുമ്പളംച്ചോല പച്ചത്തുരുത്ത്

2021 ജൂൺ 5 പരിസ്ഥിതി ദിനത്തിൽ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിലെ കുമ്പളംച്ചോല ഭാഗത്ത് ഉപയോഗശൂന്യമായി കിടന്ന ക്വാറി പരിസരത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി. ഹരിതകേരളം മിഷന്റെ സഹായത്തോടെ ആദ്യ തൈ നട്ടു കൊണ്ടാണ് കുമ്പളംച്ചോല പച്ചത്തുരുത്ത് പ്രവൃത്തികൾ ആരംഭിക്കുന്നത്. പ്രാരംഭഘട്ടത്തിൽ ക്വാറിവേസ്റ്റുകളാലും മാലിന്യക്കൂമ്പാരത്തിനാലും മൂടി കിടക്കുന്നതിനാൽ തൈ പരിപാലനം വളരെ വെല്ലുവിളി നിറഞ്ഞതായിരുന്നു. എന്നാൽ ഘട്ടം ഘട്ടമായി തൈകൾ വച്ചുകൊണ്ടും തൈകൾക്കായി മാത്രം ക്വാറി പരിസരത്തുതന്നെ ഫലവൃക്ഷ നേഴ്സറി ഉണ്ടാക്കിയെടുത്തും പച്ചത്തുരുത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചു. പിന്നീട് പച്ചത്തുരുത്തിനോട് അനുബന്ധിച്ച് ചെണ്ടുമല്ലി കൃഷിക്ക് നിലമൊരുക്കൽ, തീറ്റപ്പുൽ കൃഷി എന്നിങ്ങനെയുള്ള പ്രവൃത്തികൾ തൊഴിലുറപ്പ് തൊഴിലാളികളെ ഉൾക്കൊള്ളിച്ച് പ്രദേശത്ത് നടപ്പിലാക്കുകയും തുടർ പ്രവർത്തനത്തിന്റെ ഭാഗമായി നക്ഷത്ര വനം, ഫ്രൂട്ട് ഫോറസ്റ്റ് എന്നീ പ്രവർത്തനങ്ങൾ കൂടെ നടപ്പിലാക്കുകയും ചെയ്തു. ഫലവൃക്ഷ നേഴ്സറിയുടെ വിപുലീകരണത്തോടൊപ്പം ഔഷധസസ്യ നേഴ്സറിയും പച്ചത്തുരുത്തിന്റെ ഭാഗമായി സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്തു. കുമ്പളംച്ചോല പച്ചത്തുരുത്തിന്റെ അംഗീകാരം എന്നോണം 2022 സെപ്തംബർ - ഒക്ടോബർ മാസങ്ങളിൽ മലയാള മനോരമ ചാനൽ സംസ്ഥാനത്തുടനീളം ഉള്ള തദ്ദേശസ്ഥാപനങ്ങളിലെ മികച്ച ആശയങ്ങൾക്കുള്ള അവാർഡ് നൽകുന്നതിനായി "നാട്ടുസൂത്രം" എന്ന പരിപാടി സംഘടിപ്പിക്കുകയും ആയതു കുമ്പളംച്ചോല പച്ചത്തുരുത്തിന് ലഭിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട തദ്ദേശ വകുപ്പ് മന്ത്രി ഉൾപെടെയുള്ള ജൂറി അംഗങ്ങളിൽ നിന്നും മികച്ച അഭിപ്രായമാണ് ഇതിന് ലഭിച്ചത്. 2022 നവംബർ മാസത്തിൽ പച്ചത്തുരുത്ത് വിപുലീകരണം എന്ന രീതിയിൽ ക്വാറിയുടെ മറുവശത്ത് കല്ലുമല എന്ന പുതിയ പച്ചത്തുരുത്തിന് തൈ നട്ടു ആരംഭം കുറിച്ചു .

പച്ചത്തുരുത്ത് ആരംഭിച്ച് അഞ്ചുവർഷം എത്തി നിൽക്കെ നിലവിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകളെല്ലാം ഉപയോഗിച്ചുകൊണ്ട് ജാക്ക് ഫ്രൂട്ട് ഫോറസ്റ്റ്, മുരിങ്ങ പ്ലാന്റേഷൻ, മുളക്കാട്, ചെണ്ടുമല്ലി കൃഷിക്ക് നിലമൊരുക്കൽ എന്നീ പ്രവൃത്തികളും, വൈവിധ്യമാർന്ന കരിമ്പനക്കാട്, ചോളകൃഷിക്ക് നിലമൊരുക്കൽ, ഡ്രാഗൺ ഫ്രൂട്ട് കൃഷി, ഫാഷൻ ഫ്രൂട്ട് കൃഷി, കശുമാവിൻ തോട്ടം എന്നിവയും ഏകദേശം 5 ഏക്കറിലധികം പ്രദേശത്ത് വ്യാപിച്ചുകിടക്കുന്നു. ഓരോ സാമ്പത്തിക വർഷവും കേവലം 30-40 തൊഴിൽ ദിനങ്ങൾ മാത്രം ലഭ്യമായിരുന്ന



2021ൽ



2026ൽ

കുമ്പളംചോല നിവാസികൾക്ക് ഇന്ന് ഓരോ സാമ്പത്തിക വർഷത്തിലും 100 മുതൽ 120 വരെയുള്ള ആളുകൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാനും, പച്ചത്തുരുത്തിൽ മാത്രം 19500 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാനും സാധ്യമായി. കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിലെ തന്നെ ഏറ്റവും കുടിവെള്ളക്ഷാമം നേരിടുന്ന കുമ്പളംചോല പ്രദേശത്ത് പച്ചത്തുരുത്തിനാലും ഫലവൃക്ഷങ്ങളാലും കിണറുകളിലെ ജലനിരപ്പ് ഉയർന്നു. വിവിധ സ്കൂളുകളുടെ/സംഘടനകളുടെ, ഒഴിവുവേള സന്ദർശത്തിനാൽ ഇന്ന് ചെറിയ വിനോദസഞ്ചാര മേഖലയായി ഈ പച്ചത്തുരുത്ത് മാറിയിരിക്കുന്നു. നിലവിൽ കരിമ്പന 100 എണ്ണവും പ്ലാവ് 200 എണ്ണവും, മൂവാണ്ടൻ തൈ 200 എണ്ണവും, മുള 300 എണ്ണവും, ഡ്രാഗൺ ഫ്രൂട്ട് 300 എണ്ണവും, മുരിങ്ങ 300 എണ്ണവും ഇവിടെ സംരക്ഷിച്ചു പോരുന്നു.



## വാടിക പച്ചത്തുരുത്ത് - കടമ്പഴിപ്പുറം

കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് ജൂലൈ 2022 നാണ് പച്ചത്തുരുത്ത് പദ്ധതി ആരംഭിച്ചത്. മുൻപ് ഈ പ്രദേശം ശ്മശാന ഭൂമിയായിരുന്നു. ഒരു ഏക്കർ 17 സെന്റ് സ്ഥലമാണ് ശ്മശാനത്തിൽ ഉള്ളത്. ഇതിൽ 70 സെന്റ് സ്ഥലത്താണ് പച്ചത്തുരുത്ത് നിർമ്മിച്ചിട്ടുള്ളത്. 2022-23 വാർഷിക പദ്ധതിയിലെ വാർഷിക പദ്ധതിയിലെ തനത് ഫണ്ട് ഉപയോഗിച്ചാണ് ഈ പച്ചത്തുരുത്ത് പദ്ധതി രൂപീകരിച്ചത്.

തുടർപരിപാലനംചെയ്യുന്നതിന് താൽപര്യമുള്ള കുടുംബശ്രീയൂണിറ്റുകളെ ക്ഷണിക്കുകയും ആയതിൽ താൽപര്യം പ്രകടിപ്പിച്ചു വന്ന വാടിക ഗ്രൂപ്പ് എന്ന ഗ്രൂപ്പിന് എഗ്രിമെന്റ് പ്രകാരം പരിപാലന ചുമതല ഏൽപ്പിക്കുകയുമാണ് ഉണ്ടായിട്ടുള്ളത്. പരിസ്ഥിതി പ്രവർത്തകരിൽ നിന്നാണ് ചെടികൾ വാങ്ങിയിട്ടുള്ളത്. ഈ ചെടികൾ നനക്കുക, ജൈവവളം ഇടുക, കാട് വെട്ടി പുതയിടൽ ചെയ്യുക, പുല്ല്ചെത്തുക, തടം എടുക്കുക തുടങ്ങിയ മറ്റു പരിപാലനമുറകൾ ചെയ്യുന്നതിന് വാടിക ഗ്രൂപ്പിനു ഒരു നിശ്ചിത തുക നൽകുന്നു. നാളിതുവരെയും ഗ്രൂപ്പ് നല്ല രീതിയിൽ പരിപാലിച്ചു പോരുന്നുണ്ട്. ഈ സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ്, കല്യാണമണ്ഡപം പോലെയുള്ള മറ്റു നിർമ്മാണ പ്രവൃത്തികൾ തുടങ്ങി തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കുക എന്നുള്ള ചിന്തയിൽ നിന്ന് മാറി ഇത്തരത്തിലുള്ള ഒരു നിലപാട് സ്വീകരിക്കുകയും വരും തലമുറയ്ക്ക് വളരെ അത്യാവശ്യമായി തോന്നുന്ന പച്ചത്തുരുത്ത്

പോലെയുള്ള പദ്ധതി രൂപീകരിക്കുന്നതിന് മുൻകൈയെടുക്കുകയും ആണ് പഞ്ചായത്ത് ചെയ്തത്. ഭരണസമിതി നേരിട്ട് തന്നെ ഈ പദ്ധതിയുടെ ഓരോ ഘട്ടത്തിലും ഇടപെട്ട് പ്രവർത്തിച്ചു വരുന്നു എന്നുള്ളത് വളരെ അഭിമാനർഹമാണ്. ഓരോ വർഷത്തിനും പരിപാലനത്തിനുള്ള പദ്ധതി തനത് ഫണ്ട് ഉപയോഗിച്ച് രൂപീകരിക്കുന്നു. നിലവിലെ പച്ചത്തുരുത്തിലെ ചെടികൾ തണൽ നൽകുന്ന തരത്തിൽ വളർന്നതിനുശേഷം ഇവയുടെ ഇടയിലൂടെ പുല്ല് വെച്ചുപിടിപ്പിച്ചും, മറ്റുതരത്തിലുള്ള അലങ്കാരങ്ങൾ നടത്തിയും പൊതുജനങ്ങൾക്ക് പ്രഭാത, സായാഹ്ന സവാരി നടത്തുന്നതിനും, ചെറിയ രീതിയിലുള്ള വ്യായാമങ്ങൾ ചെയ്യുന്നതിനും യോഗ അഭ്യസിക്കുന്നതിനും ഉപകാരപ്രദമാകുന്നതരത്തിലേക്ക് മാറ്റുന്നതിനാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. കൂടാതെ വിശ്രമിക്കുന്നതിനും, ശുദ്ധവായു ശ്വസിക്കുന്നതിനും, ആസ്വദിക്കുന്നതിനും ആവശ്യമായ രീതിയിലുള്ള കുറച്ച് ഇരിപ്പിടങ്ങൾ തയ്യാറാക്കുന്നതും പദ്ധതിയിലുണ്ട്. ശ്മശാന സങ്കൽപ്പത്തിൽ നിന്നും മാറി ഈ സ്ഥലം ഇപ്പോൾ ഒരു മാതൃകാ ഉദ്യാനമായി മാറിയിരിക്കുകയാണ്. നക്ഷത്ര വനം, തേൻകനി വനം, ശലഭോദ്യാനം, ഔഷധത്തോട്ടങ്ങൾ എന്നിവയാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്. നക്ഷത്ര വനത്തിൽ 27 നക്ഷത്രങ്ങളുടെയും തൈകൾ നല്ല രീതിയിൽ പരിപാലിച്ചു പോരുന്നു. അവയെല്ലാം തന്നെ റിങ് വാർത്ത് അതിൽ സംരക്ഷണം ഒരുക്കിയിട്ടുള്ളതാണ്. അശ്വതി-കാഞ്ഞിരം, മുതൽ രേവതി- ഇലിപ്പ വരെ ഉള്ള 27 തൈകൾ ഈ പച്ചത്തുരുത്തിൽ വളരുന്നു. ഫലവൃക്ഷങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് ഒരു തേൻകനി വനം ഈ പച്ചത്തുരുത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ധാരാളം പഴങ്ങൾ ലഭിക്കുന്ന വൃക്ഷത്തൈകൾ ഇവിടെ നട്ടുവളർത്തിയിട്ടുണ്ട് ഓറഞ്ച്, റമ്പൂട്ടാൻ, പേരയ്ക്ക, സീതാപ്പഴം, നെല്ലിക്ക, അരിനെല്ലിക്ക, കൊക്കോ, ഗണപതിനാരങ്ങ, ഞാവൽപഴം, സ്റ്റാർഫ്രൂട്ട്, മാങ്ങ, ചക്ക, കൊടംപുളി, മുന്തിരി, പേരയ്ക്ക, നോനിപഴം, ലിച്ചിഫ്രൂട്ട്, മാതളം, അമ്പഴങ്ങ, മൾബറി, ഗ്രീൻആപ്പിൾ, പുളി എന്നിങ്ങനെയുള്ള ധാരാളം പഴവർഗ്ഗചെടികൾ ഇവിടെ സുലഭമായി വളരുന്നു. ഈ പദ്ധതി ആരംഭിച്ചിട്ട് വെറും മൂന്നുവർഷമേ ആയിട്ടേയുള്ളൂ എന്നതിനാൽ തന്നെ ഇവയിൽ പലതും കായ് ഫലം തരുന്നതെയുള്ളൂ. ഇവിടെ ശ്മശാനത്തിന്റെ കവാടം മുതൽ രണ്ടു വശങ്ങളിലും ആയി ധാരാളം പൂച്ചെടികൾ നട്ടുവളർത്തിയിട്ടുണ്ട്. അപൂർവയിനത്തിൽപ്പെട്ട ഔഷധസസ്യങ്ങളും ഇവിടെ പരിപാലിച്ചു പോരുന്നുണ്ട്. ആര്യവേപ്പ്, ലക്ഷ്മിതരു, കാട്ടുകരിവേപ്പ്, സർപ്പഗന്ധി, കണികൊന്ന, പാല, ആടലോടകം, ശതാവരി, ദന്തപാല, ഏഴിലംപാല, ചായ മൻസ തുടങ്ങി മറ്റു പേര് അറിയാത്ത ധാരാളം ഔഷധസസ്യങ്ങളും ഇവിടെ നല്ല രീതിയിൽ പരിപാലിച്ചു



പോരുന്നു.

ഈ പച്ചത്തുരുത്തിന് ഏറ്റവും മുൻഭാഗത്തായി റോഡ് സൈഡിൽ ഒരു വഴിയിടം (ടേക്ക് എ ബ്രേക്ക്)പണി പൂർത്തീകരിച്ചുവരുന്നുണ്ട്. ഇവിടെ പൊതുജനങ്ങൾക്ക് വിശ്രമിക്കാനും ഒഴിവുസമയങ്ങൾ ചിലവഴിക്കാനും, ചായ, സ്നാക്സ് എന്നിവ നൽകുന്നതിനും സൗകര്യപ്രദമായ രീതിയിൽ ഒരു കടമുറിയും സജ്ജമാക്കിയിട്ടുണ്ട്. ഈ പച്ചത്തുരുത്തിൽ 200 ൽ പരം സസ്യലതാദികൾ ഉണ്ട്. ഇതിൽ 120 നു അടുത്ത് വൃക്ഷങ്ങളും, 75 കുറ്റിച്ചെടികളും, 5 തരത്തിലുള്ള വള്ളി ഇനങ്ങളും ഉൾപ്പെടുന്നു. പച്ചത്തുരുത്ത് ഇവിടെ ആരംഭിച്ചതിനു ശേഷം മുൻകാലങ്ങളിൽ നമ്മൾ സുലഭമായി നാട്ടിൻപുറങ്ങളിൽ ഉണ്ടായിരുന്ന പലതരത്തിലുള്ള പക്ഷികളും അതുപോലെതന്നെ ചിത്രശലഭങ്ങളും ധാരാളമായി പച്ചത്തുരുത്തിൽ കാണാൻ തുടങ്ങിയിരിക്കുന്നു. വിദ്യാർത്ഥികളും പരിസ്ഥിതി പ്രവർത്തകരും, നീർത്തട കമ്മിറ്റി അംഗങ്ങളും, കൃഷികൂട്ടം അംഗങ്ങളും, കുടുംബശ്രീ അംഗങ്ങളും ഇവിടെ സന്ദർശനം നടത്തുന്നു. അവർ ഇതിൽ നിന്ന് പഠിക്കാൻ ഉള്ളതിനെക്കുറിച്ചും ഇനി പച്ചത്തുരുത്തിൽ ചെയ്യേണ്ടത് എന്താണ് എന്നുള്ളതിനെക്കുറിച്ചും പറഞ്ഞു തരുന്നതിന് സന്നദ്ധരാണ്. പല ക്ലബ്ബ് ഭാരവാഹികളും ബഹുജനസംഘടന ഭാരവാഹികളും, പൊതുജനങ്ങളും, സംസ്കൃതി പോലെയുള്ള പരിസ്ഥിതി പ്രവർത്തകരും, കൃഷി ഓഫീസർ ഉൾപ്പെടെയുള്ള ജീവനക്കാരും ഇവിടെ സന്ദർശിക്കുകയും ഇതിലേക്ക് വേണ്ട ചെറിയ ചെറിയ സഹായങ്ങൾ ആവശ്യമായ രീതിയിൽ നൽകുകയും ചെയ്തുവരുന്നു. മുൻപ് ഇവിടെ നിലനിന്നിരുന്ന ഒരു ഭീകരാന്തരീക്ഷം മാറി പൊതുജനങ്ങൾ വളരെ ഉല്ലാസത്തോടുകൂടി ഇവിടെ സന്ദർശിക്കുന്ന തരത്തിലേക്ക് മാറ്റിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

## വാൾട്ടർ വാലി ഫുഡ് ഫോറസ്റ്റ്



വൈവിധ്യമുള്ള ഭക്ഷണങ്ങൾ നൽകുന്ന ചെടികളെ പുതിയ തലമുറ തിരിച്ചറിയണം എന്ന ലക്ഷ്യത്തോടെ ശ്രീകൃഷ്ണപുരം വി.ടി,ഭട്ടതിരിപ്പാട് കോളേജിലെ തരിശ്ശായി കിടന്നിരുന്ന ഒരേക്കർ 25 സെന്റ് സ്ഥലത്തിൽ കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡിന്റെയും ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെയും സാമ്പത്തിക സഹായത്തിലും ജൈവകർഷക കൂട്ടായ്മയായ JAIVORG ന്റെ സാങ്കേതിക സഹായത്തിലും എൻ.എസ്.എസിന്റെയും നേച്ചർ ക്ലബിന്റെയും ടൂറിസം ക്ലബിന്റെയും, ഹരിതകേരളം മിഷന്റെയും സംരക്ഷണത്തിലും 2021 ഒക്ടോബർ 18 ന് വാർട്ടർ വാലി ഫുഡ് ഫോറസ്റ്റ് എന്ന പേരിൽ ഒരു ഭക്ഷ്യവനം വച്ചു പിടിപ്പിച്ചു. 130 ഓളം ഇനങ്ങളിൽപ്പെട്ട 457 വൃക്ഷങ്ങൾ ഇവിടെ സംരക്ഷിക്കുന്നു. തോട്ടത്തിന് ഇപ്പോൾ ഏകദേശം 4 വർഷത്തോളം വളർച്ചയുണ്ട്. പഴക്കാടിന്റെ നിർമ്മാണത്തിനായി ജൈവവൈവിധ്യ ബോർഡിന്റെ സഹായം ലഭിച്ച സംസ്ഥാനത്തെ ആദ്യ ഉന്നത വിദ്യാഭ്യാസ സ്ഥാപനമാണ് ഇത്. നേച്ചർ ക്ലബ് നേതൃത്വത്തിൽ വരുന്ന 275 ഓളം വൊളണ്ടിയർമാരാണ് ദൈനംദിന പരിചരണം നിർവ്വഹിക്കുന്നത്. കേരളത്തിലെ നാടൻ ഇനങ്ങളിൽപ്പെട്ട ഫലവൃക്ഷങ്ങളും 30 ൽ അധികം ഇനങ്ങളിൽപ്പെട്ട ഔഷധ സസ്യങ്ങളും തോട്ടത്തിൽ ഉണ്ട്. ആധുനിക കൃഷിരീതി ആയ സന്തുലിതകൃഷി മാതൃകയിൽ സമന്വയിപ്പിച്ചുള്ള കൃഷിരീതിയാണ് ഫലവൃക്ഷത്തോട്ടത്തിൽ നടപ്പാക്കിയിട്ടുള്ളത്. കാർഷികരീതിയിലെ പഴമയിലെയും പുതുമയിലെയും പ്രായോഗിക വശങ്ങൾ ചേർത്തിണക്കിക്കൊണ്ട് എല്ലാക്കാലത്തും ഭക്ഷണം തരുന്ന ഫലവൃക്ഷങ്ങൾ

ഉള്ള കാട് വിദ്യാർത്ഥികൾക്ക് പഠന വിധേയമാക്കാം എന്നും ഇതിലൂടെ ലക്ഷ്യമിടുന്നു. നമ്മുടെ നാട്ടിൽ നിന്നും അന്യംനിന്നു പോയ ഫലവൃക്ഷങ്ങളെ തിരിച്ചുപിടിക്കുന്നതിനോടൊപ്പം മണ്ണ്, ജലസംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം എന്നിവയെല്ലാം ഇതിലൂടെ ലക്ഷ്യമിടുന്നു. കൃത്യമായ കനോപ്പി മാനേജ്മെന്റിൽ രൂപകല്പന ചെയ്തിട്ടുള്ളതാണ് ഈ ഫുഡ് ഫോറസ്റ്റ്. തോട്ടത്തിൽ പെയ്യുന്ന മഴ വെള്ളം ചെടിയുടെ ചുവട്ടിൽത്തന്നെ സംഭരിക്കുന്ന രീതിയിലാണ് കുഴികളുടെ നിർമ്മാണം. പ്രധാന വൃക്ഷത്തിന് ചുറ്റും ജീവനുള്ള പുത ഒരുക്കുന്നത് ഈ കൃഷി രീതിയുടെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷതയാണ്. ചപ്പുചവറുകളല്ല പുതയിടുന്നത്. ചെറുപയർ, പയർ, ചെണ്ടുമല്ലി, എള്ള്, വഴുതിന തുടങ്ങിയ മുപ്പതോളം ഇനങ്ങൾ പ്രധാന വൃക്ഷത്തിന് ചുറ്റുംവിതച്ചാണ് ജീവനുള്ള പുത. പ്രധാന വൃക്ഷം വളരുന്നതിനസരിച്ച് മറ്റു ചെടികൾ വെട്ടി



ഒതുക്കണം. ഭക്ഷണത്തിനുമെടുക്കാം. വേനൽക്കാലത്തെ ചൂടിൽ നിന്നും പ്രധാന ചെടിക്ക് ഇവ നിഴൽ വിരിക്കുന്നു. തുവരപ്പയർ ആണ് ജീവനുള്ള നിഴലിന് ഉപയോഗിക്കുന്ന മറ്റൊരു പ്രധാന സസ്യം. ഗോമൂത്രം ചാണകം, ചെറുപയർ പൊടി എന്നിവ ഉപയോഗിച്ച് കുട്ടികൾ തന്നെ നിർമ്മിക്കുന്ന ജീവാമൃതമാണ് വളമായി ഉപയോഗിക്കുന്നത്. വേനൽക്കാല ജലസേചനം തുള്ളി നനയാണ്. സൂര്യപ്രകാശത്തെ നേരിട്ട് ഭൂമിയിലേക്ക് പതിപ്പിക്കാതെ ഈ കുന്നിന് ആവരണമായി നിൽക്കുന്ന ഈ പച്ചത്തുരുത്തിൽ തൊട്ടടുത്തു കിടക്കുന്ന കടമ്പഴിപ്പുറം ടൗണിനേക്കാൾ അഞ്ച് ഡിഗ്രി ചൂട് കുറവാണ് എന്നത് ഏറ്റവും വലിയ പ്രത്യേകതയാണ്. ഇവിടുത്തെ മരങ്ങൾക്കെല്ലാം നെയിംബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ആനത്തൊട്ടാവാടി എന്ന അധിനിവേശ സസ്യത്തിന്റെ ആധിക്യം ഇവിടുത്തെ ചെടികളുടെ നിലനിൽപ്പിന് വലിയ ഭീഷണിയാണ്. ഇവയെ വേരോടുകൂടി പിഴുതു മാറ്റുകയാണ് വളണ്ടിയർമാർ ചെയ്യുന്നത്. ഈ കാലയളവു കൊണ്ടു തന്നെ നിരവധി പേർ കോളേജിലെ ഭക്ഷ്യവനം സന്ദർശിക്കുവാൻ എത്തിയിട്ടുണ്ട്.

കോളേജിലെ ജൈവവൈവിധ്യങ്ങളെ അടയാളപ്പെടുത്തുന്നതിന് വേണ്ടി നേച്ചർക്ലബ്ബിന്റെ നേതൃത്വത്തിൽ നാച്ചുറൽ ഹിസ്റ്ററി സൊസൈറ്റി ഓഫ് പാലക്കാട് എന്ന സംഘടനയുടെ സഹായത്തോടെ 2025 ഫെബ്രുവരി മാസത്തിൽ ഒരു ജൈവവൈവിധ്യ സർവ്വേ കോളേജിൽ

സംഘടിപ്പിച്ചു. ഇന്ത്യയിൽ തന്നെ വിരളമായി കാണപ്പെടുന്ന വലിയ വേലിത്തത്ത, ഈറ്റപ്പൊളപ്പൻ, നാകമോഹൻ, പുള്ളിച്ചിലപ്പൻ എന്നിങ്ങനെ 4 ദേശാടനപ്പക്ഷികൾ ഉൾപ്പെടെ 68 ഇനങ്ങളിൽ പെട്ട പക്ഷികളും, ഇന്ത്യയിലെ ഏറ്റവും വലിയ ചിത്രശലഭമായ ഗരുഡശലഭം, കൃഷ്ണശലഭം ഏഷ്യയിലെ ഏറ്റവും വലിയ നിശാശലഭമായ നാഗപടശലഭം എന്നിങ്ങനെ 35 ഇനങ്ങളിൽപ്പെട്ട ശലഭങ്ങളെയും 23 ഇനത്തിൽപ്പെട്ട ചെറുപ്രാണികളെയും ഇവിടെ കണ്ടെത്തി. ഇതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾ ഒരു ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്



## പുതുക്കുളം പച്ചത്തുരുത്ത്

പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത് വാർഡ് 15 ലുള്ള പുതുക്കുളത്തിന് അരികിലായി 40 സെന്റ് സ്ഥലത്ത് പുതുക്കുളം പച്ചത്തുരുത്ത് സ്ഥിതി ചെയ്യുന്നു. 2019 ജനുവരിയിൽ ഗ്രാമപഞ്ചായത്തിന്റെയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിൽ പദ്ധതി ആരംഭിച്ചു. വടക്കഞ്ചേരി ടൗണിൽ നിന്നും 500 മീറ്റർ മാത്രം അകലത്തിൽ സ്ഥിതി ചെയ്യുന്ന ഈ കുളത്തിനരിക് പണ്ട് വൃത്തിഹീനമായ രീതിയിൽ കാടുപിടിച്ച് മാലിന്യ നിക്ഷേപം നടത്തിയിരുന്ന ഒരു പ്രദേശമായിരുന്നു. എന്നാൽ ഇന്ന് സമീപപ്രദേശങ്ങളിൽ നിന്നുപോലും നിരവധി സന്ദർശകർ ഇവിടെ എത്തിച്ചേർന്ന് മുളങ്കൂട്ടത്തിന്റെ മനോഹാരിത ആസ്വദിക്കുന്നു. തുടക്കത്തിൽ 140 മുളംതൈകൾ മാത്രമാണ് ഇവിടെ ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ 3240 മുളംതൈകൾ വളർന്നു പന്തലിച്ചു നിൽക്കുന്നു. ജനകീയ സംരക്ഷണ സമിതി, ഹരിതകർമ്മസേന, ബി.എം.സി കോർഡിനേറ്റർ എന്നിവർ ഇതിന്റെ സംരക്ഷണ ചുമതല ഏറ്റെടുത്ത് നടത്തുന്നു. സുരക്ഷിതമായ ജൈവവേലി മുളന്തുരുത്തിന് സംരക്ഷണ കവചം തീർക്കുന്നു. ജലസംരക്ഷണം, പ്രകൃതി സംരക്ഷണം എന്നിവയിൽ



ഈ മുളന്തുരുത്ത് കാര്യക്ഷമവും മാതൃകാപരവുമായ ധർമ്മമാണ് നിർവഹിക്കുന്നത്.

കുളത്തിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്ന പ്രവർത്തനവും നടപ്പിലാക്കിയിട്ടുണ്ട്. കുളം മലിനമാക്കുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുമെന്ന മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. പലയിനം പക്ഷികൾ മറ്റ് കര-ജല ജീവികൾ തുടങ്ങിയവയുടെ ആവാസകേന്ദ്രമായി പച്ചത്തുരുത്ത് മാറിക്കഴിഞ്ഞു. ശാസ്ത്ര വിഭാഗം വിദ്യാർത്ഥികളും അധ്യാപകരും പലപ്പോഴും ഇവിടം സന്ദർശിച്ച് പ്രവർത്തനം പഠന വിധേയമാക്കുന്നു. പച്ചത്തുരുത്തിലെ നീണ്ടു നിവർന്ന് തലയുയർത്തി ആർത്തുല്ലസിച്ച് നിൽക്കുന്ന മുളങ്കൂട്ടങ്ങളുടെ നൃത്തച്ചുവടുകളും മുളംതലപ്പുകളുടെ മർമ്മരസംഗീതവും സന്ദർശകർക്ക് ഹൃദ്യവും മനോഹരവുമായ ആസ്വാദനം നൽകുന്നു. ഇതിന്റെ നിലനിൽപ്പിന് കോട്ടം വരാത്ത രീതിയിലുള്ള ടൂറിസം വികസന പദ്ധതികൾ ഗ്രാമപഞ്ചായത്തിന്റെ ആലോചനയിലുണ്ട്. എല്ലാ മാസവും ജനകീയ സംരക്ഷണ സമിതി ചേർന്ന് പച്ചത്തുരുത്തിന്റെ അവസ്ഥ വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അത് ഉടൻ പരിഹരിക്കുകയും ചെയ്യുന്നു. വൈകുന്നേരങ്ങളിൽ പൊതുജനങ്ങൾക്കു വിശ്രമിക്കാനുള്ള ജൈവ ഇരിപ്പിടങ്ങൾ അതിനകത്തു സ്ഥാപിക്കുന്ന കാര്യം പഞ്ചായത്തിന്റെ പരിഗണനയിലാണ്.


മാലിന്യ കേന്ദ്രം ഇനി ഷട്ടിൽ കോർട്ട്

## മാലിന്യക്കൂനയിൽ നിന്ന് ഷട്ടിൽ കോർട്ടിലേക്ക്

മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിൽ കോട്ടായി സെന്റർ പരിസരത്ത് മാലിന്യ പ്രശ്നം നിലനിന്നിരുന്ന മലമ്പുഴ ഇറിഗേഷൻ സ്ഥലം വൃത്തിയാക്കി വീണ്ടെടുത്ത് ഒരു കളിക്കളം ആക്കി മാറ്റാൻ സാധിച്ചു. തൊഴിലുറപ്പ് പദ്ധതി, ഹരിതകേരളം മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനം എന്നിവയുടെ കൂട്ടായ പരിശ്രമത്തിലാണ് ഈ വലിയ മാറ്റം കൊണ്ടുവരാൻ സാധിച്ചത്. 8 ലക്ഷം രൂപ വിനിയോഗിച്ചാണ് ഷട്ടിൽ കോർട്ട് നിർമ്മാണം പൂർത്തീകരിച്ചത്. വിശ്രമിക്കാൻ ആയി ഇരിപ്പിടവും തയ്യാറാക്കിയിട്ടുണ്ട് 2023 മാർച്ച് മാസം അവസാനത്തിലാണ് കോർട്ട് നാടിനായി സമർപ്പിച്ചത്.

## ഷൊർണൂർ നഗരസഭ - മാതൃക എം.സി.എഫ്

നഗരസഭയിൽ പ്രതിദിനം 12.84 ടൺ ജൈവമാലിന്യവും 4.12 ടൺ അജൈവമാലിന്യവുമാണ് ഉൽപാദിപ്പിക്കപ്പെടുന്നത്. ഇതിൽ പ്രതിദിനം 4 ടൺ ശേഷിയുള്ളതും 7000 ചതുര അടി വിസ്തീർണ്ണമുള്ളതുമായ എംസിഎഫ് ഒരു മാതൃകാ സ്ഥാപനമായി ഉയർത്തുന്നതിന്റെ ഭാഗമായി വിവിധ നവീകരണ പ്രവർത്തനങ്ങളാണ് നഗരസഭ നടപ്പിലാക്കിയത്. അടിസ്ഥാന സൗകര്യങ്ങൾ ഏറ്റവും മെച്ചപ്പെട്ട രീതിയിൽ ഒരുക്കിക്കൊണ്ടാണ് നഗരസഭ എംസിഎഫും അതിനോട് അനുബന്ധിച്ചുള്ള ഹരിതകർമ്മസേന ഓഫീസും നിർമ്മിച്ചിട്ടുള്ളത്. നഗരസഭ നിലവിലുള്ള മാലിന്യ സംസ്കരണ പ്ലാന്റിന്റെ വശങ്ങളിൽ പുല്ല് നടുന്നതിന് പുറമേ നൂറിൽപരം ചെടികൾ നട്ട് മനോഹരമാക്കിയിരിക്കുന്നു. പരിസരത്ത് ഉണ്ടായിരുന്ന പാറകളും സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമാക്കിക്കൊണ്ട് വന്ന സെൽഫി പോയിന്റ്, മുള കൊണ്ടുള്ള ബെഞ്ച്, ശുചിത്വ സന്ദേശങ്ങൾ

ആലേഖനം ചെയ്ത ടയറുകൾ എന്നിവയെല്ലാം സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി എംസിഎഫിലേക്ക് ഉള്ള വഴി 100 മീറ്റർ കയർ ഭൂവസ്ത്രം വിരിച്ചു മണ്ണ് ഒരുക്കുകയും ചെയ്തു. പാർശ്വഭിത്തികളിൽ മാലിന്യമുക്ത സന്ദേശങ്ങൾ എഴുതിവച്ചിരിക്കുന്നതും ഏറെ ആകർഷണീയമാണ്. പുതിയതായി ഒരു ടൺ ശേഷിയുള്ള ആർ.ആർ. എഫ്. നിർമ്മിച്ചിട്ടുണ്ട്. കാര്യക്ഷമമായ തരംതിരിക്കൽ, വേർതിരിക്കൽ, സംഭരണം എന്നിവയ്ക്ക് മതിയായ സൗകര്യം നൽകാൻ ഇതിലൂടെ സാധിച്ചു. വേർതിരിച്ച മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി ആറ് തരം വ്യത്യസ്ത ക്യാബിനുകളും ഒരുക്കിയിട്ടുണ്ട്. യൂസർ ഫീ ശേഖരത്തിനോടൊപ്പം മെച്ചപ്പെട്ട വേർതിരിക്കൽ കൂടി പ്രാവർത്തികമായപ്പോൾ സേനാംഗങ്ങളുടെ പ്രതിമാസ വരുമാനം 10000 രൂപയിൽ കൂടുതൽ ഉറപ്പാക്കാൻ സാധിച്ചു. നഗരസഭയുടെ ശുചീകരണ തൊഴിലാളികൾ മുഖേന




ജൈവമാലിന്യം ബിന്നുകളിൽ ശേഖരിച്ച് വളമാക്കി മാറ്റുകയും ചെയ്യുന്നുണ്ട്.

## ഹരിത ടൗൺ - ഷൊർണൂർ ടൗൺ

മാലിന്യ നിർമ്മാർജ്ജന മേഖലയിൽ വേറിട്ട മാതൃകയാവുകയാണ് ഷൊർണൂർ നഗരസഭ. മാലിന്യ ശേഖരണം - സംസ്കരണം എന്നപോലെ നഗരത്തെ ഹരിത സുന്ദരമായി നിലനിർത്തുന്നതിനു നിരവധി പ്രവർത്തനങ്ങൾ നഗരസഭ ഏറ്റെടുത്ത് നടപ്പിലാക്കുന്നു. 66 ഹരിതകർമ്മസേന അംഗങ്ങൾക്ക് പുറമെ ശുചീകരണ തൊഴിലാളികളും യജ്ഞത്തിന് നേതൃത്വം



നൽകുന്നു. മാതൃകാപരമായ എം.സി.എഫ്, ആർ.ആർ.എഫ് എന്നിവക്ക് പുറമേ ടൗണുകളിൽ 32 ബോട്ടിൽ ബൂത്ത്, 100 ട്വിൻ ബിന്നുകൾ, കരിയില സംഭരണികൾ എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. നഗര സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പാഴ് വസ്തുക്കളിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മിതി, സാധ്യമായ ഹരിത നിർദ്ദേശങ്ങൾ പ്രദർശിപ്പിക്കൽ, ചുവർ ചിത്രങ്ങൾ, പൂച്ചെടികളും ഇരിപ്പിടങ്ങളും ഒരുക്കൽ, ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ദൈനംദിനമായി ചെയ്തുവരുന്നതിലൂടെ ഷൊർണൂർ നഗരത്തിൻ്റെ മുഖഛായ മികവുള്ളതായി മാറ്റുന്നതിന് സാധിച്ചു. AAKRI ആപ്പിലൂടെ സാനിറ്ററി പാഡുകൾ, ഡയപ്പറുകൾ പോലുള്ള മാലിന്യങ്ങളും ശേഖരിക്കുന്നു. 25 kld കപ്പാസിറ്റിയുള്ള സീവേജ് ട്രീറ്റ്മെൻ്റ് പ്ലാൻ്റ് നഗരസഭ സ്ഥാപിച്ചിട്ടുണ്ട്.



## തരിശുരഹിത ഗ്രാമം - മുതുതല ഗ്രാമപഞ്ചായത്ത്

തരിശ് രഹിത ഗ്രാമം എന്നത് ഹരിതകേരളം മിഷനും കാർഷിക വികസന കർഷകക്ഷേമവകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ്. ജില്ലയിൽ മുതുതല, കോട്ടായി, എലവഞ്ചേരി, കിഴക്കഞ്ചേരി തുടങ്ങിയ ഗ്രാമപഞ്ചായത്തുകൾ ഈ പദ്ധതിയിലൂടെ തരിശുരഹിത ഗ്രാമങ്ങളായി മാറിയിട്ടുണ്ട്. ജില്ലയിലെ ആദ്യത്തെ തരിശുരഹിത ഗ്രാമപഞ്ചായത്താണ് മുതുതല.

കാർഷികരംഗത്തെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെയും സംഘടനകളെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. കൃഷിയുടെ പ്രാധാന്യം ജനങ്ങളിലേക്ക് എത്തിക്കുന്നതിനു വേണ്ടിയാണ് ഈ ക്യാമ്പയിൻ ലക്ഷ്യമിടുന്നത്. പാടങ്ങൾ മാത്രമല്ല തരിശായി കിടക്കുന്ന കരഭൂമിയും കൂടി ഉൾപ്പെടുത്തിയാണ് തരിശുരഹിത ഗ്രാമം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. തരിശുരഹിത ഗ്രാമം ക്യാമ്പയിൻ കാർഷിക മേഖലയിലേക്ക് കൂടുതൽ ജനങ്ങളെ ആകർഷിക്കുന്നതിന് സഹായകമായി മാറിയിട്ടുണ്ട്. പട്ടാമ്പി താലൂക്കിലെ പടിഞ്ഞാറൻ മേഖലയിൽ സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്താണ് മുതുതല ഗ്രാമപഞ്ചായത്ത്. ഈ ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കർഷകരും കർഷക തൊഴിലാളികളുമാണ്. കുന്നുകളും സമതലപ്രദേശങ്ങളുമാണ് പഞ്ചായത്തിന്റെ ഭൂപ്രകൃതി. കിഴക്ക് നിന്ന് പടിഞ്ഞാറോട്ടോഴുകുന്ന രണ്ട് വലിയ തോടുകളും ഭാരതപുഴയുമാണ് കൃഷിക്കായുള്ള പ്രധാന ജലസ്രോതസുകൾ. കൃഷി ജീവിതത്തിന്റെ ഭാഗമായി ഏറ്റെടുത്ത പ്രദേശമാണ് മുതുതല ഗ്രാമപഞ്ചായത്ത്. മുതുതല ഗ്രാമപഞ്ചായത്തിൽ 200 ഹെക്ടർ നെൽ കൃഷി രണ്ടാം വിളയായി ചെയ്തു വരുന്നു. 2022 മുതൽ

നടത്തി വരുന്ന സംയുക്ത പ്രവർത്തനങ്ങളുടെ ഫലമായാണ് 2024 - ൽ മുതുതല ഗ്രാമപഞ്ചായത്ത് തരിശു രഹിത ഗ്രാമമായി പ്രഖ്യാപിച്ചത്. നിലവിൽ ജല ഗമനാഗമന സൗകര്യമുള്ള മുഴുവൻ പ്രദേശവും കൃഷി ചെയ്തു വരുന്നു. ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ കൃഷി വകുപ്പിന്റെയും ഹരിതകേരളം മിഷന്റെയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും, പാടശേഖര സമിതിയുടെയും വിവിധ രാഷ്ട്രീയ സാംസ്കാരിക സംഘടനകളുടെയും സഹായത്തോടു കൂടിയാണ് ക്യാമ്പയിൻ ലക്ഷ്യം കൈവരിച്ചത്.



25 ഹെക്ടർ തരിശുഭൂമിയിൽ നെൽകൃഷി ചെയ്തു വരുന്നു. നെൽകൃഷി ചെയ്യാൻ യോഗ്യമല്ലാത്തതും കരഭൂമിയാക്കിയതുമായ 35 ഹെക്ടർ സ്ഥലത്ത് വർഷകാല വേനൽകാല പച്ചക്കറികൃഷി ചെയ്തു വരുന്നു. വിഷം കലരാത്ത പച്ചക്കറികൃഷി മുതുതല ഗ്രാമപഞ്ചായത്തിൽ ഗണ്യമായി വർധിച്ചിട്ടുണ്ട്. നാടൻ പച്ചക്കറി ഗ്രാമ പഞ്ചായത്തിന്റെ കീഴിലുള്ള എക്കോഷോപ്പിൽ വിൽപനയ്ക്ക് എത്തുന്നുണ്ട്. തരിശുരഹിത ഗ്രാമം ക്യാമ്പയിനിനോടൊപ്പം ഹരിതസമൃദ്ധി വാർഡ് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതോടുകൂടി കാർഷിക സംസ്കാരം മെച്ചപ്പെട്ട് വന്നിട്ടുണ്ട്. സുസ്ഥിര ജൈവകൃഷി അവലംബിക്കുന്നതിലൂടെ മണ്ണിന്റെ ഫലഭൂയിഷ്ഠത നില നിർത്താൻ സാധിക്കുന്നു. വിവിധങ്ങളായ പ്രാദേശിക ഉൽപന്നങ്ങൾ വിപണിയിൽ എത്തിക്കാൻ കഴിഞ്ഞു. പൊതു ജനങ്ങൾക്കിടയിൽ നാടൻ ഉൽപന്നങ്ങൾ വാങ്ങൽ ശീലം വർധിച്ചു. പച്ചക്കറികൾ ആഹാരത്തിൽ കൂടുതലായി ഉൾപെടുത്തുന്ന തരത്തിൽ മാറ്റംവന്നിട്ടുണ്ട്. ഇതിലൂടെ കർഷകർക്ക് മികച്ച വരുമാനവും നേടിയെടുക്കാൻ സാധിക്കുന്നുണ്ട്.

### വളരാം വൃത്തിയിൽ -ജി എൽ പി എസ് പല്ലാവൂർ, പല്ലശ്ശന

വിദ്യാലയവും പരിസരവും മാലിന്യമുക്തമാക്കുന്നതിനോടൊപ്പം പ്രദേശത്തെ വീടുകളും പൊതു ഇടങ്ങളും ഹരിതാഭമാക്കുന്നതിനുള്ള ക്യാമ്പയിൻ പ്രവർത്തനമാണ് 'വളരാം വൃത്തിയിലൂടെ' എന്ന പദ്ധതി വിഭാവനം ചെയ്യുന്നത്. 2024 ജൂൺ 6 മുതൽ 2025 മെയ് 30 വരെയുള്ള കാലയളവാണ് പദ്ധതി നടപ്പിൽ വരുത്തുന്നതിനായി വിനിയോഗിച്ചത്. നെന്മാറ ബ്ലോക്ക് പഞ്ചായത്ത്, പല്ലശ്ശന ഗ്രാമപഞ്ചായത്ത്, ഹരിതകേരളം മിഷൻ ഉൾപ്പെടെ വിവിധ മിഷനുകൾ, പിടിഎ, എംപിടിഎ, പൂർവവിദ്യാർത്ഥികൾ, അധ്യാപകർ, ഹരിതകർമ്മസേന എന്നിവരുടെ സഹകരണത്തോടു കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഭൂരിഭാഗവും ബിപിഎൽ കുടുംബങ്ങളിൽ നിന്നുമുള്ള കുട്ടികളാണ് ഈ സ്കൂളിൽ പഠിക്കുന്നത്. പ്രദേശത്തെ വീടുകളിൽ നിന്നും വരുന്ന കുട്ടികളിലെ വിളർച്ച, വൃത്തിയില്ലായ്മ, അനാരോഗ്യം, പ്ലാസ്റ്റിക്കിന്റെ അമിതമായ ഉപയോഗം, വലിച്ചെറിയൽ മനോഭാവം, ആരോഗ്യകാര്യങ്ങളിൽ ഉള്ള അറിവില്ലായ്മ എന്നിവ പദ്ധതി ഏറ്റെടുക്കുന്നതിന് സ്കൂളിനെ പ്രേരിപ്പിച്ചു. ഗൃഹസന്ദർശനം, ബോധവൽക്കരണ ക്ലാസുകൾ, പേപ്പർബാഗ് നിർമ്മാണം, പ്ലാസ്റ്റിക്കിനെതിരെയുള്ള അവബോധം സൃഷ്ടിക്കുന്നതിനുള്ള വിവിധ മാർഗങ്ങൾ, എംസിഎഫ് സന്ദർശനം തുടങ്ങി നിരവധി പ്രവർത്തനങ്ങൾ പദ്ധതി നടപ്പിലാക്കുന്നതിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. മെഡിക്കൽ

ഓഫീസർമാരുടെ സഹകരണത്തോടെ കൃത്യമായ ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ, കുടുംബശ്രീ, ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ എന്നിവയിലൂടെ നൽകിയ ബോധവൽകരണ ക്ലാസുകൾ എന്നിവ പദ്ധതി വിജയിക്കുന്നതിന് പ്രയോജനം ചെയ്തു. ചിട്ടയായ പ്രവർത്തനത്തിലൂടെ സ്കൂൾ പരിസരത്തെ മുഴുവൻ വീടുകളെയും ഹരിതഭവനങ്ങൾ ആക്കാൻ സാധിച്ചു. പ്ലാസ്റ്റിക്കിന് ബദൽ ഉൽപ്പന്നങ്ങൾ സാധ്യമായി. പ്രദേശത്തെ മുഴുവൻ വീടുകളിലും ഹരിതകർമ്മസേനയുടെ സേവനം 100% ആക്കുന്നതിനും യൂസർഫീ സമ്പൂർണ്ണമാക്കുന്നതിനും സാധിച്ചു. കുട്ടികളുടേയും അവരുടെ വീടുകളിലെയും ശുചിത്വ സംസ്കാരവും ആരോഗ്യ സംസ്കാരവും മെച്ചപ്പെട്ടു. ഒരു വിദ്യാലയത്തിലൂടെ ഒരു സമൂഹം തന്നെ മെച്ചപ്പെട്ട സാമൂഹിക സാംസ്കാരിക ആരോഗ്യ അവസ്ഥയിലേക്ക് എത്തിപ്പെടുന്നതിന് പദ്ധതി പ്രവർത്തനത്തിന് സാധിച്ചുവെന്നത് വിജയകരമായ നേട്ടമാണ്.



**മാലിന്യ കൂനയെ സ്നേഹാരാമമാക്കി പല്ലാവൂർ ഗവ: എൽ.പി. സ്കൂൾ**

ഗാന്ധിജയന്തി ദിനത്തിൽ വിദ്യാലയത്തിന് മുൻ വശത്തെ മാലിന്യക്കൂനയെ സ്നേഹാരാമമാക്കി പല്ലാവൂർ ഗവ: എൽ.പി.സ്കൂൾ അധികൃതർ.

മരച്ചില്ലകളും, കോൺക്രീറ്റ് അവശിഷ്ടങ്ങളും ചപ്പുചവറുകളും പുല്ലും നിറഞ്ഞ പ്രദേശമാണ് വൃത്തിയാക്കി പൂച്ചെടികൾ വെച്ചത്. മാലിന്യമുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി നെന്മാറ ബ്ലോക്ക് ശുചിത്വ മിഷൻ റിസോഴ്സ് പേഴ്സണും മുൻ പ്രധാനാധ്യാപകനുമായ എ. ഹാറൂണിന്റെ ആശയമാണ് ഹെഡ്മിസ്ട്രസ്സും ശുചിത്വ ക്ലബ്ബും പി ടി എ യുടെ സഹകരണത്തോടെ നടപ്പിലാക്കിയത്.

സ്നേഹാരാമത്തിന്റെ ഉദ്ഘാടനം പല്ലശ്ശന പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ എ.സജില നിർവ്വഹിച്ചു. ശുചിത്വ മിഷൻ ആർ.പി.എ.ഹാറൂൺ,പഞ്ചായത്ത് മെമ്പർ വി. മനുപ്രസാദ്, പിടിഎ പ്രസിഡണ്ട് കെ. കോകില, ഹെഡ്മിസ്ട്രസ്സ് ടി.ഇ. ഷൈമ, അധ്യാപികമാരായ കെ.ഗിരിജ, ടി.വി. പ്രമീള,പി.വി.രേഷ്മ എന്നിവർ സംസാരിച്ചു.

## പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് - സ്മൃതി വനം

പട്ടഞ്ചേരി ഗ്രാമപഞ്ചാത്തിൽ വനം വകുപ്പിന്റെയും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും, ഹരിതകേരളം മിഷന്റെയും, തൊഴിലുറപ്പ് പദ്ധതിയുടെയും സഹായത്തോടെ 2023 ജൂലൈ 1 ന് വനമഹോത്സവം - 2023 എന്ന പേരിൽ ജില്ലാതല ഉദ്ഘാടനവും സ്മൃതിവന നിർമ്മാണവും നടത്തി. പട്ടഞ്ചേരി അമ്പലപ്പറമ്പ് വാതകശ്മശാന വളപ്പിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് വൃക്ഷതൈകൾ നട്ട് പരിപാലിച്ച് സ്മൃതി വനമായി സംരക്ഷിക്കാനുള്ള



പ്രവർത്തനങ്ങൾക്ക് ഈ ദിനത്തിൽ തുടക്കം കുറിച്ചു. 2 എക്കർ വരുന്ന സ്മൃതി വനത്തിൽ 1000 ത്തോളം വിവിധ ഇനം വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും 250 ഓളം തൈകൾ ട്രീ ഗാർഡുകൾ വെച്ച് സംരക്ഷിക്കുകയും ചെയ്തിട്ടുണ്ട്. അഹല്യ ആശുപത്രിയുടെ വൃക്ഷവത്ക്കരണ പദ്ധതിയിൽ നിന്നാണ് ട്രീ ഗാർഡ് ലഭിച്ചത് നല്ലൊരു ശതമാനം പാറ വരുന്ന ഭാഗത്താണ് വൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ചിട്ടുള്ളത് എന്നതാണ് പ്രത്യേകത. 2023 ൽ തുടങ്ങിയ പദ്ധതി ഇന്നും തുടർന്നു വരുകയാണ്. കടുത്ത വേനലിൽ വെച്ചുപിടിപ്പിച്ച വൃക്ഷങ്ങൾ കത്തിയും ഉണങ്ങിയും നശിച്ചിരുന്നു. അവ മാറ്റി സ്ഥാപിച്ചാണ് സ്മൃതി വനപരിപാലനം ഉറപ്പാക്കിയത്. മരണപ്പെട്ടവരുടെ ഓർമ്മയ്ക്കായി ഉറ്റവർക്ക് വൃക്ഷം നടാനും സംരക്ഷിക്കാനും സ്മൃതി വനം സാധ്യത ഒരുക്കുന്നുണ്ട്. സ്വാഭാവിക വനവൽക്കരണത്തിലൂടെ ആവാസവ്യവസ്ഥ നിലനിർത്തുന്നുണ്ട്.

## പാലക്കാട് നഗരസഭ ഇൻസിനറേറ്റർ

ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി തദ്ദേശീയതലത്തിൽ വിവിധ പദ്ധതികൾ ഉണ്ടെങ്കിലും സാനിറ്ററി പാഡുകളുടെ സംസ്കരണം ഒരു പ്രതിസന്ധിയായി നിലനിൽക്കുന്നുണ്ട് . ഈ സാഹചര്യം പരിഹരിക്കുന്നതിനായി കേരളത്തിൽ ആദ്യമായി ഒരു ശ്രമം ഉണ്ടായത് പാലക്കാട് നഗരസഭയിൽ ആണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമുള്ള കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിറ്റി ലെവൽ ഇൻസിനറേറ്റർ പാലക്കാട് നഗരസഭ സ്ഥാപിച്ചു. ഗ്രാമപഞ്ചായത്തിലെ വാർഡ് 2 ൽ സ്ഥിതി ചെയ്യുന്ന ട്രെഞ്ചിങ് ഗ്രൗണ്ടിലാണ് ഈ പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളത്. നഗരസഭയുടെ ട്രൈഡ് ഫണ്ട് ഉപയോഗിച്ചാണ് ഈ സംരംഭത്തിന് നഗരസഭ തുടക്കം കുറിച്ചത്. പ്രതിദിനം ഒരു ടൺ (TPD) ശേഷിയുള്ള ഇൻസിനറേറ്റർ ഇരട്ട അറകൾ ഉള്ള ഒരു യൂണിറ്റ് ആയിട്ടാണ് പ്രവർത്തിക്കുന്നത്. ഈ നൂതനമായ സമീപനം സാനിറ്ററി മാലിന്യവുമായി ബന്ധപ്പെട്ട വെല്ലുവിളികളെ അഭിസംബോധന ചെയ്യുക മാത്രമല്ല ശുദ്ധവും ആരോഗ്യകരവുമായ അന്തരീക്ഷം നിലനിർത്തുന്നതിനും സഹായിക്കുന്നു. നഗരസഭയിലെ 52 വാർഡുകളിലായി ഉള്ള 232 ഹരിതകർമ്മസേന അംഗങ്ങൾ ആഴ്ചയിൽ രണ്ട് തവണ ഗാർഹിക സാനിറ്ററി മാലിന്യങ്ങൾ ശേഖരിക്കുന്നു. മാലിന്യം ശേഖരിക്കുന്നതിനുള്ള യൂസർഫീയായി പ്രതിമാസം 100 രൂപയാണ് നിലവിൽ ഈടാക്കുന്നത്.



## നിറ പദ്ധതി ആലത്തൂർ

ആലത്തൂർ നിയോജകമണ്ഡലത്തിലെ സമഗ്ര കാർഷിക വികസന പദ്ധതിയാണ് ‘നിറ’ (NIRA - നിയോജകമണ്ഡല കൃഷി വികസന പദ്ധതി). കൃഷി വകുപ്പിന്റെയും കർഷക കൂട്ടായ്മകളുടെയും സഹായത്തോടെ കാർഷിക വരുമാനം വർദ്ധിപ്പിക്കുക, ആഹാര സുരക്ഷ ഉറപ്പാക്കുക, ജലസംരക്ഷണം, ആധുനിക കൃഷിരീതികൾ, വിത്തുകൾ, യന്ത്രോപകരണങ്ങൾ എന്നിവ ലഭ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്നു.

**നിറ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ:**

- കാർഷിക വികസനം: വിളകൾക്ക് താങ്ങു നൽകുന്ന കൊയ്ത്ത് യന്ത്രങ്ങൾ, സ്മാർട്ട് കാർഡുകൾ, വിവര സാങ്കേതികവിദ്യ, ആധുനിക കൃഷിരീതികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നു.

- ജലസംരക്ഷണം: കിണറുകൾ റീചാർജ് ചെയ്യാനും ജലസ്രോതസ്സുകൾ സംരക്ഷിക്കാനും പദ്ധതികൾ നടപ്പിലാക്കുന്നു.

- ഔഷധ സസ്യ കൃഷി: വാഴയൂർ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ വലിയ ഔഷധ സസ്യത്തോട്ടങ്ങൾ സ്ഥാപിച്ചു.




- കർഷക ശാക്തീകരണം: കർഷകർക്ക് വിവിധ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കാനും വിവരങ്ങൾ നൽകാനുമുള്ള സ്മാർട്ട് കാർഡുകൾ വിതരണം ചെയ്യുന്നു.

- മഷ്റൂം കൃഷി: സുരക്ഷിതവും പോഷകസമൃദ്ധവുമായ ഭക്ഷണം ഉൽപാദിപ്പിക്കാൻ മഷ്റൂം കൃഷിയെ പ്രോത്സാഹിപ്പിക്കുന്നു.

ചുരുക്കത്തിൽ, ‘നിറ’ എന്നത് ആലത്തൂരിലെ കർഷകർക്ക് സമഗ്രമായ പിന്തുണ നൽകി കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കാനുള്ള ഒരു കൂട്ടം പദ്ധതികളാണ്. നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന കാർഷികവികസന പദ്ധതിയായ ‘നിറ’ പദ്ധതിയിൽ കർഷകർക്ക് സ്മാർട്ട് കാർഡ് നൽകും. കർഷകർക്ക് വിവിധ സേവനങ്ങൾ ഓൺലൈനായി അപേക്ഷിക്കാൻ കഴിയുന്ന രീതിയിലുള്ള സമ്പൂർണ വിവരങ്ങൾ ഉൾപ്പെടുത്തിയാണ് ‘ഇ-നിറ’ സ്മാർട്ട് കാർഡ് തയ്യാറാക്കിയിട്ടുള്ളത്.



## കാരമല എക്കോ ടൂറിസം

പ്ലാസ്റ്റിക് മാലിന്യക്കൂമ്പാരങ്ങൾ കൊണ്ടും കാട് കയറിയും വൃത്തിഹീനമായി കിടന്നിരുന്ന കാരമല ഇന്ന് കേരള ടൂറിസം ഭൂപടത്തിൽ പ്രത്യേകമായി അടയാളപ്പെടുത്തുന്ന ഒരിടമായി മാറി. മാലിന്യങ്ങൾ പൂർണമായും നീക്കം ചെയ്ത് സൗന്ദര്യവൽക്കരിച്ച് കുട്ടികൾക്കുള്ള കളിസ്ഥലമായും സാഹസിക വിനോദ കേന്ദ്രമായും മാറ്റിക്കൊണ്ട് കാരമല ടൂറിസം കേന്ദ്രം നാടിന് സമർപ്പിച്ചു. ടൂറിസം വകുപ്പിന്റെ 50 ലക്ഷവും ആലത്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 10 ലക്ഷവും തരൂർ പഞ്ചായത്തിന്റെ 33.50 ലക്ഷവും ചെലവഴിച്ചാണ് 50 സെൻറിൽ കാരമല ചിൽഡ്രൻസ് ആൻഡ് അഡ്വഞ്ചർ പാർക്ക് ഒരുക്കിയത്. ഇന്ന് ജില്ലയിലെ ഏക സാഹസിക കേന്ദ്രമായി കാരമല ടൂറിസം കേന്ദ്രം ടൂറിസം വകുപ്പ് തെരഞ്ഞെടുത്തിട്ടുണ്ട്.

## ജലസംരക്ഷണ പ്രവർത്തനങ്ങൾ

### പുതുക്കുളങ്ങര കുളം

പാലക്കാട് നിയമസഭാ മണ്ഡലത്തിലെ പിരായിരി ഗ്രാമ പഞ്ചായത്ത് വാർഡ് 21 ൽ സ്ഥിതി ചെയ്യുന്ന പുതുക്കുളങ്ങര കുളം 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നവീകരിച്ചിട്ടുണ്ട്. 195.20 ലക്ഷം അടങ്കൽ തുകയിൽ 2022 ൽ ഭരണാനുമതിയും സാമ്പത്തിക അനുമതിയും ലഭിച്ച ഈ പൊതു കുളം നവീകരിക്കുന്ന പ്രവൃത്തി 2023 ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഈ കുളത്തിന് സമീപത്തെ 10 ഹെക്ടർ കൃഷി ഭൂമിയുടെ ജലസേചനത്തിനും ഈ പ്രദേശത്തെ ഗ്രൗണ്ട് വാട്ടർ റീച്ചാർജിനും ഈ കുളം ഉപകാരപ്രദമാകുന്നു. സമീപത്തെ കുട്ടികൾ നീന്തൽ പരിശീലനത്തിനും നിലവിൽ ഈ കുളം ഉപയോഗിക്കുന്നുണ്ട്.



## പറളി ചെക്ക് ഡാം

ജലസേചന വകുപ്പ് മുഖേന കോങ്ങാട് നിയമസഭാ മണ്ഡലത്തിലെ പറളി ഗ്രാമപഞ്ചായത്തിലാണ് ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള പറളി ചെക്ക് ഡാം സ്ഥിതി ചെയ്യുന്നത്. ഏകദേശം 150 മീറ്റർ നീളമുള്ള ഈ ചെക്ക് ഡാം വളരെ ശോചനീയാവസ്ഥയിലായിരുന്നു. 2017 ൽ 90 ലക്ഷം രൂപയുടെ ഭരണാനുമതിയും 2019 ൽ സാങ്കേതിക അനുമതിയും ലഭിച്ച ഈ ചെക്ക് ഡാം നവീകരണ പ്രവൃത്തി 2023 ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുവഴി പറളി പഞ്ചായത്തിലെ ഏകദേശം 2000 കുടുംബങ്ങൾക്കുള്ള കുടിവെള്ള പദ്ധതിക്ക് തടസ്സമില്ലാതെ വെള്ളം ലഭ്യമാക്കുവാൻ കഴിയുന്നുണ്ട്. പറളി, പിരായിരി ഗ്രാമപഞ്ചായത്തുകളിലേക്കുള്ള കേരളവാട്ടർ അതോറിറ്റിയുടെ നിലവിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതിക്കും വെള്ളം ലഭ്യമാക്കുവാൻ ഈ ചെക്ക് ഡാം നവീകരണം പ്രയോജനകരമായിരിക്കും.



## അനങ്ങനടി ഗ്രാമപഞ്ചായത്തിൽ പ്ലക്കാട്ടുകുളം

ജലസേചന വകുപ്പ് മുഖേന അനങ്ങനടി ഗ്രാമപഞ്ചായത്തിൽ പ്ലക്കാട്ടുകുളം നവീകരണം പ്രവൃത്തികൾ 2023-24 ബജറ്റ് പ്രവൃത്തികളിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ മുതൽ മുടക്കിൽ പൂർത്തിയായിട്ടുള്ളതാണ്. ടി പ്രവൃത്തി അനങ്ങനടി ഗ്രാമപഞ്ചായത്തിലെ 42 ഹെക്ടർ കൃഷി സ്ഥലത്തേക്ക് ജലസേചനം സാധ്യമാക്കുന്നുണ്ട്. ടി കുളത്തിന്റെ വാട്ടർസ്പ്രഡ് എരിയ 4780 സ്ക്വ. മീറ്ററാണ്. നവീകരണ പ്രവൃത്തിയിൽ കുളത്തിന്റെ ആഴം കൂട്ടൽ, അരിക് സംരക്ഷണം, പ്ലാറ്റ്ഫോം



നിർമ്മാണം, നീന്തൽ പരിശീലനത്തിനുള്ള പ്രത്യേകമായ പ്ലാറ്റ്ഫോം നിർമ്മാണം എന്നിവ ഉൾപ്പെടുന്നുണ്ട്. ഇപ്പോൾ ഈ കുളം ആ പ്രദേശത്തെ ഒരു പ്രധാന വിനോദസഞ്ചാര കേന്ദ്രമായി മാറിയിട്ടുള്ളതാണ്.

## പോളിഹൗസ് ഫാർമ്മിംഗ് - പെരുമാട്ടി ഗ്രാമപഞ്ചായത്ത്



കേരള സർക്കാർ കൃഷി വകുപ്പ് മുഖാന്തിരം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ് അടിസ്ഥാനത്തിൽ ഉൽപ്പാദനം, സേവനം, മൂല്യവർദ്ധനവ് എന്നീ മേഖലകളിൽ കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുകയും ഇതിലൂടെ ഭക്ഷ്യ കാർഷിക വിള വൈവിധ്യത്തിലും കാർഷികോൽപ്പാദനത്തിലും സ്വയംപര്യാപ്തത കൈവരിക്കുക, കാർഷികോൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവ്, കേരളഗ്രോ ബ്രാൻഡിംഗ് എന്നിവയിലൂടെ കർഷകർക്ക് വരുമാന വർദ്ധനവ് ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ ഹരിതകേരളം മിഷൻ നടപ്പിലാക്കുന്ന പദ്ധതിയാണ് കൃഷി സമൃദ്ധി. കഴിഞ്ഞ വർഷങ്ങളിൽ കാർഷിക മേഖലയിൽ നടത്തിയ ഹരിതകേരളം മിഷന്റെ ഇടപെടലുകളുടെ മികവിന്റെ അടിസ്ഥാനത്തിൽ കൃഷി സമൃദ്ധി പദ്ധതിയിലേയ്ക്ക് തെരെഞ്ഞെടുത്ത ആദ്യഘട്ട 107 തദ്ദേശ സ്ഥാപനങ്ങളിൽ പെരുമാട്ടി ഗ്രാമപഞ്ചായത്തും ഉൾപ്പെട്ടിട്ടുണ്ട്. പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ തിരിച്ചറിയുകയും അത് ഫലപ്രദമായി നേരിടാൻ വാർഡ് അടിസ്ഥാനത്തിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഉൽപ്പാദന വിപണന മൈക്രോപ്ലാനുകൾ രൂപീകരിക്കേണ്ടതുമുണ്ട്. ഈ മൈക്രോപ്ലാനുകൾ പഞ്ചായത്ത് തലത്തിൽ ക്രോഡീകരിച്ച് പഞ്ചായത്ത് തല ഉൽപ്പാദന വിപണന പ്ലാനുകൾ രൂപീകരിക്കുകയും കൃഷി വകുപ്പിന്റേയും മറ്റ് ഇതര വകുപ്പുകളുടേയും പദ്ധതികൾ ഏകോപിപ്പിച്ച് കൃഷിക്കൂട്ടങ്ങൾ വഴി നടപ്പിലാക്കുകയും പഞ്ചായത്തിലെ കാർഷിക-കാർഷികേതര മേഖലകളിലെ സ്വയം പര്യാപ്തത ഉറപ്പാക്കുകയും ചെയ്തു. WCT തെങ്ങിൽ തൈകൾ പെരുമാട്ടി കൃഷിഭവനിൽ നിന്നും 50% സബ്സിഡി നിരക്കിൽ 50 രൂപപ്രകാരം കർഷകർക്ക് നൽകിയിട്ടുണ്ട്. 2024-25 വർഷത്തെ പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി അതിർത്തിയായ മീനാക്ഷിപുരത്ത് ഗവൺമെന്റ് ഐ.ടി.ഐ.യിൽ ഒരേക്കർ സ്ഥലത്ത് വിവിധയിനം വിളകൾ കൃഷി ചെയ്തു. നൂതന സാങ്കേതിക വിദ്യയായ ഓപ്പൺ പ്രിസിഷൻ കൃഷി രീതിയാണ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഇവിടെ അവലംബിച്ചിരിക്കുന്നത്. പ്ലാസ്റ്റിക് മൾച്ചിങ് ചെയ്യതിനാൽ കളകളെ പൂർണമായും ഒഴിവാക്കാനും മണ്ണിൽ ഈർപ്പം നിലനിർത്താനും ഇത് സഹായിച്ചു. ഡ്രിപ്പ് ഇറിഗേഷൻ വഴിയാണ് വളങ്ങൾ ഫെർട്ടിഗേഷൻ രീതിയിൽ നൽകുന്നത്. പൂർണ്ണമായും ജൈവകൃഷിയിലൂടെയാണ് പച്ചക്കറി കൃഷി ചെയ്യുന്നത്. പഠനത്തോടൊപ്പം കൃഷിയുടെ ആവശ്യകതയും പുതിയ കൃഷി രീതികളും പുതുതലമുറയുടെ പാഠ്യവിഷയമാക്കണം എന്ന ഉദ്ദേശത്തോടെയാണ് കൃഷി വകുപ്പ് മുഖാന്തിരം വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നത്. ഓണത്തിന് 31000 ഹൈബ്രിഡ് ചെണ്ടുമല്ലി തൈകളും ഗ്രാമപഞ്ചായത്ത് മുഖേന കർഷകർക്കായി വിതരണം ചെയ്തു. കവുങ്ങ് - 45 ഹെക്ടർ, കൊക്കോ - 10 ഹെക്ടർ, മാവ് - 25 ഹെക്ടർ, ജാതി - 35 ഹെക്ടർ, തെങ്ങ് - 1800 ഹെക്ടർ,

പച്ചക്കറി 5 ഹെക്ടർ, മഞ്ഞൾ -6 ഹെക്ടർ, കടല - 5 ഹെക്ടർ, ചെണ്ടുമല്ലി പൂക്കൾ - 6 ഹെക്ടർ, കുരുമുളക് - 5 ഹെക്ടർ, നാരങ്ങ - 5 ഹെക്ടർ, വാഴ - 50 ഹെക്ടർ, നെല്ല് - 1000 ഹെക്ടർ, മുളക് -5 ഹെക്ടർ, ഡ്രിപ് ഇറിഗേഷനിൽ തെങ്ങ് - 1200 ഹെക്ടർ, പച്ചക്കറി - 4 ഹെക്ടർ എന്ന പ്രകാരമാണ് നിലവിൽ കൃഷി ചെയ്യുന്നത്.

## അഹല്യയുടെ കാർബൺ ബഹിർഗമന പ്രവർത്തനത്തിലെ നാൾവഴികൾ

അഹല്യ ഹെൽത്ത് ഹെറിറ്റേജ് ആൻഡ് നോളജ് വില്ലേജ്, പച്ചപ്പാർന്ന ക്യാമ്പസിനും പരിസ്ഥിതി സുസ്ഥിരതയിലും ജൈവവൈവിധ്യ സംരക്ഷണത്തിലും നൽകുന്ന ശക്തമായ പ്രാധാന്യത്തിനും പേരുകേട്ട സ്ഥാപനമാണ്. ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശത്താണ് അഹല്യ സ്ഥിതി ചെയ്യുന്നതെങ്കിലും, ജലസംരക്ഷണ രംഗത്ത് ഇടപെടലുകൾ നടത്തി വേനൽക്കാലത്തിലെ കടുത്ത ചൂടിനിടയിലും ക്യാമ്പസിലെ ഭൂപ്രകൃതിയും പച്ചപ്പും നിലനിർത്താൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. ഊർജ്ജ സ്വയംപര്യാപ്തതയിലേക്കുള്ള ശക്തമായ മുന്നേറ്റത്തിന്റെ ഭാഗമായി, ഒരു ദശകത്തിലേറെയായി ആരംഭിച്ച നവീന ഊർജ്ജ പദ്ധതികൾ വഴി 8.4 മെഗാവാട്ട് കാറ്റാടിവൈദ്യുതിയും ഒരു മെഗാവാട്ട് സൗരോർജ്ജ പാനലും സ്ഥാപിച്ചുകൊണ്ട് ശുദ്ധവും സുരക്ഷിതവുമായ ഊർജ്ജ ഭാവിയിലേക്കുള്ള അഹല്യയുടെ പ്രതിബദ്ധത ഉറപ്പിച്ചിരിക്കുന്നു. കൃഷിയും പരിസ്ഥിതി സംരക്ഷണ പദ്ധതികളും ഉൾക്കൊള്ളുന്ന വിശാലമായ "ഗ്രീൻ ബെൽറ്റ്" അഹല്യ ക്യാമ്പസിൽ നിലനിൽക്കുന്നു. നെൽകൃഷിക്കായി പ്രത്യേകമായി മാറ്റിവച്ച പ്രദേശങ്ങളും, 5000-ത്തിലധികം ഔഷധസസ്യ ഇനങ്ങൾ ഉൾക്കൊള്ളുന്ന ഔഷധ തോട്ടവും, പച്ചക്കറികളും തെങ്ങ്, മാവ്, കശുവണ്ടി, വേപ്പ്, മുല്ല, വിവിധ സുഗന്ധവ്യഞ്ജന സസ്യങ്ങൾ തുടങ്ങിയ വൈവിധ്യമാർന്ന വൃക്ഷയിനങ്ങളും ക്യാമ്പസിന്റെ പ്രത്യേകതയാണ്. പ്രതിവർഷം ഏകദേശം 1000 തൈകൾ നട്ടുപിടിപ്പിക്കുന്ന അഹല്യ, 2017 ജൂൺ 5-ന് ചെയർമാൻ ഡോ. ഗോപാലിന്റെ നേതൃത്വത്തിൽ "ഗ്രീൻ അഹല്യ' എന്ന മുഖ്യ പരിസ്ഥിതി പദ്ധതിക്ക് തുടക്കം കുറിച്ചു. ഇന്ന് ഈ പദ്ധതി ജൈവ വിഭവ സംരക്ഷണം, ജനിതക മാറ്റം വരുത്തിയ നല്ലയിനം വിത്തുല്പാദന കേന്ദ്രം, മണ്ണിര





കമ്പോസ്റ്റ് സംരക്ഷണം, സുസ്ഥിര ഉപയോഗം എന്നിവ ലക്ഷ്യമാക്കി രൂപീകരിച്ച 41 തീമാറ്റിക് ഗാർഡനുകളായി വികസിച്ചിട്ടുണ്ട്. ഈ ദീർഘകാല പരിസ്ഥിതി പ്രവർത്തനങ്ങളുടെ അംഗീകാരമായി, അഹല്യയ്ക്ക് ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ 2025 ഒക്ടോബർ 29-ന് "ആദരായനം 2025' പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി ബഹുമതിയും ലഭിച്ചിട്ടുണ്ട്.

## കാർഷികത്തിന്റെ 'ശ്രീ'- ജ്ഞാന ശരവണൻ

ജ്ഞാനശരവണൻ എന്ന പേര് കൃഷി മേഖലയിൽ സുപരിചിതമാണ്. ചെന്നൈയിലെ സ്വകാര്യ ഐ.ടി. കമ്പനിയിലെ നല്ല ശമ്പളമുള്ള ജോലിയുപേക്ഷിച്ച് നാട്ടിലെത്തി ജ്ഞാനശരവണൻ കൃഷിയിലേക്ക് ഇറങ്ങിയത്. ജോലി ഉപേക്ഷിച്ച് വണ്ടികയറുമ്പോൾ കൂടെയുള്ളവർ വിലക്കിയെങ്കിലും അദ്ദേഹം പിൻവാങ്ങാൻ തയ്യാറായിരുന്നില്ല. കൂട്ടുകാരുടെയും നാട്ടുകാരുടെയും വീട്ടുകാരുടെയും ഉപദേശങ്ങൾക്കും കുറവുണ്ടായില്ല. എന്നാൽ ജ്ഞാനശരവണൻ്റെ വഴിയായിരുന്നു ശരിയെന്ന് ഇപ്പോൾ എല്ലാവരും തിരിച്ചറിയുന്നുണ്ട്. മാനവവിഭവശേഷി മാനേജ്മെൻ്റിൽ ബിരുദാനന്തര ബിരുദധാരിയാണ് ശരവണൻ. ചെന്നൈയിൽ ഐടി ജോലിയിലെ പണിത്തിരക്കുകൾക്കിടയിലും കൃഷിയിലേക്ക് തിരിയാനായിരുന്നു ആഗ്രഹം. മനസിൽ ആഗ്രഹം ശക്തിയായി വളർന്നു തുടങ്ങിയപ്പോൾ മണ്ണിലേക്ക് ഇറങ്ങി കൃഷിയെക്കുറിച്ച് കൂടുതൽ പഠിക്കുകയാണ് ആദ്യം ചെയ്തത്. വിഷം വിളയിക്കുന്നതാവരുത് കൃഷി എന്ന് ചിന്ത ജൈവ കൃഷിയിലേക്ക് തിരിയാൻ കാരണമായി. പച്ചിലകളും ചാണകവും മണ്ണിരയും സംയോജിപ്പിച്ച് വളപ്രയോഗം നടത്തുന്നതാണ് കൃഷിരീതി. ജീവാമൃതം, ബീജാമൃതം എന്നിവയുടെ ഉപയോഗവും പ്രോത്സാഹിപ്പിച്ചു. നാടൻ പശുക്കളും ഗീർ ഇനത്തിൽപ്പെട്ട പശുവും കാങ്കയം ഇനത്തിൽപ്പെട്ട കാളയും അടക്കമുള്ളവയുണ്ട് ഇവിടെ. കൃഷി പരിപാലിക്കുന്നുണ്ട്. ഇദ്ദേഹത്തിന്റെ രീതികളെക്കുറിച്ച് പഠിക്കാൻ എത്തുന്ന കേരളത്തിലെയും തമിഴ്നാട്ടിലെയും യുവാക്കൾക്കായി ആഴ്ചയിൽ മൂന്നുദിവസം ക്ലാസുമെടുക്കുന്നുണ്ട് ജ്ഞാനശരവണൻ. മികച്ച പ്രവർത്തനവും വേറിട്ട രീതികളും കണക്കിലെടുത്ത് 2017 ലെ മികച്ച ജൈവകർഷകനുള്ള കൃഷിവകുപ്പിന്റെ പുരസ്കാരം പങ്കിട്ടെടുത്തവരിൽ ഒരാളാണ് ജ്ഞാനശരവണൻ. പെരുമാട്ടി രാമർപണ്ണയിലെ ജഗദീഷ് കൗണ്ടറുടെയും മിനാത്തായുടെയും മകനാണ് അദ്ദേഹം. പാരമ്പര്യമായി കർഷക കുടുംബം. സംസ്ഥാന സർക്കാരിന്റെ കേരകേസരി പുരസ്കാരം 2017-ൽ ജഗദീഷ് കൗണ്ടറെയും


ജ്ഞാനശരവണൻ പറഞ്ഞു...
എൻവഴി ശരിവഴി...

കൂടെപ്പോന്നു മികച്ച ജൈവകർഷകനുള്ള കൃഷിവകുപ്പിന്റെ പുരസ്കാരം

സൺഡേ സ്പെഷ്യൽ

തേടിയെത്തിയിരുന്നു. മകൻ ജ്ഞാനശരവണൻ കൃഷിയിടത്തിലിറങ്ങുമെന്ന് അന്ന് ഇവർ ചിന്തിച്ചിരുന്നില്ല. എന്നാൽ എല്ലാവരും വൈറ്റ് കോളർ ജോലികൾ തേടിയലഞ്ഞപ്പോൾ കിട്ടിയ മികച്ച ജോലി ഉപേക്ഷിച്ച് കൃഷിയിൽ വിജയം കൊയ്യുകയാണ് ജ്ഞാന ശരവണൻ.

# മിഷൻ നേട്ടങ്ങളുടെ പ്രവർത്തന വഴികൾ

വിവിധ കാലഘട്ടങ്ങളിലെ പ്രത്യേകതകൾ പരിഗണിച്ചും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശേഷി കണക്കിലെടുത്തും സമയാസമയങ്ങളിൽ സംസ്ഥാന തലത്തിൽ തന്നെ ധാരാളം ക്യാമ്പയിനുകൾ ആവിഷ്ക്കരിച്ചിരുന്നു. ഇതോടൊപ്പം ജില്ലയുടെ സവിശേഷമായ ക്യാമ്പയിനുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂളുകൾ, കലാലയങ്ങൾ, മറ്റു വകുപ്പുകൾ എന്നിവയുടെ നേതൃത്വത്തിൽ പ്രത്യേകമായി ആവിഷ്കരിച്ച പ്രാദേശിക ക്യാമ്പയിനുകളും ഈ ക്യാമ്പയിനുകളുമായി ബന്ധപ്പെട്ട അനേകം പ്രവർത്തനങ്ങളുമെല്ലാം ചേർന്നാണ് ജില്ലയെ പാരിസ്ഥിതിക സുസ്ഥിര പ്രദേശമാക്കാനുള്ള ഇടപെടലുകൾ കഴിഞ്ഞ 9 വർഷക്കാലമായി നടന്നത്. മികച്ച നേട്ടങ്ങൾ സൃഷ്ടിച്ച ഈ പ്രവർത്തനവഴികളാണ് ഈ അധ്യായത്തിൽ.



## മാലിന്യ സംസ്കരണം

## 2016 ഡിസംബർ 8 മുതൽ ആരംഭിച്ച ശുചീകരണ യജ്ഞം

ഹരിതകേരളം മിഷനും ശുചിത്വമിഷനും സംയുക്തമായി, സ്വച്ച് ഭാരത് അഭിയാന്റെ ഭാഗമായി 2016-ൽ വിപുലമായ ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. പൊതുനിരത്തുകൾ, പാതയോരങ്ങൾ, ജലാശയങ്ങൾ എന്നിവ വൃത്തിയാക്കി ആകെ 5,084 മാലിന്യക്കൂമ്പാരങ്ങളാണ് ഈ പദ്ധതിയിലൂടെ നീക്കം ചെയ്തത്. എല്ലാ മേഖലകളിലും ശുചീകരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ ഈ യജ്ഞത്തിലൂടെ സാധിച്ചു. നീക്കം ചെയ്ത മാലിന്യക്കൂനകൾക്ക് പകരം ആ സ്ഥലങ്ങളിൽ മനോഹരമായ പൂന്തോട്ടങ്ങളും വിശ്രമകേന്ദ്രങ്ങളും ഒരുക്കി പ്രദേശം ആകർഷകമാക്കി മാറ്റി.



തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിതകേരളം മിഷനും ശുചിത്വമിഷനും ചേർന്നാണ് ഈ ക്യാമ്പയിൻ നടപ്പിലാക്കിയത്. ജില്ലാ, ബ്ലോക്ക്, വാർഡ് തലങ്ങളിൽ പ്രത്യേക നിർവഹണ സമിതികൾ രൂപീകരിച്ച് കൃത്യമായ ആസൂത്രണത്തോടെയാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, ക്ലബ്ബുകൾ, ലൈബ്രറികൾ, യുവജന സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ, വിദ്യാലയങ്ങൾ, സർക്കാർ ഓഫീസുകൾ തുടങ്ങി വിവിധ ഏജൻസികളെയും വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് ജനകീയ പങ്കാളിത്തത്തോടെ നടത്തിയ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയുടെ വിജയത്തിന് പിന്നിൽ.

## സ്വാപ്പ് ഷോപ്പുകൾ 2017

മാലിന്യം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഒരിക്കൽ ഉപയോഗിച്ച വസ്തുക്കളെ മറ്റുള്ളവർക്ക് വീണ്ടും ഉപയോഗിക്കാൻ കഴിയുന്ന അവസ്ഥയിലേക്ക് മാറ്റുന്നതിനുള്ള ഒരു പൊതു സംവിധാനമാണ് സ്വാപ്പ് ഷോപ്പ് എന്നതുകൊണ്ട് ലക്ഷ്യമിടുന്നത്. ഹരിതകേരളം മിഷൻ സ്വാപ്പ് ഷോപ്പ് എന്ന ആശയം യാഥാർത്ഥ്യമാക്കി മാറ്റി. ഇന്ന് കേരളത്തിൽ വിവിധ നഗരങ്ങളിൽ ഇവ വിജയകരമായി പ്രവർത്തിക്കുന്നു. മാസാടിസ്ഥാനത്തിലും വാരാടിസ്ഥാനത്തിലും പ്രവർത്തിക്കുന്ന 16 സ്ഥിരം ഷോപ്പുകൾ 2017 ൽ തുടങ്ങിയിരുന്നു. മറ്റു നിരവധി സ്ഥിരം ഷോപ്പുകളും താൽക്കാലിക ഷോപ്പുകളും ഇന്ന് വിജയകരമായി പ്രവർത്തിക്കുന്നു.

## മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം 2017

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ 2017 ഓഗസ്റ്റ് 15-ന് ആരംഭിച്ച വിപുലമായ ക്യാമ്പയിനാണ് "മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം". ഇതിനു മുന്നോടിയായി ഓഗസ്റ്റ് 6 മുതൽ 13 വരെ സന്നദ്ധപ്രവർത്തകരെ ഉൾപ്പെടുത്തി വിപുലമായ ഒരുക്കങ്ങൾ നടത്തിയിരുന്നു. നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ ജില്ലാതലത്തിൽ ക്രോഡീകരിച്ച് എല്ലാ തിങ്കളാഴ്ചയും ഹരിതകേരളം മിഷനും പഞ്ചായത്ത് ഡയറക്ടർക്കും റിപ്പോർട്ട് നൽകിപ്പോന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം

ചെയ്ത സർവ്വേ മെറ്റീരിയലുകൾ ഉപയോഗിച്ച് കൃത്യമായ സർവ്വേ നടത്തുകയും, ഓഗസ്റ്റ് 13-നകം വിവരങ്ങൾ ക്രോഡീകരിച്ച് കർമ്മപദ്ധതി തയ്യാറാക്കുകയും ചെയ്തു. ഇതിന്റെ തുടർച്ചയായി 2017 ഓഗസ്റ്റ് 15-ന് പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനം നടത്തി.

പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ വിപുലമായ ഗൃഹസന്ദർശനമാണ് സംഘടിപ്പിച്ചത്. 50 വീടുകൾക്ക് രണ്ട് പേർ എന്ന കണക്കിൽ സന്നദ്ധപ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, സാമൂഹിക-സാംസ്കാരിക-യുവജന സംഘടനകളിലെ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചാണ് സർവ്വേ പൂർത്തിയാക്കിയത്. ഗൃഹസന്ദർശനത്തോടൊപ്പം തന്നെ പ്ലാസ്റ്റിക് നിർമ്മാർജനത്തിനായുള്ള കർശന നടപടികളും സ്വീകരിച്ചു. ക്യാമ്പയിൻ കാലയളവിൽ നിയമപ്രകാരം നിരോധിക്കപ്പെട്ട എല്ലാ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും പിടിച്ചെടുക്കുകയും നിയമലംഘകരിൽ നിന്ന് പിഴ ഈടാക്കുകയും ചെയ്തു.

## ഗ്രീൻ പ്രോട്ടോകോൾ ക്യാമ്പയിൻ 2017

മാലിന്യ വർധനവ് തടയാനും പ്രകൃതിസൗഹൃദ ജീവിതരീതി പ്രോത്സാഹിപ്പിക്കാനുമായി 2017-ൽ ഹരിതകേരളം മിഷനും ശുചിത്വ മിഷനും സംയുക്തമായി നടപ്പിലാക്കിയ പദ്ധതിയാണ് 'ഗ്രീൻ പ്രോട്ടോകോൾ' (ഹരിത ചട്ടം). പൊതുപരിപാടികളിൽ പ്ലാസ്റ്റിക് പൂർണ്ണമായും ഒഴിവാക്കുക, ഉറവിടത്തിൽ തന്നെ മാലിന്യം തരംതിരിക്കുക, പുനരുപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ ഉപയോഗിക്കുക, തുണിസഞ്ചികളുടെ പ്രചാരണം വർദ്ധിപ്പിക്കുക എന്നിവയായിരുന്നു ഈ ക്യാമ്പയിന്റെ പ്രധാന ലക്ഷ്യങ്ങൾ.



ആഘോഷങ്ങൾ, ഉത്സവങ്ങൾ, വിവാഹങ്ങൾ, പൊതുതിരഞ്ഞെടുപ്പുകൾ എന്നിവയ്ക്ക് പുറമെ സർക്കാർ ഓഫീസുകൾ, വിദ്യാലയങ്ങൾ, അയൽക്കൂട്ടങ്ങൾ, അങ്കണവാടികൾ തുടങ്ങിയ ഇടങ്ങളിലും ഹരിത ചട്ടം കർശനമായി പാലിക്കണമെന്ന നിർദ്ദേശം നൽകുകയും അവ വിജയകരമായി നടപ്പിലാക്കുകയും ചെയ്തു. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പൂർണ്ണമായും വർജ്ജിക്കുക, ജൈവമാലിന്യങ്ങൾ കമ്പോസ്റ്റ് ചെയ്യുക, അജൈവമാലിന്യങ്ങൾ പുനരുപയോഗത്തിനായി കൈമാറുക എന്നിവ ഈ പദ്ധതിയുടെ ഭാഗമായി നിർബന്ധമാക്കി. പ്ലാസ്റ്റിക് പ്ലേറ്റുകൾ, കപ്പുകൾ, സ്ട്രോകൾ തുടങ്ങിയ ഡിസ്പോസിബിൾ വസ്തുക്കൾക്ക് പകരം സ്റ്റീൽ പാത്രങ്ങൾ, ഗ്ലാസുകൾ, തുണിസഞ്ചികൾ തുടങ്ങിയ പ്രകൃതിസൗഹൃദ വസ്തുക്കൾ ഉപയോഗിക്കുന്ന ശീലം വളർത്തിയെടുക്കാൻ ഇതിലൂടെ സാധിച്ചു. സർക്കാർ-സ്വകാര്യ പരിപാടികൾ, വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഹരിതചട്ടം നിർബന്ധമാക്കിയതോടെ മാലിന്യത്തിന്റെ അളവ് കുറയ്ക്കാനും പരിസ്ഥിതി സംരക്ഷണത്തിൽ വലിയ മുന്നേറ്റമുണ്ടാക്കാനും ഈ ക്യാമ്പയിൻ വഴി സാധിച്ചു.

## ശുചിത്വ കേരളം - ജനകീയ ക്യാമ്പയിൻ 2017

മാലിന്യമുക്തവും പരിസ്ഥിതി സൗഹൃദവുമായ കേരളം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച വിപുലമായ പദ്ധതിയായിരുന്നു 'ശുചിത്വ കേരളം' ജനകീയ ക്യാമ്പയിൻ. മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുക, പ്ലാസ്റ്റിക് നിരോധനം കർശനമായി നടപ്പിലാക്കുക, പൊതുസ്ഥലങ്ങൾ ശുചിയായി സൂക്ഷിക്കുക എന്നിവയായിരുന്നു ഈ ക്യാമ്പയിന്റെ പ്രധാന ഊന്നൽ. പ്ലാസ്റ്റിക് നിയന്ത്രണം, ഹരിതകർമ്മസേനയുടെ കാര്യക്ഷമമായ പ്രവർത്തനം എന്നിവയിലൂടെ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കാനും പ്ലാസ്റ്റിക് ഉപയോഗം ഗണ്യമായി കുറയ്ക്കാനും ഇതിലൂടെ സാധിച്ചു. കേരളത്തിന്റെ പ്രകൃതി സൗന്ദര്യം നിലനിർത്താൻ ശുചിത്വം അനിവാര്യമാണെന്ന സന്ദേശം പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിൽ ഈ പദ്ധതി വലിയ പങ്കുവഹിച്ചു.ജനകീയ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് വിവിധ ഘട്ടങ്ങളിലായാണ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. ഒന്നാം ഘട്ടത്തിൽ തദ്ദേശ ഭരണസമിതി അംഗങ്ങൾ, റെസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ പ്രവർത്തകർ, വിവിധ വകുപ്പുകൾ, തൊഴിലുറപ്പ് തൊഴിലാളികൾ, ക്ലബ്ബ്/ലൈബ്രറി പ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, ഉദ്യോഗസ്ഥർ എന്നിവരെ അണിനിരത്തിക്കൊണ്ട് വിപുലമായ പ്രവർത്തനങ്ങൾ ആരംഭിച്ചു. തുടർന്ന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ താഴെത്തട്ടിലേക്ക് ക്യാമ്പയിൻ വ്യാപിപ്പിച്ചു.




പദ്ധതിയുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനായി വിപുലമായ നൈപുണ്യ വികസന പരിപാടികളും പരിശീലന പരമ്പരകളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി. മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനെക്കുറിച്ചും ശാസ്ത്രീയമായ സംസ്കരണ രീതികളെക്കുറിച്ചും വിവിധ വിഭാഗം ജനങ്ങൾക്ക് അവബോധം നൽകി. ഇതിന്റെ ഭാഗമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഹരിതകർമ്മസേനയെ വിന്യസിക്കുകയും, അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും (MCF), റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും (RRF) സ്ഥാപിക്കുകയും ചെയ്തു. ജൈവ-അജൈവ മാലിന്യങ്ങൾ കൃത്യമായി വേർതിരിച്ച് സംസ്കരിക്കുന്ന ശാസ്ത്രീയമായ ഒരു സംവിധാനം ഈ ക്യാമ്പയിനിലൂടെ കേരളത്തിൽ നിലവിൽ വന്നു.

## ഹരിതോത്സവം 2018

പൊതുവിദ്യാലയങ്ങളെ ഹരിതവിദ്യാലയങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ നടപ്പിലാക്കിയ പദ്ധതിയാണ് 'ഹരിതോത്സവം'. പ്രകൃതിയുടെ പച്ചപ്പും സമൃദ്ധിയും വീണ്ടെടുക്കാനും ജലാശയങ്ങളും നദികളും ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ വരുംതലമുറയ്ക്കായി സംരക്ഷിക്കണമെന്ന സന്ദേശം കുട്ടികളിലൂടെ

സമൂഹത്തിലെത്തിക്കാനും ഈ പദ്ധതി ലക്ഷ്യമിട്ടു. വിദ്യാർത്ഥികൾക്ക് പ്രകൃതിസൗഹൃദമായ ഒരു പഠന അന്തരീക്ഷം സൃഷ്ടിച്ചെടുക്കുന്നതിന് ഹരിതകേരളം മിഷൻ ഈ പ്രവർത്തനത്തിലൂടെ വലിയ പ്രാധാന്യം നൽകി. ഇതിന്റെ ഭാഗമായി ക്ലാസ് മുറികൾ, ഓഫീസ് മുറികൾ, സ്കൂൾ മുറ്റം എന്നിവ പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ മാറ്റിയെടുക്കുകയും, കുട്ടികൾക്ക് പ്രകൃതിയെ കൂടുതൽ അടുത്തറിയാൻ സഹായിക്കുന്ന രീതിയിൽ വിദ്യാലയ പരിസരം ക്രമീകരിക്കുകയും ചെയ്തു. സ്കൂൾ ചുമരുകളിൽ കാടിന്റെയും മലകളുടെയും ചിത്രങ്ങൾ വരയ്ക്കുന്നതുകൊണ്ടുമാത്രം ഒരു വിദ്യാലയം 'ഹരിതവിദ്യാലയം' ആകില്ലെന്നും, പ്രകൃതിയുമായുള്ള ആത്മബന്ധവും സംരക്ഷണവുമാണ് പ്രധാനമെന്നും ബോധ്യപ്പെടുത്താൻ ഹരിതോത്സവം പദ്ധതിയിലൂടെ സാധിച്ചു.

## ജാഗ്രതോത്സവം 2018

"പ്രതിദിനം പ്രതിരോധം - ജാഗ്രതോത്സവം 2018" എന്ന പദ്ധതി ജില്ലയിൽ വിപുലമായ രീതിയിൽ സംഘടിപ്പിക്കാൻ സാധിച്ചു. പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി സംസ്ഥാന ആരോഗ്യവകുപ്പ് ആവിഷ്കരിച്ച 'ആരോഗ്യ ജാഗ്രത' ക്യാമ്പയിന്റെ സന്ദേശം സമൂഹത്തിന്റെ വിവിധ തലങ്ങളിൽ എത്തിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കുടുംബശ്രീ, ആരോഗ്യവകുപ്പ്, സാക്ഷരതാ മിഷൻ, ശുചിത്വമിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്ത സഹകരണത്തോടെയാണ് സ്കൂൾ വിദ്യാർത്ഥികൾക്കായി ഈ ക്യാമ്പയിൻ നടപ്പിലാക്കിയത്. കൊതുകുജന്യ രോഗങ്ങൾ, എലിപ്പനി, ജലജന്യ രോഗങ്ങൾ എന്നീ വിഷയങ്ങളിലുള്ള പഠന ക്ലാസുകൾക്ക് പുറമെ, കുട്ടികൾക്ക് നേരിട്ട് ഏറ്റെടുത്ത് നടത്താവുന്ന പ്രായോഗിക പ്രവർത്തനങ്ങളും ജാഗ്രതോത്സവത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിരുന്നു.

## സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് 2018



മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സ്വയംപര്യാപ്തതയിൽ എത്തിക്കുക എന്നതായിരുന്നു മിഷന്റെ പ്രധാന ലക്ഷ്യം. ഇത്തരം പ്രവർത്തനങ്ങളിൽ പല ഗ്രാമപഞ്ചായത്തുകളും ശ്രദ്ധേയമായ മുന്നേറ്റം നടത്തുകയും മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ വലിയ പ്രശംസ നേടുകയും ചെയ്തു. മാലിന്യ സംസ്കരണ രംഗത്ത് അനുകരണീയമായ മാതൃകകൾ സൃഷ്ടിച്ചുകൊണ്ട് ഈ ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിതകേരളം മിഷനും ശുചിത്വ മിഷനും സംയുക്തമായി ആവിഷ്കരിച്ച പദ്ധതിയാണ് "സീറോ വേസ്റ്റ് ഗ്രൗണ്ട്". നഗരസഭകളെ കേന്ദ്രീകരിച്ച് നടപ്പിലാക്കിയ ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ, മികച്ച രീതിയിൽ മാലിന്യ സംസ്കരണം നടത്തുന്ന വാർഡുകളെ തെരഞ്ഞെടുത്ത് അവയെ 'മാതൃകാ ശുചിത്വ വാർഡുകളായി' മാറ്റുകയാണ് ചെയ്തത്. ഇതിലൂടെ നഗരപ്രദേശങ്ങളിലെ മാലിന്യപ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ സാധിച്ചു.

## പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കാൻ ബദൽ ഉൽപ്പന്ന ക്യാമ്പയിൻ 2019

ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിരോധിച്ച സാഹചര്യത്തിൽ, പരിസ്ഥിതി സൗഹൃദ ബദലുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഹരിതകേരളം മിഷന്റെയും കുടുംബശ്രീയുടെയും നേതൃത്വത്തിൽ വിപുലമായ ക്യാമ്പയിനുകൾ സംഘടിപ്പിച്ചു. തുണിസഞ്ചികൾ, പേപ്പർ/ഈറ്റ ബാഗുകൾ, പാള കൊണ്ടുള്ള പാത്രങ്ങൾ, സ്റ്റീൽ അല്ലെങ്കിൽ തടി കൊണ്ടുള്ള വസ്തുക്കൾ, കുരുത്തോല ഉൽപ്പന്നങ്ങൾ, കമ്പോസ്റ്റബിൾ പ്ലാസ്റ്റിക് എന്നിവയായിരുന്നു പ്രധാന ബദലുകളായി മുന്നോട്ട് വെച്ചത്. പ്ലാസ്റ്റിക്കിന് പകരമുള്ള ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രദർശന മേളകൾ സംഘടിപ്പിച്ചു. കുടുംബശ്രീ യൂണിറ്റുകൾ വഴി പേപ്പർ ബാഗുകൾ, തുണിസഞ്ചികൾ എന്നിവയുടെ നിർമ്മാണം വ്യാപകമാക്കുകയും ഹരിതനിയമങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും ചെയ്തു. നിരോധിത ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നവർക്കെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാരുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ കർശനമാക്കി. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പൂർണ്ണമായും ഒഴിവാക്കി പ്രകൃതിസൗഹൃദ ബദലുകൾ ശീലമാക്കുക എന്നതായിരുന്നു ഈ ക്യാമ്പയിന്റെ പ്രധാന ലക്ഷ്യം.

## പ്രളയാനന്തര ശുചീകരണ യജ്ഞം 2019

2019-ലെ പ്രളയത്തിന് പിന്നാലെ കേരളത്തിന്റെ ശുചിത്വവും ആരോഗ്യവും വീണ്ടെടുക്കുന്നതിനായി സംഘടിപ്പിച്ച വിപുലമായ പ്രവർത്തനമാണ് പ്രളയാനന്തര ശുചീകരണ യജ്ഞം. ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, ജില്ലാ ഭരണകൂടങ്ങൾ, ആരോഗ്യവകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ പകർച്ചവ്യാധികൾ തടയുക എന്ന ലക്ഷ്യത്തോടെയാണ് ഈ ക്യാമ്പയിൻ നടന്നത്. ലക്ഷക്കണക്കിന് സന്നദ്ധപ്രവർത്തകരും വിവിധ സർക്കാർ വകുപ്പുകളും കൈകോർത്ത ഈ യജ്ഞത്തിൽ വീടുകൾ, പൊതുസ്ഥലങ്ങൾ, ഓഫീസുകൾ, സ്കൂളുകൾ എന്നിവ ശുചീകരിച്ച് ശുചിത്വം ഉറപ്പുവരുത്തി. പ്രളയാനന്തര കേരളത്തെ പകർച്ചവ്യാധിമുക്തമാക്കുന്നതിൽ ഈ കൂട്ടായ പരിശ്രമം വലിയ പങ്ക് വഹിച്ചു. വിദ്യാർത്ഥികൾ, തൊഴിലുറപ്പ് തൊഴിലാളികൾ, പ്ലംബർമാർ, ഇലക്ട്രീഷ്യന്മാർ, മരപ്പണിക്കാർ തുടങ്ങി സമൂഹത്തിന്റെ വിവിധ തുറകളിലുള്ളവരുടെ സജീവ പങ്കാളിത്തം ഈ പ്രവർത്തനത്തിന്റെ സവിശേഷതയായിരുന്നു. പ്രളയത്തിൽ അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുക, ജലസ്രോതസ്സുകൾ ശുദ്ധീകരിക്കുക, തകരാറിലായ ജല-വൈദ്യുതി കണക്ഷനുകൾ പുനഃസ്ഥാപിക്കുക എന്നിവയായിരുന്നു പ്രധാന ലക്ഷ്യങ്ങൾ. റോഡുകളും പൊതുസ്ഥാപനങ്ങളും വേഗത്തിൽ പ്രവർത്തനസജ്ജമാക്കിയതിലൂടെ പ്രളയബാധിത പ്രദേശങ്ങളിലെ സാധാരണ ജീവിതം അതിവേഗം പുനഃസ്ഥാപിക്കാനും പകർച്ചവ്യാധികളുടെ വ്യാപനം ഗണ്യമായി കുറയ്ക്കാനും ഈ ക്യാമ്പയിനിലൂടെ സാധിച്ചു.


അകത്തേത്തറയിൽ സംസ്ഥാനത്തെ ആദ്യ പ്രളയഭൂപടം പ്രകാശിപ്പിച്ചു

## ഹരിത നിയമാവലി പരിശീലനം 2019

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ടോ മറ്റ് ഏജൻസികളുടെ സഹായത്തോടെയോ സ്വീകരിക്കാവുന്ന നിയമനടപടികളെക്കുറിച്ച് അവബോധം നൽകുന്നതിനാണ് ഈ പരിശീലനം സംഘടിപ്പിച്ചത്.



ഹരിത നിയമാവലിയുടെ ആദ്യഘട്ട പരിശീലനം 2019 മാർച്ച് 6, 7, 8 തീയതികളിലായി ആലത്തൂർ, ഒറ്റപ്പാലം, പാലക്കാട് എന്നീ ബ്ലോക്കുകളിൽ വെച്ച് നടന്നു. പോലീസ്, നഗരാസൂത്രണം, മലിനീകരണ നിയന്ത്രണ ബോർഡ് (Pollution Control Board), ആരോഗ്യം, ഭക്ഷ്യസുരക്ഷ തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അതത് വകുപ്പുതല നിയമങ്ങളെ സംബന്ധിച്ച വിഷയങ്ങൾ പരിശീലനത്തിൽ അവതരിപ്പിച്ചു. ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാർക്കും വേണ്ടിയാണ് ഈ പരിശീലന പരിപാടി സംഘടിപ്പിച്ചത്.

## പെൻസിൽ ക്യാമ്പയിൻ 2019

ഹരിതകേരളം മിഷന്റെ ഭാഗമായി സമഗ്ര ശുചിത്വ മാലിന്യസംസ്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ മാലിന്യസംസ്കരണ ഉപാധികളെ കുറിച്ച് പഠിക്കാനും, മാലിന്യം വേർത്തിരിച്ച് സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം പുതുതലമുറയെ ബോധ്യപ്പെടുത്താനുമായി നടത്തിയ ക്യാമ്പയിനാണ് പെൻസിൽ ക്യാമ്പയിൻ. പാഴ് വസ്തുകളിൽ നിന്ന് കൗതുക വസ്തുക്കൾ ഉണ്ടാക്കുന്നത് എങ്ങനെയെന്നും,



ഹരിത നിയമങ്ങൾ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാമെന്നും, മാലിന്യ സംസ്കരണ ഉപാധികൾ എന്തൊക്കെയാണെന്നുമുള്ള അവബോധം ഈ ക്യാമ്പയിനിലൂടെ വിദ്യാർത്ഥികൾക്ക് നൽകി.

## പെൻ ബൂത്ത് 2019

ഹരിതചട്ടം (ഗ്രീൻ പ്രോട്ടോകോൾ) പാലിക്കുന്നതിന്റെ ഭാഗമായി 2019-ൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് 'പെൻ ബൂത്ത്'. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ഓഫീസുകളിലും ഉപയോഗശൂന്യമായ പ്ലാസ്റ്റിക് പേനകൾ ശേഖരിച്ച് പുനചംക്രമണത്തിന് (Recycling) കൈമാറുകയായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ശാസ്ത്രീയമായ മാലിന്യ സംസ്കരണ രീതികളെക്കുറിച്ചും മാലിന്യം തരംതിരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വിദ്യാർത്ഥികളിൽ അവബോധം വളർത്തിയെടുക്കാൻ ഇതിലൂടെ സാധിച്ചു. പദ്ധതിയുടെ ഭാഗമായി കളക്ടറേറ്റ് പരിസരത്തും വിവിധ വിദ്യാലയങ്ങളിലും പ്ലാസ്റ്റിക് പേനകൾ നിക്ഷേപിക്കുന്നതിനായി പ്രത്യേക 'പെൻ ബൂത്തുകൾ' സ്ഥാപിക്കുകയും ചെയ്തു.

## അരുത് വലിച്ചെറിയരുത് കത്തിക്കരുത് 2019

ശാസ്ത്രീയമായ മാലിന്യ സംസ്കരണം ശീലമാക്കുന്നതിനായി 2019-ൽ നടപ്പിലാക്കിയ പ്രധാനപ്പെട്ട ഒരു ബോധവൽക്കരണ ക്യാമ്പയിനാണ് "അരുത് വലിച്ചെറിയരുത്, കത്തിക്കരുത്". പ്ലാസ്റ്റിക്, ഇ-മാലിന്യം, സാനിറ്ററി മാലിന്യങ്ങൾ എന്നിവ അലക്ഷ്യമായി വലിച്ചെറിയുന്നതും കത്തിക്കുന്നതും ഒഴിവാക്കി അവ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി സ്കൂളുകളിലും പൊതുസ്ഥലങ്ങളിലും പ്ലാസ്റ്റിക് പേനകൾ ശേഖരിക്കാൻ 'പെൻ ബൂത്തുകൾ' സ്ഥാപിക്കുകയും പൊതുപരിപാടികളിൽ ഹരിതചട്ടം (ഗ്രീൻ പ്രോട്ടോകോൾ) കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തു.

## സീറോ വേസ്റ്റ് സിവിൽ സ്റ്റേഷൻ 2019

പാലക്കാട് സിവിൽ സ്റ്റേഷനിലെ മുഴുവൻ ഓഫീസുകളെയും ഹരിതചട്ടത്തിന്റെ (ഗ്രീൻ പ്രോട്ടോകോൾ) പരിധിയിൽ കൊണ്ടുവരുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് "സീറോ വേസ്റ്റ് സിവിൽ സ്റ്റേഷൻ". സിവിൽ സ്റ്റേഷനിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന എല്ലാ ജൈവ-അജൈവ മാലിന്യങ്ങളും അവിടെത്തന്നെ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനം ഈ പദ്ധതിയുടെ ഭാഗമായി ഒരുക്കി. മാലിന്യമുക്തവും ആകർഷകവുമായ ഒരു മാതൃകാ ഓഫീസ് സമുച്ചയമായി സിവിൽ സ്റ്റേഷനെ മാറ്റുക എന്ന ലക്ഷ്യത്തോടെ "മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം" എന്ന പേരിൽ വിപുലമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടത്തി. ഓഫീസുകളിൽ ഹരിതചട്ടം കൃത്യമായി നടപ്പിലാക്കുന്നതിനായി പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. ഇതിലൂടെ സിവിൽ സ്റ്റേഷൻ പരിസരം മാലിന്യമുക്തമാക്കാനും ജീവനക്കാരിലും പൊതുജനങ്ങളിലും കൃത്യമായ അവബോധം സൃഷ്ടിക്കാനും സാധിച്ചു.


സർക്കാർ ഓഫീസുകൾ ശുചീകരിച്ചു



## മാലിന്യമുക്ത മലമ്പുഴ ഉദ്യാനം - ക്ലീൻ ഡ്രൈവ് 2019

ജില്ലയിലെ ഏറ്റവും വലിയ ജലസംഭരണിയായ മലമ്പുഴ അണക്കെട്ടും പരിസരത്തെ ഉദ്യാനവും വിനോദസഞ്ചാരികൾക്ക് എന്നും പ്രിയപ്പെട്ട ഇടമാണ്. ആയിരക്കണക്കിന് ആളുകൾ ദിനംപ്രതി സന്ദർശിക്കുന്ന വിനോദസഞ്ചാര കേന്ദ്രമായതിനാൽ ഇവിടെ മാലിന്യം കുന്നുകൂടുന്നത് പതിവായിരുന്നു. ഈ പ്രശ്നത്തിന് പരിഹാരമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ശുചിത്വമിഷൻ, ഇറിഗേഷൻ വകുപ്പ്, ഡി.ടി.പി.സി (DTPC), മലമ്പുഴ ഗ്രാമപഞ്ചായത്ത് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 2019 ഒക്ടോബർ 30, 31, നവംബർ 1 തീയതികളിൽ മലമ്പുഴ ഉദ്യാനം മാലിന്യമുക്തമാക്കൽ യജ്ഞം സംഘടിപ്പിച്ചു. മലമ്പുഴ ഐ.ടി.ഐയിലെ ഇരുനൂറോളം വിദ്യാർത്ഥികളും അധ്യാപകരും എൻ.എസ്.എസ് വോളണ്ടിയർമാരും കൈകോർത്ത ഈ ശുചീകരണ പ്രവർത്തനം ഏറെ പ്രശംസ പിടിച്ചുപറ്റി.

.

## മാലിന്യമുക്ത മലമ്പുഴ ഉദ്യാനം - ക്ലീൻ ഡ്രൈവ് 2019

ജില്ലയിലെ ഏറ്റവും വലിയ ജലസംഭരണിയായ മലമ്പുഴ അണക്കെട്ടും പരിസരത്തെ ഉദ്യാനവും വിനോദസഞ്ചാരികൾക്ക് എന്നും പ്രിയപ്പെട്ട ഇടമാണ്. ആയിരക്കണക്കിന് ആളുകൾ ദിനംപ്രതി സന്ദർശിക്കുന്ന വിനോദസഞ്ചാര കേന്ദ്രമായതിനാൽ ഇവിടെ മാലിന്യം കുന്നുകൂടുന്നത് പതിവായിരുന്നു. ഈ പ്രശ്നത്തിന് പരിഹാരമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ശുചിത്വമിഷൻ, ഇറിഗേഷൻ വകുപ്പ്, ഡി.ടി.പി.സി (DTPC), മലമ്പുഴ ഗ്രാമപഞ്ചായത്ത് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 2019 ഒക്ടോബർ 30, 31, നവംബർ 1 തീയതികളിൽ മലമ്പുഴ ഉദ്യാനം മാലിന്യമുക്തമാക്കൽ യജ്ഞം സംഘടിപ്പിച്ചു. മലമ്പുഴ ഐ.ടി.ഐയിലെ ഇരുനൂറോളം വിദ്യാർത്ഥികളും അധ്യാപകരും എൻ.എസ്.എസ് വോളണ്ടിയർമാരും കൈകോർത്ത ഈ ശുചീകരണ പ്രവർത്തനം ഏറെ പ്രശംസ പിടിച്ചുപറ്റി.

## ഹരിത ഐ.ടി.ഐ 2019

ഹരിതകേരളം മിഷന്റെയും വ്യവസായ പരിശീലന വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ ജില്ലയിലെ മുഴുവൻ ഐ.ടി.ഐകളെയും പരിസ്ഥിതി സൗഹൃദ കാമ്പസുകളാക്കി മാറ്റുക എന്നതായിരുന്നു 'ഹരിത ഐ.ടി.ഐ' ക്യാമ്പയിന്റെ പ്രധാന ലക്ഷ്യം. ജലസംരക്ഷണ പ്രവർത്തനങ്ങൾ, കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ, ശാസ്ത്രീയമായ മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ എന്നിവ ഉൾപ്പെടുത്തി ഓരോ ഐ.ടി.ഐയ്ക്കും അനുയോജ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി ജില്ലയിൽ നടന്നത്. ക്യാമ്പസുകളിൽ ഹരിതചട്ടം (ഗ്രീൻ പ്രോട്ടോകോൾ) നടപ്പിലാക്കുന്നതിനൊപ്പം പ്രകൃതിവിഭവങ്ങളുടെ സംരക്ഷണത്തിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കാനും ഈ പദ്ധതിയിലൂടെ സാധിച്ചു.

## ഹരിതായനം 2019

ഹരിതകേരളം മിഷന്റെ ആശയങ്ങൾ, ലക്ഷ്യങ്ങൾ, നാളിതുവരെ കൈവരിച്ച നേട്ടങ്ങൾ, നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങൾ എന്നിവ പൊതുസമൂഹത്തിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച പ്രചാരണ പരിപാടിയാണ് 'ഹരിതായനം'. മിഷന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് വിഭാവനം ചെയ്ത ഈ പദ്ധതി, വീഡിയോ സന്ദേശങ്ങൾ ഉൾപ്പെടുത്തിയുള്ള ഒരു വാഹന പ്രചാരണ യാത്രയായിരുന്നു. ഈ യാത്രയിലൂടെ ഹരിതകേരളം മിഷന്റെ സന്ദേശം കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ജനങ്ങളിലേക്ക് നേരിട്ട് എത്തിക്കാൻ സാധിച്ചു.




## ഹരിത ഭവനം - അനുകരണീയ മാതൃക 2019

മാലിന്യ സംസ്കരണത്തിനും ജല-ഊർജ്ജ സംരക്ഷണത്തിനും മുൻഗണന നൽകി വീട് എങ്ങനെ പ്രകൃതി സൗഹൃദമാക്കാം എന്ന ആശയം മുന്നോട്ട് വെക്കുന്നതാണ് ഹരിതകേരളം മിഷൻ തയ്യാറാക്കിയ ഹരിതഭവനം ക്യാമ്പയിൻ. വെള്ളം കാര്യക്ഷമമായി ഉപയോഗിച്ചുകൊണ്ടുള്ള നൂതന കൃഷി മാതൃകയും ഇതിൽ ഉൾപ്പെടുത്തിയിരുന്നു. വീട്ടുവളപ്പിലെ ജൈവ പച്ചക്കറി കൃഷി, ഫലവൃക്ഷതൈകൾ തുടങ്ങിയവ ഉൾപ്പെടുത്തിയുള്ള സമ്മിശ്ര കൃഷി, അവയ്ക്ക് അനുയോജ്യമായ ജൈവവളം, മഴവെള്ളം സംഭരിക്കുന്നതിന് കിണർ റീചാർജ്ജ് പദ്ധതി, ജൈവാവശിഷ്ടങ്ങൾ കമ്പോസ്റ്റാക്കി മാറ്റുന്ന ബയോ നിർമ്മാണം എന്നീ ഘടകങ്ങൾ സംയോജിപ്പിച്ചു കൊണ്ട് മാതൃകാ ഹരിതഭവനം എന്ന ആശയം ഈ ക്യാമ്പയിനിലൂടെ പ്രചരിപ്പിക്കാൻ കഴിഞ്ഞു.



## ആരോഗ്യമുള്ള നാടിന് വൃത്തിയുള്ള വീട് - ചലഞ്ച് 2020



മാലിന്യമുക്തമായ പരിസ്ഥിതിയും മെച്ചപ്പെട്ട ആരോഗ്യസാഹചര്യങ്ങളും ലക്ഷ്യമിട്ട് ആവിഷ്കരിച്ച ജനകീയ ക്യാമ്പയിനാണ് 'ആരോഗ്യമുള്ള നാടിന് വൃത്തിയുള്ള വീട്'. വീടുകളിൽ തന്നെ മാലിന്യങ്ങൾ ഉറവിടത്തിൽ വേർതിരിച്ച് സംസ്കരിക്കുക എന്ന ശീലം വളർത്തിയെടുക്കുകയാണ് ഈ ചലഞ്ചിന്റെ പ്രധാന ലക്ഷ്യം. ജൈവമാലിന്യങ്ങൾ കമ്പോസ്റ്റ്

കുഴികളിലോ പൈപ്പ് കമ്പോസ്റ്റ് പോലുള്ള സംവിധാനങ്ങളിലോ ശാസ്ത്രീയമായി സംസ്കരിക്കുകയും, പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ കൃത്യമായി ഹരിതകർമ്മസേനയ്ക്ക് കൈമാറുകയും ചെയ്യുക എന്ന നിർദ്ദേശമാണ് ഈ ക്യാമ്പയിൻ മുന്നോട്ട് വെക്കുന്നത്. വീടുകളിൽ മലിനജലം കെട്ടിക്കിടക്കാതെ ശ്രദ്ധിക്കുക, പരിസരം ശുചിയായി സൂക്ഷിക്കുക എന്നിവയും ഈ പദ്ധതിയുടെ ഭാഗമാണ്. മാലിന്യസംസ്കരണത്തിൽ മികച്ച രീതികൾ പിന്തുടരുന്ന വീടുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി 'സ്റ്റാർ റേറ്റിംഗ്' നൽകുന്ന സംവിധാനവും ഈ ക്യാമ്പയിന്റെ സവിശേഷതയാണ്. പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കിയ ഈ ചലഞ്ചിലൂടെ നാടിന്റെ ആരോഗ്യവും ശുചിത്വവും സുസ്ഥിരമായി ഉറപ്പാക്കാൻ സാധിക്കുന്നു.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ പദവി നിർണയം - ക്യാമ്പയിൻ 2020

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സമ്പൂർണ്ണ മാലിന്യമുക്തമാക്കുന്നതിനും അവയ്ക്ക് ശുചിത്വ പദവി ഉറപ്പാക്കുന്നതിനുമായി 2020-ൽ ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, കുടുംബശ്രീ എന്നിവയുടെ ആഭിമുഖ്യത്തിൽ വിപുലമായ ക്യാമ്പയിൻ സംഘടിപ്പിച്ചു. നൂറ് ശതമാനം മാലിന്യ സംസ്കരണം നടപ്പിലാക്കുന്ന മികച്ച വാർഡുകൾ, വീടുകൾ, സ്ഥാപനങ്ങൾ, റെസിഡൻസ് അസോസിയേഷനുകൾ എന്നിവയെ കണ്ടെത്തി പുരസ്കാരങ്ങൾ നൽകി ആദരിക്കുക എന്നത് ഈ പദ്ധതിയുടെ പ്രധാന ഭാഗമായിരുന്നു. ഗ്രാമ, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ പ്രത്യേക ശുചിത്വ പ്രഖ്യാപന ചടങ്ങുകൾ സംഘടിപ്പിക്കുകയും ഹരിത വിദ്യാലയങ്ങൾ, ഹരിത അയൽക്കൂട്ടങ്ങൾ, ഹരിത ടൗണുകൾ, ഹരിത പൊതുഇടങ്ങൾ എന്നിവയ്ക്ക് ഔദ്യോഗിക അംഗീകാരം നൽകുകയും ചെയ്തു.

ജൈവ-അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കർശനമായ ശുചിത്വ സർവ്വേകൾ നടത്തി. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയും ശേഖരിക്കുന്ന മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി വഴി പുനചംക്രമണത്തിന് കൈമാറുകയും ചെയ്തു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മാലിന്യമുക്തവും ഹരിതാഭവുമായ മാതൃകാ പ്രദേശങ്ങളാക്കി മാറ്റുക എന്നതായിരുന്നു ഈ ക്യാമ്പയിന്റെ അന്തിമ ലക്ഷ്യം.

## ആരോഗ്യ ജാഗ്രത ക്യാമ്പയിൻ - ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം 2020

പകർച്ചവ്യാധികൾ തടയുന്നതിനായി കേരള സർക്കാരിന്റെ തദ്ദേശ സ്വയംഭരണ വകുപ്പും ആരോഗ്യവകുപ്പും സംയുക്തമായി 2020-ൽ നടപ്പിലാക്കിയ പദ്ധതിയാണിത്. ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ എന്നിവയുടെ സജീവ പങ്കാളിത്തത്തോടെ വീടുകളും പൊതുസ്ഥലങ്ങളും മാലിന്യമുക്തമാക്കുക, അതുവഴി കൊതുക്, ഈച്ച തുടങ്ങിയവയുടെ പ്രജനനം തടയുക എന്നതായിരുന്നു ഈ ക്യാമ്പയിന്റെ പ്രധാന ലക്ഷ്യം. ഡെങ്കിപ്പനി, മലേറിയ തുടങ്ങിയ കൊതുക്ജന്യ രോഗങ്ങളും മാലിന്യങ്ങളിൽ നിന്നുള്ള മറ്റ് പകർച്ചവ്യാധികളും തടയുന്നതിനായി വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടന്നു.

മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് സംസ്കരിക്കുക, പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് ഒഴിവാക്കുക എന്നിവയ്ക്ക് പദ്ധതി വലിയ പ്രാധാന്യം നൽകി. കൂടാതെ, വീടും പരിസരവും ആഴ്ചയിലൊരിക്കൽ ശുചീകരിച്ച് വെള്ളം കെട്ടിക്കിടക്കുന്ന സാഹചര്യം ഒഴിവാക്കുന്ന 'ഡ്രൈ ഡേ' (Dry Day) ആചരണം കർശനമാക്കി. പ്ലാസ്റ്റിക് അവശിഷ്ടങ്ങൾ, കുപ്പികൾ, ടയറുകൾ എന്നിവയിൽ വെള്ളം കെട്ടിനിൽക്കാതെ സൂക്ഷിക്കണമെന്ന നിർദ്ദേശം ജനങ്ങളിലേക്ക് എത്തിക്കാൻ ഈ ക്യാമ്പയിനിലൂടെ സാധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും

പൊതുജനങ്ങളും കൈകോർത്ത ഈ പ്രവർത്തനത്തിലൂടെ ആരോഗ്യകരമായ ഒരു സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കാൻ കഴിഞ്ഞു.





## ശുചിത്വോത്സവം 2023

സംസ്ഥാനത്ത് ഫലപ്രദമായ മാലിന്യസംസ്കരണം ലക്ഷ്യമിട്ട് ശക്തമായ സാമൂഹിക അവബോധം സൃഷ്ടിക്കുന്നതിനായി 2023-ൽ 'ശുചിത്വോത്സവം' ക്യാമ്പയിൻ സംഘടിപ്പിച്ചു. മാലിന്യസംസ്കരണ മേഖലയിൽ കേരളം നേരിടുന്ന വെല്ലുവിളികൾക്കെതിരെ പുതിയ മാതൃകകൾ സൃഷ്ടിക്കുകയായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി കുടുംബശ്രീയുടെ കീഴിലുള്ള 28,387 ബാലസഭകളിലെ 3.9 ലക്ഷം അംഗങ്ങൾ ശുചിത്വ സന്ദേശ പ്രചാരണ പ്രവർത്തനങ്ങൾക്കായി മുന്നിട്ടിറങ്ങി.

ശുചിത്വ സന്ദേശം കുട്ടികളിലൂടെ കുടുംബങ്ങളിലേക്കും അവിടെനിന്ന് സമൂഹത്തിലേക്കും എത്തിക്കുക എന്ന ആശയമാണ് ഈ ക്യാമ്പയിന്റെ അടിസ്ഥാനം. പദ്ധതിയുടെ ഭാഗമായി ബാലസഭാംഗങ്ങൾക്ക് കുടുംബശ്രീ മുഖേന 'ഗ്രീൻ കാർഡ്' നൽകി. ഓരോ കുട്ടിയും സ്വന്തം വീട്ടിലുണ്ടാകുന്ന മാലിന്യത്തിന്റെ തോത് കണ്ടെത്തി ഇതിൽ രേഖപ്പെടുത്തുകയും ജൈവ, അജൈവ, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ കൃത്യമായ കണക്ക് ശേഖരിക്കുകയും ചെയ്തു. വീടുകളിലെ മാലിന്യത്തിന്റെ അളവ് ക്രമാനുഗതമായി കുറയ്ക്കുക എന്നതായിരുന്നു ഇതിലൂടെ ലക്ഷ്യമിട്ടത്. മാലിന്യം കുറയ്ക്കുന്ന കുട്ടികൾക്ക് ക്രെഡിറ്റ് പോയിന്റുകളും, മികച്ച പ്രവർത്തനം നടത്തുന്ന ബാലസഭകൾക്ക് ബാലലൈബ്രറി തുടങ്ങാനുള്ള ധനസഹായവും നൽകി.

ശുചിത്വോത്സവത്തിന്റെ ഭാഗമായി ലോക പരിസ്ഥിതി ദിനത്തിൽ ഫലവൃക്ഷത്തൈ നടീലും പരിപാലനവും, പ്രാദേശിക മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കൽ, മഴക്കാലപൂർവ്വ ശുചീകരണത്തിനായുള്ള ഗൃഹസന്ദർശനം എന്നിവ സംഘടിപ്പിച്ചു. പോസ്റ്റർ നിർമ്മാണം, പക്ഷിനിരീക്ഷണം, വാനനിരീക്ഷണം എന്നിവയ്ക്കൊപ്പം വേനൽക്കാലത്ത് പക്ഷികൾക്ക് വെള്ളമൊരുക്കുന്ന കേന്ദ്രങ്ങളും സംസ്ഥാനമൊട്ടാകെ സ്ഥാപിച്ചു. കുട്ടികളുടെ സർഗ്ഗശേഷി പ്രകടിപ്പിക്കാനായി സാഹിത്യ ക്യാമ്പുകൾ, ശില്പശാലകൾ, കലാമത്സരങ്ങൾ എന്നിവയും ഈ ക്യാമ്പയിന്റെ ഭാഗമായി നടന്നു. പദ്ധതിയുടെ സമാപനത്തോടനുബന്ധിച്ച് എല്ലാ സി.ഡി. എസുകളിലും (CDS) പരിസ്ഥിതി സംരക്ഷണ സംഗമങ്ങൾ സംഘടിപ്പിക്കുകയുണ്ടായി.

## വലിച്ചെറിയൽ മുക്ത കേരളം 2023

'വൃത്തിയുള്ള നവകേരളം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 'വലിച്ചെറിയൽ മുക്ത ക്യാമ്പയിൻ' 2023 ജനുവരി 26-ന് ആരംഭിച്ചു. ശുചിത്വമിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ജനകീയ പങ്കാളിത്തത്തോടെയാണ് ഈ ക്യാമ്പയിൻ സംഘടിപ്പിച്ചത്.



ക്യാമ്പയിന്റെ ആദ്യഘട്ട ശുചീകരണ പ്രവർത്തനങ്ങൾ 2023 ജനുവരി 26 മുതൽ 30 വരെ നടന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ ഓഫീസുകൾ എന്നിവയുടെ പരിസരത്തുള്ള മാലിന്യക്കൂമ്പാരങ്ങളും സ്ഥിരം മാലിന്യ നിക്ഷേപ കേന്ദ്രങ്ങളും കണ്ടെത്തി പൊതുജന പങ്കാളിത്തത്തോടെ ശുചീകരിച്ചു. ശേഖരിച്ച മാലിന്യങ്ങൾ ശാസ്ത്രീയമായി തരംതിരിച്ച് നീക്കം ചെയ്തു. മാലിന്യം നീക്കം ചെയ്ത സ്ഥലങ്ങളിൽ പിന്നീട് ആർക്കും മാലിന്യം നിക്ഷേപിക്കാൻ തോന്നാത്ത വിധം പൂന്തോട്ടങ്ങൾ, പാർക്കുകൾ എന്നിവ നിർമ്മിച്ചും മനോഹരമായ ചിത്രങ്ങൾ വരച്ചും ആ പ്രദേശങ്ങളെ ആകർഷകമാക്കി മാറ്റി. ഹരിതകർമ്മസേന, തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ അംഗങ്ങൾ, വിദ്യാർത്ഥികൾ (NCC, NSS, SPC), രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക സംഘടനകൾ എന്നിവർ ഈ ദൗത്യത്തിൽ സജീവമായി പങ്കുചേർന്നു.

2025 മാർച്ച് 30-നകം കേരളത്തെ സമ്പൂർണ്ണ വലിച്ചെറിയൽ മുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുക എന്നതായിരുന്നു ഈ ക്യാമ്പയിന്റെ പ്രധാന ലക്ഷ്യം. ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ഓരോ ജില്ലകളെയും മാലിന്യമുക്തമായി പ്രഖ്യാപിക്കുകയും, തുടർന്ന് സംസ്ഥാനതല പ്രഖ്യാപനത്തിലേക്ക് നീങ്ങുകയും ചെയ്തു.

## മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ(2023 മാർച്ച് മുതൽ 2024 മാർച്ച് വരെ)

സംസ്ഥാനത്തുടനീളം ശാസ്ത്രീയവും സമഗ്രവുമായ മാലിന്യസംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനും അതുവഴി സമ്പൂർണ്ണ ശുചിത്വം കൈവരിക്കുന്നതിനുമുള്ള വിപുലമായ ശ്രമങ്ങൾ 2016 മുതൽ നടന്നു വരുന്നുണ്ട്. ഇതിന്റെ ഭാഗമായാണ് 2016-ൽ ഹരിതകേരളം മിഷൻ രൂപീകരിച്ചത്. മിഷന്റെ പ്രവർത്തനങ്ങൾ മാലിന്യസംസ്കരണ രംഗത്ത് വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിച്ചു. ഹരിതകർമ്മസേനയുടെ രൂപീകരണം, അജൈവ മാലിന്യ ശേഖരണം ഉറപ്പാക്കൽ, ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ ഒരുക്കൽ, മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കൽ, അജൈവ മാലിന്യ ശേഖരണത്തിനായി മിനി എം.സി.എഫുകളും (MCF) എം.സി.എഫുകളും സജ്ജമാക്കൽ തുടങ്ങി നിരവധി ഇടപെടലുകൾ ഇതിനകം വിജയകരമായി നടത്തിയിട്ടുണ്ട്.

ഈ പ്രവർത്തനങ്ങൾ കൂടുതൽ ചിട്ടയോടെ മുന്നോട്ട് കൊണ്ടുപോയി കേരളത്തെ സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമായി പ്രഖ്യാപിക്കുക എന്നതായിരുന്നു സർക്കാരിന്റെ ലക്ഷ്യം. ഇതിലേക്കായി 2023 ജനുവരി 26-ന് കേരളത്തെ വലിച്ചെറിയൽ മുക്ത സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചു. മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി ജില്ലാ കളക്ടറുടെയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെയും അധ്യക്ഷതയിൽ ജില്ലാ മിഷൻ യോഗങ്ങളും, ജില്ലാ ഏകോപന സമിതി, ക്യാമ്പയിൻ സെക്രട്ടറിയേറ്റ് യോഗങ്ങളും കൃത്യമായ ഇടവേളകളിൽ ചേർന്നിരുന്നു. കൂടാതെ, ഓരോ നിയോജക മണ്ഡലങ്ങളിലും എം.എൽ.എമാരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ സംഘടിപ്പിച്ചു. ജില്ലയിലെ ഒൻപത് നിയോജക മണ്ഡലങ്ങളിലും ഇത്തരം അവലോകന യോഗങ്ങൾ നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തി.



## മണ്ഡലാടിസ്ഥാനത്തിൽ ഏറ്റെടുത്തിട്ടുള്ള സ്പെഷ്യൽ ക്യാമ്പയിനുകൾ

**തൃത്താല:** നിയമസഭാ മണ്ഡലതലത്തിൽ മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി ഈ പ്രവർത്തനങ്ങളെയാകെ ശക്തിപ്പെടുത്തുകയും 2023 ഏപ്രിൽ 1-ന് ബഹു. മന്ത്രിയുടെ നേതൃത്വത്തിൽ തൃത്താല ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ അവലോകനം യോഗം ചേർന്ന് പുരോഗതി വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങൾക്ക് രൂപരേഖയും സമയക്രമവും നിശ്ചയിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് ക്ലബുകൾ, വായനശാലകൾ, യുവജനസംഘടനകൾ തുടങ്ങിയവയുടെ പ്രത്യേകയോഗം ബഹു. മന്ത്രിയുടെ അധ്യക്ഷതയിൽ ചേരുകയും യുവജന ബഹുജന പങ്കാളിത്തം ഉറപ്പാക്കുന്നതിന് പ്രത്യേക പരിപാടി രൂപീകരിക്കുകയും ചെയ്തു. മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി സുസ്ഥിര തൃത്താല സുന്ദര തൃത്താല എന്ന ടാഗ് ലൈനിൽ മണ്ഡലത്തിലെ 8 തദ്ദേശസ്ഥാപനങ്ങളിലും 2023 മെയ് 21 ഞായറാഴ്ച മെഗാശുചീകരണ യജ്ഞം സംഘടിപ്പിച്ചു. ഇതിന്റെ മുന്നൊരുക്ക പ്രവർത്തനമായി മണ്ഡലാടിസ്ഥാനത്തിലും തദ്ദേശസ്ഥാപന അടിസ്ഥാനത്തിലും വാർഡ് അടിസ്ഥാനത്തിലും വിപുലമായ ജനകീയ സംഘാടക സമിതികൾ രൂപീകരിക്കുകയുണ്ടായി.



മണ്ഡലാടിസ്ഥാനത്തിലും ഗ്രാമപഞ്ചായത്തടിസ്ഥാനത്തിലും ബദൽ ഉൽപ്പന്നങ്ങളുടെ പ്രദർശനം സംഘടിപ്പിക്കുകയുണ്ടായി. സ്കൂൾ ആരംഭത്തിന് മുന്നോടിയായി വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള കൈമാറ്റക്കടകൾ സംഘടിപ്പിച്ചു. മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ വിദ്യാലയ ഹരിതസഭകൾ സംഘടിപ്പിച്ചു. ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന്റെ ഭാഗമായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ 2023 ജൂലൈ 9 ന് നിയോജക മണ്ഡല ഹരിതസഭയും ഹരിതകർമ്മസേന സംഗമവും സംഘടിപ്പിച്ചു. പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ വെള്ളിയാങ്കല്ല്, പെരിങ്ങോട് തുടങ്ങിയവ ഹരിത ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കാൻ തീരുമാനിച്ചു.

**ചിറ്റൂർ:** ചിറ്റൂർ നിയമസഭാ മണ്ഡലതലത്തിൽ 2023 ഏപ്രിൽ 21 ന് ആദ്യയോഗം ചിറ്റൂർ മിനി സിവിൽ സ്റ്റേഷനിൽ ചേരുകയും മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ അവലോകനം ചെയ്യുകയും ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് മണ്ഡലാടിസ്ഥാനത്തിൽ തീരുമാനമെടുക്കുകയും ചെയ്തു. ചേലോടെ ചിറ്റൂർ എന്ന ടാഗ് ലൈനിൽ മണ്ഡലത്തിലെ തദ്ദേശസ്ഥാപനങ്ങളിൽ മെഗാശുചീകരണം സംഘടിപ്പിച്ചു.

**ആലത്തൂർ:** ആലത്തൂർ നിയമസഭാ മണ്ഡലതലത്തിൽ ആദ്യയോഗം 2023 മെയ് 9 ന് സഹകരണ ബാങ്ക് ഹാളിൽ ചേരുകയും ക്യാമ്പയിൻ വിജയിപ്പിക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സംഘാടക സമിതികൾ രൂപീകരിക്കുകയും ചെയ്തു. മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി മണ്ഡലത്തിന്റെ തനത് ക്യാമ്പയിനായി മേക്ക് ദ ബ്യൂട്ടി സ്പോട്ട് എന്ന ഒരു പ്രത്യേക ശുചീകരണ സൗന്ദര്യവൽക്കരണ ബോധവൽക്കരണ ബഹുജനവിദ്യാഭ്യാസ യജ്ഞം ആരംഭിച്ചു. ഇതിന്റെ ഭാഗമായി 2023 മെയ് 20-ന് മണ്ഡലത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും എല്ലാ വാർഡുകളിലും മെഗാശുചീകരണ സൗന്ദര്യവൽക്കരണ പ്രവർത്തനം ആരംഭിച്ചു. തുടർന്ന് വിദ്യാലയ ശുചീകരണവും എല്ലാ വിദ്യാലയങ്ങളിലും വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ജന്മദിനവൃക്ഷം ക്യാമ്പയിനും ആരംഭിച്ചു. ശുചീകരിക്കപ്പെട്ട സ്ഥലങ്ങളിൽ ചെടികളും പൂച്ചെടികളും വച്ച് പിടിപ്പിച്ച് ബ്യൂട്ടി സ്പോട്ടുകളാക്കി മാറ്റുകയും അവയുടെ പരിപാലനം ക്ലബുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ബാലസഭകൾ, വായനശാലകൾ തുടങ്ങിയ സംവിധാനങ്ങളെ ഏൽപ്പിക്കുകയും ചെയ്തു. മംഗലംഡാം ഹരിത ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിനും തീരുമാനിച്ചു.

**ഷൊർണ്ണൂർ:** ഷൊർണ്ണൂർ നിയമസഭാ മണ്ഡലതലത്തിൽ ആദ്യ യോഗം 2023 മെയ് 27 ന് വാണിയംകുളം ഗ്രാമപഞ്ചായത്ത് ഹാളിൽ ചേരുകയും നിലവിലുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ചെയ്തു. ഒരാഴ്ച നീണ്ടുനിൽക്കുന്ന മാലിന്യമുക്തം ഷൊർണ്ണൂർ എന്ന ക്യാമ്പയിന്റെ ഭാഗമായി പ്രാദേശികതല സംഘാടക സമിതി രൂപീകരണം പ്രധാന കേന്ദ്രങ്ങളുടെയും വിദ്യാലയങ്ങളുടെയും ശുചീകരണം എന്നിവ സംഘടിപ്പിച്ചു.


ഷൊർണൂർ
ഇനി വലിച്ചെറിയൽ മുക്തം

**ഒറ്റപ്പാലം:** ഒറ്റപ്പാലം നിയമസഭാ മണ്ഡലതലത്തിൽ ആദ്യയോഗം 2023 മെയ് 26 ന് അമ്പലപ്പാറ ഗ്രാമപഞ്ചായത്തിൽ വച്ച് ചേർന്നു. നിലവിലുള്ള ക്യാമ്പയിൻ വിശദമായി അവലോകനം ചെയ്യുകയും ഒരുമയോടെ

ഒറ്റപ്പാലം എന്ന ടാഗ് ലൈനിൽ പ്രത്യേക ബഹുജന ക്യാമ്പയിൻ ഏറ്റെടുക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലെയും എല്ലാ വാർഡുകളിലെയും പ്രധാന കേന്ദ്രങ്ങൾ ശുചീകരിച്ചു. മാലിന്യമുക്തം നവകേരളം ക്യാമ്പയിനിൽ മികച്ച പ്രവർത്തനം നടത്തുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എം.എൽ.എ. അവാർഡ് നൽകുന്നതിന് തീരുമാനിച്ചു.

**തരൂർ:** തരൂർ നിയമസഭാ മണ്ഡലതലത്തിൽ ആദ്യ യോഗം 2023 മെയ് 25-ന് വടക്കഞ്ചേരി കമ്മ്യൂണിറ്റി ഹാളിൽ വച്ച് ചേർന്നു. മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ വിശദമായി അവലോകനം ചെയ്യുകയും ക്യാമ്പയിൻ വിജയിപ്പിക്കുന്നതിന് തരൂർ ചന്തം എന്ന പേരിൽ ബഹുജന ക്യാമ്പയിൻ ആരംഭിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി പ്രധാന കേന്ദ്രങ്ങളുടെ ശുചീകരണവും സൗന്ദര്യവൽക്കരണവും ആരംഭിച്ചു. വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഒരു പ്രധാന കേന്ദ്രം ക്യാമ്പയിന്റെ ഭാഗമായി ചെടികൾ വച്ച് പിടിപ്പിച്ച് സൗന്ദര്യവൽക്കരിക്കുന്ന പ്രവർത്തനവും ലോകപരിസ്ഥിതി ദിനമായ ജൂലൈ 5 ന് ആരംഭിച്ചു. ചൂലന്നൂർ ടൂറിസ്റ്റ് കേന്ദ്രം ഹരിതടൂറിസമാക്കി മാറ്റുന്നതിനും തീരുമാനിച്ചു.

**കോങ്ങാട്:** കോങ്ങാട് നിയമസഭാ മണ്ഡലതലത്തിൽ ആദ്യയോഗം 2023 ജൂൺ 2-ന് മണ്ണൂർ ഗ്രാമ പഞ്ചായത്ത് ഹാളിൽ വച്ച് ചേർന്നു. മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ നിലവിലുള്ള പ്രവർത്തനം അവലോകനം ചെയ്യുകയും ബ്യൂട്ടി കോങ്ങാട് എന്ന പേരിൽ ബഹുജന ക്യാമ്പയിൻ ആരംഭിക്കുവാനും തീരുമാനിച്ചു. ബഹുമാനപ്പെട്ട എം.എൽ.എ.യുടെ എസ്ഡിഎഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ബ്യൂട്ടി കോങ്ങാട് പ്രോജക്റ്റ് മാലിന്യമുക്തം നവകേരളം ക്യാമ്പയിനുമായി സംയോജിപ്പിച്ചു നടത്താൻ തീരുമാനിച്ചു. മണ്ഡലത്തിലെ ടൂറിസ്റ്റ് കേന്ദ്രമായി കാഞ്ഞിരപ്പുഴ ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനും തീരുമാനമെടുത്തു.


മാലിന്യമുക്തം നവകേരളം

മലമ്പുഴയിൽ സമഗ്ര ശുചീകരണം

**മലമ്പുഴ:** മലമ്പുഴ നിയമസഭാ മണ്ഡലതലത്തിൽ ആദ്യയോഗം 2023 മെയ് 31 ന് മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ചേർന്നു. നിലവിലുള്ള പ്രവർത്തനങ്ങൾ വിശദമായി അവലോകനം ചെയ്യുകയും തുടർകർമ്മപരിപാടി ചർച്ച ചെയ്ത് തീരുമാനിക്കുകയും ചെയ്തു. സംസ്ഥാന അതിർത്തിയായ വാളയാർ മുതൽ മുണ്ടൂർ വരെ ഏകദിന ശുചീകരണ പരിപാടി സംഘടിപ്പിച്ചു. മണ്ഡലത്തിലാകെ മനോഹരം മലമ്പുഴ എന്ന പേരിൽ വിപുലമായ ബഹുജന ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനുള്ള പരിപാടികളും ആസൂത്രണം ചെയ്തു. മണ്ഡലത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ മലമ്പുഴ സമ്പൂർണ്ണ മാലിന്യമുക്തമാക്കി ഹരിത വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിനും കഞ്ചിക്കോട് വ്യവസായ മേഖല ഹരിത വ്യവസായ ഇടനാഴിയായി വികസിപ്പിക്കുന്നതിനും തീരുമാനിച്ചു.

**നെന്മാറ:** നെന്മാറ നിയമസഭാ മണ്ഡലതലത്തിൽ ആദ്യയോഗം 2023 ജൂൺ 6 ന് നെന്മാറ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ച് ചേർന്നു. മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ നിലവിലുള്ള പ്രവർത്തനം അവലോകനം ചെയ്യുകയും തുടർകർമ്മപരിപാടി ചർച്ച ചെയ്ത് തീരുമാനിക്കുകയും ചെയ്തു. നെന്മാറ നിയോജക മണ്ഡലം മാലിന്യമുക്തമാക്കുന്നതിന് പ്രത്യേക ബഹുജന ക്യാമ്പയിൻ ആരംഭിക്കുവാനും തീരുമാനിച്ചു. മണ്ഡലത്തിലെ ടൂറിസ്റ്റ് കേന്ദ്രമായ നെല്ലിയാമ്പതി, പോത്തുണ്ടി,

കൊല്ലങ്കോട് എന്നിവ ഹരിത ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിനും തീരുമാനിച്ചു.

## ശുചിത്വ വിദ്യാലയം - ഹരിത വിദ്യാലയം 2024

കുട്ടികളിൽ ശുചിത്വബോധവും പരിസ്ഥിതി സംരക്ഷണ ശീലങ്ങളും വളർത്തിയെടുക്കുന്നതിനായി കേരളസർക്കാരിന്റെവിദ്യാഭ്യാസ,തദ്ദേശസ്വയംഭരണ,ആരോഗ്യവകുപ്പുകളുടെസഹകരണത്തോടെ നടപ്പിലാക്കുന്ന മൂന്ന് വർഷത്തെ കർമ്മപദ്ധതിയാണിത്. വിദ്യാലയങ്ങളെ വലിച്ചെറിയൽ മുക്തവും ഹരിതസുന്ദരവുമാക്കുക, ശാസ്ത്രീയ മാലിന്യസംസ്കരണം നടപ്പിലാക്കുക, ഊർജ്ജ-ജല സംരക്ഷണം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ജില്ലയിലെ സ്കൂളുകളിൽ




മാലിന്യങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യാനുള്ള സംവിധാനങ്ങൾ സ്കൂളുകളിൽ ഒരുക്കുന്നതിനും കൂടാതെ, സ്കൂൾ ബസുകളുടെ ഫിറ്റ്നസ് പരിശോധന ഉറപ്പാക്കൽ, ക്യാമ്പസുകളിൽ ഹരിത ഇടങ്ങൾ വർദ്ധിപ്പിക്കൽ, ഹരിത ഗതാഗതം (Green Transport) പ്രോത്സാഹിപ്പിക്കൽ എന്നിവയും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. വിദ്യാർത്ഥികളെ പരിസ്ഥിതി ബോധമുള്ള പൗരന്മാരായി വളർത്തുകയും ശുചിത്വം ഒരു ജീവിതശൈലിയായി മാറ്റുകയും ചെയ്യുക എന്നതാണ് ഈ ക്യാമ്പയിന്റെ അന്തിമ ഉദ്ദേശ്യം.

## മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ 2024- 2025

2024 ഒക്ടോബർ 2 (ഗാന്ധി ജയന്തി) മുതൽ 2025 മാർച്ച് 30 (അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം) വരെയാണ് ഈ ജനകീയ ക്യാമ്പയിൻ സംഘടിപ്പിച്ചത്. ടൗണുകൾ, കച്ചവട സ്ഥാപനങ്ങൾ, ബൾക്ക് വേസ്റ്റ് ജനറേറ്ററുകൾ (Bulk Waste Generators), ടൂറിസം കേന്ദ്രങ്ങൾ, ഓഫീസുകൾ, സ്കൂളുകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജൈവ-അജൈവ-ദ്രവ മാലിന്യ സംസ്കരണത്തിലുണ്ടായിരുന്ന പോരായ്മകൾ (Gaps) കണ്ടെത്തുകയും അവ പരിഹരിക്കുന്നതിന് കൃത്യമായ കർമ്മപദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കുകയും ചെയ്തു. വിദ്യാർത്ഥികൾ, അധ്യാപകർ, യുവജനങ്ങൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനായി അവർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകി.

സമ്പൂർണ്ണ ഹരിത അയൽക്കൂട്ടം, ഹരിത ടൂറിസം കേന്ദ്രം, ഹരിത ടൗൺ, ഹരിത ഓഫീസ്, ഹരിത വിദ്യാലയം, ഹരിത കലാലയം എന്നിവ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവിധ ഏജൻസികളും പങ്കാളികളായി. അയൽക്കൂട്ടങ്ങളിൽ 'എട്ടിന കർമ്മപരിപാടി' കാര്യക്ഷമമായി നടപ്പിലാക്കിയതിലൂടെ ജില്ലയിലെ മുഴുവൻ അയൽക്കൂട്ടങ്ങളെയും ഹരിത അയൽക്കൂട്ടങ്ങളാക്കി മാറ്റാൻ സാധിച്ചു.



നിലവിലുള്ള ടൂറിസം കേന്ദ്രങ്ങളിലും ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളിലും ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി അവയെ ഹരിത ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിച്ചു. ജില്ലയിലെ മുഴുവൻ ഓഫീസുകളെയും ഹരിത ഓഫീസുകളാക്കി മാറ്റുന്നതിനൊപ്പം ടൗണുകളിലെ മാലിന്യക്കൂമ്പാരങ്ങൾ ഒഴിവാക്കി അവയെ സൗന്ദര്യവൽക്കരിക്കുകയും ചെയ്തു. മുൻപുണ്ടായിരുന്ന മാലിന്യ നിക്ഷേപ കേന്ദ്രങ്ങൾ ഇല്ലാതാക്കി അവിടെ പച്ചത്തുരുത്തുകൾ, വിശ്രമ കേന്ദ്രങ്ങൾ, പൂന്തോട്ടങ്ങൾ, കൃഷിയിടങ്ങൾ എന്നിവ നിർമ്മിച്ചു. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ചുരുങ്ങിയത് ഒരു സ്ഥലമെങ്കിലും







സമ്പൂർണ്ണ ശുചിത്വമുള്ള ആകർഷകമായ കേന്ദ്രമാക്കി മാറ്റാനും വിദ്യാലയങ്ങളെ ഹരിത ക്യാമ്പസ്സുകളാക്കി ഉയർത്താനും ഈ ക്യാമ്പയിനിലൂടെ സാധിച്ചു.

## ജനകീയ പങ്കാളിത്തവും സംഘടനാ സംവിധാനവും



മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ വിജയം ഉറപ്പാക്കുന്നതിൽ സമൂഹത്തിന്റെ വിവിധ തുറകളിലുള്ളവരുടെ സജീവമായ പങ്കാളിത്തം വലിയ പങ്ക് വഹിച്ചു. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, സർവീസ് സംഘടനകൾ, യുവജന സംഘടനകൾ, സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ എന്നിവർക്കൊപ്പം ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, പ്രാദേശിക കൂട്ടായ്മകൾ എന്നിവരും ഈ ദൗത്യത്തിൽ പങ്കാളികളായി. വ്യാപാരി വ്യവസായി സംഘടനകൾ, ഹോംസ്റ്റേ നടത്തിപ്പുകാർ, ഓട്ടോ-ടാക്സി ഡ്രൈവർമാരുടെ യൂണിയനുകൾ എന്നിവരുടെ സഹകരണം പദ്ധതിയെ ജനകീയമാക്കി. സാമൂഹിക-സാംസ്കാരിക-സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ, എൻ.എസ്.എസ് (NSS), എസ്.പി.സി (SPC), സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് തുടങ്ങിയവരും വിവിധ സർക്കാർ വകുപ്പുകളും കൈകോർത്തതോടെ ഇതൊരു വിപുലമായ ജനകീയ മുന്നേറ്റമായി മാറി.

ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി വിവിധ തലങ്ങളിൽ ശക്തമായ നിർവ്വഹണ സമിതികൾ രൂപീകരിച്ചിരുന്നു. ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും ചെയർപേഴ്സൺമാരായി സമിതികൾക്ക് നേതൃത്വം നൽകി. ഗ്രാമപഞ്ചായത്ത്/നഗരസഭാ തലങ്ങളിൽ അധ്യക്ഷന്മാരും വാർഡ് തലത്തിൽ വാർഡ് അംഗങ്ങളും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. ബഹുജന ഇടപെടലിലൂടെ സമ്പൂർണ്ണ മാലിന്യ പരിപാലനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഈ സമിതികൾ കൃത്യമായി യോഗം ചേരുകയും കർമ്മപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു. സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളെ ഹരിത നിലവാരത്തിലേക്ക് ഉയർത്തുക, മാതൃകാപരമായ ഹരിത അയൽക്കൂട്ടങ്ങൾ സ്ഥാപിക്കുക, പൊതുവിടങ്ങളും പട്ടണങ്ങളും ശുചിത്വമുള്ളതാക്കി മാറ്റുക എന്നിവയായിരുന്നു സമിതികളുടെ പ്രധാന ചുമതലകൾ.

ആഘോഷങ്ങളിലും ചടങ്ങുകളിലും ഹരിത പെരുമാറ്റച്ചട്ടം (Green Protocol) കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സമിതികൾ പ്രത്യേക ക്രമീകരണങ്ങൾ നടത്തി. ജലാശയങ്ങളുടെ ശുചിത്വം ഉറപ്പാക്കുന്നതിനും ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ശാസ്ത്രീയമായി നടപ്പിലാക്കുന്നതിനും മുൻഗണന നൽകി. നിയമലംഘനങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനായി പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം ഊർജ്ജിതമാക്കി.

പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പാക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടുംബശ്രീ, രാഷ്ട്രീയ പാർട്ടികൾ, ട്രേഡ് യൂണിയനുകൾ എന്നിവയുൾപ്പെടെയുള്ള വിവിധ മേഖലകളിലെ പ്രതിനിധികളുടെ യോഗങ്ങൾ സമയബന്ധിതമായി സംഘടിപ്പിക്കുകയും ആസൂത്രിതമായ നീക്കത്തിലൂടെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു.

## ഹരിതസഭ

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ശ്രദ്ധേയമായ ഒരു പരിപാടിയാണ് 'ഹരിതസഭ'. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ കുട്ടികളുടെ സജീവ പങ്കാളിത്തം




ഉറപ്പാക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലുമുള്ള മാലിന്യ സംസ്കരണ പ്രശ്നങ്ങൾ കുട്ടികൾ തന്നെ നേരിട്ട് കണ്ടെത്തുകയും അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു എന്നതാണ് ഈ പരിപാടിയുടെ പ്രത്യേകത. കുട്ടികൾ മുന്നോട്ടുവെക്കുന്ന നിർദ്ദേശങ്ങൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗൗരവമായി വിലയിരുത്തുകയും അവ നടപ്പിലാക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാതൃകാപരമായ ശുചിത്വ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനൊപ്പം, കുട്ടികളിലൂടെ ശുചിത്വ സന്ദേശം സമൂഹത്തിന്റെ എല്ലാ തലങ്ങളിലേക്കും എത്തിക്കാനും ഹരിതസഭയിലൂടെ സാധിച്ചു. ശിശുദിനമായ നവംബർ 14-നാണ് ഹരിതസഭകൾ സംഘടിപ്പിച്ചത്. ഹരിതചട്ടങ്ങൾ (Green Protocol) പൂർണ്ണമായും പാലിച്ചുകൊണ്ട്, മാലിന്യങ്ങൾ സൃഷ്ടിക്കാത്ത രീതിയിലായിരുന്നു ഈ സഭകളുടെ ഒത്തുചേരൽ.

## ജല സംരക്ഷണം

### ജലമാണ് ജീവൻ ആദ്യഘട്ടം 2017



ഭൂമി, മണ്ണ്, ജലം, വായു എന്നിവ മലിനമാക്കാതെ ശാസ്ത്രീയമായ രീതിയിൽ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നതാണ് ഹരിതകേരളം മിഷന്റെ അടിസ്ഥാന ലക്ഷ്യം. ഇതിന്റെ ഭാഗമായി ജലസ്രോതസ്സുകളിൽ എല്ലാക്കാലത്തും ജലലഭ്യത ഉറപ്പാക്കുന്നതിനായുള്ള പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ നടപ്പിലാക്കി. ജലസംരക്ഷണ

ദൗത്യത്തിൽ വിവിധ സർക്കാർ വകുപ്പുകളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും പൊതുസമൂഹത്തെയും സജീവ പങ്കാളികളാക്കി മാറ്റാൻ ഈ പദ്ധതിയിലൂടെ സാധിച്ചു. മഴവെള്ള സംഭരണം വ്യാപകമാക്കുക, ശാസ്ത്രീയമായ രീതിയിലൂടെ ഭൂഗർഭജല വിതാനം ഉയർത്തുക, നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുക എന്നിവയായിരുന്നു ഹരിതകേരളം മിഷന്റെ ജലസംരക്ഷണ ഉപമിഷനുമായി ബന്ധപ്പെട്ട പ്രധാന ലക്ഷ്യങ്ങൾ. 2017-ൽ ആരംഭിച്ച ഈ ആദ്യഘട്ട പ്രവർത്തനങ്ങൾ കേരളത്തിലെ ജലസംരക്ഷണ മേഖലയിൽ വലിയൊരു ജനകീയ മുന്നേറ്റത്തിന് അടിത്തറയിട്ടു.

## ജലമാണ് ജീവൻ സാങ്കേതിക സമിതികൾ

'ജലമാണ് ജീവൻ' ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ താഴെത്തട്ടിലേക്ക് എത്തിക്കുന്നതിനും അവ കൃത്യമായി നടപ്പിലാക്കുന്നതിനുമായി 2019-ൽ സംസ്ഥാനം മുതൽ വാർഡ് തലം വരെ വിപുലമായ സാങ്കേതിക സമിതികൾ രൂപീകരിച്ചു. ഹരിതകേരളം മിഷൻ വിഭാവനം ചെയ്യുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ ജനകീയമാക്കുകയും സാങ്കേതികമായ കൃത്യതയോടെ അവ പൂർത്തിയാക്കുകയുമായിരുന്നു ഈ സമിതികളുടെ പ്രധാന ചുമതല. ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷയായും ജില്ലാ കളക്ടർ കൺവീനറായും പ്രവർത്തിക്കുന്ന സമിതിയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരും ഗ്രാമപഞ്ചായത്ത് തലത്തിൽ അതത് പഞ്ചായത്ത് പ്രസിഡന്റുമാരും ചെയർപേഴ്സൺമാരായി സമിതികൾ രൂപീകരിച്ചു. വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഈ സമിതികളിൽ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. സമിതികളുടെ പ്രവർത്തനം കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ ചേരുകയും പുരോഗതി വിലയിരുത്തുകയും ചെയ്തു.

ഈ ക്യാമ്പയിന്റെ വിജയത്തിനായി ജനപ്രതിനിധികൾക്കൊപ്പം വലിയൊരു ജനസഞ്ചയം തന്നെ അണിനിരന്നു. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, റെസിഡന്റ്സ് അസോസിയേഷനുകൾ, വ്യാപാരി വ്യവസായി സംഘടനകൾ, ലൈബ്രറി-ക്ലബ്ബ് പ്രതിനിധികൾ, സാമൂഹിക-സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ സജീവ പങ്കാളികളായി. ജനകീയ പങ്കാളിത്തത്തോടെയുള്ള ഈ സംഘാടനാ സംവിധാനം ജലസംരക്ഷണ പ്രവർത്തനങ്ങൾ ഓരോ വീട്ടിലും എത്തിക്കാൻ സഹായിച്ചു.

## ജലമാണ് ജീവൻ - ജില്ലാ തല സംഗമം

ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജില്ലയിൽ നടപ്പിലാക്കിയ ശ്രദ്ധേയവും മാതൃകാപരവുമായ ജലസംരക്ഷണ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നതിനായി 'ജില്ലാ ജലസംഗമം' സംഘടിപ്പിച്ചു. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ മികച്ച പദ്ധതികൾ പരസ്പരം പങ്കുവെക്കാനും അവ മറ്റ് പ്രദേശങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കാനും ഈ സംഗമം വേദിയൊരുക്കി. നിലവിലുള്ള ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ശാസ്ത്രീയമായ പരിപാലനം ഉറപ്പുവരുത്തുന്നതിനും പുതിയ നയപരിപാടികൾ ആവിഷ്കരിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുക എന്നതായിരുന്നു ഈ സംഗമത്തിന്റെ പ്രധാന ലക്ഷ്യം.




## ജലായനം - നല്ല ജലം നാളേയ്ക്കായി



ജില്ലയിലെ കുളങ്ങൾ നാൾക്കുനാൾ കുറയുകയും നിലവിലുള്ളവ ഉപയോഗശൂന്യമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ ജലസംരക്ഷണ സന്ദേശവുമായി പാലക്കാട് ചിറ്റൂർ കോളേജ് എൻ.എസ്.എസ് (NSS) യൂണിറ്റ് ഏറ്റെടുത്ത് നടത്തുന്ന പദ്ധതിയാണ് 'ജലായനം'. കുളങ്ങളുടെ പുനരുദ്ധാരണത്തിലൂടെ മാത്രമേ ഭൂഗർഭജല വിതാനം സുസ്ഥിരമായി നിലനിർത്താൻ സാധിക്കൂ എന്ന തിരിച്ചറിവാണ് ഈ പദ്ധതിയുടെ ആധാരം. കഴിഞ്ഞ രണ്ട് വർഷത്തിനിടെ ഇരുപതോളം കുളങ്ങൾ ശുചീകരിച്ചതിന് പുറമെ കൊഴിഞ്ഞാമ്പാറ, എരുത്തേമ്പതി എന്നിവിടങ്ങളിലായി ആയിരത്തോളം മഴക്കുഴികൾ ഇവർ നിർമ്മിച്ചു. പ്രളയത്തിൽ നശിച്ച മൂന്ന് കിണറുകളുടെ ശുചീകരണം, ഷോളയൂർ പുഴ, ചിറ്റൂർ പുഴ എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ എന്നിവയും ഈ പദ്ധതിയുടെ ഭാഗമായി നടന്നു. ഭാരതപ്പുഴ സംരക്ഷണത്തിനായി നടത്തിയ സൈക്കിൾ റാലി, ജല ചർച്ചകൾ, സെമിനാറുകൾ, ശില്പശാലകൾ എന്നിവയിലൂടെ ജനങ്ങളിൽ ജലസംരക്ഷണ അവബോധം വളർത്താൻ എൻ.എസ്. എസ് വോളന്റിയർമാർക്ക് സാധിച്ചു.

## ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതി - ജനകീയ പുഴയോരം ശുചീകരണ യജ്ഞം

ഭാരതപ്പുഴയുടെ വീണ്ടെടുപ്പിനായി പാലക്കാട് ജില്ലാ പഞ്ചായത്തും ഹരിതകേരളം മിഷനും സംയുക്തമായി ആവിഷ്കരിച്ച വിപുലമായ ദൗത്യമാണ് ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതി.

പദ്ധതിയുടെ ഭാഗമായി ജില്ലയിലെ എല്ലാ ജലാശയങ്ങളെയും മാലിന്യമുക്തമാക്കുന്നതിനുള്ള വിപുലമായ ജനകീയ ക്യാമ്പയിൻ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ജില്ലയിലെ പ്രധാന നദികളുടെയെല്ലാം തീരങ്ങൾ ജനകീയ പങ്കാളിത്തത്തോടെ ശുചീകരിക്കുകയും അവയെ മനോഹരമായ 'ഹരിതതീരങ്ങളാക്കി' മാറ്റുകയും ചെയ്തു. പുഴയോരങ്ങളിലെ മാലിന്യ സംസ്കരണം സുസ്ഥിരമാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഹരിതകർമ്മസേനയെ ശാക്തീകരിക്കുകയും വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നൂറു ശതമാനം അജൈവ മാലിന്യ ശേഖരണം ഉറപ്പുവരുത്തുകയും ചെയ്തു. ഇതിനൊപ്പം തന്നെ


ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതി തുടങ്ങി

ദേശാഭിമാനി Fri, 09 February 2024



ഗാർഹിക-സ്ഥാപന തലങ്ങളിൽ ജൈവമാലിന്യ സംസ്കരണ ഉപാധികൾ വ്യാപകമാക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകി. ശുചീകരിക്കപ്പെട്ട പുഴയോരങ്ങൾ സൗന്ദര്യവൽക്കരിച്ചും പച്ചത്തുരുത്തുകൾ നിർമ്മിച്ചും സംരക്ഷിക്കുന്നതിലൂടെ ഭാരതപ്പുഴയുടെ സ്വാഭാവികമായ ആവാസവ്യവസ്ഥയെ സംരക്ഷിക്കാനും ഈ പദ്ധതിയിലൂടെ സാധിച്ചു.

## ഹരിതകേരളം മിഷൻ - രണ്ടാം വാർഷികം - എല്ലാവരും ജലാശയങ്ങളിലേക്ക്-



ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെഭാഗമായി പുഴകളുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി "എല്ലാവരും ജലാശയങ്ങളിലേക്ക്" എന്ന പേരിൽ 2018 ഡിസംബർ 8-ന് സംസ്ഥാനത്തുടനീളം ശ്രദ്ധേയമായ നീർച്ചാൽ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടന്നു. ജനകീയ പങ്കാളിത്തത്തോടെ

ജലസ്രോതസ്സുകളെ വീണ്ടെടുക്കുക എന്നതായിരുന്നു ഈ ദൗത്യത്തിന്റെ പ്രധാന ലക്ഷ്യം.

പാലക്കാട് ജില്ലയിലെ ഈ പദ്ധതിയുടെ ഉദ്ഘാടനം മംഗലം പുഴയോരത്ത് വെച്ച് നടന്നു. ക്യാമ്പയിനിന്റെ ഭാഗമായി മംഗലം പുഴയോരം ശുചീകരണം, ഗായത്രി നദീതടം പുനരുജ്ജീവനം, കാവത്തുകുളം - കൂട്ടംമുച്ചി പുഴ പുനരുജ്ജീവനം, കൊളക്കാട് പ്രദേശം പുനരുജ്ജീവനം തുടങ്ങിയ സുപ്രധാന പ്രവർത്തനങ്ങൾ ജില്ലയിൽ വിജയകരമായി നടപ്പിലാക്കി.മംഗലംപുഴ - 10 k.m പുഴതീരം വൃത്തിയാക്കി, പുഴയോരത്ത് 8 ഏക്കർ സ്ഥലം ശുചീകരിച്ചു. ഗായത്രീനദീതടം - 20 ഹെക്ടർ ഭൂമി ജനകീയ പങ്കാളിത്തത്തോടെ തിരിച്ചുപിടിച്ചു. ഇതുവരെ 5 ക്യാമ്പുകൾ പൂർത്തിയാക്കി. 270 NCC, NSS വിദ്യാർഥികൾ ക്യാമ്പിൽ പങ്കെടുത്തു.

## നീർത്തട പ്ലാൻ



നമ്മുടെ വികസന പ്രവർത്തനങ്ങൾക്കായി വലിയ തോതിലുള്ള ധനവിനിയോഗം നടക്കുന്നുണ്ടെങ്കിലും അടിസ്ഥാന പ്രശ്നങ്ങൾ പലതും പരിഹരിക്കപ്പെടാതെ അവശേഷിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. പ്രകൃതിവിഭവങ്ങളെ ശാസ്ത്രീയമായി വിനിയോഗിച്ചാൽ മാത്രമേ ഉൽപ്പാദന മേഖലയിൽ സുസ്ഥിരമായ വളർച്ച കൈവരിക്കാൻ സാധിക്കൂ. ഇത്തരമൊരു ശാസ്ത്രീയ ആസൂത്രണത്തിന് ഏറ്റവും ഉത്തമമായ പ്രകൃതിദത്ത യൂണിറ്റാണ് നീർത്തടങ്ങൾ. ഭരണഘടനാപരമായ അധികാരങ്ങളുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിലുണ്ടെങ്കിലും, നീർത്തട അതിർത്തികൾ പലപ്പോഴും ഭരണപരമായ അതിർത്തികൾക്കുള്ളിൽ ഒതുങ്ങുന്നവയല്ല. അതിനാൽത്തന്നെ, ഭൗമശാസ്ത്രപരമായ അതിരുകൾ കണക്കിലെടുത്തുകൊണ്ടുള്ള നീർത്തട ആസൂത്രണത്തിന് വലിയ പ്രാധാന്യമുണ്ട്. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അംഗങ്ങളായ സാങ്കേതിക സമിതിയുടെ നേതൃത്വത്തിലാണ് ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

സമയബന്ധിതമായി നീർത്തടാധിഷ്ഠിത വികസന പ്ലാൻ തയ്യാറാക്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കാനായി വിപുലമായ ഒരു ജനകീയ സംവിധാനമാണ് ജില്ലയിൽ പ്രവർത്തിച്ചത്. സാങ്കേതിക സമിതിക്കൊപ്പം ജനപ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി അംഗങ്ങൾ, റെസിഡന്റ്സ് അസോസിയേഷനുകൾ, ഗ്രന്ഥശാലാ-ക്ലബ്ബ് പ്രതിനിധികൾ, പരിസ്ഥിതി പ്രവർത്തകർ, വിരമിച്ച ഉദ്യോഗസ്ഥർ എന്നിവരുടെ സേവനം ഇതിനായി ഉറപ്പാക്കി. ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും വാർഡുകളുടെ എണ്ണം അനുസരിച്ച് ചുമതലകൾ വിഭജിച്ചു നൽകിയത് പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ സഹായിച്ചു. ആസൂത്രണ ഘട്ടം, വിവരശേഖരണ ഘട്ടം, നീർത്തട പ്ലാൻ തയ്യാറാക്കൽ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായാണ് ഈ ദൗത്യം പൂർത്തിയാക്കിയത്.

നീർത്തട പ്ലാൻ തയ്യാറാക്കുന്നതിന്റെ മുന്നൊരുക്കമായി വാർഡ് തല ജലവിഭവ ആസൂത്രണ സമിതി യോഗങ്ങൾ, പരിശീലന പരിപാടികൾ, പ്രാഥമിക വിവരശേഖരണം എന്നിവ നടത്തി. ഒരു തദ്ദേശ സ്ഥാപനത്തിന്റെ പരിധിയിൽ ഒന്നിലേറെ നീർത്തടങ്ങൾ ഭാഗികമായോ പൂർണ്ണമായോ ഉൾപ്പെടാറുള്ളതിനാൽ, ഓരോ നീർത്തടത്തെയും അടിസ്ഥാന യൂണിറ്റായി കണ്ടുകൊണ്ടുള്ള റിപ്പോർട്ടുകളാണ് ആദ്യം തയ്യാറാക്കിയത്. പിന്നീട് ഇവ സംയോജിപ്പിച്ച് ഗ്രാമപഞ്ചായത്ത് തലത്തിലുള്ള സമഗ്ര റിപ്പോർട്ടുകൾ രൂപപ്പെടുത്തി. ആമുഖം, പൊതുവിവരങ്ങൾ, ഭൂപ്രകൃതിയും കാലാവസ്ഥയും, ആസ്തി വിവരങ്ങൾ, പാരിസ്ഥിതിക അവലോകനം എന്നിവ ഉൾപ്പെടുത്തിയാണ് റിപ്പോർട്ടുകൾ ക്രമീകരിച്ചത്. ഓരോ നീർത്തടത്തിലെയും പ്രധാന വികസന പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കാൻ ആവശ്യമായ കർമ്മപരിപാടികൾ ആവിഷ്കരിക്കുകയും, ഗ്രാമപഞ്ചായത്ത് തലത്തിൽ ഈ പ്ലാനുകൾ അംഗീകരിച്ച് നടപ്പിലാക്കുകയും ചെയ്തു.

## നീർത്തട മാസ്റ്റർ പ്ലാൻ



ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കിയ നീർത്തട പ്ലാനുകൾ ക്രോഡീകരിച്ചുകൊണ്ട് ബ്ലോക്ക് തല മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള ചുമതല ബ്ലോക്ക് സാങ്കേതിക സമിതിയെയാണ് ഏൽപ്പിച്ചത്. ബ്ലോക്ക് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾ സമർപ്പിച്ച നീർത്തട പ്ലാനുകൾ സൂക്ഷ്മമായി പരിശോധിച്ചാണ് സമഗ്രമായ ഈ മാസ്റ്റർ പ്ലാൻ ആവിഷ്കരിച്ചത്. സംഘടനാ സംവിധാനം രൂപീകരിക്കുക, സാങ്കേതിക സമിതിയുടെ നേതൃത്വത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുക, റിപ്പോർട്ട് സമർപ്പിക്കുക, അവയ്ക്ക് അംഗീകാരം വാങ്ങുക എന്നിവയായിരുന്നു ഇതിന്റെ പ്രധാന ഘട്ടങ്ങൾ. ഒന്നിലധികം പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന നീർത്തടങ്ങളെക്കുറിച്ച് വിശദമായ പരിശോധനകൾ നടത്തുകയും ഓരോ പഞ്ചായത്തിന്റെയും ഭൗമശാസ്ത്രപരമായ സ്ഥാനം മുൻനിർത്തിയാണോ പ്രവർത്തനങ്ങൾ നിശ്ചയിച്ചിട്ടുള്ളതെന്ന് ഉറപ്പുവരുത്തുകയും ചെയ്തു. മാറ്റങ്ങൾ ആവശ്യമായ സന്ദർഭങ്ങളിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളെ അറിയിക്കുകയും അവ പ്ലാനിൽ ഉൾപ്പെടുത്തുകയും ചെയ്തു.

ഒന്നിലേറെ ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങളിൽ ഉൾപ്പെടുന്ന ചെറുനീർത്തടങ്ങളെ സംബന്ധിച്ച പ്രവർത്തനങ്ങൾ അതത് ബ്ലോക്ക് സാങ്കേതിക സമിതികളുമായി കൂടിയാലോചിച്ച് ക്രമപ്പെടുത്തിയാണ് പ്ലാൻ പൂർത്തിയാക്കിയത്. മാസ്റ്റർ പ്ലാനിന്റെ ഭാഗമായുള്ള റിപ്പോർട്ടിൽ ആമുഖം, പൊതുവിവരങ്ങൾ, ഭൂപ്രകൃതിയും കാലാവസ്ഥയും, ജനസംഖ്യാ വിവരങ്ങൾ, ആസ്തി വിവരങ്ങൾ, പാരിസ്ഥിതിക അവലോകനം, വിഭവ അവലോകനം എന്നിവ ഉൾപ്പെടുത്തി. നീർത്തടങ്ങളുടെ നിലവിലെ അവസ്ഥാവിവരത്തോടൊപ്പം അവയുടെ വീണ്ടെടുപ്പിനായുള്ള ഭാവി പദ്ധതികളും അനുബന്ധ ഭൂപടങ്ങളും റിപ്പോർട്ടിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ തയ്യാറാക്കിയ വിശദമായ മാസ്റ്റർ പ്ലാൻ റിപ്പോർട്ട് ബ്ലോക്ക് തല സാങ്കേതിക സമിതിയും ജില്ലാ സാങ്കേതിക സമിതിയും പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തു.

## ജലസഭ



വരൾച്ച അതിരൂക്ഷമായിരുന്ന സാഹചര്യത്തിൽ ജലസംരക്ഷണവും ജലമിതവ്യയവും എല്ലാ വീടുകളിലുംശീലമാക്കുന്നതിനായി ഹരിതകേരളം മിഷൻ കുടുംബശ്രീയുമായി ചേർന്ന് "ജലമാണ് ജീവൻ" ക്യാമ്പയിന് രൂപം നൽകി. ലോക ജലദിനത്തിലാണ് ഈ വിപുലമായ ജനകീയ ക്യാമ്പയിന് തുടക്കം കുറിച്ചത്. ക്യാമ്പയിന്റെ ഭാഗമായി കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ പ്രത്യേക 'ജലസഭകൾ' സംഘടിപ്പിച്ചു. ഓരോ വീട്ടിലും കുടിവെള്ളവും മറ്റ് ആവശ്യങ്ങൾക്കുള്ള ജലവും എങ്ങനെ കാര്യക്ഷമമായി ഉപയോഗിക്കാം എന്നതിനെക്കുറിച്ചും ജല ദുരുപയോഗം എപ്രകാരം കുറയ്ക്കാം എന്നതിനെക്കുറിച്ചും ശ്രദ്ധേയമായ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും ഈ സഭകളിലൂടെ നടപ്പിലാക്കി. കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ പൊതുജനങ്ങളുടെ സഹകരണത്തോടെ കുളങ്ങൾ, കിണറുകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവ ശുചീകരിച്ച് ജലലഭ്യത ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾക്ക് ജലസഭകൾ നേതൃത്വം നൽകി. ഇതിലൂടെ ഓരോ വീടിനെയും ജലസാക്ഷരതയുള്ള ഇടമാക്കി മാറ്റുന്നതിനൊപ്പം പ്രാദേശിക ജലസ്രോതസ്സുകൾ വീണ്ടെടുക്കാനും ഹരിതകേരളം മിഷന് സാധിച്ചു. ജലസംരക്ഷണം ഒരു സംസ്കാരമായി മാറ്റുന്നതിൽ അയൽക്കൂട്ടങ്ങൾ കേന്ദ്രീകരിച്ചു നടന്ന ഈ ജലസഭകൾ വലിയ പങ്കാണ് വഹിച്ചത്.

## ഇനി ഞാൻ ഒഴുകട്ടെ - ഒന്നാം ഘട്ടം:-



ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ നീർച്ചാലുകളുടെ ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി 2021 നവംബർ ഒന്നിനാണ് "ഇനി ഞാൻ ഒഴുകട്ടെ" ക്യാമ്പയിൻ ആരംഭിച്ചത്. 2019-ൽ ഹരിതകേരളം മിഷൻ ആവിഷ്കരിച്ച പുഴ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് ഈ ബൃഹത്തായ പദ്ധതിക്ക് രൂപം നൽകിയത്. നമ്മുടെ പുഴകൾ മലിനമാകുന്നതിന്റെ പ്രധാന കാരണം അവയുടെ കൈവഴികളായ തോടുകളും നീർച്ചാലുകളും മലിനീകരിക്കപ്പെടുന്നു എന്നതാണ്. അതിനാൽ പുഴകളെ വീണ്ടെടുക്കുന്നതിന് മുൻപായി അവയുടെ പ്രഭവകേന്ദ്രങ്ങളും കൈവഴികളും ശുദ്ധീകരിക്കേണ്ടത് അനിവാര്യമാണ്.

ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലുമുള്ള പ്രധാനപ്പെട്ട ഒരു തോടോ നീർച്ചാലോ തിരഞ്ഞെടുത്ത് ജനകീയ പങ്കാളിത്തത്തോടെ ശുചീകരിക്കുന്നതിനായി "ഇനി ഞാൻ ഒഴുകട്ടെ - നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ്" എന്ന ക്യാമ്പയിൻ സംഘടിപ്പിച്ചു. ജനപ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ എന്നിവരെ അണിനിരത്തി നടത്തിയ ഈ പ്രവർത്തനത്തിലൂടെ വറ്റിവരണ്ടതും മാലിന്യം അടിഞ്ഞുകൂടിയതുമായ നീർച്ചാലുകൾക്ക് പുനർജീവനേകാൻ സാധിച്ചു.ക്യാമ്പയിനിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ 281.57 കിലോമീറ്റർ നീളത്തിൽ 84 നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. 18126 പേരുടെ സന്നദ്ധ സേവനം ഈ പ്രവർത്തനത്തിന് ലഭ്യമായി.

## ഇനി ഞാൻ ഒഴുകട്ടെ - രണ്ടാം ഘട്ടം :-



"ഇനി ഞാൻ ഒഴുകട്ടെ - നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ്" - ഒന്നാം ഘട്ടത്തിന്റെ തുടർച്ചയായാണ് ഇത് ആവിഷ്കരിച്ചത്. മലിനീകരണം, വെള്ളപ്പൊക്കം, കയ്യേറ്റവും മണലൂറ്റും, നദിയിൽ വന്നു ചേരുന്ന ചെറു ചാലുകൾ അടഞ്ഞു പോകൽ (നികന്നു പോകുക/ നികത്തപ്പെടുക), നിർമിതികൾ തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിച്ച് നമ്മുടെ നദികളെ ശുദ്ധമായി, സുരക്ഷിതമായി നിലനിർത്തുന്നതിനും പരിപാലിക്കുന്നതിനും സംയുക്ത ജനകീയ സംരംഭ പ്രവർത്തനങ്ങൾ രൂപപ്പെടുത്തി ഫലവത്തായി നടപ്പിലാക്കുക എന്നതായിരുന്നു പ്രധാന ലക്ഷ്യം. ഇതിന്റെ ഭാഗമായി 96.551 km നീളത്തിൽ 59 നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു.

## ജല ഗുണനിലവാര നിർണയ ലാബ്

ഉപയോഗിക്കുന്ന കുടിവെള്ളം സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുന്നതിന് സഹായകരമായ രീതിയിൽ ഹരിതകേരളം മിഷൻ ആവിഷ്കരിച്ച ശ്രദ്ധേയമായ പദ്ധതിയാണിത്. ഇതിന്റെ ഭാഗമായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലുമുള്ള തിരഞ്ഞെടുത്ത ഹയർസെക്കൻഡറി സ്കൂളുകളിൽ ജല ഗുണനിലവാര നിർണ്ണയ ലാബുകൾ (Water Quality Testing Labs) സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടത്. പാലക്കാട് ജില്ലയിൽ ഇതിന്റെ ഭാഗമായി



12 സ്കൂളുകളിൽ ജലഗുണനിലവാര ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുവരെ 280 സാമ്പിളുകൾ പരിശോധിച്ചിട്ടുണ്ട്. വളരെ എളുപ്പത്തിലും കുറഞ്ഞ ചെലവിലും പൊതുജനങ്ങൾക്ക് തങ്ങളുടെ വീട്ടിലെ ജലസാമ്പിളുകൾ പരിശോധിക്കാനുള്ള സൗകര്യം ഒരുക്കാൻ കഴിയും എന്നതാണ് ഈ പദ്ധതിയുടെ പ്രധാന നേട്ടം. സ്കൂളുകളിലെ ലാബ് സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്നതിലൂടെ വിദ്യാർത്ഥികളിൽ ശാസ്ത്രീയമായ അവബോധം വളർത്താനും ഒപ്പം സമൂഹത്തിന് ഉപകാരപ്രദമായ ഒരു സേവനം നൽകാനും സാധിക്കും.

## നീരുറവ്

കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലുമുള്ള ഓരോ നീർത്തട പ്രദേശത്തിലും ആവശ്യമായ മണ്ണ് സംരക്ഷണ/വികസന പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർ പ്ലാനിന് രൂപം കൊടുത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിതകേരളം മിഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് നീരുറവ് പദ്ധതി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ച് നീർത്തടാധിഷ്ഠിത വികസനത്തിന് അനുയോജ്യമായ നിലയിൽ പ്രാദേശിക തലത്തിൽ ക്രമീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഹരിതകേരളം മിഷൻ നടപ്പിലാക്കിയ ജലബജറ്റ്, മാപ്പത്തോൺ എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, ഫീൽഡ് തല കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് നീരുറവ് മാസ്റ്റർ പ്ലാൻ പരിഷ്കരിച്ചിരുന്നു. ഇതിൽ ഉൾപ്പെട്ട പ്രവൃത്തികൾ മുൻഗണനാക്രമത്തിൽ ലേബർ ബജറ്റിൽ ഉൾപ്പെടുത്തി നിർവ്വഹിച്ച് വരുന്നുണ്ട്.




## സുരക്ഷിതമാക്കാം പശ്ചിമഘട്ടം - മാപ്പത്തോൺ

വളരെ കുറഞ്ഞ സമയത്തിനുള്ളിൽ പെയ്തുകിട്ടുന്ന മഴവെള്ളം പശ്ചിമഘട്ട പ്രദേശത്തെ നീർച്ചാലുകൾ അടഞ്ഞു പോകുക കാരണം മണ്ണിന് താങ്ങാനാകുന്നതിൽ കൂടുതൽ മണ്ണിലേയ്ക്ക് താഴുന്നതിന്റെ ഭാഗമായി മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും കാരണമാകുന്നു. ഈ പ്രദേശത്തെ നീർച്ചാൽ ശൃംഖല ശാസ്ത്രീയമായി പുനഃസ്ഥാപിച്ച്, നീരൊഴുക്ക് സുഗമമാക്കി ഈ അവസ്ഥ വലിയ തോതിൽ തരണം ചെയ്യാനാകും. ഈ ലക്ഷ്യം മുന്നിൽ കണ്ടാണ് സുരക്ഷിതമാക്കാം പശ്ചിമഘട്ടം എന്ന ക്യാമ്പയിന് ഹരിതകേരളം മിഷൻ രൂപം കൊടുത്തത്. ഇതിന്റെ ആദ്യഘട്ടമായി മാപ്പത്തോൺ പദ്ധതിയിൽപെടുത്തി നീർച്ചാലുകൾ ഡിജിറ്റൽ മാപ്പിൽ രേഖപ്പെടുത്തുന്ന പ്രവർത്തനം ഏറ്റെടുത്തത്.

പാലക്കാട് ജില്ലയിലെ പശ്ചിമഘട്ടമലനിരകളോട് ചേർന്നുനിൽക്കുന്ന 51 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് മാപ്പത്തോൺ പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കിയത്. ഹരിതകേരളം മിഷന്റെ റിസോഴ്സ് പേഴ്സൺമാരും ഇന്റേൺസും ഒരു ടീമായി പ്രവർത്തിച്ച്, വിവിധ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെയാണ് ഈ ശ്രമകരമായ ദൗത്യം പൂർത്തീകരിച്ചത്. മാപ്പിംഗിലൂടെ നീർച്ചാലുകളുടെ നിലവിലെ



അവസ്ഥയെക്കുറിച്ച് നിരവധി പോരായ്മകൾ കണ്ടെത്താൻ കഴിഞ്ഞു. പല നീർച്ചാലുകളും മണ്ണ് മൂടിയും വറ്റിവരണ്ടും നശിച്ച അവസ്ഥയിലായിരുന്നു; ചിലവ സ്വകാര്യ വ്യക്തികൾ കൈയേറിയതായും കണ്ടെത്തി. ഈ പോരായ്മകൾ പരിഹരിക്കുന്നതിനായി അതത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ നിർവ്വഹണ സമിതികൾ രൂപീകരിക്കുകയും ആവശ്യമായ കർമ്മപദ്ധതികൾ (Action Plan) തയ്യാറാക്കി പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോവുകയും ചെയ്തു.

'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' മാപ്പത്തോൺ പ്രക്രിയയിലൂടെ ജില്ലയിലെ പശ്ചിമഘട്ട മലനിരകളോട് ചേർന്നുള്ള തദ്ദേശ സ്ഥാപനങ്ങളിലായി ഏകദേശം 2323 നീർച്ചാലുകൾ ഡിജിറ്റലായി അടയാളപ്പെടുത്താൻ സാധിച്ചു. ഫീൽഡ് തലത്തിൽ നിന്ന് ശേഖരിച്ച നീർച്ചാലുകളുടെ അവസ്ഥയും മറ്റ് അനുബന്ധ വിവരങ്ങളും വെള്ളപ്പൊക്കം, വരൾച്ച, എന്നിവ നേരിടുന്നതിന് വലിയ സഹായമാകും. ഭാവിയിലെ ആസൂത്രണവും നിർമ്മാണ പ്രവർത്തനങ്ങളും കൂടുതൽ ശാസ്ത്രീയവും പ്രകൃതിസൗഹൃദപരവും സുസ്ഥിരവുമാക്കാൻ ഈ വിവരങ്ങൾ അടിസ്ഥാനരേഖയായി ഉപയോഗിക്കാം. പശ്ചിമഘട്ട മലനിരകളെ ആശ്രയിച്ചു ജീവിക്കുന്ന ലക്ഷക്കണക്കിന് മനുഷ്യർക്ക് അവരുടെ ആവാസവ്യവസ്ഥയിൽ സുരക്ഷിതമായ ജീവിതം ഉറപ്പാക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് ഈ ഡിജിറ്റൽ ഭൂപട നിർമ്മാണം സഹായിക്കും.

### ജല നടത്തം

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലുമുള്ള നീർച്ചാലുകൾ, തോടുകൾ, ഓടകൾ എന്നിവ കണ്ടെത്തുകയും അവയിലെ മലിനീകരണ സ്രോതസ്സുകൾ തിരിച്ചറിഞ്ഞ്



ജലസ്രോതസ്സുകളുടെ യഥാർത്ഥ അവസ്ഥ തിട്ടപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ വാർഡ് തലത്തിൽ നടത്തുന്ന പ്രധാനപ്പെട്ട ഒരു പ്രവർത്തനമാണ് 'ജല നടത്തം'. വാർഡ് തല സമിതി അംഗങ്ങൾ ഓരോ ജലസ്രോതസ്സിനും സമീപത്തുകൂടി നേരിട്ട് സഞ്ചരിക്കുകയും, മാലിന്യം തള്ളുന്ന ഇടങ്ങൾ, കയ്യേറ്റങ്ങൾ, നീരൊഴുക്ക് തടസ്സപ്പെടുന്ന സാഹചര്യം എന്നിവ നേരിട്ട് കണ്ട് വിലയിരുത്തുകയും ചെയ്യുന്നു. ജലസ്രോതസ്സുകളുടെ ആരോഗ്യസ്ഥിതി മനസ്സിലാക്കുന്നതിനും അവ പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമായ കർമ്മപദ്ധതികൾ തയ്യാറാക്കുന്നതിനും 'ജല നടത്തം' വഴിയുള്ള ഈ ഫീൽഡ് തല സന്ദർശനം വലിയ രീതിയിൽ സഹായിക്കുന്നു.

## ജലബജറ്റ്



ഒരു പ്രത്യേക പ്രദേശത്ത് ലഭ്യമായ ജലത്തിന്റെ അളവും, അവിടുത്തെ ജനങ്ങൾക്കും വിവിധ മേഖലകൾക്കും ആവശ്യമായ ജലത്തിന്റെ അളവും കൃത്യമായി കണക്കാക്കി തയ്യാറാക്കുന്ന സമഗ്രമായ രേഖയാണ് 'ജലബജറ്റ്'. ജലലഭ്യതയും വിനിയോഗവും തമ്മിലുള്ള അന്തരം മനസ്സിലാക്കുന്നതിലൂടെ ജലകമ്മി അനുഭവപ്പെടുന്ന കാലയളവിൽ ആവശ്യമായ ഇടപെടലുകളിലൂടെ ജലലഭ്യത ഉറപ്പാക്കാൻ ഈ രേഖ സഹായിക്കും. ഇതിനായി ജലസ്രോതസ്സുകൾ ശാസ്ത്രീയമായി സംരക്ഷിക്കാനും, ഭാവിയിലേക്കുള്ള ജലസുരക്ഷ ഉറപ്പാക്കാനും ഈ ജനകീയ പദ്ധതി സഹായിക്കുന്നു. പാലക്കാട് ജില്ലയിൽ ഇതിനകം തൃത്താല നിയോജക മണ്ഡലത്തിലും ചിറ്റൂർ, ആലത്തൂർ, കുഴൽമന്ദം, പട്ടാമ്പി, നെന്മാറ എന്നീ ബ്ലോക്കുകളിലുമായി 43 ഗ്രാമപഞ്ചായത്തുകളിൽ ജലബജറ്റ് തയ്യാറാക്കി പ്രകാശനം ചെയ്തിട്ടുണ്ട്. ഓരോ പ്രദേശത്തിന്റെയും ജലപരമായ സ്വയംപര്യാപ്തത അളക്കുന്നതിനും വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഈ ജലബജറ്റുകൾ അടിസ്ഥാന രേഖയായി വർത്തിക്കുന്നു.

## ഇനി ഞാൻ ഒഴുകട്ടെ - മൂന്നാം ഘട്ടം:-

2024 ഡിസംബർ മുതൽ 2025 മാർച്ച് വരെ - പുഴകളുടെയും നീർച്ചാലുകളുടെയും ജനകീയ വീണ്ടെടുക്കൽ സംസ്ഥാനതല ഉത്ഘാടനം 2024 ഡിസംബർ 15 നു തൃത്താല കണ്ണനൂർ തോട് പരിസരത്തു വെച്ച് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി നിർവഹിച്ചു . 2025 മാർച്ച് 21 ഓട് കൂടി സംസ്ഥാനത്തെ മുഴുവൻ നീർച്ചാലുകളും മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിക്കാനാണ് ലക്ഷ്യമിട്ടത്. ശുചീകരണത്തിനായി നീർച്ചാൽ പ്രാദേശികമായി തെരഞ്ഞെടുത്തു. എം.ജി. എൻ.ആർ.ഇ.ജി.എസ്, ജലസേചന വകുപ്പ്, കൃഷി വകുപ്പ്, വനം വകുപ്പ്, ടൂറിസം വകുപ്പ് തുടങ്ങിയവയുമായുള്ള ഏകോപനം വഴി മാതൃകാപരമായി പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിച്ചു. ഹരിതടൗൺ പ്രഖ്യാപനം നടത്തിയ സ്ഥലങ്ങളിൽ ഒഴുകുന്ന നീർച്ചാലുകളുടെ ശുചീകരണതിനാണ് മുൻഗണന നൽകിയിരുന്നത്.

മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി ജൈവമാലിന്യ സംസ്കരണ

സംവിധാനങ്ങൾ ഏർപ്പെടുത്തുകയും അജൈവ മാലിന്യങ്ങൾ തരംതിരിച്ചു സുരക്ഷിതമായി കൈമാറുകയും ചെയ്തു. ദ്രവമാലിന്യം നീർച്ചാലിലേക്കു ഒഴുകിയെത്തുന്ന സ്രോതസ്സുകൾ കണ്ടെത്തി അടയാളപ്പെടുത്തി. തദ്ദേശ സ്വയംഭരണ സ്ഥാപന സാങ്കേതികസമിതി യോഗങ്ങൾ നടത്തി. വിവിധ ഏജൻസികളുടെ സഹായത്തോടെ കണ്ടെത്തിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ഗ്രാമപഞ്ചായത്ത് തലത്തിൽ കൺവെൻഷനുകളും സംഘാടകസമിതികളും രൂപീകരിക്കുകയും ചെയ്തു. പുഴയൊഴുകുന്ന പ്രദേശങ്ങളിലും കൈവഴികളിലൂടൊഴുകുന്ന പ്രദേശങ്ങളിലും പ്രാദേശിക കൺവെൻഷനുകളും സംഘാടക സമിതികളും രൂപീകരിച്ചു. പ്രാദേശിക സംഘാടക സമിതികളുടെ നേതൃത്വത്തിൽ ചെറുതോട്/നീർച്ചാൽ വീണ്ടെടുക്കൽ പ്രക്രിയ നടന്നു. തൊഴിലുറപ്പു പദ്ധതിയിൽ ഒന്നാം നിര, രണ്ടാം നിര ചാലുകളുടെ വീണ്ടെടുക്കൽ, വൃഷ്ടി പ്രദേശ ജലസംരക്ഷണ പ്രവർത്തികൾ, മൂന്നാം നിര ചാലുകൾ മുതലുള്ളവയുടെ ശുചീകരണം, തൊഴിലുറപ്പു പദ്ധതി, ജനകീയ സന്നദ്ധ പ്രവർത്തനം എന്നിവ നടന്നു. ഒന്നിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലൂടെ ഒഴുകുന്ന പുഴകൾക്കു ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ സാങ്കേതിക സഹായ സമിതി രൂപീകരിക്കുകയും വലിയ നീർച്ചാലുകൾ/പുഴകൾ എന്നിവയുടെ ശുചീകരണ പ്രവർത്തനങ്ങളിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ആരോഗ്യ വിഭാഗം, പോലീസ്, ഫയർഫോഴ്സ് മുതലായവയുടെ പിന്തുണ ഉറപ്പാക്കി പ്രവർത്തിക്കുകയും ചെയ്തു.





എല്ലാ നവമാധ്യമങ്ങളുടെയും സാധ്യത ഉപയോഗപ്പെടുത്തുകയും വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തകരുടെ സഹകരണം ഉറപ്പുവരുത്തുകയും ചെയ്തു. ക്ലബ്ബുകൾ, റസിഡന്റ് അസോസിയേഷനുകൾ, ഗ്രന്ഥശാലകൾ, കുടുംബശ്രീ, യുവജന സംഘടനകൾ, സന്നദ്ധ സംഘടനകൾ, പാടശേഖര സമിതികൾ, എന്നിവയുടെ യോഗം ചേരുകയും പിന്തുണ ഉറപ്പുവരുത്തി മാതൃകാപരമായി നടപ്പിലാക്കുകയും ചെയ്തു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ ഹരിതകേരളം മിഷന്റെ പങ്കാളിത്തത്തോടെയും അനുബന്ധ വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടെയുമാണ് ക്യാമ്പയിൻ നടപ്പിലാക്കിയത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കാര്യക്ഷമമായി ഏറ്റെടുത്ത ഈ ക്യാമ്പയിനിലൂടെ ജില്ലയിൽ 346.43 കിലോമീറ്റർ നീളത്തിൽ 10918 നീർച്ചാലുകൾ വീണ്ടെടുക്കാനായി.

## ജലമാണ് ജീവൻ ക്യാമ്പയിൻ -2025

അമീബിക് മസ്തിഷ്ക ജ്വരം (Amoebic Meningoencephalitis) ഉൾപ്പെടെയുള്ള മാരകമായ ജലജന്യ രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ച വിപുലമായ പദ്ധതിയാണ് 'ജലമാണ് ജീവൻ' ക്യാമ്പയിൻ. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ ഏകോപിത പങ്കാളിത്തത്തോടെയാണ് ഈ ദൗത്യം നടപ്പിലാക്കിയത്. ജലസ്രോതസ്സുകളുടെ ശുദ്ധി ഉറപ്പുവരുത്തുന്നതിലൂടെ രോഗവ്യാപനം തടയാമെന്ന് ഈ ജനകീയ ക്യാമ്പയിൻ തെളിയിച്ചു.



ഈ ക്യാമ്പയിന്റെ ഭാഗമായി 2025 ഓഗസ്റ്റ് 30, 31 തീയതികളിൽ സംസ്ഥാനത്തെ മുഴുവൻ കിണറുകളും ക്ലോറിനേറ്റ് ചെയ്യുകയും വീടുകളിലെയും സ്ഥാപനങ്ങളിലെയും വാട്ടർ ടാങ്കുകൾ ശുചീകരിക്കുകയും ചെയ്തു. ഓരോ തദ്ദേശ സ്വയംഭരണ പ്രദേശത്തെയും നൂറു ശതമാനം കിണറുകളും ടാങ്കുകളും ശുദ്ധീകരിക്കപ്പെട്ടു എന്ന് ഉറപ്പാക്കുകയായിരുന്നു ഇതിന്റെ പ്രാഥമിക ലക്ഷ്യം. ജനപ്രതിനിധികൾ, മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ തുടങ്ങിയവരുടെ മേൽനോട്ടത്തിലാണ് താഴെത്തട്ടിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്.



ശുചീകരണത്തോടൊപ്പം സ്കൂളുകൾ കേന്ദ്രീകരിച്ച് വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങളും പ്രദേശത്തെ പൊതു ജലസ്രോതസ്സുകൾ വീണ്ടെടുക്കാനുള്ള തുടർപ്രവർത്തനങ്ങളും ഏറ്റെടുത്തു നടത്തി. ജനകീയ പങ്കാളിത്തത്തോടെ നടത്തിയ ഈ കൃത്യമായ ഇടപെടൽ വഴി ജലജന്യ രോഗങ്ങളെ ഫലപ്രദമായി പ്രതിരോധിക്കാൻ കേരളത്തിന് സാധിച്ചു. സുരക്ഷിതമായ കുടിവെള്ളം ഓരോ പൗരന്റെയും അവകാശമാണെന്ന സന്ദേശം ഈ ക്യാമ്പയിനിലൂടെ ജനങ്ങളിലേക്ക് എത്തിക്കാൻ കഴിഞ്ഞു.

## പരിസ്ഥിതി പുന:സ്ഥാപനം

## പരിസ്ഥിതി പുന:സ്ഥാപനം

### ഹരിത ഭവനം :-

ഹരിതഭവന നിർമാണം അല്ലെങ്കിൽ പരിസ്ഥിതി സൗഹൃദ ഭവന നിർമാണം, പരിസ്ഥിതിക്ക് അനുയോജ്യമായ വീടുകൾ നിർമ്മിക്കുക എന്നതാണ്. വീടുകൾ നിർമ്മിക്കുന്നതിനുള്ള സമർത്ഥവും ദൂരക്കാഴ്ചയോടെ ചിന്തിക്കുന്നതുമായ ഒരു മാർഗ്ഗമാണിത്. പരമ്പരാഗത നിർമ്മാണ രീതികളെ അപേക്ഷിച്ചു പരിസ്ഥിതിയിൽ ആഘാതം ഉണ്ടാക്കാത്ത വീടുകൾ നിർമ്മിക്കുക എന്നതാണ് ഇത്തരം ഭവന നിർമാണത്തിന്റെ പ്രധാന ലക്ഷ്യം.

### സുജലം സുഫലം :-

ഹരിതകേരളം പദ്ധതിയിൽ കൃഷി വികസനം - "സുജലം സുഫലം" എന്ന പേരിലാണ് കൃഷി വകുപ്പ് നടപ്പാക്കുന്നത്. വീട് തോറും കൃഷിക്ക് പുറമെ പച്ചക്കറിയും മറ്റു അടിസ്ഥാന കൃഷി ഉത്പന്നങ്ങളിലും സ്വയം പര്യാപ്തതയാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. മാലിന്യ സംസ്കരണം, നെൽകൃഷി വികസനം, .പച്ചക്കറികൃഷി വികസനം, തെങ്ങ്കൃഷി വ്യാപിപ്പിക്കൽ,. പുഷ്പകൃഷി വികസനം,യന്ത്രവൽകൃത കൃഷി രീതികൾ വികസിപ്പിക്കൽ, സംയോജിത കൃഷികളുടെ വികസനം, പട്ടിക വർഗ ഊരുകളിൽ കൃഷി, വിള ആരോഗ്യ പരിപാലനം, വിപണനം ,ജൈവ കൃഷി. എന്നിവ ഇതിലുൾപ്പെട്ട പ്രധാന പദ്ധതികളാണ്.



### വനമഹോത്സവം

ഇന്ത്യയിൽ ഓരോ വർഷവും ജൂലൈ ആദ്യവാരം അഥവാ ജൂലൈ ഒന്നുമുതൽ ഏഴ് വരെയുള്ള ദിവസങ്ങളിൽ ആഘോഷിക്കുന്ന വൃക്ഷത്തൈ നടീൽ ഉത്സവമാണ് വനമഹോത്സവം. 1950 ൽ കേന്ദ്ര കൃഷി മന്ത്രിയായിരുന്ന കെ.എം. മുൻഷി തുടക്കം കുറിച്ച ഈ ദിനം

വനനശീകരണം തടയുന്നതിനും, ഹരിത മേഖല വർദ്ധിപ്പിക്കുന്നതിനും, പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനും ലക്ഷ്യമിടുന്നു. കൂടുതൽ മരങ്ങൾ നട്ടുപിടിപ്പിക്കുക, കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുക, വനനശീകരണം തടയുക എന്നിവ പ്രധാന ലക്ഷ്യങ്ങളാണ്. ജൂലൈ മാസത്തിലെ മഴക്കാലം തൈകൾ നടാൻ അനുയോജ്യമായതിനാലാണ് ഈ സമയം തെരഞ്ഞെടുത്തിട്ടുള്ളത്. വനമഹോത്സവം പരിസ്ഥിതി സൗഹൃദപരമായ ഒരു ജീവിതശൈലി പ്രോത്സാഹിപ്പിക്കുകയും വരും തലമുറയ്ക്കായി ഹരിത ഭൂമി ഉറപ്പാക്കുകയും ചെയ്യുന്നു.



## തരിശുരഹിത ഗ്രാമം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കൃഷി യോഗ്യമായിട്ടുള്ള മുഴുവൻ തരിശുഭൂമിയും കൃഷിയിലേക്ക് കൊണ്ടുവന്നുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തരിശുരഹിത പ്രദേശങ്ങളാക്കി മാറ്റുന്നതിനു ഏറ്റെടുത്തിട്ടുള്ള പ്രത്യേകമായിട്ടുള്ള ക്യാമ്പയിനാണ് തരിശുരഹിത ഗ്രാമം പദ്ധതി. കൃഷി, കുടുംബശ്രീ തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഈ പ്രവർത്തനം നടത്തുന്നത്. പാലക്കാട് ജില്ലയിൽ കിഴക്കഞ്ചേരി, എലവഞ്ചേരി, മുതുതല, കോട്ടായി എന്നീ 4 ഗ്രാമ പഞ്ചായത്തുകളാണ് തരിശുരഹിത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുള്ളത്.



## ഹരിത സമൃദ്ധി വാർഡ്

പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഓരോ വീട്ടിലും ലഭ്യമായ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യേണ്ടത് അനിവാര്യമാണ്. ഓരോ ഗ്രാമപഞ്ചായത്തിലും കൃഷിഭവനുകളുടെ പരിധിയിലുള്ള ചുരുങ്ങിയത് ഒരു വാർഡിലെങ്കിലും മുഴുവൻ വീടുകളിലും അനുയോജ്യമായ രീതിയിൽ പച്ചക്കറിതൈകൾ നട്ടു വളർത്തുക എന്നതാണ് ഹരിത സമൃദ്ധി വാർഡ് ക്യാമ്പയിൻ കൊണ്ട് ഉദ്ദേശിക്കുന്നത്. കൃഷിഭവൻ പദ്ധതികളോടൊപ്പം തൊഴിലുറപ്പ് പദ്ധതി, സഹകരണ ബാങ്കുകൾ, ജനകീയ കൂട്ടായ്മകൾ, സന്നദ്ധ സംഘടനകൾ എന്നിവരുടെ ഇടപെടലും ലക്ഷ്യം കൈവരിക്കുന്നതിന് പ്രയോജനകരമാകുന്നുണ്ട്. പാലക്കാട് ജില്ലയിൽ ആകെ 59 ഹരിതസമൃദ്ധി വാർഡുകളാണുള്ളത്.

## പച്ചത്തുരുത്ത്

കാലാവസ്ഥാ വ്യതിയാനം പ്രതിരോധിക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള ചെറു വനങ്ങളാണ് പച്ചത്തുരുത്തുകൾ. പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണം ലക്ഷ്യമിട്ട് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തുന്ന പച്ചത്തുരുത്ത് പദ്ധതിക്ക് 2019 പരിസ്ഥിതി ദിനത്തിൽ ആണ് തുടക്കം കുറിച്ചത്. പൊതുസ്ഥലങ്ങൾ ഉൾപ്പെടെ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി തനതായ വൃക്ഷങ്ങളും തദ്ദേശീയമായ സസ്യങ്ങളും ഉൾപ്പെടുത്തി സ്വാഭാവിക വന മാതൃകകൾ സൃഷ്ടിച്ച് സംരക്ഷിക്കാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഇതിനായി സ്ഥലങ്ങൾ കണ്ടെത്തിയത്. സർക്കാർ, സ്വകാര്യഭൂമികൾ, പുറമ്പോക്ക്, നഗര മധ്യത്തിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങൾ എന്നിവ കണ്ടെത്തി പച്ചത്തുരുത്ത് സ്ഥാപിക്കുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമാക്കുന്നത്. നിലവിൽ പാലക്കാട് ജില്ലയിൽ 122.57 ഏക്കറിലായി 269 പച്ചത്തുരുത്തുകളാണുള്ളത്.



## ദേവഹരിതം

ദേവഹരിതം എന്നത് കേരളത്തിൽ നടപ്പിലാക്കുന്ന ഒരു പരിസ്ഥിതി സംരക്ഷണ പദ്ധതിയാണ്. ഇതിലൂടെ ഹരിതകേരളം മിഷൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെയും പച്ചത്തുരുത്ത് പോലുള്ള പദ്ധതികളുടെയും സഹായത്തോടെ ക്ഷേത്രങ്ങളുടെ തരിശുഭൂമിയിൽ ചെടികൾ നട്ട് ഹരിതാഭം ആക്കുന്നു. കൂടാതെ എള്ള് കൃഷിയും പ്രോത്സാഹിപ്പിക്കുന്നു. ക്ഷേത്രവക

തരിശുഭൂമികൾ ഉപയോഗപ്രദമാക്കുക, പച്ചപ്പ് വർദ്ധിപ്പിക്കുക, പരിസ്ഥിതി സംരക്ഷിക്കുക എന്നിവ പ്രധാന ലക്ഷ്യങ്ങളാണ്. ഈ പദ്ധതികൾക്ക് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലെ പ്രാദേശിക ഭരണകൂടങ്ങളും, ഹരിതകേരളം മിഷനും പിന്തുണ നൽകുന്നുണ്ട്.



## വ്യവസായ സ്ഥാപന കൃഷി

വ്യവസായ സ്ഥാപന കൃഷി എന്നാൽ കൃഷിയെ അടിസ്ഥാനമാക്കി ലാഭകരമായ ഉൽപാദനങ്ങളും വ്യവസായങ്ങളും തുടങ്ങുന്നതിനെയാണ് പറയുന്നത്. ഇതിൽ ഫാം നിർമ്മാണം, കന്നുകാലി, ആട്, കോഴി തുടങ്ങിയവയുടെ വളർത്തൽ, തീറ്റപ്പുല്ല്, കറ്റാർവാഴ, വാഴ, കരിമ്പ്, നാളികേരം, ഇഞ്ചി, കൂൺ, മത്സ്യകൃഷി, തേനീച്ച വളർത്തൽ, തുടങ്ങിയവയും ഉൾപ്പെടുന്നു. ഇതിലൂടെ കാർഷിക ഉത്പന്നങ്ങൾ സംസ്കരിച്ച് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ആക്കി മാറ്റാനും വലിയ തോതിലുള്ള വാണിജ്യസാധ്യതകൾ നേടാനും സാധിക്കും. കാർഷിക അധിഷ്ഠിത വ്യവസായങ്ങൾ, വ്യാവസായിക കൃഷി രീതികൾ, കന്നുകാലി വളർത്തൽ, മത്സ്യകൃഷിയും തേനീച്ച വളർത്തലും തുടങ്ങിയവയാണ് പ്രധാനപ്പെട്ട സാധ്യതകൾ. കാർഷിക ഉൽപ്പന്നങ്ങൾ നേരിട്ട് ഉപയോഗിച്ച് മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുക, വലിയ തോതിലുള്ള വാണിജ്യകൃഷി, തീറ്റപ്പുല്ല് കൃഷി, വാഴ, നാളികേര കൃഷി, പശു, ആട്, പന്നി വളർത്തൽ ഫാമുകൾ സ്ഥാപിക്കൽ, മത്സ്യകൃഷി, തേനീച്ച വളർത്തൽ എന്നിവയിലൂടെയുള്ള വരുമാനം ഇതൊക്കെ ലക്ഷ്യങ്ങളാണ്. കൃഷിയെ വ്യവസായമായി കാണുന്നതിലൂടെ കൂടുതൽ ലാഭവും തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിയും. സർക്കാർ സഹായങ്ങളും ധനസഹായങ്ങളും ഇതിന് ലഭ്യമാണ്.

## ഓർമ്മത്തുരുത്ത്

ജനസേവനത്തിന്റെ 5 വർഷങ്ങൾ പൂർത്തിയാക്കി 2020 നവംബർ 11ന് തദ്ദേശഭരണ സ്ഥാപന ഭരണസമിതിയുടെ കാലാവധി അവസാനിച്ചു. എന്നാൽ മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഓർമ്മകളുടെ പച്ചത്തുരുത്തുകൾ നാടിന് സമർപ്പിച്ചാണ് 2020 ൽ ഭരണസമിതികൾ പലരും അധികാരം ഒഴിഞ്ഞത്. ഹരിതകേരളം മിഷൻ മുന്നോട്ടുവച്ച ഓർമ്മത്തുരുത്ത് എന്ന ആശയം പരക്കെ സ്വീകരിക്കപ്പെടുകയായിരുന്നു. മുന്നൂറിൽ അധികം ഓർമ്മത്തുരുത്തുകൾക്കാണ് ഇപ്രകാരം 2020 ൽ തുടക്കമായത്. ഓരോ ജനപ്രതിനിധിയും വൃക്ഷത്തൈകൾ നട്ടാണ് ഓർമ്മത്തുരുത്ത് ഒരുക്കിയത്. പലയിടങ്ങളിലും ഓർമ്മത്തുരുത്തിന് ഭരണസമിതിയുടെ പേരിൽ ബോർഡും സ്ഥാപിച്ചു. ഓർമ്മത്തുരുത്തുകളുടെ തുടർ പരിപാലനം തൊഴിലുറപ്പ് പദ്ധതിയിലൂടെ നിർവഹിച്ചു. പ്രകൃതി പുനഃസ്ഥാപന പ്രവർത്തനങ്ങൾക്ക് ഇനി വരുന്ന ഭരണസമിതികൾക്കുള്ള ഓർമ്മപ്പെടുത്തൽ കൂടിയായിരുന്നു ഈ പച്ചത്തുരുത്തുകൾ. 2025 ലും തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതി അംഗങ്ങൾ ഓർമ്മത്തുരുത്ത് നിർമ്മിച്ചിട്ടുണ്ട്.

## നവകേരളം പച്ചത്തുരുത്ത്

2020 ൽ കേരള സർക്കാർ നടപ്പിലാക്കിയ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷൻ മുഖേന നടപ്പിലാക്കിയ ഒരു പരിസ്ഥിതി സംരക്ഷണ പദ്ധതിയാണ് നവകേരളം പച്ചത്തുരുത്ത്. ഇതിലൂടെ 2020ൽ ആയിരത്തോളം പച്ചത്തുരുത്തുകൾ അഥവാ ആവാസ വ്യവസ്ഥ പുനരുജ്ജീവന കേന്ദ്രങ്ങൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടത്. ഈ പദ്ധതി



മാലിന്യമുക്തവും ഹരിതാഭവുമായ കേരളംസൃഷ്ടിക്കുന്നതിനും കാർബൺ ന്യൂട്രൽ കേരളം എന്ന ലക്ഷ്യത്തിലേക്കുള്ള മുന്നേറ്റത്തിനും വേണ്ടി ആയിരുന്നു. മാലിന്യ നിർമ്മാർജനം, ഹരിതാഭ വർധിപ്പിക്കൽ, പുതിയ പച്ചതുരുത്തുകൾ നിർമ്മിക്കൽ തുടങ്ങിയവ പ്രധാന ലക്ഷ്യങ്ങളാണ്. പ്ലാസ്റ്റിക് നിരോധനം, ജൈവ അജൈവമാലിന്യങ്ങൾ തരംതിരിച്ച് സംരക്ഷിക്കൽ, സംസ്കരിക്കൽ, ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ എന്നിവ ഈ പദ്ധതി ഉറപ്പാക്കുന്നു. കമ്മ്യൂണിറ്റി കിച്ചൻ ഗാർഡുകൾ, ഔഷധസസ്യ തോട്ടങ്ങൾ ജലസംരക്ഷണം, പുഴകളുടെയും നീരൊഴുക്കുകളുടെയും പുനരുജ്ജീവനം എന്നിവയിലൂടെ പരിസ്ഥിതി സൗഹൃദ വികസനവും ലക്ഷ്യമിട്ടത്. ഇത് കാർബൺ ന്യൂട്രൽ കേരളം എന്ന വലിയ ലക്ഷ്യത്തിലേക്കുള്ള ഒരു ചുവടുവെപ്പ് കൂടിയായിരുന്നു. ഓരോ തദ്ദേശസ്ഥാപനത്തിലും പരിസ്ഥിതി പുനരുദ്ധാരണ കേന്ദ്രങ്ങൾ ആയി ആയിരം പച്ചത്തുരുത്തുകൾ സ്ഥാപിക്കുന്നതിലൂടെ പ്രാദേശികതലത്തിൽ പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുകയായിരുന്നു. ആയിരം പച്ചത്തുരുത്തുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പ്രഖ്യാപനം നടന്നത്. കോവിഡ് കാലഘട്ടത്തിൽ പോലും മാലിന്യനിർമ്മാർജനം, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പാക്കി ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ ഒരു പ്രധാന സംരംഭം ആയിരുന്നു ഇത്.

## തെങ്ങിനു തടം, മണ്ണിനു ജലം

മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി തെങ്ങിൻ തടങ്ങളെ ജല സംഭരണികളാക്കി മാറ്റുന്നതിന് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തെങ്ങിന് തടം മണ്ണിനു ജലം ക്യാമ്പയിന് തുടക്കമായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വിവിധ വകുപ്പുകളും ഏജൻസികളും ചേർന്നാണ് ഇത് നടത്തുന്നത് .മഴവെള്ളം ഒഴുകി പോവാതെ

പരമാവധി സംഭരിക്കുക വഴി ഭൂജല നിരപ്പ് ഉയർത്തുകയാണ് ഇതിന്റെ ലക്ഷ്യം. ജില്ലയിൽ ആലത്തൂർ, നെന്മാറ, ചിറ്റൂർ ബ്ലോക്കുകളിൽ ആണ് ഈ ക്യാമ്പയിൻ പ്രവർത്തനം നടന്നിട്ടുള്ളത്. തെങ്ങിനു തടം മണ്ണിനു ജലം ക്യാമ്പയിൻ ഉദ്ദേശിച്ച വിധത്തിൽ എല്ലാ ബ്ലോക്കിലും നടപ്പിലാക്കാൻ കഴിയാതെ പോയി. തുടർ ഇടപെടൽകൊണ്ടു തെങ്ങിന് തടം തുറക്കൽ വ്യാപകമാക്കേണ്ടതും ഭൂഗർഭ ജലവിതാനം ഉയർത്തേണ്ടതുമുണ്ട്.



## ഒരു തൈ നടാം - ഒരു കോടി വൃക്ഷവത്കരണ ക്യാമ്പയിൻ

ആഗോള താപനത്തിന്റെ ഭാഗമായുള്ള അന്തരീക്ഷ തപനിലയിലെ വർധനവും കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രശ്നങ്ങളും കേരളത്തെയും രൂക്ഷമായി ബാധിക്കുന്ന അവസ്ഥ ഇപ്പോഴുണ്ട്. 2050-ൽ നെറ്റ് സീറോ കാർബൺ അവസ്ഥയിൽ എത്താൻ ലക്ഷ്യമിട്ടു നമ്മുടെ സംസ്ഥാനത്തു വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. ആയതിന്റെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 2019 മുതൽ നടപ്പിലാക്കി വരുന്ന പച്ചത്തുരുത്ത് പദ്ധതിയെ കൂടുതൽ വ്യാപിപ്പിക്കുന്നതോടൊപ്പം സമഗ്രമായ ഒരു വൃക്ഷവത്കരണ പ്രവർത്തനം കൂടി നടത്താനും 2025 ജൂൺ 5 മുതൽ സെപ്തംബർ 30 വരെയുള്ള കാലയളവിൽ ഓരോ കോടി വൃക്ഷ തൈകൾ നട്ടുപിടിപ്പിക്കുവാനും ലക്ഷ്യമിട്ടു. സ്കൂൾ കുട്ടികൾ, കോളേജ് വിദ്യാർഥികൾ കുടുംബശ്രീ പ്രവർത്തകർ, സർക്കാർ ജീവനക്കാർ, റസിഡന്റ് അസോസിയേഷനുകൾ, ആരാധനാലയങ്ങൾ, വായനശാലകൾ, സാമൂഹ്യ - രാഷ്ട്രീയ സംഘടനകൾ എന്നിവയെല്ലാം ചേരുന്ന ഒരു ക്യാമ്പയിനിലൂടെ ലക്ഷ്യം നേടാനാണ് ഉദ്ദേശിച്ചത്.



## ചങ്ങാതിക്ക് ഒരു തൈ

ഒരു തൈ നടാം ക്യാമ്പയിൻ പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് ചങ്ങാതിക്ക് ഒരു തൈ പരിപാടി നടപ്പിലാക്കിയത്. ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പരിസ്ഥിതി സൗഹൃദ പദ്ധതിയാണ് ഇത്. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സൗഹൃദത്തിന്റെ പ്രതീകമായി സുഹൃത്തുക്കൾക്കും പ്രിയപ്പെട്ടവർക്കും തൈകൾ നൽകാനും



നടാനും പ്രോത്സാഹിപ്പിക്കുന്ന ഈ ക്യാമ്പയിനിലൂടെ ഹരിതകേരളം മിഷൻ ലക്ഷക്കണക്കിന് വൃക്ഷത്തൈകളാണ് വെച്ചുപിടിപ്പിച്ചത്. ഹരിതകേരളം മിഷൻ ഒരുകോടി വൃക്ഷത്തൈകൾ നടുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. വിവിധ പഞ്ചായത്തുകളിലും വിദ്യാലയങ്ങളിലും ഹരിതകേരളം മിഷൻ നേതൃത്വത്തിൽ സംഘടിപ്പിച്ച ഈ പരിപാടിയിൽ സ്കൂളുകൾ, കലാലയങ്ങൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, വായനശാലകൾ, ക്ലബ്ബുകൾ, സർക്കാർ ഓഫീസുകൾ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും പങ്കാളികളായി. സൗഹൃദ ദിനത്തോടനുബന്ധിച്ച് സുഹൃത്തുക്കൾക്ക് തൈകൾ സമ്മാനിക്കുന്നതിലൂടെ പ്രകൃതി സംരക്ഷണവും സൗഹൃദവും ഒരേപോലെ നിലനിർത്തുന്നതിന് സഹായിക്കുന്ന ഒരു പരിപാടിയായി ഇത് മാറുകയായിരുന്നു.



## നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ

2050 ആകുമ്പോഴേയ്ക്കും ഹരിതഗൃഹ വാതകങ്ങളുടെ ഉദ്വമനം കുറച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നെറ്റ് സീറോ കാർബൺ അവസ്ഥയിലെത്തിക്കാനാണ് കേരളം ലക്ഷ്യമിടുന്നത്. കാലാവസ്ഥാ വ്യതിയാന പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മുൻനിർത്തി, പരമാവധി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ക്യാമ്പയിനാണ് 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ'. ജനകീയ പങ്കാളിത്തത്തോടെയുള്ള പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളാണ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 2016 മുതൽ വിജയകരമായി നടപ്പിലാക്കി വരുന്നത്. നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് നിർദേശങ്ങൾ ബഹു. മുഖ്യമന്ത്രി നവകേരളം കർമ്മപദ്ധതി സംസ്ഥാന യോഗത്തിൽ അവതരിപ്പിച്ചു. തുടർന്നു ഒരു നിർവഹണ രൂപരേഖ തയ്യാറാക്കി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ തീരുമാനിക്കുകയായിരുന്നു. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ജില്ല കോർ കമ്മിറ്റി രൂപീകരിക്കുകയും. അതിന്റെ തുടർച്ചയായി തദ്ദേശ സ്വയംഭരണ തലത്തിൽ കോർ കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തു.

കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ജില്ലയിൽ നടന്നു വരുന്നത്. ജില്ലയിൽ അകത്തേത്തറ, പല്ലശ്ശന, കിഴക്കഞ്ചേരി, പൊൽപ്പുള്ളി, വെള്ളിനേഴി, ശ്രീകൃഷ്ണപുരം, കേരളശ്ശേരി എന്നീ 7 ഗ്രാമപഞ്ചായത്തുകളും ഒറ്റപ്പാലം നഗരസഭയുമാണ് തിരഞ്ഞെടുത്തിട്ടുണ്ട്.

## അംഗൻ ജ്യോതി

സംസ്ഥാനത്തെ മുപ്പത്തിമൂന്നായിരത്തി ഒരുനൂറ്റി പതിനഞ്ച് അംഗണവാടികളിൽ ഊർജ്ജ സ്വയം പര്യാപ്തത കൊണ്ടുവരുന്നതിനും ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അംഗൻജ്യോതി പദ്ധതി ലക്ഷ്യമിടുന്നു. എൽ.പി.ജി അല്ലെങ്കിൽ വിറക് ഇന്ധനമായിട്ടാണ് നേരത്തെ അംഗണവാടികളിലെ പാചകപ്പുരകളിൽ ഉപയോഗിച്ചിരുന്നത്. ഇതിന് ബദലായി കാർബൺ ബഹിർഗമനം ഇല്ലാത്തതും ശുദ്ധവും സുരക്ഷിതമായതും അതോടൊപ്പം വേഗത്തിലുള്ളതുമായ പാചകം ഉറപ്പുവരുത്തുന്നതിനുമായി വൈദ്യുതി ഇൻഡക്ഷൻ അടുപ്പുകളും അനുബന്ധ പാത്രങ്ങളും ചൂടാറ പെട്ടി, ഫാനുകൾ ഊർജ്ജക്ഷമത കൂടിയ അനുബന്ധ ലൈറ്റുകൾ, ഇരുചക്ര വൈദ്യുത വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ സ്ഥാപിക്കുക എന്നുള്ളതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. ജില്ലയിൽ നെറ്റ് സീറോ കാർബൺ ക്യാമ്പയിൻ ഏറ്റെടുത്ത 8 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗൻവാടികളിൽ അംഗൻജ്യോതി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.



# ഹരിതകേരളം മിഷനിലൂടെ സാധ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപന ശാക്തീകരണം

പദ്ധതികൾ കേന്ദ്രീകൃതമായി തീരുമാനിക്കുകയും നടപ്പിലാക്കുകയും ചെയ്തിരുന്ന കാലഘട്ടത്തെ പഴങ്കഥയാക്കി ജനകീയ ഇടപെടലുകളിലൂടെ വിജയഗാഥകൾ സൃഷ്ടിക്കുന്നത് എങ്ങനെയെന്ന് ജില്ലയിൽ കാണിച്ചുതന്നത് ഹരിതകേരളം മിഷനാണ്. മിഷൻ കഴിഞ്ഞ 10 വർഷക്കാലത്തെ പ്രവർത്തന കാലഘട്ടത്തിൽ തദ്ദേശ സ്ഥാപനങ്ങളിലെ സമീപന രീതികളിൽ വരുത്തിയ മാറ്റങ്ങളും ജനകീയ ഇടപെടലുകളുടെ വിജയവുമെല്ലാം നാളത്തെ ചരിത്രമാണ്. മിഷൻ നടത്തിയ ഇത്തരം ഇടപെടലുകൾ എങ്ങനെയാണ് തദ്ദേശ സ്ഥാപനങ്ങളെയും ജനങ്ങളെയും



സ്വാധീനിക്കുകയും ശാക്തീകരിക്കുകയും ചെയ്തിട്ടുള്ളതെന്നാണ് നമ്മൾ ഈ അധ്യായത്തിൽ പരിശോധിക്കുന്നത്.

## മാലിന്യ സംസ്കരണം

നഗരങ്ങളിലെ മാലിന്യങ്ങൾ മാത്രമാണ് സംഭരിക്കുകയും സംസ്കരിക്കുകയും ചെയ്യേണ്ടതുള്ളൂവെന്ന് ചിന്തിച്ചിരുന്ന കാലഘട്ടത്തിൽ നിന്നും ഗ്രാമീണമേഖലയിലെ മാലിന്യ പരിപാലനത്തിന് സംവിധാനങ്ങൾ അവലംബിക്കേണ്ട സമയമായെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവബോധമുണ്ടാക്കിയത് ഹരിതകേരളം മിഷനാണ്. തുടക്കത്തിൽ നടപ്പിലാക്കാൻ ശങ്കിച്ചു നിന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പിന്നീട് വലിയ സ്വീകാര്യത ലഭിച്ചു.

ഹരിതകേരളം മിഷൻ രൂപീകരിക്കുന്നതിന് മുമ്പ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യശേഖരണത്തിനോ പരിപാലനത്തിനോ സംവിധാനങ്ങളൊന്നും ഉണ്ടായിരുന്നില്ല. ജലാശയങ്ങളിലും പൊതുയിടങ്ങളിലും വീടുപരിസരങ്ങളിലും മാലിന്യങ്ങൾ വലിച്ചെറിയപ്പെടുകയും കുന്നുകൂടികിടക്കുകയും ചെയ്തിരുന്നു. ഈ മാലിന്യകൂനകൾ സാമൂഹികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ രൂപപ്പെടുന്നതിന് കാരണമായി. ഹരിതകേരളം മിഷൻ വിവിധ പദ്ധതികളിലൂടെ മാലിന്യമുക്ത നവകേരളം സൃഷ്ടിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങളാണ് ജില്ലയുടെ മുഖച്ഛായ മാറ്റുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വതന്ത്രമായി ഇത്തരം പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാകുന്നതിന് ഊർജ്ജം പകർന്നതും.

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകളിൽ ഒന്നായ ഹരിതകേരളം മിഷന്റെ ഉപദൗത്യമാണ് ശുചിത്വ മാലിന്യസംസ്കരണം. മിഷന്റെ ഇടപെടൽ പുതിയ ദിശാബോധം സാധാരണ പൗരന് ഉണ്ടാക്കാൻ ഇടയാക്കി. ഉത്തരവാദിത്ത മാലിന്യപരിപാലനരീതികൾ അവലംബിക്കുന്നതിനോട് ജനങ്ങളിൽ അനുകൂല നിലപാടുകളും ശീലങ്ങളും ഉണ്ടാക്കി സമൂഹത്തിലാകെ പുതിയ സമീപനരീതി കൊണ്ട് വരാൻ കഴിഞ്ഞു. സങ്കീർണ്ണമായ മാലിന്യപ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കാനും മിഷന് കഴിഞ്ഞിട്ടുണ്ട്. ശാസ്ത്രീയ മാലിന്യപരിപാലനം സുസ്ഥിരമാക്കുകയാണ് ഹരിതകേരളം മിഷന്റെ ലക്ഷ്യം. മാലിന്യമുക്തം നവകേരളം എന്ന ലക്ഷ്യത്തിലേക്ക് എത്തുന്നതിന് നിരവധിയായ ജനകീയ ക്യാമ്പയിനുകളാണ് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ളത്.



എൻഫോഴ്സ്മെന്റ് ഏജൻസികളെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ കൂട്ടിയോജിപ്പിച്ച് തെറ്റായ രീതിയിൽ മാലിന്യ സംസ്കരണം നടത്തി മുന്നോട്ട് പോകുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യസംസ്കരണ രംഗത്ത് മികച്ച സാങ്കേതിക പിന്തുണ നൽകാനും മിഷന് കഴിഞ്ഞിട്ടുണ്ട്. ദ്രവമാലിന്യം, ജൈവമാലിന്യം, അജൈവമാലിന്യം, അപകട സ്വഭാവമുള്ള മാലിന്യം, നയങ്ങൾ, നിയമങ്ങൾ, ഐ.ഇ.സി (വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ), ശീലവത്ക്കരണം എന്നീ മേഖലകളിൽ വൈദഗ്ധ്യമുള്ളവരെ ഉൾപ്പെടുത്തി സംസ്ഥാന-ജില്ലാതലങ്ങളിൽ  സംവിധാനം നവീകരിക്കുന്നതിനുള്ള ഏർപ്പാടാക്കി. സമഗ്ര മാലിന്യ സംസ്കരണത്തിനു മനുഷ്യവിഭവ വികസനത്തിന് കില മുഖേന പരിശീലന സംവിധാനം വികസിപ്പിക്കുന്നതിനും മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ സംരംഭകരെ (ക്ലീൻ കേരള കമ്പനി) ഹരിതകേരളം മിഷന്റെ ഭാഗമാക്കുവാനും സാധിച്ചു.

ഹരിതകർമ്മസേനയുടെ പ്രവർത്തന രീതികൾ പ്രധാനമായും വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ ശേഖരിക്കുക, അജൈവ മാലിന്യങ്ങൾ തരംതിരിക്കുക, അത് റീസൈക്കിളിങ്ങിനായി കൈമാറുക എന്നിവയാണ്. ജില്ലയിൽ ഇവരുടെ പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായാണ് നടപ്പിലാക്കിയത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി എല്ലാ പ്രദേശങ്ങളിലേക്കും ഇത് വ്യാപിപ്പിച്ചു. സ്ത്രീകൾക്ക് ഒരു ഉപജീവനമാർഗം കൂടിയാണ് ഈ പദ്ധതി. മാലിന്യസംസ്കരണം മെച്ചപ്പെടുത്തുന്നതിലും, പരിസ്ഥിതി സംരക്ഷിക്കുന്നതിലും അതുവഴി ജില്ലയുടെ സൗന്ദര്യവൽക്കരണത്തിലും ഇവർ വലിയ പങ്കുവഹിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് അവർ പ്രവർത്തിക്കുന്നത്. യൂസർഫീയും ചുമത്തുന്നുണ്ട്. 3332 സ്ത്രീകൾ ജില്ലയിൽ ഹരിതകർമ്മസേനാംഗങ്ങളായി പ്രവർത്തിക്കുന്നുണ്ട്.

ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെ ബാധിച്ചിരുന്ന തടസ്സങ്ങൾ നീക്കാൻ 2021-ൽ  തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് പ്രധാന വ്യവസ്ഥ ഉൾപ്പെടുത്തി സർക്കാർ പുതിയ നിയമം കൊണ്ടുവന്നതോടെ യൂസർ ഫീ കളക്ഷന് പുതിയ മാനങ്ങൾ കൈവന്നു. ഇതോടെ മാലിന്യ ശേഖരണത്തിൽ വലിയ വർധനവാണ് ജില്ലയിൽ ഉണ്ടായത്. പലയിടത്തും 30 മുതൽ 50 % വരെയാണ് വർധനവ് ഉണ്ടായത്.



ജില്ലയിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിലൂടെ വരുമാനത്തിലും യൂസർഫീ കളക്ഷനിലും ഘട്ടംഘട്ടമായ പുരോഗതികളാണ് ഉണ്ടായിട്ടുള്ളത്. ആദ്യ ഘട്ടത്തിൽ, ഹരിതകർമ്മസേനയുടെ രൂപീകരണ സമയത്ത് വീടുകളിൽ നിന്നുള്ള അജൈവ മാലിന്യ ശേഖരണത്തിന് യൂസർഫീ എന്ന ആശയം പൊതുജനങ്ങളിൽ പരിമിതമായി മാത്രമേ അംഗീകരിക്കപ്പെട്ടിരുന്നുള്ളൂ.

രണ്ടാം ഘട്ടത്തിൽ ഹരിതകേരള മിഷന്റെ ശക്തമായ ഇടപെടലുകളും ബോധവൽകരണ പ്രവർത്തനങ്ങളും ആരംഭിച്ചതോടെ യൂസർഫീയുടെ പ്രാധാന്യം പൊതുജനങ്ങളിൽ വ്യക്തമായി. വീടുതല മാലിന്യ വേർതിരിവ് നിർബന്ധമാക്കുകയും, ശേഖരണം കൃത്യമായ സമയക്രമത്തിൽ നടത്തുകയും ചെയ്തതോടെ ഹരിതകർമ്മസേനയിലേക്കുള്ള വിശ്വാസം വർധിച്ചു. ഈ ഘട്ടത്തിൽ വാർഡ് തല അവലോകനങ്ങൾ, ജനപ്രതിനിധികളുടെ ഇടപെടൽ, നിരക്കുകളുടെ ഏകീകരണം എന്നിവയിലൂടെ യൂസർഫീ കളക്ഷൻ സ്ഥിരതയാർന്ന രീതിയിലേക്ക് മാറി. ഇതോടെ ഹരിതകർമ്മസേനയുടെ മാസവരുമാനം ക്രമാതീതമായി ഉയരാൻ തുടങ്ങി.

മൂന്നാം ഘട്ടത്തിൽ ഹരിതമിത്രം ആപ്പ് പോലുള്ള ഡിജിറ്റൽ സംവിധാനങ്ങൾ പ്രയോഗത്തിൽ വന്നതോടെ യൂസർഫീ കളക്ഷനിൽ സുതാര്യതയും കാര്യക്ഷമതയും വർധിച്ചു. ശേഖരിച്ച മാലിന്യത്തിന്റെ അളവും സേവനം ലഭിച്ച വീടുകളുടെ എണ്ണവും രേഖപ്പെടുത്താൻ സാധിച്ചതിനാൽ ഫീ കളക്ഷനിൽ ചോർച്ച കുറയുകയും, കുടിശ്ശിക ഫീ തിരിച്ചുപിടിക്കാൻ കഴിയുകയും ചെയ്തു. ഇതോടൊപ്പം പ്ലാസ്റ്റിക്, ഇ-വേസ്റ്റ് തുടങ്ങിയ അജൈവ മാലിന്യങ്ങളുടെ റിസൈക്ലിംഗിലൂടെ ലഭിക്കുന്ന വരുമാനവും ഹരിതകർമ്മസേനയുടെ ആകെ വരുമാനത്തിൽ കൂട്ടിച്ചേർന്നു.

നാലാം ഘട്ടത്തിൽ യൂസർ ഫീ കളക്ഷൻ ഹരിതകർമ്മസേനയുടെ സ്ഥിര വരുമാന സ്രോതസ്സായി മാറി. ഇതിലൂടെ സേനാംഗങ്ങൾക്ക് മാന്യമായ പ്രതിഫലം നൽകാനും, സുരക്ഷാ ഉപകരണങ്ങൾ, യൂണിഫോം, ശേഖരണ ഉപകരണങ്ങൾ എന്നിവ ഉറപ്പാക്കാനും സാധിച്ചു. കൂടാതെ പ്രവർത്തന മേഖലകൾ വിപുലീകരിക്കുകയും സേവന ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്തു. ജില്ലയിലെ ഹരിതകർമ്മസേനയുടെ വരുമാനത്തിലും യൂസർഫീ കളക്ഷനിലും വന്ന ഈ ഘട്ടംഘട്ടമായ പുരോഗതി, മാലിന്യ നിയന്ത്രണം സ്വയം നിലനിൽക്കുന്ന ഒരു സംവിധാനമായി മാറുന്നതിന്റെ വ്യക്തമായ തെളിവാണ്.



ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ശുചിത്വമിഷൻ കേരള സംസ്ഥാനത്ത് നടപ്പിലാക്കിയ ഒരു ഡിജിറ്റൽ മാലിന്യ നിയന്ത്രണ സംവിധാനമാണ് ഹരിതമിത്രം ആപ്പ്. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള അജൈവ മാലിന്യങ്ങളുടെ ശേഖരണം ശാസ്ത്രീയവും ക്രമബദ്ധവും സുതാര്യവുമാക്കുക എന്നതാണ് ഈ ആപ്പിന്റെ പ്രധാന ലക്ഷ്യം. പൊതുജനങ്ങൾ,



ഹരിതകർമ്മസേന, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരെ ഒരേ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ബന്ധിപ്പിക്കുന്നതാണ് ഹരിതമിത്രം ആപ്പ്. ശേഖരണ തീയതി, സമയം, ശേഖരിച്ച മാലിന്യത്തിന്റെ തരം, അളവ് എന്നിവ ആപ്പിൽ രേഖപ്പെടുത്തുന്നതിനാൽ മാലിന്യ ശേഖരണം ഹരിതകർമ്മസേനയ്ക്ക് സമയബന്ധിതമായി വിവരങ്ങൾ ലഭിക്കുകയും കുറവുള്ള സ്ഥലങ്ങളിൽ വേഗത്തിൽ ഇടപെടാനും ഈ ആപ്പ് സഹായിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹരിതമിത്രം ആപ്പിലൂടെ ലഭിക്കുന്ന ഡാറ്റ ഉപയോഗിച്ച് മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ വിലയിരുത്താനും പദ്ധതി രൂപീകരിക്കാനും സാധിക്കുന്നു. കൂടാതെ, ജനങ്ങളിൽ മാലിന്യ വേർതിരിവ്, റിസൈക്ലിംഗ്, പരിസ്ഥിതി ബോധം എന്നിവ വളർത്തുന്നതിൽ ഈ ആപ്പ് വലിയ പങ്ക് വഹിക്കുന്നു. ഹരിതമിത്രം ആപ്പ് കേരളത്തിലെ മാലിന്യ നിയന്ത്രണ രംഗത്ത് സാങ്കേതികവിദ്യയെ പ്രയോജനപ്പെടുത്തി നടപ്പിലാക്കുന്ന ഒരു മാതൃകാ സംവിധാനമാണ്. ഇതിന്റെ ഫലമായി ഹരിതകർമ്മസേനയുടെ പ്രവർത്തനം കൂടുതൽ പ്രൊഫഷണലായും ഉത്തരവാദിത്വമുള്ളതുമായിത്തീർന്നു. പൊതുജന പങ്കാളിത്തം വർധിച്ചതോടെ അനധികൃത മാലിന്യ നിക്ഷേപം കുറയുകയും ശുചിത്വ സംസ്കാരം സമൂഹത്തിൽ ശക്തിപ്പെടുകയും ചെയ്തു.

259.07 ടൺ അജൈവ മാലിന്യമാണ് പ്രതിദിനം ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്നത്. ഹരിതകർമ്മസേന 233.16 ടൺ നീക്കം ചെയ്യുന്നുണ്ട്. ജില്ലയിൽ 2016 മുതൽ 2020 വരെയുള്ള കണക്കുകൾ പ്രകാരം ശരാശരി 58 ശതമാനം യൂസർഫീ കളക്ഷനാണ് ലഭിച്ചിരുന്നത്. ഹരിതകർമ്മസേനാംഗങ്ങളുടെ തീവ്ര പ്രവർത്തനത്തിലൂടെ 2024 ൽ ഇത് 86 ശതമാനമായി ഉയർന്നിട്ടുണ്ട്. 71501 (74%) വ്യാപാര സ്ഥാപനങ്ങളിൽ നിന്നും 674081 (86%) വീടുകളിൽ നിന്നും അജൈവമാലിന്യങ്ങൾ ഹരിതകർമ്മസേനാംഗങ്ങൾ നീക്കം ചെയ്യുന്നുണ്ട്. 604.44 ടൺ ജൈവമാലിന്യമാണ് ഓരോ ദിവസവും ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്നത്. അവയിൽ 483.55 ടൺ മാലിന്യമാണ് സംസ്കരിക്കുന്നത്.

ജില്ലയിൽ മാലിന്യ നിയന്ത്രണവും പരിസ്ഥിതി സംരക്ഷണവും ലക്ഷ്യമാക്കി വിവിധ തലങ്ങളിലായി ശേഖരണവും സംസ്കരണവും ചെയ്യുന്ന സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും ഹരിതകേരളം മിഷന്റെ മാർഗനിർദേശത്തിലും ജൈവ/അജൈവ മാലിന്യങ്ങളുടെ ശാസ്ത്രീയ കൈകാര്യം ഉറപ്പാക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജില്ലയിൽ 1608 മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (മിനി എം.സി.എഫ്) സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 109 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും (എം.സി.എഫ്) 10 റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും (ആർ.ആർ.എഫ്) പ്രവർത്തനക്ഷമമാണ്. ജൈവ മാലിന്യസംസ്കരണ രംഗത്ത് ജില്ല ഗണ്യമായ പുരോഗതിയാണ് കൈവരിച്ചിട്ടുള്ളത്.

ഗാർഹിക തലത്തിൽ 58,548 ജൈവ മാലിന്യസംസ്കരണ യൂണിറ്റുകളും ജില്ലയിൽ നിലവിലുണ്ട്. ഇതുവഴി വീടുകളിൽ നിന്നുള്ള ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കാൻ സാധിക്കുകയും പൊതുസ്ഥലങ്ങളിലേക്കുള്ള മാലിന്യ ഒഴുക്ക് കാര്യമായി കുറയുകയും ചെയ്യുന്നു. മാലിന്യ ശേഖരണവും കൈമാറ്റവും കാര്യക്ഷമമാക്കുന്നതിനായി ഹരിതകർമ്മസേനയുടെ കീഴിൽ 102 വാഹനങ്ങൾ ജില്ലയിൽ പ്രവർത്തിക്കുന്നു. ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ് (FSTP), സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (STP), ആർ.ഡി.എഫ് (RDF) പ്ലാന്റുകൾ എന്നിവ ജില്ലയിൽ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ആശുപത്രികളിൽ നിന്നുള്ള അപകടകരമായ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി





ജില്ലയിൽ ഹസാർഡസ് മാലിന്യസംസ്കരണ പ്ലാന്റ് നിലവിലുണ്ട്. സാനിറ്ററി മാലിന്യ സംസ്കരണത്തിനായി ഡബിൾ ചേംബർ ഇൻസിനറേറ്റർ പ്ലാന്റുകളും പ്രവർത്തിക്കുന്നുണ്ട്. മുടി മാലിന്യ സംസ്കരണത്തിനായി പ്രത്യേക പ്ലാന്റും ജില്ലയിൽ പ്രവർത്തിക്കുന്നു. ഇ മാലിന്യം ശേഖരണം ആരംഭിച്ചത് 2022 മാർച്ചിലാണ് ഇ കളക്ഷൻ ഡ്രൈവ് എന്ന പേരിൽ 13 സ്ഥാപനങ്ങളിൽ ആണ് ആദ്യ ഘട്ടത്തിൽ 5.5 ടൺ മാലിന്യങ്ങൾ ശേഖരിച്ചത്. തുടർന്ന് 2023-24 കാലയളവിൽ 7680.45 കിലോയും 2024-2025 കാലയളവിൽ 2781.6 കിലോയും ഇ മാലിന്യ ശേഖരണം നടത്തി.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ബോധവൽകരണ ക്യാമ്പയിനുകൾ, സാങ്കേതിക മാർഗനിർദേശങ്ങൾ, ധനസഹായ സംവിധാനങ്ങൾ എന്നിവ ജില്ലയിൽ നടപ്പിലാക്കിയത് വഴി വീടുകളിലും പൊതുസ്ഥലങ്ങളിലും സോക് പിറ്റുകളുടെ നിർമ്മാണം വർധിപ്പിക്കാൻ സാധിച്ചു. സോക്ക് പിറ്റ് നിർമ്മാണത്തിൽ തൊഴിലുറപ്പ് പദ്ധതിയും നിർണ്ണായക പങ്കുവഹിക്കുന്നുണ്ട്. ഗ്രാമീണ മേഖലകളിൽ ഗ്രേ വാട്ടർ സംസ്കരണത്തിന്റെ പ്രാധാന്യം ജനങ്ങളിലേക്കെത്തിക്കാനും പ്രായോഗിക മാതൃകകൾ സ്ഥാപിക്കാനും സാധിച്ചു. ഇതിന്റെ ഫലമായി പരിസ്ഥിതി ശുചിത്വം മെച്ചപ്പെടുകയും രോഗവ്യാപന സാധ്യത കുറയുകയും ജലസ്രോതസുകളുടെ സംരക്ഷണം ശക്തിപ്പെടുകയും ചെയ്തിട്ടുണ്ട്. മുൻകാലങ്ങളിൽ മലിനജലം നേരിട്ട് റോഡുകളിലേക്കോ ജലാശയങ്ങളിലേക്കോ ഒഴുക്കിയിരുന്ന സാഹചര്യം വലിയ ആരോഗ്യ-പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു. എന്നാൽ സോക് പിറ്റ് സംവിധാനങ്ങൾ വ്യാപകമാക്കിയതോടെ മലിനജലത്തിന്റെ നിയന്ത്രണമില്ലാത്ത ഒഴുക്ക്

കാര്യമായി കുറയുകയും ഭൂഗർഭജലനിരപ്പ് ഉയർത്താൻ  സഹായകമാവുകയും ചെയ്തു.




ഹരിതകേരളം മിഷന്റെ സജീവ ഇടപെടലാണ് "ടേക്ക് എ ബ്രേക്ക്" പദ്ധതികളുടെ വളർച്ചയ്ക്ക് കരുത്തായത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സ്ഥല തിരഞ്ഞെടുപ്പ്, ശുചിത്വ മാനദണ്ഡങ്ങൾ, മാലിന്യവും മലിനജലവും ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്ന സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കുന്നതിൽ മിഷൻ നിർണായക പങ്ക് വഹിച്ചു. കൂടാതെ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും പരിപാലനം കാര്യക്ഷമമാക്കുന്നതിനുമായി ബോധവൽകരണ പ്രവർത്തനങ്ങളും നിരന്തര പരിശോധനകളും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി. ഈ ഇടപെടലുകളുടെ ഫലമായി ജില്ലയിൽ "ടേക്ക് എ ബ്രേക്ക്" കേന്ദ്രങ്ങൾ ശുചിത്വത്തിന്റെയും പരിസ്ഥിതി സൗഹൃദ വികസനത്തിന്റെയും മാതൃകകളായി മാറിയിട്ടുണ്ട്. 158 ടേക്ക് എ ബ്രേക്കുകൾ ജില്ലയിൽ സജ്ജീവമായി പ്രവർത്തിച്ചു വരുന്നു.

മിഷൻ വരുന്നതിന് മുമ്പും ശേഷവും ജില്ലയിലെ മാലിന്യ സംസ്കരണ മേഖലയിലെ സംവിധാനങ്ങളിലുണ്ടായ മുന്നേറ്റം താഴെ ചേർക്കുന്നു. വലിയ മുന്നേറ്റം ഈ കണക്കുകളിൽ നിന്ന് നമുക്ക് കാണാൻ സാധിക്കുന്നതാണ്.

| | 2019 | 2025 |
|---|---|---|
| ഹരിതകർമ്മസേന | 2774 | 3332 |
| മിനി എം.സി.എഫ് | 0 | 1575 |
| എം.സി.എഫ് | 69 | 109 |
| ആർ.ആർ.എഫ് | 14 | 10 |
| കമ്മ്യൂണിറ്റി കമ്പോസ്റ്റ് യൂണിറ്റുകളുടെ എണ്ണം | 45 | 32 |
| സാനിറ്ററി മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള പ്ലാന്റ് | 0 | 1 |
| റെന്ററിംഗ് പ്ലാന്റുകൾ-കോഴിയറവ് മാലിന്യ സംസ്കരണ പ്ലാന്റ് | 0 | 5 |
| മുടി മാലിന്യ സംസ്കരിക്കുന്നതിനുള്ള പ്ലാന്റ് | 0 | 1 |

## ജലസംരക്ഷണം

ജനങ്ങൾക്കു ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ശുദ്ധവും സുരക്ഷിതവുമാണെന്ന് ഉറപ്പാക്കുനത്തിനുവേണ്ടി ജലസാമ്പിളുകൾ പരിശോധിക്കാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരു ഹയർ സെക്കൻഡറി സ്കൂളിലും ജലഗുണനിലവാര നിർണ്ണയ പരിശോധന ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു. വളരെ എളുപ്പത്തിലും വലിയ പണച്ചിലവ് ഇല്ലാതെയും പൊതുജനങ്ങൾക്ക് ഇത്തരം സംവിധാനങ്ങൾ ഉപയോഗിക്കുവാൻ ലക്ഷ്യമിട്ടാണ് സ്കൂളുകളിൽ ലാബുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം ഹരിതകേരളം മിഷൻ മുന്നോട്ടു വെച്ചത്.



ജില്ലയിലെ ചിറ്റൂർ, മലമ്പുഴ അസംബ്ലി നിയോജക മണ്ഡലങ്ങളിലെ 12 സ്കൂളുകളിൽ ജലഗുണ നിലവാര ലാബുകൾ പ്രവർത്തിച്ചു വരുന്നു. ഇതുവരെ 948 സാമ്പിളുകൾ പരിശോധന നടത്തി. പുതിയതായി തൃത്താല നിയോജക മണ്ഡലത്തിലെ 6 സ്കൂളുകളിലും, നെന്മാറ നിയോജക മണ്ഡലത്തിലെ 10 സ്കൂളുകളിലും ജലഗുണനിലവാര ലാബുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

ഇനി ഞാനൊഴുകട്ടെ പദ്ധതിയുടെ തുടർച്ചയായി തെളിനീർ ഒഴുകും നവകേരളത്തിൻ്റെ ഭാഗമായി ജില്ലയിലെ 88 ഗ്രാമ പഞ്ചായത്തുകളിലും 7 നഗരസഭകളിലും തെരഞ്ഞെടുക്കപ്പെട്ട ഓരോ നീർത്തടത്തിലും സ്ഥിതി ചെയ്യുന്ന ഒരു നീർച്ചാൽ തെരഞ്ഞെടുത്ത് ലോക ജലദിനമായ മാർച്ച് 22 ന് പ്രവർത്തനം തുടങ്ങിയ ഏപ്രിൽ 22 ഭൗമദിനത്തിൽ സമാപിക്കുന്ന രീതിയിലാണ് നടപ്പിലാക്കിയത്. പാലക്കാട് ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തുകളും നഗരസഭകളും ഗ്രാമ പഞ്ചായത്തുകളും ഉൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംയുക്ത പദ്ധതിയായ ഭാരതപ്പുഴ പുനരുജ്ജീവനം പ്രോജക്റ്റിൻ്റെ രണ്ടാംഘട്ടം എന്ന നിലയിൽ പുഴ സംരക്ഷിക്കുന്നതിനും, നീർച്ചാൽ, തോട് എന്നിവസംരക്ഷിക്കുന്നതിനും പുഴ പരിപാലന സമിതികൾ രൂപീകരിച്ചുകൊണ്ടാണ് ഈ പ്രവർത്തനം ജില്ലയിൽ സംഘടിപ്പിച്ചത്.



ജലാശയങ്ങളിൽ കാലങ്ങളായുള്ള ഒഴുക്കിന്റെ ഭാഗമായി മണ്ണുവന്നു മൂടപ്പെടുകയോ, പ്രകൃതി ക്ഷോഭങ്ങൾ, വെള്ളപ്പൊക്കം മുതലായ കാരണങ്ങൾ കൊണ്ട് ഒഴുക്കിൻ്റെ സ്വാഭാവിക ഗതി മാറിപ്പോയ നദികളുടെയും, തൊടുകളുടെയും വീണ്ടെടുക്കലിനോ മുൻപ് പദ്ധതികളൊന്നും നിലവിലുണ്ടായിരുന്നില്ല. ഭൂഗർഭജലം ഉയർത്തുകയും കുടിവെള്ള ക്ഷാമം കുറക്കുകയും മഴക്കാലത്ത് വെള്ളപ്പൊക്കം പോലെയുള്ള പ്രകൃതി ദുരന്തങ്ങൾ തടയുകയും ലക്ഷ്യം വെച്ച് 2019 ഡിസംബറിൽ പൊതുജന പങ്കാളിത്തത്തോടെ ആദ്യ ഘട്ടമായി ആരംഭിച്ച ജലസ്രോതസ്സുകൾ വീണ്ടെടുക്കുന്ന ഹരിതകേരളം മിഷന്റെ അഭിമാന പദ്ധതിയാണ് 'ഇനി ഞാൻ ഒഴുകട്ടെ'. നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ തൊഴിലുറപ്പ് പദ്ധതിയിലൂടെയാണ് ഈ പരിപാടി നടത്തികൊണ്ടുവരുന്നത്.



ഒന്നാം ഘട്ടം പൂർത്തിയായപ്പോൾ ജില്ലയിലെ 95 തദ്ദേശസ്ഥാപനങ്ങളിലായി 99 നീർച്ചാലുകൾ 291.27 കിലോമീറ്റർ നീളത്തിൽ പുനരുജ്ജീവിപ്പിച്ചു. 18,126 ആളുകൾ ഇതിൽ പങ്കാളികളാകുകയും ചെയ്തു. രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി 35 പഞ്ചായത്തുകളിൽ

നിന്ന് 59 നീർച്ചാലുകൾ, 96.551 കിലോമീറ്റർ നീളത്തിൽ പുനരുജ്ജീവിപ്പിച്ചു. മൂന്നാം ഘട്ടം 2024 ഡിസംബറിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.ബി. രാജേഷ് തൃത്താല പഞ്ചായത്തിലെ കണ്ണന്നൂർ തോട് ശുചീകരണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തതോടെ ആരംഭിച്ചു. 2025 മാർച്ച് 31 വരെ 346.43 കി.മി തോടുകൾ വീണ്ടെടുക്കുകയും ചെയ്തു.

ജല വിനിയോഗത്തിൽ ശാസ്ത്രീയ സമീപനങ്ങൾ കൊണ്ടുവരുന്നതിന് ഹരിതകേരളം മിഷൻ വരുന്നതിനുമുമ്പ് പ്രായോഗിക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഒരു ഏജൻസികളും ശ്രമിച്ചിട്ടുണ്ടായിരുന്നില്ല. മിഷന്റെ ഏകോപനത്തിൽ വിവിധ വകുപ്പുകളെയും ഏജൻസികളെയും സംയോജിപ്പിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജലവിഭവ വികസന പരിപാലന കേന്ദ്രത്തിന്റെ സാങ്കേതിക പിന്തുണയോടെ ജലബജറ്റ് തയ്യാറാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചതും വിജയം കണ്ടതും. ജലത്തിന്റെ ലഭ്യതയും ജലവിതരണത്തിന്റെ സുസ്ഥിരതയും വിലയിരുത്തുന്നതിനുള്ള ശാസ്ത്രീയ ഉപാധിയാണ് ജലബജറ്റ്. ഒരു പ്രദേശത്തിന്റെ ജലലഭ്യതയും ജല ആവശ്യകതയും കണ്ടെത്തുകയും അതിലൂടെ ജലമിച്ചമാണോ ജലകമ്മിയാണോ ഉള്ളതെന്നു മനസിലാക്കുകയും ചെയ്യലാണ് ജലബജറ്റ് കൊണ്ട് ഉദ്ദേശിക്കുന്നത്. ജലലഭ്യതയും ജലാവശ്യകതയും സംബന്ധിച്ചു ഒരു പൊതു ധാരണ ഉണ്ടാക്കാനും ഒരു പ്രദേശത്തെ ശുദ്ധജല വ്യൂഹത്തിന്റയും ജലസ്രോതസ്സുകളുടെയും ഫലപ്രദമായ പരിപാലനത്തിനു നിർദ്ദേശങ്ങൾ നൽകി ജലസുരക്ഷാ പ്ലാൻ തയ്യാറാക്കാനും ജലബജറ്റ് ഉപയോഗപെടുത്താം. ജില്ലയിൽ തൃത്താല നിയോജക മണ്ഡലം, ചിറ്റൂർ, ആലത്തൂർ, കുഴൽമന്ദം, പട്ടാമ്പി, നെന്മാറ എന്നീ ബ്ലോക്കുകളിലും 42 ഗ്രാമപഞ്ചായത്തുകളിലും ഇതിനകം ജലബജറ്റ് തയ്യാറാക്കി കഴിഞ്ഞു. ജില്ലയിലെ ബാക്കിയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നുണ്ട്. ജലബജറ്റ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നീർച്ചാൽ വീണ്ടെടുപ്പ്, കുളം നിർമ്മാണം, കുളം നവീകരണം, കിണർ നിർമ്മാണം, കിണർ റീച്ചാർജ്ജിംഗ്, കയർഭൂവസ്ത്രം, പിറ്റ്സ് റീചാർജിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ ഇടപെടലോടെ ഏകോപിപ്പിക്കാൻ സാധിച്ചു. തൊഴിലുറപ്പ് പദ്ധതി വഴി നടത്തുന്ന നീർച്ചാൽ വീണ്ടെടുപ്പ് പോലെയുള്ള പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കാൻ സാധിച്ചു.

പശ്ചിമഘട്ട മേഖലയിൽ മണ്ണൊലിപ്പിനും ഉരുൾപൊട്ടലുമുള്ള സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി നീർച്ചാൽ ശൃംഖല കണ്ടെത്തി വീണ്ടെടുക്കുന്നതിന് ഒരു രീതിശാസ്ത്രം ഹരിതകേരളം മിഷനും സംസ്ഥാന ഐ.ടി. മിഷനും ചേർന്ന് വികസിപ്പിച്ചതാണ് മാപ്പത്തോൺ.



അടഞ്ഞു പോയതും നശിച്ചു പോയതുമായ നീർച്ചാലുകളെ നേരിട്ട് കണ്ടെത്തി ഭൂപടത്തിൽ അടയാളപെടുത്തുകയാണ് മാപ്പത്തോണിന്റെ ആദ്യപടി. വിവര സാങ്കേതിക വിദ്യയുടെ ആധുനിക പ്രവണതകളെ അടിസ്ഥാനമാക്കി മൊബൈൽ അപ്ലിക്കേഷനും, കമ്പ്യൂട്ടർ സോഫ്റ്റ് വെയറും ഉപയോഗിച്ച് ചെയ്യുന്ന മാപ്പിംഗ് പ്രക്രിയയാണിത്. നശിച്ചുപോയ ജലവഴികളും അടഞ്ഞുപോയ നീർച്ചാലുകളും കണ്ടുപിടിക്കാൻ നീർച്ചാൽ നടത്തവും നടപ്പിലാക്കി. പൊതുജന പങ്കാളിത്തത്തോടെ മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ

തൊഴിലുറപ്പ് പദ്ധതി, വിവിധ വകുപ്പുകൾ, സന്നദ്ധപ്രവർത്തകർ എന്നിവയുടെ ഏകോപനത്തോടെ നീർച്ചാലുകളുടെ ശുചീകരണവും വീണ്ടെടുപ്പും സാധ്യമാക്കുകയാണ് രീതി. നീർച്ചാലുകളിലൂടെ സുഗമമായ നീരൊഴുക്ക് ഉറപ്പാക്കി കഴിഞ്ഞാൽ പിന്നെ എത്ര തീവ്രമഴ പെയ്താലും ഭൂമിയിലേക്കിറങ്ങിയ ശേഷമുള്ള അധിക ജലം ഒഴുകി പോകുകയും ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനുമുള്ള സാധ്യതകൾ ഗണ്യമായി കുറയുകയും ചെയ്യും. ജില്ലയിലെ പശ്ചിമഘട്ട മലനിരകളോടു ബന്ധപ്പെട്ട് നിൽക്കുന്ന 51 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 2323 നീർച്ചാലുകളുടെ മാപ്പിംഗ് പൂർത്തിയാക്കി.

## പരിസ്ഥിതി പുനസ്ഥാപനം

തദ്ദേശീയ തലത്തിൽ സർക്കാരിന്റെ കൈവശമുള്ള തരിശു ഭൂമികളിൽ വനവൽക്കരണത്തിന് പദ്ധതിളില്ലാതിരുന്ന കാലത്ത് മിഷൻ 2019 മുതൽ നടപ്പിലാക്കി വരുന്ന പരിസ്ഥിതി പുന:സ്ഥാപന പ്രവർത്തനമാണ് പച്ചത്തുരുത്ത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ സന്നദ്ധ സംഘടനകളുടെയോ വകുപ്പുകളുടെയോ വ്യക്തികളുടെയോ നേതൃത്വത്തിൽ തരിശായി കിടക്കുന്ന പൊതുസ്ഥലം കണ്ടെത്തി തദ്ദേശീയമായ വൃക്ഷ തൈകളും സസ്യങ്ങളും ഉൾപ്പെടുത്തി വനത്തിന്റെ സവിശേഷതകൾ രൂപപ്പെടുത്തലും തുടർ സംരക്ഷണവുമാണ് പച്ചത്തുരുത്ത് പദ്ധതി. ജില്ലയിൽ 82 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 122.57 ഏക്കറിൽ 269 പച്ചത്തുരുത്തുകൾ നിലവിൽ പരിപാലിച്ചു വരുന്നുണ്ട്. ജില്ലയിലെ തരിശുഭൂമികളിൽ കൃഷി വ്യാപിപ്പിക്കാൻ നിരവധി പദ്ധതികൾ നടപ്പിലാക്കിയിരുന്നെങ്കിലും മിക്കവയും വേണ്ടത്ര വിജയം കാണാതിരുന്ന സാഹചര്യത്തിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കൃഷി യോഗ്യമായിട്ടുള്ള മുഴുവൻ തരിശുഭൂമിയും കൃഷിയിലേക്ക് കൊണ്ടുവന്ന് തരിശുരഹിത പ്രദേശങ്ങളാക്കി മാറ്റുന്നതിനു ഹരിതകേരളം മിഷൻ നടപ്പാക്കിയ പ്രത്യേക ക്യാമ്പയിനാണ് തരിശുരഹിത ഗ്രാമം പദ്ധതി. കൃഷി, കുടുംബശ്രീ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തദ്ദേശ സ്വയംഭരണ



സ്ഥാ പ ന ങ്ങ ളു ടെ നേതൃത്വത്തിൽ നടത്തിയ ഈ പ്രവർത്തനം ജില്ലയിൽ വിജയം കണ്ടു. ഇത് കൃഷി പ്രോ ത്സാ ഹ ന ത്തി ൽ തദ്ദേശീയ തലത്തിൽ പുതിയ വിജയ ഗാഥകൾ തീർത്തതിന് തൃത്താല പോലെ നിരവധി ഉദാഹരണങ്ങളുണ്ട്.



ഇതോടൊപ്പം പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഓരോ വീട്ടിലും ലഭ്യമായ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിനായി ആവിഷ്ക്കരിച്ച ക്യാമ്പയിനാണ് ഹരിത സമൃദ്ധി വാർഡ്. എല്ലാ ഗ്രാമപഞ്ചായത്തിലും ചുരുങ്ങിയത് ഒരു വാർഡിലെങ്കിലും മുഴുവൻ വീടുകളിലും അനുയോജ്യമായ രീതിയിൽ പച്ചക്കറിതൈകൾ നട്ടു വളർത്തുക എന്ന ഈ ക്യാമ്പയിൻ ജില്ലയൽ നിർണ്ണായക ഇടപെടലായിരുന്നു. 59 ഹരിത സമൃദ്ധി വാർഡുകളിലാണ് ജില്ലയിലാകെയുള്ളത്. ചളവറ, വെള്ളിനേഴി, കഴക്കഞ്ചേരി എന്നീ 3 പഞ്ചായത്തുകളാണ് സമ്പൂർണ്ണ ഹരിത സമൃദ്ധി വാർഡുകളുള്ളവ.



പരിസ്ഥിതി സംരക്ഷണത്തിൽ മിഷൻ ജില്ലയിൽ നടപ്പാക്കിയ പ്രധാന ക്യാമ്പയിനാണ് ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ പരിപാടി. കാലാവസ്ഥാ വ്യതിയാനത്തിന്റെ തീവ്രതയും അതിന്റെ പ്രത്യാഘാതങ്ങളും അനുഭവപെടുന്ന ഈ കാലത്ത് അതിനെ മറികിടക്കുന്നതിനു ജനകീയ ഇടപെടൽ കൊണ്ടുവരാൻ ഒരു തൈ നടാം വൃക്ഷവൽക്കരണ ക്യാമ്പയിന് കഴിഞ്ഞു. തദ്ദേശ

സ്ഥാപനങ്ങൾ കുടുംബശ്രീ, സ്കൂളുകൾ, കോളജുകൾ, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ തുടങ്ങിയവയെ വളരെ മികച്ച രീതിയൽ ഏകോപിപ്പിക്കുന്നതിന് നേതൃത്വം നൽകി. ഒരു തൈ പോലും വാങ്ങിനൽകാതെ 10 ലക്ഷത്തോളം തൈകൾ ജനകീയമായി സംഘടിപ്പിക്കുന്നതിനും നട്ട് പരിപാലിക്കുന്നതിനും പണച്ചെലവില്ലാതെ പദ്ധതികൾ ഏറ്റെടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാനങ്ങൾക്ക് കഴിയുമെന്ന് മിഷൻ ബോധ്യപ്പെടുത്തി.





കാർബൺ ബഹിർഗമനത്തെ കുറിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വ്യക്തമായ ചിത്രമില്ലാതിരുന്ന അവസ്ഥയിൽ ഇത് നിയന്ത്രിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വഴിയൊരുക്കാനാണ് മിഷൻ മുന്നിട്ടിറങ്ങിയത്. സംസ്ഥാന സർക്കാരിന്റെ കീഴിൽ ഹരിതകേരളം മിഷന്റെ ഏകോപനത്തിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ജില്ലയിൽ ആരംഭിച്ചത്. പരമാവധി ജനപങ്കാളിത്തത്തോടെ നെറ്റ് സീറോ പദ്ധവിയിലേക്ക് ജില്ലയെ ഘട്ടംഘട്ടമായി എത്തിക്കുക എന്നതാണ് ക്യാമ്പയിൻ ലക്ഷ്യമിടുന്നത്. ഊർജ്ജസംരക്ഷണം, പരിസ്ഥിതി പുന:സ്ഥാപനം, കൃഷി, മാലിന്യസംസ്കരണം തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ ക്യാമ്പയിന്റെ ഭാഗമായി ഏറ്റെടുത്തിട്ടുള്ളത്.

അംഗൻവാടികളിൽ ഊർജ്ജ സ്വയംപര്യാപ്തത കൊണ്ടുവരുന്നതിനും ഊർജ്ജ കാര്യക്ഷമത വർധിപ്പിക്കുന്നതിനും വേണ്ടി ജില്ലയിലെ 169 അംഗൻവാടികൾക്ക് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ എനർജി മാനേജ്മെന്റ് സെന്ററിന്റെ അംഗൻജ്യോതി പദ്ധതി പ്രകാരം ഇന്റക്ഷൻ കുക്കറും അനുബന്ധ പാത്രങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ ഘടക സ്ഥാപനങ്ങളിലും വേൾഡ് റിസോഴ്സ് ഇൻസ്റ്റിട്യൂട്ട് ഇന്ത്യയുമായി ചേർന്ന് പുരപ്പുറ സോളാർ ഫീസിബിലിറ്റി സ്റ്റഡി നടത്തി. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങൾ സൌരോർജ്ജ പദ്ധതികൾക്കായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഘടക സ്ഥാപനങ്ങളിൽ നിലവിലുള്ള ആകെ കാർബൺ പുറന്തള്ളലും ആ പ്രദേശത്തെ കാർബൺ സംഭരണികളുടെ സംഭരണശേഷിയും നിർണ്ണയിക്കുന്നതിനായിട്ടുള്ള കാർബൺ അക്കൗണ്ടിംഗ് ജില്ലയിൽ നടന്നുകൊണ്ടിരിക്കുന്നു. 145 സ്ഥാപനങ്ങളിൽ കാർബൺ അക്കൗണ്ടിംഗ് പൂർത്തീകരിച്ചു. 4 സ്ഥാപനങ്ങളിൽ റിപ്പോർട്ട് അവതരിപ്പിച്ച് തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തിവരുന്നു.




## സുസ്ഥിര തൃത്താല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എങ്ങനെ തനതു പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും വിജയത്തിലെത്തിക്കാൻ കഴിയുമെന്നതിന്റെ ഉദാഹരണമാണ് സുസ്ഥിര തൃത്താല. ബഹുമാനപ്പെട്ട തൃത്താല എം.എൽ.എ.യും തദ്ദേശ സ്വയംഭരണ എക്സൈസ് പാർലിമെന്ററി കാര്യ വകുപ്പ് മന്ത്രിയുമായ ശ്രീ.എം.ബി.രാജേഷ് വിഭാവനം ചെയ്ത് വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സംയോജനത്തോടുകൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പരിപാടിയാണ് സുസ്ഥിര തൃത്താല. കഴിഞ്ഞ



4 വർഷങ്ങളിലായി കാർഷിക വികസനം, ജലസംരക്ഷണം, മാലിന്യപരിപാലനം, സുസ്ഥിര ഉപജീവനം എന്നീ മേഖലകളിൽ ശ്രദ്ധേയവും വിപുലവുമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ ചുക്കാൻ പിടിക്കാൻ ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ട്.

## ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതി



ജലബന്ധാര തടയണ നിർമാണം തുടങ്ങി

പാലക്കാട് ജില്ലാ പഞ്ചായത്ത് ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്ന സംയോജിത പരിപാടിയാണ് ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതി. ജില്ലയിലെ ഏറ്റവും പ്രധാന ജലസ്രോതസ്സായ ഭാരതപ്പുഴയെ നാനാ പ്രവർത്തനങ്ങളിലൂടെ പുനരുജ്ജീവിപ്പിച്ച് ജലസമൃദ്ധമാക്കുകയും ജലദൗർലഭ്യം പരിഹരിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി ഒട്ടേറെ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ ഇതിനോടകം ഏറ്റെടുത്തിട്ടുണ്ട്. ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി ജലബന്ധാര നിർമ്മാണമാണ് പ്രധാന ലക്ഷ്യം. ഭാരതപ്പുഴയോരത്ത് കരിമ്പുഴയിൽ ഗോവൻ മാതൃകയിൽ 2 മീറ്റർ ഉയരത്തിൽ ഐ.ഡി.ആർ.ബി. ഡിസൈനിൽ ചെറുകിട ജലസേചന വകുപ്പിന്റെ സഹായത്തോടെ ജലബന്ധാര നിർമ്മാണം പുരോഗമിക്കുന്നുണ്ട്.

## ഹരിത കരേളം മിഷൻ ജനകീയ മുഖം

ഹരിതകേരളം മിഷന്റെ സുഗമമായ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ അവലോകനത്തിനുമായി വിവിധ തലങ്ങളിൽ കൃത്യമായ ഇടവേളകളിൽ യോഗങ്ങൾ ചേർന്നു വരുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ വർഷത്തിൽ രണ്ട് തവണ മിഷൻ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നതിനായി ജില്ലാ മിഷൻ യോഗങ്ങൾ നടത്തിവരുന്നു. മിഷനുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ മൂന്ന് മാസത്തിലൊരിക്കൽ അവലോകന യോഗങ്ങൾ ചേരുന്നു. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സേവനം ഉറപ്പാക്കുന്നതിനായി ജില്ലാതല ഏകോപന സമിതികളും ടെക്നിക്കൽ കമ്മിറ്റികളും നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.




കൂടാതെ മണ്ഡല-ബ്ലോക്ക്-തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിലും മിഷൻ യോഗം ചേർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു പോവുന്നു. ബഹുമാനപ്പെട്ട എം.എൽ.എ മാരുടെ അധ്യക്ഷതയിൽ ആറുമാസത്തിലൊരിക്കൽ മണ്ഡലതല മിഷൻ യോഗങ്ങൾ ചേരുന്നു. മണ്ഡലത്തിലെ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും തടസ്സങ്ങൾ പരിഹരിക്കുന്നതിനും ഈ യോഗങ്ങൾ സഹായിക്കുന്നു. ബ്ലോക്ക് തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും മിഷൻ യോഗങ്ങൾ ചേർന്ന് താഴെത്തട്ടിലുള്ള പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു.

## പിന്തുണാ സംവിധാനങ്ങൾ

ഹരിതകേരളം മിഷൻ്റെ പ്രവർത്തനങ്ങൾ ജില്ലയിലാകെ ഏകോപിപ്പിക്കുന്നതിനും താഴെത്തട്ടിൽ നടപ്പാക്കുന്നതിനും ചുക്കാൻ പിടിച്ചത് ബ്ലോക്ക് കോർഡിനേറ്റർമാർ (ആർപിമാർ) ആണ്. 13 ബ്ലോക്കുകളിലും മിഷൻ്റെ ക്യാമ്പയിനുകളും പദ്ധതികളും നടപ്പാക്കിയതിലും വിജയത്തിലെത്തിച്ചതിലും ഇവർ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. ബ്ലോക്ക് കോർഡിനേറ്റർമാർ തദ്ദേശസ്ഥാപനതലങ്ങളിൽ വിവിധ പദ്ധതിയുടെ നടത്തിപ്പിനായി പ്രാദേശിക



സംവിധാനങ്ങളെയും ഏജൻസികളെയും പൊതുജനങ്ങളെയും സംഘടിപ്പിക്കുന്നതിനും

നടപ്പാക്കുന്നതിനും പാലമായി പ്രവർത്തിച്ചു. കൃത്യമായ പദ്ധതികൾ ആസൂത്രണം ചെയ്യാനും വിഭവങ്ങൾ സമാഹരിക്കാനും പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാനും വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും അവരാണ് നൽകിയത്. പ്രാദേശികമായി നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി അവയ്ക്ക് പരിഹാരം കാണാൻ സഹായിക്കുന്നത് വഴി മിഷൻ പ്രവർത്തനം സുഗമമാക്കിയത് ബ്ലോക്ക് കോർഡിനേറ്റർമാരാണ്. ജില്ലാ കോർഡിനേറ്റർ, ടെക്നിക്കൽ അസിസ്റ്റന്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ ഉൾപ്പടെയുള്ള ജില്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കൊപ്പമാണ് ബ്ലോക്ക് കോർഡിനേറ്റർമാർ ചുമതലയുള്ള അതാത് ബ്ലോക്ക് പഞ്ചായത്ത് മേഖലകളിൽ പ്രവർത്തിക്കുന്നത്.

## ഹരിതകേരളം മിഷന്റെ ജനകീയ മുഖം

ഹരിതകേരളം മിഷന്റെ ഇടപെടലുകളാണ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തിയ ഒട്ടനവധി പ്രവർത്തികൾക്ക് ജനകീയ മുഖം നൽകി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ ക്യാമ്പയിനുകളുടെ നിർവ്വഹണ ഘട്ടങ്ങളിൽ അയൽക്കൂട്ടങ്ങൾ, റെസിഡന്റ്സ് അസോസിയേഷനുകൾ, വിവിധ വകുപ്പ് പ്രതിനിധികൾ, യുവജന സംഘടനകൾ, തൊഴിലാളികൾ, പൊതുജനങ്ങൾ എന്നിവരെ ഭാഗമാക്കി. ഇത് കൂടുതൽ ജനകീയത സുതാര്യതയും പ്രവർത്തനങ്ങളിൽ കൊണ്ട് വരാൻ തദ്ദേശ സ്ഥാപനങ്ങൾക് വഴിയൊരുക്കി. പദ്ധതി നിർവഹണത്തിൽ വേറിട്ട സമീപന രീതികൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ പരീക്ഷിച്ചു വിജയിപ്പിക്കുകയും സൃഷ്ടിക്കപെട്ട മാതൃകകൾ മുന്നോട്ട് ഉള്ള കാലങ്ങൾക്ക് നാഴികകല്ലുകളായി മാറുകയും ചെയ്തിട്ടുണ്ട്.



അദ്ധ്യായം 7

# സുസ്ഥിര പരിസ്ഥിതിയ്ക്കായുള്ള ഭാവി പ്രവർത്തനങ്ങൾ

### ജലസംരക്ഷണം തുടർപ്രവർത്തനങ്ങൾ
### ഹ്രസ്വകാലാടിസ്ഥാനത്തിൽ നടത്തേണ്ടതായ പ്രവർത്തനങ്ങൾ

- ജില്ലയുടെ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി വിവിധവകുപ്പുകളുടെ ഏകോപനവും സംയോജനവും നടത്തേണ്ടതുണ്ട്.

- ജില്ലയിലെ പ്രധാനപ്പെട്ട ജലസ്രോതസ്സുകളുടെ പുനരുജ്ജീവനത്തിന് പ്രത്യേക  പദ്ധതികൾ ഏറ്റെടുക്കുകയും നിലവിലുള്ളവയുടെ പ്രവർത്തനം ഊർജ്ജിതമാക്കുകയും ചെയ്യേണ്ടതുണ്ട്.

- നീർച്ചാലുകളുടെ തീരങ്ങളിൽ വെച്ചുപിടിപ്പിച്ച പച്ചത്തുരുത്തുകളുടെ സംരക്ഷണം ഉറപ്പാക്കണം.

- തൊഴിലുറപ്പ് പദ്ധതിയിലൂടെയും സന്നദ്ധ സേവനത്തിലൂടെയും കുളങ്ങളും, തോടുകളും സംരക്ഷിക്കുകയും, ശുചിയാക്കുകയും ചെയ്യേണ്ടതുണ്ട്.

- ജില്ലയിലെ ജല ഉപയോഗത്തിന്റെ കാര്യക്ഷമത ഉറപ്പാക്കുന്നതിനായി ശേഷിക്കുന്ന സ്ഥലങ്ങളിൽ കൂടി ജലവിനിയോഗവും ജലലഭ്യതയും അടിസ്ഥാനമാക്കി ജലബജറ്റ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്.
- പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളിൽ നിന്നും ലഭ്യമായ വെള്ളം ഉപയോഗിച്ച് കൊണ്ടുള്ള കൃഷി വ്യാപിപ്പിക്കൽ നടത്തേണ്ടതുണ്ട്.
- ജില്ലയിലെ വിവിധ ജലസ്രോതസ്സുകളുടെ സംരക്ഷണവും, പരിപാലനവും പ്രത്യേക ശ്രദ്ധ വേണ്ട വിഷയങ്ങളാണ്. ഹരിതകേരളം മിഷന്റെ സുരക്ഷിതമാക്കാം പശ്ചിമഘട്ടം പ്രവർത്തനങ്ങളുടെ ഭാഗമായി ഈ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.
- ജനകീയ ജലസാക്ഷരതാ യജ്ഞം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരംഭിക്കണം.
- പ്രവൃത്തി ആരംഭിച്ചിട്ടുള്ള ബന്ധാരകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കണം.

## ദീർഘകാലാടിസ്ഥാനത്തിൽ നടത്തേണ്ടതായ പ്രവർത്തനങ്ങൾ

- ജലബജറ്റ് കണ്ടെത്തലുകളനുസരിച്ച് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജലസുരക്ഷാ പ്ലാൻ തയ്യാറാക്കുകയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജലസുരക്ഷാപ്ലാൻ ഒരു ഉപപദ്ധതിയായി കൊണ്ടുവരികയും ചെയ്യേണ്ടതുണ്ട്.
- ജലസംരക്ഷണത്തിനായി ജില്ലയിൽ ആരംഭിച്ചിട്ടുള്ള നീർധാര പദ്ധതിയുടെ പ്രവർത്തനം ഊർജ്ജിതമാക്കണം.
- ഭാരതപുഴ പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി ജലബന്ധാര പദ്ധതി നടപ്പിലാക്കി വരുന്നു, ഇനിയും പുതിയ പദ്ധതികൾ ഏറ്റെടുത്തു നടത്തേണ്ടതുണ്ട്.
- തൊഴിലുറപ്പ് പദ്ധതി, PMKSY, IWMP, KERA തുടങ്ങിയ പദ്ധതികളുടെ ജില്ലാതല ഏകോപനം ഫലപ്രദമാക്കേണ്ടതുണ്ട്.
- ജലസേചന രംഗത്ത് ജില്ലയിലെ ചിറ്റൂർ മേഖലയിൽ ആരംഭിച്ചിട്ടുള്ള സൂക്ഷ്മ കൃഷിയുടെ മാതൃകകൾ വികസിപ്പിക്കുകയും വിപുലീകരിക്കുകയും ചെയ്യണം.
- ഉപയോഗശൂന്യമായ ക്വാറികൾ കണ്ടെത്തി അവയെ മഴവെള്ള സംഭരണികളായി പരിവർത്തനം ചെയ്യുന്നതിനും, മത്സ്യകൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങളിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രത്യേക പദ്ധതികൾ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ സ്വീകരിക്കണം.
- കിണർ റീച്ചാർജ്ജിംഗിനോടൊപ്പം പിറ്റ് റീച്ചാർജ്ജിംഗ് സാധ്യതകൾ പദ്ധതിയിൽ ഉൾപ്പെടുത്തണം.
- അണക്കെട്ടുകളുടെ വൃഷ്ടി പ്രദേശത്തുള്ള മണ്ണിടിച്ചിൽ മൂലം സംഭരണശേഷി കുറയുന്നു. ഡാമുകളിലെ ചെളി നീക്കം ചെയ്യൽ, മണ്ണൊലിപ്പ് തടയൽ തുടങ്ങിയ പ്രവർത്തനങ്ങൾ

ഉൾപ്പെടുത്തണം.

## മാലിന്യ സംസ്കരണം - തുടർപ്രവർത്തനങ്ങൾ
## ഹ്രസ്വകാലാടിസ്ഥാനത്തിൽ നടത്തേണ്ടതായ പ്രവർത്തനങ്ങൾ

- ഹരിത ടൗൺ, ഹരിത ടൂറിസം കേന്ദ്രങ്ങൾ, ഹരിത സ്ഥാപനങ്ങൾ എന്നിവയുടെ തുടർച്ചയ്ക്ക് ആവശ്യമായ വിവിധ സമിതികൾ സജീവമാക്കണം.

- ജൈവ മാലിന്യസംസ്കരണ രംഗത്ത് ഉറവിട മാലിന്യ സംവിധാനങ്ങൾ ജില്ലയിൽ പൂർത്തിയാക്കണം.

- ശാസ്ത്രീയമായി തന്നെ ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഇ-വേസ്റ്റ് ശേഖരിക്കുന്നതിനും, സംസ്കരിക്കുന്നതിനും വേണ്ടിയുള്ള സംവിധാനങ്ങൾ നടത്തേണ്ടതുണ്ട്.

- ജലമാണ് ജീവൻ ക്യാമ്പയിൻ ഭാഗമായി കുളങ്ങളുടെയും, കിണറുകളുടെയും ക്ലോറിനേഷൻ, ശുചീകരണം എന്നിവ സമയബന്ധിതമായി തന്നെ പൂർത്തീകരിക്കണം.

- ഹരിതകേരളം മിഷൻ ബജറ്റ് പദ്ധതിയുടെ ഭാഗമായി ജില്ലയിലെ തിരഞ്ഞെടുത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇൻസിനറേറ്റർ ലഭ്യമാക്കണം, കൂടാതെ തിരഞ്ഞെടുത്ത ഗവൺമെന്റ്, എയിഡെഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾക്കു മെൻസ്സ്ട്രുവൽ കപ്പ് നൽകുകയും ചെയ്യേണ്ടതുണ്ട്.

- ഫ്ലാറ്റുകൾ, മാർക്കറ്റുകൾ പോലുള്ള സ്ഥലങ്ങളിലെ കമ്പോസ്റ്റിംഗ് യൂണിറ്റിന്റെ നിലവിലെ അവസ്ഥ പരിശോധിച്ച് കുറ്റമറ്റ സംവിധാനം ഉറപ്പുവരുത്തണം.

- മാലിന്യങ്ങൾ കുറയ്ക്കൽ, പുനരുപയോഗം, റീസൈക്ലിംഗ് എന്നിവയെ പ്രോത്സാഹിപ്പിച്ചു ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം.

- ജൈവ മാലിന്യസംസ്കരണത്തിന് വേണ്ടി വീടുകളിൽ തന്നെ മാലിന്യസംസ്കരണം പ്രോൽസാഹിപ്പിക്കുകയും കമ്പോസ്റ്റ്, ബയോഗ്യാസ് യൂണിറ്റുകൾ എന്നിവ സ്ഥാപിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി സഹായിക്കുകയും ചെയ്യണം.

- പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പുന:രുപയോഗിക്കാൻ പ്രോത്സാഹിപ്പിക്കണം.

- അനധികൃത മാലിന്യ നിക്ഷേപങ്ങൾ തടയാൻ ജില്ലാതലത്തിൽ സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിപ്പിക്കണം.

- നിയമാവലികൾ നടപ്പാക്കൽ : പ്ലാസ്റ്റിക് നിരോധനം പ്ലാസ്റ്റിക് ഉപയോഗത്തിനും നിക്ഷേപത്തിനുമുള്ള നിയമങ്ങൾ കർശനമാക്കണം.

- ബോധവൽക്കരണ പ്രചാരണപ്രവർത്തനങ്ങൾ : പ്രാദേശിക ക്യാമ്പയിൻ മാലിന്യ നിർമ്മാർജ്ജനത്തെക്കുറിച്ച് ജനങ്ങളുമായി സംവദിക്കുന്ന ശില്പശാലകളും സെമിനാറുകളും സംഘടിപ്പിക്കണം.

## ദീർഘകാലാടിസ്ഥാനത്തിൽ നടത്തേണ്ടതായ പ്രവർത്തനങ്ങൾ

- മാലിന്യമുക്തം ജനകീയ ക്യാമ്പയിൻ കൂടുതൽ വിപുലീകരിച്ചുകൊണ്ടുള്ള ഹരിത ടൂറിസം തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കണം.

- ജില്ലയിലെ വീടുകളിൽ ഉണ്ടാകുന്ന മെഡിക്കൽ വേസ്റ്റ് ശാസ്ത്രീയമായി ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും വേണ്ട സംവിധാനങ്ങൾ ഒരുക്കണം.

- ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ജില്ലയിലെ എല്ലാ സ്ഥാപനങ്ങളിലും ഉറപ്പുവരുത്തക്കണം.

- കക്കൂസ് മാലിന്യങ്ങൾ നേരിട്ട് പുഴകളിലേക്കും തോടുകളിലേക്കും തള്ളുന്നത് ഒഴിവാക്കുന്നതിന് വേണ്ടി ജില്ലയിലെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ഒരു പ്രോജക്റ്റ് വെയ്ക്കുന്നതിന് വേണ്ടിയുള്ള ഇടപെടൽ നടത്തണം.

- ജില്ലയിലെ 100% സാനിട്ടറി വേസ്റ്റ് ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും വേണ്ടിയുള്ള



  സംവിധാനങ്ങൾ ഉറപ്പാക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്.

- ജില്ലയുടെ സമഗ്ര മാലിന്യ സംസ്കരണ പദ്ധതിയായി വേസ്റ്റ് ടു എനർജി പ്ലാന്റ് സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട്.

- ലാന്റ് ഫില്ലുകൾ കണ്ടെത്തി പ്രാവർത്തികമാക്കണം

പ്ലാസ്റ്റിക് രഹിത മാർക്കറ്റുകൾ പ്ലാസ്റ്റിക് മുക്ത വിദ്യാലയങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ചെയ്യേണ്ടതുണ്ട്.

- സീറോ വേസ്റ്റ് ഗ്രാമ പഞ്ചായത്ത്, നഗരസഭ എന്നിങ്ങനെയുള്ള ക്യാമ്പയിനുകൾ നടപ്പിലാക്കണം.

- ജില്ലാതലത്തിലെ ഗ്രാമ, ബ്ലോക്ക്, നഗരസഭ എന്നിവയുടെ സഹായത്തോടെ ഏകീകൃത മാലിന്യ നിർമ്മാർജ്ജന പദ്ധതി തയ്യാറാക്കണം.

- സഹകരണ പദ്ധതി: സർക്കാർ-സ്വകാര്യ പങ്കാളിത്തം (PPP) വഴി മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കണം.

- ഡിസാസ്റ്റർ മാലിന്യ നിർമ്മാർജ്ജന സംവിധാനം : പ്രകൃതിക്ഷോഭങ്ങളിൽ മാലിന്യങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യാൻ അടിയന്തര പദ്ധതികൾ തയ്യാറാക്കണം.

## പരിസ്ഥിതി സംരക്ഷണം - തുടർപ്രവർത്തനങ്ങൾ
## ഹ്രസ്വകാലാടിസ്ഥാനത്തിൽ നടത്തേണ്ടതായ പ്രവർത്തനങ്ങൾ

- സ്ഥലലഭ്യതയ്ക്ക് അനുസരിച്ച് പച്ചത്തുരുത്തും, ചെറുവനങ്ങളും ഗ്രാമപഞ്ചായത്തുകളിലും നഗര പ്രദേശങ്ങളിലും യഥാക്രമം പരമാവധി സജ്ജമാക്കേണ്ടതുണ്ട്.

- ജില്ലയിലെ കാവുകളുടെ സംരക്ഷണത്തിന് വേണ്ടി ദേവഹരിതം പച്ചത്തുരുത്ത് പ്രവർത്തനങ്ങൾ വിപുലീകരിക്കണം.

- പ്രാദേശികമായി നിലവിലുള്ള തോടുകളും, നദികളും വേണ്ടവിധത്തിൽ സംരക്ഷിക്കുകയും മഴവെള്ളം കാര്യക്ഷമായി സംഭരിക്കുകയും അത് മണ്ണിലിറങ്ങുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്യണം.

- ജലസേചന കുളങ്ങൾ നവീകരിക്കുകയും, നവീകരണം പൂർത്തിയായ കുളങ്ങളുടെ ചുറ്റും പച്ചത്തുരുത്തുകൾ സജ്ജീകരിക്കുകയും വേണം.

- നെൽകൃഷിയിലെ ഉൽപാദന വർധനവ്-ജില്ലയിൽ ലഭ്യമായിട്ടുള്ള നെൽകൃഷി ചെയ്യാൻ സാധിക്കുന്ന എല്ലാ തരിശ്ഭൂമികളും കണ്ടെത്തി കൃഷിക്കുപയുക്തമാക്കൽ, ഒരുപൂകൃഷി, ഇരുപൂകൃഷി തുടങ്ങിയ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കണം.

- തെങ്ങിന് തടം മണ്ണിന് ജലം എന്ന ക്യാമ്പയിൻ ഭാഗമായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി മണ്ണ്-ജലസംരക്ഷണം ഉറപ്പാക്കണം.

- വിവിധ വിളകളുടെ കൃഷി വ്യാപിപ്പിക്കുന്നതിനും ജലദൗർലഭ്യം പരിഹരിക്കുന്നതിനും ലിഫ്റ്റ് ജലസേചന പദ്ധതികൾ ആവിഷ്കരിക്കണം.

- ജലഉപയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടി സൂക്ഷ്മ ജലസേചന പദ്ധതികൾ നടപ്പാക്കുക. ഓരോ വിളകൾക്കും ഒരു ദിവസം വേണ്ടിവരുന്ന വെള്ളം വിനിമയ നഷ്ടം കൂടാതെ വിളകളുടെ വേരുപടലങ്ങളിലേക്ക് നേരിട്ട് എത്തിക്കുന്നതിനാൽ വളരെ കുറച്ച് വെള്ളം ഉപയോഗിച്ച് കൃത്യമായ ജലലഭ്യത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നു. ചിറ്റൂർ

മേഖലയിൽ പൈലറ്റ് പ്രൊജക്ട് ആയി നടപ്പിലാക്കിയ സാമൂഹ്യ സൂക്ഷ്മ ജലസേചന പദ്ധതി അനുയോജ്യമായ പ്രദേശങ്ങളിൽ നടപ്പിലാക്കേണ്ടതുണ്ട്.

- പുഴകളിൽ ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ തടയണകൾ നിർമ്മിച്ച് ഒഴുകി പോകുന്ന അധിക ജലത്തെ സംഭരിച്ച് നിർത്തി ജലക്ഷാമം പരിഹരിക്കേണ്ടതുണ്ട്.
- കൃഷിയിട മാലിന്യ സംസ്കരണ യൂണിറ്റുകൾ നിർമ്മിക്കേണ്ടതുണ്ട്.
- മണ്ണിന്റെ ആരോഗ്യം നിലനിർത്തുന്നതിന് ആവശ്യമായ നല്ല കാർഷിക പരിപാലന മുറകൾ അനുവർത്തിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കേണ്ടതുണ്ട്.

## ദീർഘകാലാടിസ്ഥാനത്തിൽ നടത്തേണ്ടതായ പ്രവർത്തനങ്ങൾ

- ജില്ലയിലെ എല്ലാ വാർഡിലും കുറഞ്ഞത് ഒരു പച്ചത്തുരുത്ത് സ്ഥാപിക്കണം.
- പച്ചത്തുരുത്തുകളുടെ വിപുലീകരണം നടത്തി ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുന്നതിനു വേണ്ട പ്രവർത്തനങ്ങൾ നടപ്പിലാക്കണം.
- തരിശുരഹിത ജില്ലയാക്കി മാറ്റുവാൻ വേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കണം.
- താപനില ഉയരുന്നതിന് അനുസരിച്ച് മണ്ണിലെ ഈർപ്പം കുറയുമ്പോൾ വിളയെ പോഷിപ്പിക്കുന്നതിനായി നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിൽ കർഷകരെ പ്രാപ്തരാക്കണം.
- പ്രകൃതി വിഭവങ്ങൾ പരമാവധി സംരക്ഷിച്ചുകൊണ്ട് പരിസ്ഥിതിയെ വളരെ കുറച്ച് ആശ്രയിക്കുന്ന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വിളകളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കാം. ഗുണമേന്മയുള്ള ഉൽപന്നങ്ങളുണ്ടാക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. സൂക്ഷ്മ ജലസേചനം, മണ്ണില്ലാതെയുള്ള കൃഷി, സംരക്ഷിത കൃഷി (ഗ്രീൻ ഹൗസ്, പോളി ഹൗസ്, പോളി ടണൽ/ ഷെയിഡ് നെറ്റ്), സൂക്ഷ്മ പ്രജനനം, സങ്കരയിനം വിത്തുകളുടെ ഉപയോഗം, മൾച്ചിംഗ് എന്നിവയുടെ സമന്വയത്തിലൂടെ ഹൈടെക് കൃഷി രീതികൾ വികസിപ്പിക്കേണ്ടതുണ്ട്.
- അഗ്രോ ടൂറിസത്തിനു സാധ്യതയുള്ള സ്ഥലങ്ങൾ ബ്ലോക്ക് തലത്തിൽ കണ്ടെത്തി നടപ്പിലാക്കേണ്ടതുണ്ട്.
- കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കാൻ ശേഷിയുള്ള വിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

## നെറ്റ് സീറോ കാർബൺ ജനങ്ങളിലൂടെ ക്യാമ്പയിൻ
## ഹ്രസ്വകാലാടിസ്ഥാനത്തിൽ നടത്തേണ്ടതായ പ്രവർത്തനങ്ങൾ

- നെറ്റ് സീറോ ക്യാമ്പയിനായി ജില്ലയിൽ നിന്ന് തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത സ്ഥാപനങ്ങളിലെ കാർബൺ ഓഡിറ്റിംഗ് പൂർത്തിയാക്കണം.
- കൂടുതൽ ഹരിത സ്ഥാപനങ്ങൾ നെറ്റ് സീറോ സ്ഥാപനങ്ങളാക്കി മാറ്റാൻ വേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കണം.

തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണം.

- ജില്ലയിൽ നെറ്റ് സീറോ ക്യാമ്പയിനായി തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 100 ശതമാനം ശാസ്ത്രീയമായ രീതിയിൽ അജൈവ മാലിന്യ ശേഖരണവും സംസ്കരണവും ഉറപ്പുവരുത്തണം.

- ബജറ്റ് പദ്ധതിയുടെ ഭാഗമായി ജില്ലയിൽ നെറ്റ് സീറോ ക്യാമ്പയിനായി തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുത്ത കുടുംബശ്രീ യൂണിറ്റുകൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്യണം.

- നെറ്റ് സീറോ ക്യാമ്പയിനായി തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ



തിരഞ്ഞെടുത്ത ഒരു വിദ്യാലയത്തിനു ഇൻസിനറേറ്റർ ലഭ്യമാക്കണം.

## ദീർഘകാലാടിസ്ഥാനത്തിൽ നടത്തേണ്ടതായ പ്രവർത്തനങ്ങൾ

- കുടുംബശ്രീ ഉൾപ്പെടെയുള്ള സംവിധാനങ്ങളുടെ ഏകോപനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിത ഭവനം പദ്ധതി യാഥാർഥ്യമാക്കണം.

- നെറ്റ് സീറോ തദ്ദേശസ്വയംഭണ സ്ഥാപനങ്ങളിലെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ജൈവ മാലിന്യ സംസ്കരണ യൂണിറ്റുകളുടെ വിപുലീകരണം വിവിധ വകുപ്പുകളുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും സഹായത്തോടുകൂടി നടപ്പിലാക്കണം.

- നെറ്റ് സീറോ തദ്ദേശ സ്വയംഭണ സ്ഥാപനങ്ങളിലെ എല്ലാ വാർഡുകളിലും പച്ചത്തുരുത്ത് നിർമ്മിക്കണം.

- തിരഞ്ഞെടുത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ആക്കി മാറ്റുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണം.

- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും, ഘടകസ്ഥാപനങ്ങളിലും ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ട്.

**References**


1.1 District Plan Palakkad 2018

1.2 District Survey Report for sand mining Palakkad 2024

1.3 Water Security and climate adaption in Rural India II Report of Palakkad- 2025

1.4 Geology 2023-2024

1.5 Susthira Thrithala 2022

1.6 Susthira Thrithala 2024

1.7 Chittur Block Water Budget Report 2023

1.8 Ground Water Reosurces of Kerala, 2017

1.9 Pralayam 2018

1.10 Haritha Keralam Mission Palakkad District Report 2019

1.11 Water Air Quality Directory 2024

1.12 Disaster Management site

1.13 District Irrigation Plan 2017

1.14 Principal Agricultural office Report 2025

1.15 Disaster Management Report 2025

1.16 Suchitwa Mission Report 2025

1.17 Suchitwa Mission Report 2019

1.18 Ground Water Reosurces of Kerala, 2024